

# അപ്പൻ മക്കളോട്

## ചാവറയുടെ ചാവരുളിന്റെ ബൈബിൾ തലങ്ങൾ

ഫാ. പോൾ കല്ലുവീട്ടിൽ സി.എം.ഐ.

K, 869a
7771



# അപ്പൻ മക്കളോട്

## ചാവറയുടെ ചാവരുളിന്റെ ബൈബിൾ തലങ്ങൾ

ഫാ. പോൾ കല്ലുവീട്ടിൽ സി.എം.ഐ.

CARMEL JYOTHI
ALWAYE
THAIKKATTUKARA

**Appan Makkalode**

Malayalam

Author : Fr. Paul Kalluvettil C.M.I

Cover Design : Dhanish Sebastian

First Published : 2014

Printed at : Viani Printings, Kochi

Published by : General Department of
Evangelization and Pastoral Ministry
C.M.I. Prior General's House
Chavara Hills, P. B. No. 3105
Kakkanad, Kochi - 682 030

Copies : 1000

Price : ₹125

# അകത്താളുകളിൽ


അവതരണം 11
ആസ്വാദനം 13
ആമുഖം 15
അഞ്ജലി 17
*ചാവരുളിന്റെ ചാവറമൊഴികൾ* 19
കുടുംബചട്ടം 19
മക്കളുടെ വളർത്തൽ 30
**ഒരു ബിബ്ലിക്കൽ പുനർവായന** 37
**1. കുടുംബം = മോക്ഷം** 39
*ആമുഖം* 39
*ത്രിത്വകുടുംബം* 39
*കുടുംബങ്ങളുടെ കൂട്ടായ്മ* 40
*തിരുകുടുംബം* 40
*പിതാവിന്റെ ബാല്യകാലം* 41
*ചില ജപങ്ങൾ* 41
*കുടുംബചട്ടം* 41
**2. സ്നേഹത്തിന്റെ കൂട്ടായ്മ** 42
*കുടുംബങ്ങളുടെ കൂട്ടായ്മ* 42
*ഒരു നിർവചനം* 42
*ബന്ധിതരായിരിക്കുന്നവർ* 42
*സ്നേഹം യോഹന്നാന്റെ വീക്ഷണത്തിൽ* 43
*സ്നേഹവും ബഹുമാനവും* 43
*സ്നേഹവും കീഴ്‌വഴക്കവും* 44
**3. തമ്പുരാൻ = മനുഷ്യൻ** 45
*ആമുഖം* 45
*തമ്പുരാനും മനുഷ്യരും* 45
*സമാധാനമായി വർത്തിക്കൽ* 46
*ഷാലോം രൂപനായ ഈശോ* 47
*നടപ്പ് ഒരു ഷാലോം പ്രക്രിയ* 47
**4. അന്തസ്സും പ്രയത്നവും നിത്യഗതിയും** 48
*ആമുഖം* 48
*അന്തസ്സ്* 48
*പ്രയത്നത്തിന്റെ അന്ത:സത്ത* 48
*നിത്യഗതിയെ പ്രാപിക്കൽ* 49
*കൂട്ടമായി ജീവിക്കുക* 49
**5. കുടുംബം: ആശ്വാസ-സമാധാന-ഉപവി-ക്രമനികേതനം** 51
*ദു:ഖങ്ങളുടെ സ്ഥലം* 51
*ഞെരുക്കങ്ങളും സങ്കടങ്ങളും* 52

| | |
|---|---|
| പ്രവർത്തന നിരതനായ പുത്രൻ | 89 |
| സഭാതനയർ സദാ കർമ്മനിരതർ | 89 |
| **15.കച്ചവടവും ദാനധർമ്മവും** | 90 |
| പ്രബോധനം | 90 |
| അപകടസാധ്യത | 90 |
| ബിബ്ലിക്കൽ കാഴ്ച്ചപ്പാട് | 91 |
| കുത്സിത പ്രവൃത്തികൾ | 91 |
| ഒരു ചരിത്രപാഠം | 92 |
| ഒരു ദൃഷ്ടാന്തം | 92 |
| ദാനധർമ്മം | 93 |
| തോബിത്, ഒരു നിദർശനം | 93 |
| പരസ്നേഹപ്രവൃത്തികൾ | 93 |
| **16.ലുബ്ധ്, ധാരാളിത്തം, മിത്രം, മോഷണം** | 95 |
| ആമുഖം | 95 |
| പാഠം | 95 |
| ബൈബിൾ വീക്ഷണം | 95 |
| അബ്രാഹം ഒരു മാതൃക | 96 |
| ഒരുദാഹരണം | 96 |
| യഥാർത്ഥമിത്രം | 97 |
| ദാവീദും ജോനാഥനും | 97 |
| കളവും കട്ടവസ്തുവും | 97 |
| ചാവരുളിലെ ദൃഷ്ടാന്തം | 98 |
| **17.വേലക്കാരും ദരിദ്രരും ദൈവഭയഭക്തിയും** | 99 |
| ആമുഖം | 99 |
| വേലക്കാർക്കുള്ള വേതനം | 99 |
| കൂലിക്കാർക്കുള്ള അർഹത | 99 |
| ഉടമ്പടിയുടെ നിബന്ധന | 99 |
| പ്രവാചകവചസ്സുകൾ | 100 |
| യാക്കോബ് ശ്ലീഹായുടെ മുന്നറിയിപ്പ് | 100 |
| ദൈവത്തിന്റെ സ്വന്തമായ പാവപ്പെട്ടവർ | 101 |
| ദൈവഭയഭക്തി | 101 |
| പ്രഭാഷകഗ്രന്ഥകത്തിൽ | 101 |
| ബൈബിൾ ദർശനം | 102 |
| **18.ക്രിസ്തീയദിനചര്യയും അടക്കവും** | 103 |
| കുർബ്ബാന | 103 |
| നവ്യ ഉടമ്പടി | 103 |
| പ്രായോഗിക നിർദ്ദേശങ്ങൾ | 104 |
| പാപസങ്കീർത്തനവും കുർബാന സ്വീകരണവും | 104 |
| പാപസങ്കീർത്തനമെന്ന സംജ്ഞ | 105 |
| ദിവ്യഭോജനം | 105 |

| | |
|---|---|
| മറ്റു ഭക്താഭ്യാസങ്ങൾ | 105 |
| ശുദ്ധത കാക്കുന്നതിന്റെ തലങ്ങൾ | 106 |
| ചാവരുളിലെ നിർദ്ദേശം | 106 |
| ബൈബിൾ ദർശനം | 106 |
| **19.സഹനമെന്ന ദൈവേഷ്ടവും ഭക്തഗ്രന്ഥങ്ങളും** | 108 |
| പാഠം | 108 |
| സഹനമെന്ന സമ്മാനം | 108 |
| ക്ഷമയുടെ അടിത്തറ | 109 |
| ഒരു ഭക്തന്റെ മാതൃക | 109 |
| വി.അബ്രോസിന്റെ വാക്കുകൾ | 109 |
| പുസ്തകവായന | 110 |
| സത്ഗ്രന്ഥങ്ങൾ നിക്ഷേപങ്ങൾ | 110 |
| വാങ്ങി വായിക്കേണ്ട ഗ്രന്ഥങ്ങൾ | 110 |
| മാതൃക നല്കുന്ന ഭിക്ഷക്കാരൻ | 111 |
| **20.ദിവ്യദിനവും ദാസരും** | 112 |
| കടമുള്ള ദിവസങ്ങൾ | 112 |
| സവിശേഷതകൾ | 112 |
| മ്ശംശാന | 113 |
| സാധുക്കൾക്കുള്ള ശുശ്രൂഷ | 113 |
| ദിവ്യവിശ്രാന്തിയിൽ പങ്കുചേരൽ | 113 |
| ജോലിയെന്ന ശുശ്രൂഷ | 114 |
| ദൈവപേടിയുള്ളവർ | 115 |
| ഒരു പ്രായോഗിക നിർദ്ദേശം | 115 |
| കുടുംബനാഥന്റെ കർത്തവ്യം | 116 |
| **21.ക്രിസ്തീയ ദിനചര്യ** | 117 |
| ആമുഖം | 117 |
| ഉറങ്ങലും ഉണരലും | 117 |
| പ്രഭാതപ്രാർത്ഥന | 117 |
| കുർബ്ബാന കാണൽ | 118 |
| പ്രാതലും മദ്ധ്യാഹ്നഭക്ഷണവും | 118 |
| സന്ധ്യാപ്രാർത്ഥന | 119 |
| മുഖനോട്ടമരുത് | 119 |
| അത്താഴവും ആത്മശോധനയും ശയനാരാധനയും | 120 |
| കുടുംബ നാഥനോട് | 121 |
| **22. മക്കൾ ദൈവനിക്ഷേപങ്ങൾ** | 122 |
| ആമുഖം | 122 |
| കാരണവന്മാരുടെ ദൗത്യം | 122 |
| ദൈവത്തിന്റെ നിക്ഷേപങ്ങൾ | 122 |
| ശുദ്ധീകരിക്കൽ | 123 |
| ശുശ്രൂഷിക്കൽ | 123 |

മധുരിക്കപ്പെട്ട ആശ്വാസം 53
കുടുംബം സമാധാനസങ്കേതം 54
ഉപവിയുടെ കൂട്ടായ്മ 54
കുടുംബം ക്രമാലയം 55
**6. ദൈവശുശ്രൂഷയും നിത്യരക്ഷയും** 56
ആമുഖം 56
ശുശ്രൂഷയും സേവനവും 56
നമ്മുടെ ദൈവവിളി 56
കീഴടക്കൽ 57
ആധിപത്യം പുലർത്തൽ 57
ദൈവശുശ്രൂഷ 57
നിത്യരക്ഷ 58
ഏറ്റവും വലിയ സങ്കടം 58
**7. ഉപവിയും സ്നേഹവും ക്രമവുമില്ലാത്ത കുടുംബം** 59
ആമുഖം 59
ഒരുക്കം 59
കുടുംബചട്ടം 60
ആദ്യചട്ടം 60
ഉപവിയുടെ ബൈബിൾമാനങ്ങൾ 61
**8. കുടുംബം ക്ഷമയുടെ നിദർശനം** 62
ആമുഖം 62
ക്ഷമിക്കുന്ന സ്നേഹം 62
മറക്കുന്ന ദൈവം 62
പൂർവ്വ യൗസേപ്പിന്റെ മാതൃക 63
ഏശാവിന്റെ മാതൃക 63
യേശുവിന്റെ പ്രബോധനം 64
ക്ഷമക്കുള്ള സമ്മാനം 64
**9. വഴക്കില്ലാത്ത വീട്** 66
ആമുഖം 66
കണ്ണീരണിഞ്ഞ മൊഴികൾ 66
നാശം വിതക്കുന്ന ഛിദ്രം 66
പ്രായോഗിക ന്യായം 67
ഒരു വചനഭാഷ്യം 67
ആദവും നമ്മളും 68
വഴക്കാളി, പിശാചിന്റെ പിന്നണയാൾ 68
സമാധാനമാർന്ന തറവാട് 69
ബഹുമാനമാർന്ന തറവാട് 69
ഭാഗ്യമുള്ള കുടുംബം 70
മനുഷ്യൻ മൃഗമോ? 70
ശക്തിയുടെ അടയാളം 71

മധുരിക്കപ്പെട്ട ആശ്വാസം 53
കുടുംബം സമാധാനസങ്കേതം 54
ഉപവിയുടെ കൂട്ടായ്മ 54
കുടുംബം ക്രമാലയം 55
**6. ദൈവശുശ്രൂഷയും നിത്യരക്ഷയും** 56
ആമുഖം 56
ശുശ്രൂഷയും സേവനവും 56
നമ്മുടെ ദൈവവിളി 56
കീഴടക്കൽ 57
ആധിപത്യം പുലർത്തൽ 57
ദൈവശുശ്രൂഷ 57
നിത്യരക്ഷ 58
ഏറ്റവും വലിയ സങ്കടം 58
**7. ഉപവിയും സ്നേഹവും ക്രമവുമില്ലാത്ത കുടുംബം** 59
ആമുഖം 59
ഒരുക്കം 59
കുടുംബചട്ടം 60
ആദ്യചട്ടം 60
ഉപവിയുടെ ബൈബിൾമാനങ്ങൾ 61
**8. കുടുംബം ക്ഷമയുടെ നിദർശനം** 62
ആമുഖം 62
ക്ഷമിക്കുന്ന സ്നേഹം 62
മറക്കുന്ന ദൈവം 62
പൂർവ്വ യൗസേപ്പിന്റെ മാതൃക 63
ഏശാവിന്റെ മാതൃക 63
യേശുവിന്റെ പ്രബോധനം 64
ക്ഷമക്കുള്ള സമ്മാനം 64
**9. വഴക്കില്ലാത്ത വീട്** 66
ആമുഖം 66
കണ്ണീരണിഞ്ഞ മൊഴികൾ 66
നാശം വിതക്കുന്ന ഛിദ്രം 66
പ്രായോഗിക ന്യായം 67
ഒരു വചനഭാഷ്യം 67
ആദവും നമ്മളും 68
വഴക്കാളി, പിശാചിന്റെ പിന്നണയാൾ 68
സമാധാനമാർന്ന തറവാട് 69
ബഹുമാനമാർന്ന തറവാട് 69
ഭാഗ്യമുള്ള കുടുംബം 70
മനുഷ്യൻ മൃഗമോ? 70
ശക്തിയുടെ അടയാളം 71

**10.കോടതികയറ്റം** 72
കോടതി കയറൽ 72
യേശുവിന്റെ വീക്ഷണം 72
പൗലോസ് ശ്ലീഹായുടെ അനുശാസനം 73
ലജ്ജാവഹമായ കൃത്യം 73
വ്യവഹാരം ഒരു ക്രൈസ്തവ പരാജയം 73
രണ്ടു ചോദ്യങ്ങൾ 74
നിന്ദ്യമായ പ്രവൃത്തി 74
ഒരു മുന്നറിയിപ്പ് 74
മറ്റൊരു ന്യായം 75
**11.അടിയന്തിരങ്ങളും കടങ്ങളും** 76
അടിയന്തിരങ്ങളുടെ അപകടം 76
കടം വാങ്ങലും നൽകലും 77
പ്രായോഗിക നിർദ്ദേശങ്ങൾ 77
ധനവാനെന്ന ഭാവം 78
ആർഭാടത്തിന്റെ അനന്തരഫലം 78
**12.കാര്യന്വേഷണവും ബന്ധുത്വവും** 79
അന്യഭവനങ്ങളിലെ കാര്യസ്ഥർ 79
സംബന്ധത്തെ കുറിച്ച് 80
ക്രമമുള്ള കുടുംബം 80
ദൈവഭയത്തിന്റെ ആവശ്യം 81
പ്രയോജനവും ആനന്ദവും 81
ഒരു ദൃഷ്ടാന്തം 81
**13.ആരാകണം അതിഥി?** 82
കയറ്റാൻ കൊള്ളാത്തവർ 82
വീട്ടിൽ കയറ്റേണ്ടവർ 82
നല്ല മര്യാദക്കാർ 82
ദൈവ പേടിയുള്ളവർ 83
വീട്ടിൽ വരുന്നവർക്കുള്ള ചട്ടങ്ങൾ 84
ശിക്ഷ കൈവരുത്തുന്ന പാപം 84
ദൈവത്തിനെതിരായ തിന്മ 84
ദൈവഭവനത്തിൽ നിവസിക്കുന്നവർ 84
ക്രൈസ്തവന്റെ ലക്ഷണം 85
**14.യഥാർത്ഥ സമ്പത്തും അദ്ധ്വാനശീലവും** 86
വസ്തു വാങ്ങിച്ചുകൂട്ടൽ 86
ഇന്നത്തെ പ്രവണത 86
സമ്പത്തിന്റെ വചനവീക്ഷണം 87
സമ്പത്ത് പുതിയ നിയമദർശനത്തിൽ 87
വേലയെടുക്കുക 88
അദ്ധ്വാനിക്കുന്ന ദൈവം 88

തിരിച്ചേല്പിക്കൽ 124
ഭരമേല്പിച്ചിരിക്കുന്ന ആത്മാക്കൾ 124
ശിക്ഷാർഹമായ വിലോപം 124
നല്ല ക്രിസ്ത്യാനികളാക്കി വളർത്തുക 125
കാഴ്ചവെക്കൽ 125
തിരുകുടുംബത്തിന്റെ മാദ്ധ്യസ്ഥം 126
നിരന്തരമായ പ്രാർത്ഥിക്കൽ 126
ഫലദായകമായ പ്രാർത്ഥന 127

**23.കുഞ്ഞുങ്ങൾക്കുള്ള ആത്മീയാഹാരം** 128
ആമുഖം 128
പാഠം 128
അമ്മയുടെ അഭ്യസിപ്പിക്കൽ 128
വിശദീകരണം 130
പഠിപ്പിക്ക, പഠിപ്പിക്ക, പഠിപ്പിക്ക 131
ആത്മീയ യാവന 132

**24.മൂന്നുകാര്യങ്ങൾ ശ്രദ്ധിക്കുക** 133
ആമുഖം 133
നഗ്നത പഴയനിയമത്തിൽ 133
നഗ്നത പുതിയനിയമത്തിൽ 134
അനുചിതഭാഷണം 134
ഗർഭധാരണവും പ്രസവവും 135

**25.മക്കളെ വളർത്തൽ** 136
ശയനസ്ഥലം 136
നല്ല അപ്പൻ 136
രണ്ടാമത്തെ വിഷയം 136
പുറത്തു കളിക്കുവാൻ പോകൽ 136
പ്രായോഗിക നിർദ്ദേശം 137
വിദ്യാഭ്യാസം 137
വിദ്യാധനം സർവ്വധനാൽ പ്രധാനം 137
അന്വേഷിക്കലും പരിശോധിക്കലും 138
പാർക്കൽ 138
മാലാഖമാരും പിശാചുക്കളും 139
പാപസങ്കീർത്തനവും ദൈവമാതൃഭക്തിയും 139
പാപസങ്കീർത്തനത്തിനൊരുക്കൽ 139
കന്യകാംബികയോടുള്ളഭക്തി 140
മാതൃദാസൻ 140

**26.അതികാർക്കശ്യവും അതിവാത്സല്യവും മാതൃകയും** 142
രണ്ടു തിന്മകൾ 142
സമീക്ഷാ നിർഭരമായ ദർശനം 142
ശിക്ഷണക്രമം 143

അസഭ്യവർഷം 144
മാതാപിതാക്കന്മാരുടെ മാതൃക 144
ബഹുമാനം, ആചാരം, സ്നേഹം 144
ബഹുമാനിക്കൽ 145
ആചരിക്കൽ 145
സ്നേഹിക്കൽ 146
**27.കാരണവന്മാരുടെ ശ്രദ്ധയ്ക്ക് 147**
തെറ്റായ പ്രത്യയശാസ്ത്രം 147
നുണ, സൂത്രം, തട്ടിപ്പ്, ചതിവ് 147
കുറ്റപ്പെടുത്തുക, ശാസിക്കുക, പഠിപ്പിക്കുക 148
പ്രാർത്ഥിക്കുന്നവരുടെ കൂട്ടായ്മ 148
നമസ്കാരം ചൊല്ലൽ 149
സ്തുതി ചൊല്ലലും കൈമുത്തലും 150
കൗമാരപ്രായത്തിൽ സൂക്ഷിക്കേണ്ടവ 150
തൊഴിൽ അഭ്യസിപ്പിക്കൽ 151
ഒരു സൂത്രവും ചട്ടവും 152
**28.മൊഴിമുത്തുകൾ 153**
പെൺപൈതങ്ങളുടെ ആഭരണം 153
കത്തിക്കുന്ന നരകാഗ്നി 153
അടക്കം എന്ന ആശയം 154
മിണ്ടടക്കമെന്ന പുണ്യം 155
കണ്ണടക്കമെന്ന പുണ്യം 156
ഭക്തി 158
**29.പിള്ളപ്പട, ജീവിതാന്തസ്സ്, വീട്ടധികാരം, ഭാഗം വയ്ക്കൽ 159**
ആമുഖം 159
പിള്ളപ്പട 159
പൈതങ്ങൾ 159
ജീവിതാന്തസ്സ് 160
പൂർണ്ണ സ്വാതന്ത്ര്യം 160
വിവാഹന്തസ്സ് 161
സൂക്ഷിക്കേണ്ട കാര്യം 161
മക്കളോടുള്ള വർത്തനം 162
വീട്ടധികാരം 162
ഭാഗം വയ്ക്കൽ 163
സമാപന സന്ദേശം 163
യേശുവിന്റെ മാതൃക 164
ആദരവും നൊമ്പരപ്പെടുത്താതിരിക്കലും 164
ഒരു ഉദാഹരണം 164
ത്യാഗമാർന്ന സ്നേഹം 165
തിരുകുടുംബത്തിന്റെ ആത്മാവിഷ്ക്കരണം 166

# അവതരണം

സമൂഹത്തിന്റെയും സംസ്കാരത്തിന്റെയുമൊക്കെ അടിസ്ഥാന ഘടകം കുടുംബമാണ്. കുടുംബങ്ങൾ നന്നാകുമ്പോൾ മാത്രമേ സമൂഹവും സംസ്കാരവും നന്നാവുകയുള്ളു. കുടുംബങ്ങൾ മോശമായാൽ സമൂഹവും സംസ്കാരവും സ്വാഭാവികമായും അധഃപതിക്കും. തന്മൂലം, സമൂഹവും സംസ്കാരവും മെച്ചപ്പെടണമെങ്കിൽ കുടുംബങ്ങൾ മെച്ചപ്പെട്ടേ മതിയാകു. പത്തൊമ്പതാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന വാഴ്ത്തപ്പെട്ട ചാവറപ്പിതാവ് മറ്റാരെക്കാളും ഈ വസ്തുത മനസ്സിലാക്കിയിരുന്നു. അതുകൊണ്ടാണ് അദ്ദേഹം വിഭാവനം ചെയ്ത വിവിധ അജപാലനപരിപാടികളിൽ കുടുംബ പ്രേഷിതത്വത്തിനു വലിയ പ്രാധാന്യം നൽകിയത്.

ക്രിസ്തുനാഥന്റെ വിളി സ്വീകരിച്ചു പുരോഹിതനും സന്യാസിയുമായിത്തീർന്ന വാഴ്ത്തപ്പെട്ട ചാവറപ്പിതാവിന്റെ ജീവിതം പൂർണ്ണമായും ക്രിസ്തു കേന്ദ്രീകൃതവും വചനാധിഷ്ഠിതവുമായിരുന്നു. തന്മൂലം, അദ്ദേഹം പഠിച്ചതും പഠിപ്പിച്ചതും ജീവിതത്തിൽ പ്രാവർത്തികമാക്കിയതും യേശുക്രിസ്തുവിന്റെ മാതൃകയും അവിടുത്തെ പഠനങ്ങളുമായിരുന്നു. അദ്ദേഹത്തിന്റെ എല്ലാവിധ അജപാലനപ്രവർത്തനങ്ങളിലും ഈ ആഭിമുഖ്യം തെളിഞ്ഞു കാണാനാവും. കുടുംബങ്ങളുടെ ഭദ്രതയും ആദ്ധ്യാത്മികനവീകരണവും ഉന്നമനവും ലക്ഷ്യമാക്കി അദ്ദേഹം തയ്യാറാക്കിയ "ഒരു നല്ല അപ്പന്റെ ചാവരുൾ" എന്ന ചെറിയ ഗ്രന്ഥം തന്നെ അതിന്റെ ഏറ്റവും വലിയ ഉദാഹരണം.

ഒരു നല്ല ക്രിസ്ത്യാനി കുടുംബത്തിന്റെ ലക്ഷണം എന്തായിരിക്കണമെന്നും മാതാപിതാക്കളും മക്കളുമൊക്കെ എന്തെല്ലാം കാര്യങ്ങളിൽ ശ്രദ്ധിക്കണമെന്നും ചാവരുളിൽ വിശദീകരിക്കുന്നുണ്ട്. ആ വിശദീകരണങ്ങളും നിർദേശങ്ങളുമെല്ലാം പ്രായോഗികമെന്നതുപോലെ ദൈവവചനത്തിൽ അധിഷ്ഠിതവുമാണ്. ദൈവവചനത്തിൽ അധിഷ്ഠിതമായ ചാവരുളിന്റെ വചനപശ്ചാത്തലം അവതരിപ്പിക്കുക എന്ന ഒരു മഹനീയ ദൗത്യമാണ് ബൈബിളിൽ അഗാധപാണ്ഡിത്യമുള്ള ബഹുമാനപ്പെട്ട ഫാദർ പോൾ കല്ലുവീട്ടിൽ സി.എം.ഐ. ഈ ഗ്രന്ഥത്തിൽ നിർവഹിച്ചിരിക്കുന്നത്. ചാവരുളിലെ ഓരോ ഭാഗത്തിന്റെയും വചനപശ്ചാത്തലം എടുത്തെഴുതി വിശദീകരിക്കുന്ന ഈ ഗ്രന്ഥം

ചാവരുളിന്റെ ആഴങ്ങളിലേക്കിറങ്ങിച്ചെല്ലുവാൻ നമ്മെ സഹായിക്കും. എന്നു മാത്രമല്ല, ചാവരുളിൽ നാം വായിക്കുന്നത് വെറും മാനുഷിക വിജ്ഞാനമല്ല, പ്രത്യുത ദൈവികജ്ഞാനമാണ് എന്നു നമുക്ക് ബോദ്ധ്യപ്പെടുകയും ചെയ്യും.

ചാവരുൾ രചിച്ചിട്ടു വർഷങ്ങൾ നിരവധി കഴിഞ്ഞിട്ടും ഇപ്പോഴും ചാവരുളിലെ ഉപദേശങ്ങൾ ഏറെ പ്രസക്തമായിട്ടു അനുഭവപ്പെടുന്നുണ്ടെങ്കിൽ അതിന്റെ പ്രധാനകാരണം ചാവരുളിൽ നമുക്ക് ലഭിക്കുന്നതു വചനാധിഷ്ഠിതമായ വീക്ഷണം ആണെന്നുള്ളതാണ്. സംശയത്തിനിടം നൽകാത്ത വിധത്തിൽ ഇക്കാര്യം വ്യക്തമാക്കുവാനും കുടുംബജീവിതം സംബന്ധിച്ചു ചാവരുളിലുള്ള അഗാധമായ ഉൾക്കാഴ്ചകൾ ചൂണ്ടിക്കാണിക്കുവാനും ബഹുമാനപ്പെട്ട പോളച്ചനു ഈ ഗ്രന്ഥത്തിൽ സാധിച്ചിട്ടുണ്ട്. ഇത്രയും മനോഹരമായ ഒരു ഗ്രന്ഥം ചാവരുളിനെക്കുറിച്ച് അണിയിച്ചൊരുക്കിയതിൽ ഗ്രന്ഥകാരനു അഭിനന്ദനങ്ങളും നന്ദിയും നേരുന്നു. ബൈബിളിനെക്കുറിച്ചെന്നപോലെ ചാവറപ്പിതാവിനെക്കുറിച്ചും അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളെക്കുറിച്ചുമൊക്കെ അഗാധപാണ്ഡിത്യമുള്ള ബഹുമാനപ്പെട്ട പോളച്ചൻ ഇനിയും ഇതുപോലെയുള്ള കൂടുതൽ ഗ്രന്ഥങ്ങൾ രചിക്കട്ടെ എന്ന് ആശംസിക്കുന്നു.

ഫാ.ജോസ് പന്തപ്ലാംതൊട്ടിയിൽ,
സി.എം.ഐ. പ്രിയോർ ജനറാൾ
ചാവറ ഹിൽസ്, കൊച്ചി.

# ആസ്വാദനം

സമൂഹത്തിനടിസ്ഥാനം എന്നും കുടുംബങ്ങൾ തന്നെ. ആഴപ്പെട്ട ആദ്ധ്യാത്മികതയും ദൈവാശ്രയബോധവും പ്രാർത്ഥനാ ചൈതന്യവും ദൃഢതയുടെ ഭിത്തികെട്ടി പരിപാലിച്ചിരുന്ന കുടുംബങ്ങൾ കേരള സമൂഹത്തിന് ശക്തി പകർന്നിരുന്ന ഒരു കാലഘട്ടമുണ്ടായിരുന്നു. പക്ഷേ, ഇന്ന് ശിഥിലമാകുന്ന കുടംബ ബന്ധങ്ങളും, അകന്നു പോകുന്ന ദമ്പതികളും, പറക്കും മുൻപേ ചിറകറ്റ് വീഴുന്ന ശൈശവങ്ങളും, കണ്ണീരിന്റെ നൊമ്പരവുമായി ഏകാന്തതയിൽ തടവിലാക്കപ്പെടുന്ന വാർദ്ധ്യക്യവും സമകാലീന കേരളത്തിന്റെ നേർകാഴ്ചകളായിരിക്കുന്നു. കുടംബ നവീകരണപ്രസ്ഥാനങ്ങൾ ധാരാളമുണ്ടെങ്കിലും, കർമ്മപരിപാടികൾക്ക് ദാരിദ്ര്യമില്ലായെങ്കിലും  കുടുംബങ്ങളുടെ ആധികാരികതയും കെട്ടുറപ്പും കൂടുൽ മെച്ചപ്പെടുത്തുവാനും വളർത്തിയെടുക്കുവാനും ഈ 21-ാം നൂറ്റാണ്ടിൽ പോലും വാഴ്ത്തപ്പെട്ട ചാവറപിതാവിന്റെ ചാവരുളിനോടൊപ്പം പോന്ന മറ്റ് സാരോപദേശങ്ങൾ നമുക്ക് കണ്ടെത്താനാവില്ല തന്നെ. മാതാപിതാക്കൾക്കും മക്കൾക്കും വേണ്ടി സ്വന്തം കൈപ്പടയിൽ ചാവറയച്ചൻ കുറിച്ചുവച്ച നല്ല അപ്പന്റെ ചാവരുൾ എന്ന സ്നേഹസന്ദേശങ്ങൾ കാലങ്ങൾക്കും ദേശങ്ങൾക്കും അതീതമായി എന്നും പ്രസക്തിയാർജിച്ചുനിൽക്കുന്നു.

"അപ്പൻ മക്കളോട്" എന്ന ഈ പുസ്തകത്തിന്റെ താളുകളിൽ ബഹു. പോൾ കല്ലുവീട്ടിൽ സി.എം.ഐ. അച്ചൻ തിരുവചനാടിസ്ഥാനത്തിൽ ചാവരുൾ വീണ്ടും വ്യാഖ്യാനിക്കുമ്പോൾ അതിലെ ഓരോ സന്ദേശത്തിന്റെയും അർത്ഥം കൂടുതൽ വെളിവാകുകയാണ്; മനുഷ്യഹൃദയങ്ങൾക്ക് കൂടുതൽ സമീപസ്ഥമാവുകയാണ്. ഒരു നല്ല ക്രസ്ത്യാനി കുടുംബം ആകാശമോക്ഷത്തിന് സദൃശ്യമാണ്  എന്ന് തുടങ്ങുന്ന ചാവറപിതാവിന്റെ കുടുംബ നിർവ്വചനം അതിന്റെ എല്ലാ മാനങ്ങളെയും സ്പർശിച്ച് ഉത്തമമായ അർത്ഥതലത്തിൽ കുടുംബത്തെ പൂർണ്ണമാക്കുന്നു. 1868-ൽ വിരചിതമെങ്കിലും നൂറ്റാണ്ടുകൾക്കിപ്പുറം ഇന്നും, ഇനി വരും തലമുറകൾക്കും വഴിവിളക്കായി പ്രശോഭിക്കുന്ന ഈ അക്ഷരക്കുറിപ്പുകൾ കേരളമക്കളെ അപ്പനുതുല്യം സ്നേഹിച്ച ആ വന്ദ്യമഹാത്മാവിന്റെ ഹൃദയദർശനങ്ങളും പ്രാർത്ഥനാചിന്തകളും ദൈവാനുഭവവും ഊറിക്കൂടി രൂപംകൊണ്ട മഹത്വചനങ്ങളാണ്. ചാവറപിതാവിന്റെ മറ്റ് കൃതികളിലും ആദ്ധ്യാത്മികശൈലിയിലും വിശുദ്ധഗ്രന്ഥത്തിന്റെ സ്വാധീനവും തിരുവചനത്തോടുള്ള അഭേദ്യമായ ബന്ധവും

നമുക്ക് കണ്ടെത്താനാവുന്നതാണ്. തീർച്ചയായും ചാവറയച്ചൻ കുടുംബങ്ങൾക്ക് നൽകുന്ന ഈ പ്രമാണസൂചികകളിൽ വിശുദ്ധവചനങ്ങളുടെ നിഴലുവീഴുക സ്വാഭാവികം മാത്രം. അത് തെളിമയോടെ ഈ പുസ്കത്തിൽ ആലേഖനം ചെയ്തിരിക്കുന്നു. തിരുവചനം മനസ്സിനു ശക്തിയും ജീവിതങ്ങൾക്ക് ബലവുമാണെന്ന് അനുഭവങ്ങൾ നിരന്തരം സാക്ഷ്യപ്പെടുത്തുന്നു. ചാവറപിതാവിന്റെ വിശുദ്ധ തൂലികയിൽ നിന്ന് ഉതിർന്ന് വീണ ഈ ഉപദേശസംഹിത തിരുവചനങ്ങളുടെ വെളിച്ചത്തിൽ കൂടുതൽ ശോഭിതമാകുമ്പോൾ, ഇതിലെ ഓരോ വാക്കും മനസ്സിനെ പ്രചോദിപ്പിക്കുകയും ജീവനുണർത്തി, കൂടുതൽ മെച്ചപ്പെട്ട ദൈവ – മനുഷ്യ – കുടുംബ ബന്ധങ്ങളിലേയ്ക്ക് നമ്മെ കൊണ്ടെത്തിക്കുകയും ചെയ്യുന്നു. തീർച്ചയായും അഭിമാനമുണ്ട്, ഒരിക്കൽ കൂടി ചാവറപിതാവിന്റെ അക്ഷരങ്ങൾ പ്രസിദ്ധീകൃതമാകുന്നതിൽ. ചാവരുൾ പുതിയ രൂപത്തിലും ഭാവത്തിലും വ്യാഖ്യാനരചിതമാകുമ്പോൾ ഇത് പിതാവിന്റെ വിശുദ്ധപദപ്രഖ്യാപനത്തിനുള്ള മുന്നൊരുക്കമാകട്ടെയെന്ന് ഞാൻ ആശംസിക്കുകയാണ്. വാഴ്ത്തപ്പെട്ട ചാവറയച്ചൻ വിശുദ്ധപദവിയിലേയ്ക്ക് എത്തുന്ന ആ ഭാഗ്യപ്പെട്ട നാളിലേയ്ക്ക് കേരള സമൂഹത്തെ, വിശിഷ്യാ, കുടുംബങ്ങളെ ഉയർത്തുന്ന ഒരു ഉണർത്ത് പാട്ടുപോലെ ഈ പുസ്തകത്താളുകൾ പ്രയോജനപ്പെടട്ടെ. ഒരേ ഹൃദയത്തോടെ CMI, CMC മക്കൾ തങ്ങളുടെ വന്ദ്യ പിതാവിന്റെ വിശുദ്ധപദപ്രഖ്യാപനം കാത്തിരിക്കുമ്പോൾ തങ്ങളുടെ കുടുംബപ്രേഷിത പ്രവർത്തനങ്ങൾക്ക് 'അപ്പൻ മക്കളോട്' എന്ന ഈ പുസ്തകം തീർച്ചയായും ഊർജ്ജം പകരും. വാഴ്ത്തപ്പെട്ട ചാവറപിതാവിലൂടെ നല്ല ദൈവം പ്രത്യക്ഷ വൽക്കരിച്ച ദൈവരാജ്യ സംസ്ഥാപനത്തിനായി, കുടുംബങ്ങളുടെ ഭദ്രതക്കായി നമുക്ക് കർമ്മനിരതരാകാം. കേരളസമുഹത്തിന്റെ നവനിർമ്മിതിയ്ക്ക് ഈ പുസ്തകതാളുകൾ കാരണമാകട്ടെ.

ആദരവോടെ... ആശംസകളോടെ..

സി. സാങ്റ്റ സി. എം. സി.
സുപ്പീരിയർ ജനറൽ
മൗണ്ട് കാർമ്മൽ ജനറലേറ്റ്,
ആലുവ

# ആമുഖം

പത്തൊമ്പതാം നൂറ്റാണ്ടിൽ കേരളത്തിലെ സുറിയാനി കത്തോലിക്ക സമുദായത്തിന്റെ ആദ്ധ്യാത്മീകവും ഭൗതീകവുമായ നവോത്ഥാനത്തിനു നേതൃത്വം നൽകിയ മാഹാത്മാവാണ് വാഴ്ത്തപ്പെട്ട ചാവറ കുരിയാക്കോസ് ഏലിയാസച്ചൻ. സഭയുടെയും സമുഹത്തിന്റെയും അടിസ്ഥാനഘടകമായ കുടുംബത്തിന്റെ നവീകരണത്തിലൂടെയാണ് സമഗ്രമായ വളർച്ചയുണ്ടാകുകയെന്നു മനസ്സിലാക്കിയ വന്ദ്യപിതാവ് തന്റെ സ്വന്തം ഇടവകയായ കൈനകരിയിലെ ഇടവകക്കാർക്ക് എഴുതി നല്കിയ കുടുംബചട്ടമാണ് **"ചാവറയച്ചന്റെ ചാവരുൾ"** എന്ന പേരിലറിയപ്പെടുന്ന ഉപദേശസംഹിത. കുടുംബ ജീവിതത്തിന്റെ മാഹാത്മ്യവും അതിലൂടെ പുണ്യപൂർണ്ണത പ്രാപിക്കാനുള്ള മാർഗ്ഗങ്ങളും ലളിതമായ ഭാഷയിൽ ചാവറപിതാവ് പ്രതിപാദിക്കുന്നുണ്ട്. ഒരു നല്ല ക്രിസ്ത്യാനി കുടുംബം ആകാശമോക്ഷത്തിന്റെ സാദൃശ്യമാണെന്നും അതു സാക്ഷാത്കരിക്കുവാൻ ക്രിസ്തീയ ജീവിത നിയമങ്ങൾ പാലിച്ചുകൊണ്ട് കുടുംബ ജീവിതത്തിന്റെ കർത്തവ്യങ്ങൾ എങ്ങനെ നിർവഹിക്കണമെന്നും ചാവരുൾ സമ്യക്കായി വിവരിക്കുന്നു.

കുടുംബചട്ടത്തിലെ നിർദേശങ്ങളെല്ലാം തന്നെ വി. ഗ്രന്ഥാടിസ്ഥാനവും ക്രൈസ്തവ കുടുംബ ജീവിതത്തിന്റെ പരിപോഷണത്തെ ലക്ഷ്യമാക്കിയുള്ളവയുമാണ്. ഈ ഉപദേശങ്ങളെയും നിർദേശങ്ങളെയും ദൈവവചനാടിസ്ഥാനത്തിൽ വ്യാഖ്യാനിക്കുകയാണ് "അപ്പൻ മക്കളോട്" എന്ന ഈ ഗ്രന്ഥത്തിലുടെ ബൈബിൾ പണ്ഡിതനായ ബ. പോൾ കല്ലുവീട്ടിലച്ചൻ. ബൈബിൾ വീക്ഷണത്തിലുടെ ചാവരുളിനെ നോക്കിക്കാണുമ്പോൾ ലഭിക്കുന്ന ഉൾക്കാഴ്ചകളും അർത്ഥതലങ്ങളും ചാവറപിതാവിന്റെ കുടുംബ ദർശനത്തെ ആഴത്തിൽ മനസ്സിലാക്കുവാനും ഇന്നത്തെ ജീവിത സാഹചര്യങ്ങളിൽ പ്രായോഗീകമാക്കുവാനും ഏറെ സഹായകമാണ്.

ചാവരുളിന് കാലികവും ബൈബിൾ അധിഷ്ഠിതവുമായ ആഖ്യാനം നല്കി ഈ പുസ്തകം തയ്യാറാക്കിയ ബ. പോളച്ചനെ ആത്മാർത്ഥമായി അനുമോദിക്കുകയും ചാവറപിതാവിന്റെ കുടുംബ ദർശനം തിരുവചനാഭിമുഖ്യത്തിൽ മനസ്സിലാക്കുവാൻ ഈ പുസ്തകം വഴിയായി

അനേകർക്ക് അവസരം ലഭിക്കട്ടെയെന്നാശംസിക്കുകയും ചെയ്യുന്നു. കത്തോലിക്കാതിരുസഭ കുടുംബവർഷ മായി ആചരിക്കുന്ന 2014 ൽ പ്രകാശിതമാകുന്ന ഈ ഗ്രന്ഥം കുടുംബ നവീകരണത്തിനും കുടുംബങ്ങൾ നേരിടുന്ന വെല്ലുവിളികളെ അതിജീവിക്കാനും പര്യാപ്ത മാകട്ടെയെന്നു പ്രാർത്ഥിക്കുന്നു.

ഫാ. ജോർജ് താഞ്ചൻ സി.എം.ഐ.
വികാർ ജനറാൾ & ജനറൽ കൗൺസിലർ ഫോർ
ഇവാൻജലൈസേഷൻ & പാസ്റ്ററൽ മിനിസ്ട്രി
ചാവറ ഹിൽസ്, കാക്കനാട്

# അഞ്ജലി

കുരിശിന്റെ ചിഹ്നത്തോടും + ഈശോ, മറിയം, യൗസേപ്പ് എന്നതിന്റെ അന്നത്തെ ചുരുക്കമായ ര.മ.യ. എന്ന വാക്കുകളോടും കൂടെയാണ് ചാവറപിതാവ് കത്തുകൾ ആരംഭിച്ചിരുന്നത്. മിക്ക ലിഖിതങ്ങളിലും ആദ്യംതന്നെ "മിശിഹാക്കു സ്തുതി" എന്നും എഴുതിയിരുന്നു. സർക്കുലറിലോ "ഈശോ മറിയം യൗസേപ്പ് തുണ" എന്ന് കാണുന്നു. പിതാവിന്റേതായ ഇത്തരം ശീർഷകങ്ങളോടെ ഈ മുഖമൊഴി കുറിക്കട്ടെ.

സഹസന്ന്യാസികളെ *"പ്രിയ കൂടപ്പിറപ്പുകളേ"* എന്നും, കന്യാസ്ത്രികളെയും മറ്റും *"പ്രിയ കുഞ്ഞുങ്ങളേ"* എന്നുമാണ് ചാവറപിതാവ് അഭിസംബോധന ചെയ്യുക. "ഒരു നല്ല അപ്പന്റെ ചാവരുൾ" തന്റെ നാട്ടുകാരായ കൈനകിരിക്കാർക്കുവേണ്ടിയാണ് രചിച്ചത്. അവരെ കത്തിന്റെ അവസാനത്തിൽ *"പ്രിയപ്പെട്ടവരേ", "എന്റെ മക്കളേ", "എന്റെ തറവാട്ടുകാരും കൂടപ്പിറപ്പുകളും രണ്ടു പ്രകാരത്തിൽ മകളുമായിരിക്കുന്നവർ"* എന്നും അഭിസംബോധന ചെയ്യുന്നു. കത്തിനെ തെസ്ത്തമേന്ത് (മരണപത്രം) എന്നത്രേ വിശേഷിപ്പിക്കുക.

കേരളക്കരയിലെ വിശുദ്ധനായി അൾത്താരയിൽ വണങ്ങപ്പെടുവാൻ ചാവറപിതാവ് ദൈവത്താൽ നിയോഗിതനാകുന്നവേളയിൽ അദ്ദേഹത്തിന്റെ മരണപത്രം ക്രൈസ്തവർക്കെല്ലാം ഒസ്യത്തായി തീരട്ടെ. തങ്ങളെ മാംസകാരണവന്മാരേക്കാൾ അധികം സ്നേഹിക്കുന്ന വത്സലപിതാവിനോടുള്ള ഭക്ത്യാദരവുകൾ അദ്ദേഹത്തിന്റെ കുടുംബസങ്കല്പം ജീവിച്ചുകൊണ്ടാകണം ക്രിസ്തുവിന്റെ അനുയായികൾ പ്രകടിപ്പിക്കേണ്ടത്.

*"ഒരു നല്ല അപ്പന്റെ ചാവരുൾ"* ദൈവവചനദർശനത്തിൽനിന്ന് ഉടലെടുത്തതാണ്. ഏതാനും ബിബ്ലിക്കൽ അന്തർധാരകൾക്ക് ഭാഷ്യം നല്കുവാനുള്ള എളിയ പരിശ്രമമാണ് ഈ ഗ്രന്ഥം. അതിനുള്ള ഭാഗ്യമരുളിയതിൽ ലേഖകൻ ദൈവത്തിന്റെ മുമ്പിൽ അഞ്ജലീബദ്ധനായി നിലകൊള്ളട്ടെ. തിരുക്കുടുംബമെന്ന ത്രിത്വകുടുംബത്തിന് നന്ദിപറയട്ടെ.

ഈശോയ്ക്ക് സ്തുതി!

കന്യാകാമാതാവിന് വന്ദനം!

മാർ യൗസേപ്പിന് അർച്ചന!

ചാവരുളിനെകുറിച്ച് *സ്നേഹദൂത്* എന്ന പുല്ലൂർ ഇടവക ബുള്ളറ്റിനിൽ തുടർച്ചയായി എഴുതുവാൻ അവസരമൊരുക്കിയ സി.എം.ഐ. വികാരി ജോസ് ചിറ്റിലപ്പിള്ളി അച്ചന് നമോവാകം. പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുവാനും, ആശംസ അർപ്പിക്കുവാനും സദയം തയ്യാറായ സി.എം.ഐ. വികാരി ജനറാളായ പെ.ബ. ജോർജ്ജ് താഞ്ചനച്ചനും, ഗ്രന്ഥത്തിന്റെ അവതരണം നിർവ്വഹിക്കുന്ന പെ.ബ. സി.എം.ഐ. ജനറാളായ ജോസ് പന്തപ്ലാംതൊട്ടിയിലച്ചനും, ആസ്വാദനം എഴുതിതന്ന പെ.ബ. സി.എം.സി. മദർ ജനറൽ സി. സാങ്തായ്ക്കും നന്ദിയുടെ നറുംമലരുകൾ അർപ്പിക്കുന്നു. ചാവറപിതാവ് വിഭാവനം ചെയ്തപോലെ ക്രിസ്ത്യാനികുടുംബങ്ങൾ ആകാശമോക്ഷത്തിന്റെ സാദൃശ്യങ്ങളായിത്തീരാൻ ഈ സംരംഭം നിമിത്തമാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു

10 ഫെബ്രുവരി 2014

ഫാ.പോൾ.കല്ലുവീട്ടിൽ.സി.എം.ഐ.
വി.അമ്മത്രേസ്യായുടെ ആശ്രമം
കോട്ടയ്ക്കൽ-മാള, കോട്ടമുറി -683732.
മൊബൈൽ: 9846720092.

# ചാവരുളിന്റെ ചാവറമൊഴികൾ

*നല്ല ക്രിസ്ത്യാനിക്കുടുംബം ആകാശമോക്ഷത്തിന്റെ സാദൃശ്യമാകുന്നു.* കുടുംബത്തിന്റെ ന്യായം എന്തെന്നാൽ ചോരയാലും, സ്നേഹത്താലും തമ്മിൽത്തമ്മിൽ കെട്ടപ്പെട്ട പല ആളുകൾ കാരണവന്മാരുടെ നേരെ ആചാരവും കീഴ്വഴക്കവും അനുസരിച്ചു തമ്പുരാനോടും മനുഷ്യരോടും സമാധാനമായി നടക്കയും, അവരുടെ അന്തസ്സിനു തക്കതിൻവണ്ണം നിത്യഗതിയെ പ്രാപിക്കുന്നതിനു പ്രയത്നം ചെയ്തു കൂട്ടമായി ജീവിക്കയും ചെയ്യുന്നതാകുന്നു. ദുഃഖങ്ങളുടെ സ്ഥലമായിരിക്കുന്ന ഈ ലോകത്തിൽ ഓരോരോ ഞെരുക്കങ്ങളിലും സങ്കടങ്ങളിലും ഏറ്റം മധുരിക്കപ്പെട്ട ആശ്വാസവും സമാധാനവും ഉപവിയും ക്രമവുമുള്ള ഒരു കുടുംബത്തിൽ ജീവിക്കുന്നതാകുന്നു. അപ്രകാരംതന്നെ ക്രമവും സമാധാനവും ഇല്ലാതെയും ദൈവശുശ്രൂഷയിന്മേലും നിത്യരക്ഷ യിന്മേലും ഒരു വിചാരവും ഇല്ലാതെയും നടക്കുന്ന ഒരു കുടുംബത്തിൽ ജീവിക്കുന്നതു ഏറ്റം വലിയ സങ്കടമാകുന്നു. ഇപ്രകാരം ക്രമമില്ലാത്ത കുടുംബങ്ങൾ എത്രയോ സങ്കടങ്ങൾക്കും കണ്ണുനീരുകൾക്കും കാരണമായിരിക്കുന്നു. ഇതുനിമിത്തം കീർത്തിപ്പെട്ടതും ബഹുമാന മുള്ളതും ദ്രവ്യമുള്ളതുമായ എത്രയോ കുടുംബങ്ങൾ നശിച്ചുപോയിരി ക്കുന്നു. ഇതിൽ നിന്ന് എത്രയോ വഴക്കുകളും എത്രയോ പാപങ്ങളും എത്രയോ നാശങ്ങളും എത്രയോ മരണങ്ങളും ഉണ്ടായിരിക്കുന്നു. ഇതിൻവണ്ണമുള്ള തിന്മകളും നാശങ്ങളും വരുന്നതിനു ഇടവരാതിരി പ്പാൻ എനിക്കുണ്ടായിരിക്കുന്ന അതിയായ ആഗ്രഹത്തെക്കുറിച്ചു ഞാൻ ദൈവവെളിവും സമാധാനവും അപേക്ഷിച്ചുക്കൊണ്ട് ഈ കുടുംബക്രമം അഥവാ ചട്ടം എഴുതിയുണ്ടാക്കി. ഇതിനെ നിങ്ങളുടെ പൂർവ്വകാരണവന്മാരുടെ വായിൽ നിന്നു പുറപ്പെട്ട ഗുണദോഷംപോലെ കൈക്കൊണ്ടു സൂക്ഷമായിട്ട് അനുസരിക്കയും അനുസരിപ്പിക്കയും ചെയ്യണമെന്ന് ഞാൻ നിങ്ങളോട് അപേക്ഷിക്കുന്നു.

**കുടുംബചട്ടം**

1-ാമത്. നിങ്ങൾ തമ്മിൽത്തമ്മിൽ ഉപവിയായിരിപ്പിൻ: സ്നേഹ മായിരിപ്പിൻ. ഓരോരുത്തന്റെ അറ്റകുറ്റങ്ങളും കുറച്ചിലുകളും നിങ്ങൾ തമ്മിൽത്തമ്മിൽ ക്ഷമിപ്പിൻ, ഇപ്രകാരം ചെയ്താൽ ഈ ലോകത്തിൽ

സമാധാനവും പരലോകത്തിൽ നിത്യഭാഗ്യവും നിങ്ങൾ അനുഭവിക്കും. ഒരു വീട്ടിൽതന്നെ ജേഷ്ഠാനുജന്മാരും സ്ത്രീജനങ്ങളും തമ്മിൽത്തമ്മിൽ സ്നേഹമില്ലാതെ എല്ലായ്പ്പോഴും വഴക്കും സംസാരവുമായിരിക്കുന്നത് എത്രയോ ദുഖിക്കത്തക്കത്. ഭിന്നിക്കപ്പെട്ട രാജ്യം നിലനില്പാൻ പാടില്ലെന്നു നമ്മുടെ കർത്താവു തന്നെ അരുളി ചെയ്തിരിക്കുന്നു. ഇപ്രകാരം വഴക്കുള്ള തറവാട് വേഗത്തിൽ നാശമായിപ്പോകും. നിങ്ങളുടെ അറ്റകുറ്റങ്ങളും മോശങ്ങളും നിങ്ങൾ തമ്മിൽത്തമ്മിൽ ക്ഷമിക്കുകയില്ലെങ്കിൽ പുറമേയുള്ളവർ ക്ഷമിക്കുമോ? നാളെ ശേഷംപേർ നിന്റെ കുറ്റം ക്ഷമിക്കണമെങ്കിൽ ഇന്നു ശേഷം പേരുടെ അറ്റകുറ്റങ്ങൾ നീ ക്ഷമിക്കേണ്ടയോ? ഒരുപദ്രവവും ചെയ്യാത്തവരെ മാത്രം നീ സ്നേഹിച്ചാൽ കാവ്യരും തമ്മിൽത്തമ്മിൽ അറിവും ചാർച്ചയും ഇല്ലാത്തവരും ചെയ്യുന്നതിൽ അധികം നീ എന്തുചെയ്യുന്നു? ആദമെന്ന മഹാപിതാവ് നമ്മുക്ക് അവകാശമായി വച്ചിരിക്കുന്ന ഞെരുക്കങ്ങളും സങ്കടങ്ങളും പോരാതെ നിങ്ങൾ സ്വമനസ്സാലെ വീണ്ടും ഉണ്ടാക്കണമോ? എന്നാൽ ഇതിൻവണ്ണമുള്ള വഴക്കുകൾക്കു കാരണം കൊടുക്കുന്നവർക്കു ദുരിതം. ഒരിക്കൽ ഒരു കിഴവി ഒരു വീട്ടിൽ വഴക്കുണ്ടാക്കുവാൻ പല കാരണങ്ങളുമുണ്ടാക്കിയതിനാൽ പിശാചു കാണപ്പെട്ട് പൊന്നു നിറഞ്ഞ ഒരു സഞ്ചി അവൾക്കു കൊടുത്തുകൊണ്ട്, ഞാൻ മൂന്നു വർഷക്കാലം പ്രയത്നിച്ചീട്ടു സാധിക്കാത്തത് നീ മൂന്നു ദിവസം കൊണ്ടു സാധിച്ചു. ഇതിനാൽ നീ എന്റെ ആലോചനക്കാരി ആയിരിപ്പാൻ യോഗ്യതയുള്ളവളായിരിക്കുന്നു എന്നു പറഞ്ഞ് അവളെ പിടിച്ച് നരകത്തിൽ കൊണ്ടുപോവുകയും ചെയ്തു. ഒരു തറവാടിന്റെ ബഹുമാനവും, ഭാഗ്യവും, യാതൊരു വഴക്കുമില്ലാതെ എല്ലാവരോടും സമാധാനമായിരിക്കുന്നതത്രേ. നീരസങ്ങളെയ്ക്കുറിച്ചു പകരം വീഴ്ചചെയ്യാൻ മൃഗങ്ങൾക്കുകൂടെയും ശക്തിയുണ്ട്. എന്നാൽ അവയെ സാരം വയ്ക്കാതെ പെറുക്കുന്നതു മഹാ ശക്തിയും വിവേകവും അവസ്ഥയുമുള്ള ആളിനു മാത്രം കഴിയുന്നതാകുന്നു. എങ്ങിനെയെന്നാൽ, കൊൺസ്തന്തീനോസ് എന്ന മഹാ ചക്രവർത്തി ഒരിക്കൽ തന്റെ രാജചക്രവർത്തിയുടെ ഒരു കന്നത്തിൽ അടിച്ചു. അപ്പോൾ ആ സമൂഹക്കാരെല്ലാവരും പകരം വീഴ്ച ചെയ്യാനും ആ ദുഷ്ടനെ കൊല്ലുവാനും ഗുണദോഷിച്ചു. ഇതിനു ആ മഹാരാജാവ് ഉത്തരിച്ചതായത്, “എന്റെ ഏറ്റവും താഴ്ന്ന ഉദ്യോഗസ്ഥനു ചെയ്‌വാൻ കഴിയുന്നത് ഞാൻ ചെയ്യുന്നത് വലിയകാര്യമോ? എന്നാൽ ഇത് ഞാൻ ക്ഷമിക്കുന്നു. ഇത് എന്റെ ഏറ്റം വലിയ ശക്തിയുടെ അടയാളമാകുന്നു”.

2-ാമത്. സർക്കാർ വഴക്കുകൾ കുടുംബങ്ങളെ നശിപ്പിക്കുന്നു. എത്ര ന്യായമുള്ള സംഗതികളേക്കുറിച്ചായിരുന്നാലും സർക്കാരിൽ പോകാതിരിക്കുകയായിരുന്നു നന്ന്, എന്ന് കടശി പറയുവാൻ ഇടയാകുകയും ചെയ്യും. സർക്കാരിൽ പോയതിനേക്കുറിച്ച് ഒരിക്കലും ഒരുത്തനും ഉപകാരമെങ്കിലും സന്തോഷമെങ്കിലും ഉണ്ടായിട്ടില്ല.

3-ാമത്. ഞായറാഴ്ച മുതലായ കടമുള്ള ദിവസങ്ങളിൽ അടിയന്തിരങ്ങൾ മുതലായത് കഴിക്കുന്നതു വളരെ ദോഷങ്ങൾക്കും ആത്മനാശങ്ങൾക്കും കാരണമായ ഒരു സംഗതിയാകുന്നു. ഇത് കർത്താവിന്റെ ദിവസമാകുന്നു. ഇത് പിശാചിന്റെ ദിവസമാക്കുന്നതിന് കണ്ടെത്തിയ ഒരു സൂത്രമാകുന്നു. ഇതു കൂടാതെ വീട്ടിൽ വല്ലവരും മരിച്ചാൽ (ആവശ്യമുള്ളവരൊഴികെ) ശേഷമുള്ളവർ സ്വന്ത ആത്മകാര്യങ്ങളെ ഉപേക്ഷിച്ചു കടമുള്ള ദിവസങ്ങളിൽ പള്ളിയിൽ പോകാതിരിക്കുന്നത് ദൈവത്താലും വിശുദ്ധപള്ളിയാലും ശപിക്കപ്പെട്ട ദുർമ്മര്യാദയാകുന്നു.

4-ാമത്. പ്രത്യേകമുള്ള ആവശ്യങ്ങൾക്കല്ലാതെ പണം വായ്പ വാങ്ങിക്കേണ്ടാ; മുമ്പിൽ വാങ്ങിവച്ചിട്ടുണ്ടായിരുന്നാൽ പാടുപോലെ വേഗം തീർപ്പാൻ ശ്രമിക്ക. ഉപവിയെക്കുറിച്ചല്ലാതെ പണം വായ്പ കൊടുക്കുക്കയും വേണ്ടാ. എത്രയും കാരണവന്മാർക്കു വല്ല കുർബാന കടങ്ങളോ, ഉത്തരിപ്പാനുള്ള കടങ്ങളോ ഉണ്ടായിരുന്നാൽ അവയെ മഹാ താല്പര്യത്തോടുകൂടി തീർക്കുക. ഈ സംഗതി ആപത്തുള്ളതാകുന്നു. എന്തെന്നാൽ പലപ്പോഴും ഒരു കുടുംബത്തിൽ ദൈവശാപം വീഴുന്നത് ഈ സംഗതിയാലത്രെ.

5-ാമത്. ദ്രവ്യമുള്ള ഭാവവും അവസ്ഥയും കാട്ടേണ്ട. ഉള്ള ഭാവം മുഴുവനും കാട്ടുന്നവൻ അവസ്ഥയിൽ കുറഞ്ഞവനാകുന്നു. ദ്രവ്യസ്ഥന്റെ ഭാവം കാണിക്കുന്നവൻ വേഗത്തിൽ ഭിക്ഷ തെണ്ടി നടക്കും. ഇങ്ങനെ ലോകത്തിൽ സംഭവിച്ചുവരുന്നു. ഒരിക്കൽ ദാവീദുരാജാവ് തന്റെ ശക്തിയിലും മഹിമയിലും ഇഷ്ടപ്പെട്ടു തന്റെ കീഴുള്ള ആളുകളെ എണ്ണുവാൻ കല്പിച്ചു. ഇതിനാൽ ദൈവശിക്ഷ യായി ഉടനെ പകരുന്ന വ്യാധിയുണ്ടായി. (ശ്മൂയേൽ.24.അ)

6-ാമത്. ഓരോരോ അടിയന്തിരങ്ങൾ കഴിക്കുന്നതിൽ സ്വന്ത സ്വത്തിനും പ്രാപ്തിക്കും തക്കവണ്ണം ചട്ടമുള്ളതിൽ അധിക ആഘോഷവും ചിലവും ചെയ്യേണ്ടാ. അതെന്തെന്നാൽ എല്ലായ്പ്പോഴും

അതിൻവണ്ണം ചെയ്യാൻ പാടുണ്ടാകുമോ എന്നറിഞ്ഞുകൂടാ. എന്നാൽ തൽക്ഷണംകൊണ്ട് ആളിപ്പോകുന്നതും, ഒരു വലിയ വെട്ടത്തെ കാണിച്ചു ഉടൻ കെട്ടുപോകുന്നതുമായ ഒരു വൈയ്ക്കോൽ തുറുവിൻ തീയേക്കാൾ നിലനിൽക്കുന്നതായി വെട്ടം കാട്ടുന്ന ഒരു ചെറിയ വിളക്കു ഏറ്റം നല്ലതാകുന്നു. ഒരു ദിവസം ദെമൊക്രെസ്തോസ് എന്ന കീർത്തികേട്ട ശാസ്ത്രിയോട് മനുഷ്യരിൽ ഏറ്റം മുഖ്യതയുള്ളവനാരെന്നു ചോദിച്ചതിന് ഉത്തരം പറഞ്ഞതായത്. **'ഏറ്റം കുറഞ്ഞഭാവം കാണിക്കുന്ന മനുഷ്യനത്രേ.'** ഒരു ദ്രവ്യസ്ഥൻ വിരുന്നുകൾ കല്യാണങ്ങൾ മുതലായ ആഘോഷങ്ങൾ നടത്തിയതിനാൽ ദാരിദ്രസ്ഥിതിയിൽ ആയി ദു:ഖിച്ചിരിക്കയിൽ ഒരു ശാസ്ത്രി അവനെ കണ്ട് പറഞ്ഞതായത് **'സഹോദരാ! നീ പകൽ വിളക്കു കത്തിക്കാതിരുന്നുവെങ്കിൽ രാവിൽ കത്തിക്കാമായിരുന്നു.'**

7-ാമത്. ശേഷം പേരുടെ വീടുകളിൽ സഞ്ചരിക്കയും ശേഷം പേരുടെ വർത്തമാനങ്ങൾ അന്വേഷിക്കയും വേണ്ടാ. എന്തുകൊണ്ടെന്നാൽ, സ്വന്തകാര്യങ്ങളെ നല്ലതിൻവണ്ണം വിചാരിക്കുമെങ്കിൽ കാര്യമില്ലാത്ത കാര്യങ്ങളിൽ ഉൾപ്പെടുവാൻ നേരമുണ്ടാകയില്ല.

8-ാമത്. ക്രമവും ദൈവപേടിയുമില്ലാത്ത തറവാടുകളോട് ബന്ധുത്വം പിടിക്കേണ്ടാ. എന്തുകൊണ്ടെന്നാൽ, ഒരു കുടുംബത്തിൽ, ഉപകാരവും സന്തോഷവും വരുന്നത് ദ്രവ്യാസ്ഥന്മാരായുള്ള ബന്ധുക്കളല്ല; പിന്നെയൊ ക്രമവും ദൈവപേടിയും ഉള്ള ബന്ധുക്കളത്രേ. എത്രയോ കുടുംബങ്ങൾ ദ്രവ്യാസ്ഥന്മാരായുള്ള ബന്ധുക്കൾ കാരണമായിട്ടു കരയുകയും നശിക്കുകയും ചെയ്യുന്നു.

ഫ്രാൻസുരാജ്യത്തിൽ ഒരപ്പന് ഒരു മകൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അവൻ തന്റെ മകനേക്കൊണ്ട് വലിയ തറവാട്ടുകാരിയായ ഒരു മാടമ്പിയുടെ മകളെ വിവാഹം കഴിപ്പിപ്പാൻ ഏറിയ പ്രയത്നം ചെയ്തു. ഒടുക്കം തറവാട്ടുവക വസ്തുക്കളൊക്കെയും മകനായിട്ടെഴുതിക്കൊടുക്കണം എന്നുള്ള ഉടമ്പടിയോടുകൂടെ ആഗ്രഹംപോലെ സാധിച്ച് കല്യാണം നടത്തുകയും ചെയ്തു. കുറേനാൾ കഴിഞ്ഞപ്പോൾ മണവാളനും മണവാട്ടിയുടെ കാരണവന്മാരും ഈയാളുടെ അവസ്ഥാക്കുറവിനേക്കുറിച്ച് രസക്കേടായി വീട്ടിൽനിന്നു അയാളെ പുറപ്പെടുത്തി. അയാൾ തെണ്ടി നടന്ന്, മകന്റെ വീട്ടിൽ വിരുന്നുകളും അടിയന്തിരങ്ങളും കഴിക്കുമ്പോൾ വാതുക്കൽ ചെന്ന് ശേഷിപ്പുകളെ അപേക്ഷിക്കേണ്ടി വരികയും ചെയ്തു.

9-ാമത്. എല്ലാവക ആളുകളേയും നിന്റെ വീട്ടിൽ കയറ്റണ്ട. പിന്നെയോ നല്ല മര്യാദയും ദൈവപേടിയും ഉള്ളവരേ മാത്രം കൈക്കൊള്ളുക. നീ ആരോടുകൂടി ഇടപെടുന്നു എന്നു പറയുക, എന്നാൽ നീ ആരാകുന്നു എന്നു ഞാൻ പറയാം. എന്നത് പഴഞ്ചൊല്ലായിരിക്കുന്നു.

10-ാമത്. നിന്റെ വീട്ടിൽ ക്രമമില്ലാത്ത വർത്തമാനങ്ങളും ക്രിസ്ത്യാനികൾക്കു ചേരാത്ത വചനങ്ങളും ശേഷം പേരുടെ അറ്റകുറ്റങ്ങളെ പറയുവാനും പിറുപിറുപ്പാനും ചട്ടമില്ലായെന്നും, സംസാരത്തിനടുത്ത വീടല്ലായെന്നും എല്ലാവരും അറിവാൻ തക്കതിൻവണ്ണം കാട്ടുക. മറ്റൊരുത്തന്റെ ദോഷത്തിന്റെ വർത്തമാനം നിന്റെ വീട്ടിൽ പറയപ്പെടുമ്പോൾ ആ ദോഷത്തിനുള്ള ശിക്ഷ നിന്റെ വീട്ടിന്മേൽ വരികയും ചെയ്യും. ഒരാൾ തഴക്കമായിട്ടെന്നപോലെ എല്ലായ്പ്പോഴും ശേഷം പേരേക്കൊണ്ട് കുറ്റം പറയുകയും ചെയ്തിരുന്നു. അവൻ ഭ്രാന്തുപിടിച്ചു ചുറ്റിതിരിഞ്ഞു നടന്നുനടന്ന് തന്നത്താൻ പല്ലുകൊണ്ടു നാവ് കടിച്ചു തിന്നുകയും മുഴുവനും ചീഞ്ഞു പുഴുക്കൾ നിറഞ്ഞു നിർഭാഗ്യനായി മരിക്കുകയും ചെയ്തു.

11-ാമത്. പുത്തനായിട്ടു വസ്തുക്കളെ ഉണ്ടാക്കുന്നതിനേക്കാൾ ഉള്ള വസ്തുക്കളെ നന്നാക്കുവാൻ പ്രയാസപ്പെടുക. കുടുംബങ്ങളുടെ സമ്പത്ത് വസ്തുക്കളുടെ പെരുപ്പമല്ല. പിന്നയോ വസ്തുക്കളുടെ ഗുണമാകുന്നു. അദ്ധ്വാനശീലനായ ഒരു മനുഷ്യൻ കുറേ വസ്തുക്കൾകൊണ്ടുമാത്രം സംപൂർണ്ണനായി കഴിഞ്ഞുവന്നു. അപ്പോൾ ചില അസൂയാലുക്കൾ അവൻ നിക്ഷേപം എടുത്തൊളിച്ചു വച്ചിരിക്കുന്നു എന്നു അവന്റെപേരിൽ സർക്കാരിൽ അന്യായം കൊടുത്തു. ഇതിനാൽ അവനുള്ള ദ്രവ്യം മുഴുവന്റെയും വിവരം ബോധിപ്പിക്കണമെന്നു രാജാവിന്റെ കല്പനയുണ്ടായി. എന്നാൽ അയാൾ സർക്കാരിൽ ചെന്ന് എന്റെ നിക്ഷേപം എന്റെ ചെറിയ പറമ്പാകുന്നു എന്നും അതിന്റെ മണ്ണ് എന്റെ നെറ്റിയിലെ വിയർപ്പു കൊണ്ടു നനയ്ക്കുന്നതിനാൽ അതു പൊന്നായിപ്പോകുന്നു എന്നും പറഞ്ഞ് ബഹുമാനത്തോടുകൂടി പിന്തിരികയും ചെയ്തു.

12-ാമത്. നിന്റെ അന്തസ്സിനു തക്കവണ്ണം വേലയെടുക്കുക. വേലയെടുക്കാതിരിക്കുന്നത് ബഹുമാനമുള്ള ആളുകളുടെ മുറയല്ലാ; പിന്നെയൊ വീടും കുടിയും സന്തതിയും ഇല്ലാത്തവരുടെ നടപ്പാകുന്നു. മടി സർവദുർഗുണങ്ങളുടേയും മാതാവാകുന്നു. മദ്യപാനം

ലോകത്തിന്റെ മുമ്പാകെ എത്രയും അപമാനമുള്ളതും തമ്പുരാന്റെ തിരുമുമ്പിൽ എത്രയും ദോഷമുള്ളതും ആകുന്നു. കാത്തോൻ എന്ന റോമ്മാ നഗരിയുടെ അധികാരി റോമ്മായിൽ പാർപ്പാൻ മനസ്സുള്ളവർ ഒക്കെയും മുമ്പിനാൽതന്നെ വേലയെടുക്കുന്നവരെന്നു കാണിപ്പാൻ വേണ്ടി കൈത്തഴമ്പു കാട്ടണമെന്നു പ്രമാണം വച്ചതല്ലാതെ, ദ്രവ്യസ്ഥന്മാരും മാടമ്പികളും അവരവരുടെ അന്തസ്സിന്നു തക്കവണ്ണം വേലയെടുക്കുന്ന ആയുധങ്ങൾ പിടിച്ചല്ലാതെ, പുറത്തു നടന്നുകൂടാ എന്നു ശക്തിയായി കല്പിക്കയും ചെയ്തു.

13-ാമത്. കച്ചവടജോലി ആത്മത്തിനു മാത്രമല്ല, ധനത്തിനും എത്രയും ആപത്തുള്ളതാകുന്നു. മറ്റൊരു വ്യാപാരംകൊണ്ട് കഴിപ്പാൻ പാടില്ലെങ്കിൽ കച്ചവടം ചെയ്യുന്നതിനു മുടക്കില്ലാ. എന്നാൽ മഹാ സൂക്ഷത്തോടും നീതിയോടും കൂടെ ചെയ്യേണ്ടതാകുന്നു. നീതി കുറവായിട്ടുള്ള യാതൊരു കച്ചവടക്കാരനും ഒരിക്കലും ഒരു നിലയായി നിന്നു പ്രകാശിച്ചിട്ടില്ലാ. സൂത്രംകൊണ്ടും കളവുകൊണ്ടും ഉണ്ടാക്കപ്പെട്ട ദ്രവ്യം മഞ്ഞുപോലെ വേഗമലിഞ്ഞുപോകും.

രണ്ടു കച്ചവടക്കാർ ഉണ്ടായിരുന്നു. ഇവർ പല പല കൌശലങ്ങളും സൂത്രങ്ങളും പ്രയോഗിച്ചിട്ടും കച്ചവടം മോശമായി ദ്രവ്യം വർദ്ധിക്കാതെയിരുന്നു. ഒരു ദിവസം രണ്ടുപേരും പാപസങ്കീർത്തനം കഴിപ്പാൻ ചെന്നു; ഈ കാര്യം കുമ്പസാരക്കാരനെ ബോധിപ്പിച്ചു. പട്ടക്കാരൻ ഇനി നിങ്ങൾ ഒരു സൂത്രവും ചെയ്യേണ്ടാ, ഒരു നുണയും പറയേണ്ടാ എന്നു ഗുണദോഷിച്ചു. ആയതിൻവണ്ണം ചെയ്തപ്പോൾ അവർ ഒരു വർഷംകൊണ്ട് ദൈവസഹായത്താൽ മഹാ ദ്രവ്യസ്ഥന്മാരായിത്തീരുകയും ചെയ്തു. അന്യന്മാർക്കു വല്ല ഉപകാരം ചെയ്യാത്ത ദിവസം നിന്റെ ആയുസ്സിന്റെ ദിവസങ്ങളുടെ കണക്കിൽ കൂട്ടുന്നതല്ല. ശേഷംപേർ നിന്നെ ഭയപ്പെടണം എന്നതിനേക്കാൾ നിന്നെ സ്നേഹിക്കണം എന്നു ആഗ്രഹിക്കുക. ഭിക്ഷക്കാർ വെറുംകൈയോടുകൂടി നിന്റെ വീട്ടിൽനിന്നു പോകാൻ നീ സമ്മതിക്കേണ്ടാ പാടുള്ളപ്പോഴൊക്കെയും അല്പമെങ്കിലും ദാനധർമ്മം കൊടുക്കാതെ ഇരിക്കേണ്ടാ.

14-ാമത്. മനുഷ്യർ പരസ്പരം ഉപകാരം ചെയ്യുന്നത് സ്രഷ്ടാവിനാൽ കല്പിക്കപ്പെട്ട ഒരു പ്രമാണമാകുന്നു എന്ന് ബോധിച്ച് ഒരു മനുഷ്യൻ ദിവസംതോറും ഒരുത്തനെങ്കിലും ഉപകാരം

ചെയ്തുകൊണ്ടുവന്നു. ഒരു ദിവസം അവൻ അത്താഴത്തിനിരുന്നപ്പോൾ അന്നു ഒരുത്തർക്കും ഉപകാരം ചെയ്തില്ലെന്ന് ഓർത്ത് എഴുന്നേറ്റ് ആയത് ചെയ്തതിൽ പിന്നെ മാത്രമേ അത്താഴം കഴിച്ചൊള്ളൂ.

15-ാമത്. അതിധാരാളിത്ത്വവും ലുബ്ധും രണ്ടും തിന്മയാകുന്നു. ലുബ്ധന്റെ വസ്തുക്കൾ പുഴുക്കൾ തിന്നും, ധാരാളിയുടെ സന്തോഷം പുകപോലെ കടന്നുപോകും. ഒരു ദിക്കിൽ ഒരു മനുഷ്യനുണ്ടായിരുന്നു. ഈ ആൾ അവസ്ഥപോലെയും ദിഷ്ടതിപോലെയും ലുബ്ധ് വിചാരിക്കാതെ വീട്ടുചിലവു കഴിക്കയും ദാനധർമ്മം കൊടുക്കയും ചെയ്തുവന്നു. കാലക്രമംകൊണ്ട് ദ്രവ്യം വർദ്ധിക്കയിൽ ധർമ്മം മുടക്കി പണം കൂട്ടുവാൻ തുടങ്ങി. ഇങ്ങനെയിരിക്കെ ഈയാളിന്റെ കാലിന്മേൽ ഒരു വ്രണമുണ്ടായി ചീഞ്ഞാറെ പല വൈദ്യന്മാരെ വരുത്തി; ചികിത്സക്കായി വളരെ പണം ചെലവഴിച്ചു. അപ്പോൾ ഒരു മാലാഖാ അവനു കാണപ്പെട്ടു പറഞ്ഞതായത്:- ധർമ്മം ചെയ്യാതെ പണം കൂട്ടുന്നവർക്ക് ഇങ്ങനെ പണം ചിലവഴിപ്പാൻ സംഗതിവരുമെന്ന് നീ അറിഞ്ഞുകൊള്ളണം.

16-ാമത്. നിനക്കു സ്നേഹിതന്മാർ അധികം വേണ്ടാ; പിന്നെയോ ആയിരംപേരിൽനിന്നു സൂക്ഷിച്ചു ഒരുത്തനെ തിരഞ്ഞെടുക്കുക. തമ്പുരാനെ സ്നേഹിക്കാത്തവൻ സത്യമായി നിന്നെയും സ്നേഹിക്കയില്ല. ദാവീദും യോനാഥനും തമ്മിൽ സ്നേഹിച്ചിരുന്നു. അവർ ഒരു മനസ്സുള്ളവരായി തമ്മിൽത്തമ്മിൽ പട്ടാങ്ങയായിട്ടു സ്നേഹിച്ചു. ഒടുക്കംവരെയും അവർ തമ്മിൽ പട്ടാങ്ങയായി സ്നേഹിക്കയും സഹായിക്കയും ചെയ്തു. അവരുടെ ഈ സ്നേഹം അല്പകാരണങ്ങളാൽ കുറഞ്ഞു പോകാതെ ആപത്തുകളിലും ദിഷ്ടിതികളിലും വർദ്ധിച്ചുവരികയും ചെയ്തു.

17-ാമത്. കട്ടവസ്തു ഒരു നാഴികനേരത്തേക്കെങ്കിലും നിന്റെ വീട്ടിൽവച്ചു സൂക്ഷിപ്പാൻ നീ സമ്മതിക്കേണ്ടാ. കട്ടവസ്തു ഇരിക്കുന്ന വീട് കത്തിപ്പോകുമെന്ന് റൂഹാദക്കുദശാ തമ്പുരാൻ അരുളിചെയ്തിരിക്കുന്നു. അന്യവസ്തു കട്ടവരോടുകൂടെ നീ ഇടയേണ്ടാ. എന്തെന്നാൽ, നാളെ നിന്റെ വസ്തുക്കൾ കക്കുവാൻ അവർ മടിക്കയില്ലാ നിശ്ചയം. ഇതല്ലാതെ അവരുടെ പാപത്തിനും നീ പങ്കുകാരനാകും.

ഒരു ദിക്കിൽ അന്യവസ്തുക്കൾ അന്യായമായി അപഹരിച്ച് ദ്രവ്യാസ്ഥനായിത്തീർന്ന ഒരു ഗൃഹനാഥനുണ്ടായിരുന്നു. അവൻ ദീനമായി മരിക്കാറായപ്പോൾ ഭാഗം ചെയ്‌വാൻവേണ്ടി എന്നപോലെ രായസക്കാരനെ വിളിച്ചുവരുത്തി ഇപ്രകാരം എഴുതുവാൻ പറഞ്ഞു. എന്റെ ആത്മാവിനെ പിശാചിനു ഞാൻ കൊടുക്കുന്നു. ഇതു കേട്ടപ്പോൾ മക്കൾ അപ്പാ! അപ്പാ! എന്നു പറയുന്നു. അപ്പൻ മന്ദം പറയുന്നോ? എന്നു ചോദിച്ചു. അപ്പോൾ ദീനക്കാരൻ ഇല്ലാ ഇല്ലാ, മക്കളേ എനിക്ക് നല്ല ബോധമുണ്ട്. ഞാൻ പറയുന്നതു എഴുതട്ടെ. എന്റെ ആത്മത്തെയും അന്യരുടെ വസ്തുക്കളെ അപഹരിപ്പാൻ എന്നെ ഉത്സാഹിപ്പിച്ച എന്റെ ഭാര്യയുടെ ആത്മത്തേയും ഞാൻ പിശാചിനു കൊടുക്കുന്നു. എന്റെ മക്കളായ നിങ്ങളുടെ ആത്മാക്കളേയും ഞാൻ പിശാചിനു ഏല്പിക്കുന്നു. എന്തെന്നാൽ ഞാൻ നിങ്ങൾക്കു വേണ്ടിയാകുന്നു അന്യന്മാരുടെ വസ്തുക്കളെ അപഹരിച്ചത് എന്നു പറഞ്ഞു നിർഭാഗ്യമായി അന്ത്യശാസം വിടുകയും ചെയ്തു.

18-ാമത്. വേലക്കാർക്ക് ന്യായമുള്ള കൂലി കൊടുക്കാതിരിക്കയോ താമസിപ്പിക്കയോ ചെയ്യരുത്. എന്തെന്നാൽ ഇത് ദൈവത്തിൻ പക്കൽ നിലവിളിക്കുന്ന പാപം ആകുന്നു. പാവപ്പെട്ടവരെ നിന്ദിക്കേണ്ടാ; അവരെ ബുദ്ധിമുട്ടിക്കയും വേണ്ടാ; എന്തെന്നാൽ ദൈവം അവരുടെ കണ്ണുനീർ കണ്ടാൽ, നിശ്ചയമായി നിന്നോടു പകരം ചോദിക്കും. ലോവൈൻ എന്ന നഗരത്തിൽ സംഭവിച്ച ഒരു വർത്തമാന മായത്. ഈ നഗരിയിൽ ഒരു ഗൃഹനാഥൻ ഉണ്ടായിരുന്നു. ഈ ആളുടെ വകയായ ഒരു പുരയിൽ ദരിദ്രയായ ഒരു വിധവയും അവളുടെ മൂന്നുനാലു കുഞ്ഞുങ്ങളും പാർത്തിരുന്നു. ഇയാൾ പല പ്രകാരത്തിൽ അവരെ നിന്ദിക്കയും, സങ്കടപ്പെടുത്തുകയും ചെയ്തുവരികയിൽ, ഒരു ദിവസം ഈ സ്ത്രീ സങ്കടത്തെപ്രതി മുട്ടുകുത്തി, കർത്താവേ! ഈ സങ്കടത്തിൽനിന്നും അന്യായത്തിൽനിന്നും എന്നെ രക്ഷിക്കണമെന്ന് അപേക്ഷിച്ചു. തൽക്ഷണം ആ ദ്രവ്യാസ്ഥൻ നിന്നനിലയിൽ സ്തംഭിച്ചു വീണ് മരിച്ചുപോകയും ചെയ്തു.

ഒരു കുടുംബത്തിന്റെ പ്രധാന സമ്പത്ത് ദൈവപേടിയും ഭക്തിയും തന്നെ. ദൈവപേടിയുള്ള തറവാട് ഈ ലോകത്തിലും പരലോകത്തിലും ദൈവവാഴ്‌വിൻ ഫലം അനുഭവിക്കുകയും ചെയ്യും. ദൂഷണങ്ങളും ദുർവാക്കുകളും കാർമ്മേഘംപോലെ നല്ല കുടുംബത്തിന്റെ വെളിവിനെ ഇരുട്ടാക്കുകയും ചെയ്യും. കഴിയുന്നതായാൽ ദിവസംതോറും കുർബാന കാണുക. എന്നാൽ ഇതു പ്രയാസമെങ്കിൽ

തിങ്കളാഴ്ച മരിച്ച ആത്മാക്കൾക്കുവേണ്ടിയും, വെള്ളിയാഴ്ച പങ്കപ്പാടിന്റെ ഭക്തിക്കായിട്ടും, ശനിയാഴ്ച ദൈവമാതാവിന്റെ വ്യാകുലത്തിന്റെ ഭക്തിക്കായിട്ടും കുർബാന കാണുക. എന്നാൽ ഒരു വീട്ടിൽ നിന്ന് എല്ലാവരും പോയി കുർബാന കാൺമാൻ പാടില്ലാത്തപക്ഷം ഓരോ ദിവസം ഒന്നോ രണ്ടോ ആളുകളെങ്കിലും മാറിമാറിപ്പോയി കുർബാന കാണേണ്ടതാകുന്നു. മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും പാപസങ്കീർത്തനം ചെയ്ത് വിശുദ്ധകുർബാന ഉൾക്കൊൾക. പ്രധാന തിരുനാളുകളുടെ നവനാൾ ജപങ്ങളും, പ്രത്യേകം ദൈവമാതാവിന്റെ തിരുനാളുകൾക്കു മുമ്പായുള്ള അപേക്ഷകളും, ദൈവമാതാവിന്റെയും മാർയൗസേപ്പു പിതാവിന്റെയും വണക്കമാസങ്ങളും പള്ളിയിൽപോയി കഴിപ്പാൻ പാടില്ലെങ്കിൽ വീട്ടിൽവച്ചെങ്കിലും നടത്തുക.

19-ാമത്. ഇരിപ്പിലും നടപ്പിലും കിടപ്പിലും കളിയിലും വിരക്തി അഥവാ അടക്കമെന്ന പുണ്യം മഹാ സൂക്ഷ്മത്തോടുകൂടെ അനുസരിക്ക. അടക്കമില്ലായ്മ ദൈവതിരുമുമ്പിലും ഇഹലോകത്തിലും വലിയ അപമാനമുള്ളതാകുന്നു. ആൺപൈതങ്ങൾ വസ്ത്രമില്ലാതെയും പെൺപൈതങ്ങൾ ചട്ടയിടാതെയും നടക്കുന്നതിനാലും അവർ തമ്മിൽ തമ്മിൽ ശരീരത്തെ തൊടുന്നതിനാലും, ഇതിനെ കാരണവന്മാർ മുടക്കാത്തതിനാലും എത്രയോ അത്മാക്കൾ നരകത്തിൽ വീഴുന്നുണ്ടെന്നു വിധിദിവസത്തിൽ അറിയാം.

ഫ്രാൻസുരാജ്യത്തിൽ വിരക്തനായി ജീവിച്ചുവന്ന ഒരു പൈതൽ തന്നത്താൻ ഇരിക്കുമ്പോൾകൂടെയും ദേഹം മുഴുവനും അത്രയുമല്ല കൈകൾ കൂടെയും മറച്ചുകൊണ്ടു നടക്ക പതിവായിരുന്നു. ഈ കുട്ടി ഒരിക്കൽ നരകത്തിൽ ഉടുപ്പുകൂടാതെ കിടക്കേണ്ടി വരും എന്നു കേട്ടപ്പോൾ അധികമായി ഭയപ്പെട്ടു കരഞ്ഞു. അപ്പഴൊ ഈ കുട്ടി അടക്കത്തെ എത്ര വിലമതിച്ചു എന്നു സൂക്ഷിപ്പിൽ.

20-ാമത്. എല്ലാ ഞെരുക്കങ്ങളിലും ദീനങ്ങളിലും ദൈവതിരുമനസ്സിനു നിന്നെത്തന്നെ കയ്യാളിക്ക. സന്തോഷത്തിൽ മാത്രം ക്ഷമയായിരിക്കുന്ന ആൾ നന്നാ ശക്തിയില്ലാത്ത ആളാകുന്നു. ഒരു ഭക്തർ പറഞ്ഞുവന്നതായത്, ഈ ലോകത്തിൽ സർവ്വതും എന്റെ മനസ്സുപോലെ നടക്കുന്നു. എന്തെന്നാൽ ദൈവം തിരുമനസ്സാകുന്നതൊക്കെയും ഞാനും മനസ്സാകുന്നു.

അബ്രോസീസ് പുണ്യവാൻ ഒരിക്കൽ ഒരു വീട്ടിൽ പ്രവേശിച്ച് അവിടെ ഒരിക്കലും ദീനവും ദു:ഖവും സങ്കടവും ഉണ്ടായിട്ടില്ലായെന്നു കേട്ടപ്പോൾ പറഞ്ഞതായത്, നമ്മുക്ക് ഈ വീട്ടിൽനിന്ന് ഉടനെ ഇറങ്ങാം. എന്തെന്നാൽ ഈ വീട്ടിൽ താമസിയാതെ ദൈവശിക്ഷ യുണ്ടാകും എന്നു പറഞ്ഞ് അതിൽനിന്നു പുറപ്പെട്ടു. ഉടനെ ആ വീട് ഇടിഞ്ഞുപൊളിഞ്ഞു വീഴുകയും എല്ലാവരും ചാകുകയും ചെയ്തു. എന്തെന്നാൽ ശിക്ഷ ഇഷ്ടത്തിന്റെ അടയാളമാകുന്നു.

21-ാമത്. കാവ്യരുടെ ശാസ്ത്രപുസ്തകങ്ങൾ അജ്ഞതയും അറിവില്ലായ്കയും പഠിപ്പിക്കുന്നതാകുന്നു. ഇപ്രകാരമുള്ള പുസ്തകങ്ങളും ചിറ്റിമ്പപ്പാട്ടുകൾ അടങ്ങിയ പുസ്തകങ്ങളും ഇടത്തൂട്ടുകാരുടെ പുസ്തകങ്ങളും വീട്ടിൽവച്ചു സൂക്ഷിക്കുന്നത് വൈക്കോലിൽ തീ ഒളിച്ചുവെക്കുന്നതിനു സമമാകുന്നു. ഭക്തിയെ വർദ്ധിപ്പിക്കുന്ന ജ്ഞാനപുസ്തകങ്ങളും തത്വശാസ്ത്ര പുസ്തകങ്ങളും മക്കൾക്കു സമ്പാദിച്ചുവെക്കേണ്ട നിക്ഷേപങ്ങളാകുന്നു. ഇപ്രകാരമുള്ള പുസ്തകങ്ങളെ ശക്തിപോലെ വാങ്ങിച്ചു ശേഖരിക്ക.

ഒരു ഭിക്ഷക്കാരൻ വായന അറിഞ്ഞുകൂടാത്തവൻ ആയിരുന്നു: എങ്കിലും യാചിച്ച് കിട്ടിയ പണംകൊണ്ടു പുസ്തകങ്ങൾ വാങ്ങി വായന അറിയാവുന്നവരെക്കൊണ്ട് വായിപ്പിച്ചുകേട്ട്, അതിനൊത്ത വണ്ണം നടക്കയും, പുണ്യത്തിന്റെ മാതൃക ശേഷംപേർക്ക് കാണിച്ചു കൊടുക്കയും ചെയ്തുവന്നു.

22-ാമത്. കടമുള്ള ദിവസങ്ങളിൽ കുർബാന കണ്ടതുകൊണ്ടു മതിയാകാതെ ദിവസത്തിന്റെ വലിയ പങ്കും പ്രസംഗം കേൾക്ക, നല്ല പുസ്തകങ്ങൾ വായിക്ക മുതലായ സൽക്കർമ്മങ്ങളിലും രോഗികളെ പ്രത്യേകം സാധുക്കളായ ദീനക്കാരെ ചെന്നുകണ്ട് അവർക്ക് ശുശ്രൂഷ ചെയ്യുന്നതിലും ചിലവഴിക്ക.

23-ാമത്. വേലയ്ക്കും ശുശ്രൂഷയ്ക്കും നിറുത്തുന്ന ആളുകൾ പ്രത്യേകമായി ദൈവപേടിയുള്ളവരായിരിക്കണം. അവരുടെ സംഖ്യയും പാടുപോലെ ചുരുങ്ങിയതായിരിക്കുകയും വേണം. എത്രയോ വീടുകളിൽ വാലിഭക്കാർ മൂലമായി പിശാച്, അവന്റെ ഇഷ്ടംപോലെ കാര്യങ്ങൾ നടത്തുന്നു. എന്നാൽ യജമാനന്മാർക്ക് തങ്ങളുടെ ശുശ്രൂഷികളുടെ വ്യാപാരം സൂക്ഷിപ്പാനും, അവരുടെ ആത്മകാര്യങ്ങളെ നടത്തിപ്പാനും കടമുണ്ടെന്നറിഞ്ഞുകൊള്ളണം.

24-ാമത്. ഉറങ്ങാൻ കൃത്യസമയത്ത് കിടക്കുന്നതിനും രാവിലെ കൃത്യസമയത്ത് ഉണരുവാനും ശ്രദ്ധിക്കുക. ഈ ക്രമം സൂക്ഷമായിട്ടു കാക്കുക. ആറുമണിക്കെങ്കിലും എല്ലാവരും എഴുന്നേറ്റ്, ഉടനെ ഉഷഃകാലജപം ചൊല്ലുക. പിന്നെ പാടുള്ളവരെല്ലാവരും കുർബാന കാണുക, എട്ടുമണിക്ക് കഞ്ഞി കുടിക്ക; പന്ത്രണ്ടുമണിക്ക് ഉച്ചഭക്ഷണം കഴിക്ക; വൈകിട്ടു ത്രികാലജപം കഴിഞ്ഞാലുടൻ കൂട്ടമായിട്ടു പ്രാർത്ഥന തുടങ്ങി, അത് കഴിഞ്ഞശേഷം ഉടനെ അരമണിക്കൂർ ധ്യാനിക്ക; ഇത് നല്ല പുസ്തകം വായിച്ചുകേട്ട് അതിന്മേൽ ചിന്തിച്ചുകൊണ്ടു കഴിക്കാം. ഈ പുണ്യപ്രവൃത്തിയുടെ നേരം വരുമ്പോൾ എപ്രകാരമുള്ള പ്രധാനികളോ ലോകമനുഷ്യരോ ഉണ്ടായിരുന്നാലും നീ അതു നോക്കണ്ടാ, എന്തുകൊണ്ടെന്നാൽ അവർ തങ്ങളുടെ പക്കലേക്കും ദൈവം തന്റെ പക്കലേക്കും നിന്നെ വിളിക്കും. എന്നാൽ നീ ആരുടെ പക്കൽ ചെല്ലുമെന്നു ദൈവം നോക്കും. ആകയാൽ നീ ഈ പുണ്യ പ്രവൃത്തിയെ ഒന്നുകൊണ്ടും മുടക്കേണ്ട. അവർക്ക് നിന്റെ പ്രവൃത്തി ഒരു സന്മാതൃകയായിരിക്കും. എന്നാൽ അവർ നിന്നെ പരിഹസിച്ചാൽ അത് നിനക്ക് ഭാഗ്യമായിരിക്കയും ചെയ്യും. എട്ടുമണിക്കു അത്താഴം കഴിഞ്ഞശേഷം ആത്മശോധനയും ശയനാരാധനയും കഴിച്ച് ഉറങ്ങുക. കുടുംബത്തലവൻ ഈ ക്രമം സൂക്ഷമായി കാക്കുന്നതിൽ ജാഗ്രതയുള്ളവനായിരിക്കണം. വിശേഷിച്ച് ഞായറാഴ്ചതോറും മാസം ഒന്നാം തിയതിതോറും വീട്ടിലുള്ള എല്ലാവരുടെയും മുമ്പാകെ കുടുംബക്രമം വായിക്കയും വേണം.



# മക്കളുടെ വളർത്തൽ

1-ാമത്. കാരണവന്മാരേ, നിങ്ങളുടെ മക്കളെ വളർത്തുന്ന കാര്യം നിങ്ങളുടെ എത്രയും പ്രധാനപ്പെട്ട കാര്യവും കടമയും ആകുന്നു എന്നു നന്നായി അറിഞ്ഞുകൊൾക. മക്കൾ, സർവ്വേശ്വരൻ തമ്പുരാൻ സൂക്ഷിപ്പാനായിട്ടു നിങ്ങളുടെ കയ്യിൽ ഏല്പിച്ചിരിക്കുന്ന ഒരു നിക്ഷേപമാകുന്നു. തന്റെ തിരുചോരകൊണ്ട് ശുദ്ധീകരിക്കുന്നതിനും തന്റെ ശുശ്രൂഷികളാകുന്നതിനും വിധിദിവസങ്ങളിൽ തിരെ്യ ഏല്പിക്കുന്നതിനുമായിട്ട് ഈശോമിശിഹാ നിങ്ങളുടെ കയ്യിൽ ഏല്പിച്ചിരിക്കുന്ന ആത്മാക്കൾ ഇവരാകുന്നു എന്ന് നന്നായി അറിഞ്ഞുകൊൾവിൻ. തങ്ങളുടെ കുറ്റംനിമിത്തം തങ്ങളുടെ മക്കളിൽ ഒന്നു നരകത്തിൽ നശിച്ചുപോകുമെങ്കിൽ, ഇത് കാരണവന്മാർ രക്ഷപ്പെടുന്നതിന് എത്രയോ തടവായിരിക്കുന്നു! കാരണവന്മാർ തങ്ങളുടെ മക്കൾ കാരണമായിട്ട്, നരകത്തിൽ നശിച്ചുപോയാൽ മക്കൾ ചെയ്യുന്നതൊക്കെയും വിധിദിവസത്തിൽ കാരണവന്മാരോടു ചോദിക്കുമെന്നും ഒറീജെനോസെന്ന മഹാശാസ്ത്രി എഴുതിയിരിക്കുന്നു. എന്നാൽ നിങ്ങളുടെ വാർദ്ധക്യത്തിൽ നിങ്ങളെ രക്ഷിപ്പാനും സന്ധിപ്പാനും തക്ക നല്ല മക്കൾ നിങ്ങൾക്കുണ്ടാകണമെങ്കിൽ അവരെ ചെറുപ്രായത്തിൽ നല്ല ക്രിസ്ത്യാനികളാക്കുവിൻ. ഈ പ്രായത്തിൽ അവർ തമ്പുരാനെ സ്നേഹിക്കയും പേടിക്കയും ഇല്ലെങ്കിൽ, പിന്നെ അവർ അവരുടെ കാരണവന്മാരെയും പേടിക്കയും ബഹുമാനിക്കയും ചെയ്യുകയില്ല. മാതാപിതാക്കന്മാർ തങ്ങളുടെ കുഞ്ഞുങ്ങളെ കൂടെക്കൂടെ തമ്പുരാനു കാഴ്ചവെക്കയും, അവരെ ഈശോമറിയം യൌസേപ്പിന്റെ മാദ്ധ്യസ്ഥത്തിൽ ഏല്പിക്കയും അവർക്കുവേണ്ടി കൂടെക്കൂടെ അപേക്ഷിക്കയും ചെയ്യണം. അമ്മയുടെ അപേക്ഷ ഉണ്ണിയുടെ അപേക്ഷപോലെ ദൈവം കൈക്കൊള്ളും.

2-ാമത്. അവർക്ക് അല്പം ദൃഢത ഉണ്ടാകുമ്പോൾ തന്നെ ഭക്തിയോടുകൂടെ ഈശോ മറിയം യൗസേപ്പെന്ന തിരുനാമങ്ങളെ ചൊല്ലുവാൻ അവരെ പഠിപ്പിക്ക; അവരുടെ സ്വരൂപങ്ങൾ കുഞ്ഞുങ്ങളെ കാണിക്കയും മുത്തിക്കയും ചെയ്തുകൊണ്ടു അവരെ വണങ്ങുവാനും, സ്നേഹിപ്പാനും പഠിപ്പിക്ക. അവർ പറവാൻ തുടങ്ങുമ്പോൾ ആകാശങ്ങളിലിരിക്കുന്നതും, നന്മനിറഞ്ഞ മറിയം, ത്രികാലജപം മുതലായ ചെറിയ ജപങ്ങളെ പഠിപ്പിക്ക. ശരീരത്തിനടുത്ത യാവന അവർക്ക് കൊടുക്കുന്നതിനോടു കൂടെ ആത്മത്തിനടുത്ത യാവനയായ ഇവകളേയും അവർക്ക് കൊടുക്കുന്നത് എത്രയോ നല്ലതായിരിക്കുന്നു.

3-ാമത്. കൊച്ചുകുഞ്ഞുങ്ങളെ ഉടുപ്പുകൂടാതെ വീട്ടിനകത്തു കൂടെയും നടത്തരുത്. അവർക്ക് മനസ്സിലാകുന്നില്ലാ എന്നുവച്ച് ക്രമമില്ലാത്ത വചനങ്ങളും ദൂഷണങ്ങളും അവരുടെ 'മുമ്പാകെ പറയരുത്. സത്യവേദനാടുകളിൽ തള്ളമാർ ഗർഭം ധരിച്ചു പ്രസവിക്കുന്നു എന്നുള്ള വിവരം കൂടെയും പൈതങ്ങളെ അറിയിക്കുന്നില്ല. തമ്പുരാൻ ഉണ്ണിയെ ആകാശത്തിൽനിന്നു മഴയോടുകൂടി ഇറക്കി, അല്ലെങ്കിൽ കിണറ്റിൽ നിന്നു കിട്ടി എന്നത്രെ മറ്റു കുഞ്ഞുങ്ങളോടു അറിയിക്കുന്നത്.

4-ാമത്. കാരണവന്മാരുടെ നേരെയുള്ള വണക്കാചാരങ്ങളെക്കുറിച്ചു അച്ചനമ്മമാരുടെ മുറിയിൽ മക്കളെ കിടത്തരുത്. ആൺപൈതങ്ങളും പെൺപൈതങ്ങളും ഒരുമിച്ചു ഒരു മുറിയിൽ കിടക്കുന്നതിനും അനുവദിക്കരുത്. സ്വഭാവത്തിൽ അവർക്ക് അറിയാത്തത് പിശാചു അവരെ പഠിപ്പിക്കും.

5-ാമത്. പൈതൽ പ്രായത്തിൽ കാരണവന്മാരുടെ കാഴ്ചയിൽ നിന്നകന്ന് കൂട്ടുകാരോടുകൂടെ പൈതങ്ങൾ പുറത്തു കളിപ്പാൻ പോകാൻ അനുവദിക്കരുത്. അവരെ സൂക്ഷിക്കാത്ത ശുശ്രൂഷക്കാരെ വിശ്വസിക്കേണ്ടാ; മിക്കപ്പോഴും പൈതങ്ങളെ മോശമാക്കുന്നത് ഇപ്രകാരമുള്ളവരാകുന്നു.

6-ാമത്. തിരിച്ചറിവുണ്ടായാലുടൻ പൈതങ്ങളെ പള്ളിക്കൂടത്തിൽ അയയ്ക്കണം. ഇതും പോരാ, അവർ പഠിക്കുന്നുണ്ടോ എന്നും, അവർ എങ്ങിനെയുള്ള കൂട്ടുകൂടി നടക്കുന്നു എന്നും അന്വേഷിക്കണം. ഞായറാഴ്ചതോറും അവർ പഠിച്ചതിനെ പരിശോധിക്കണം.

7-ാമത്. കുട്ടികളെ സംബന്ധക്കാരുടെ വീടുകളിൽ താമസിപ്പിക്കരുത്; എന്തെന്നാൽ പലപ്പോഴും അവർ മാലാഖാമാരായി പോകുകയും, പിശാചുക്കളായി പിന്തിരികയും ചെയ്യുന്നു.

8-ാമത്. ഏഴു വയസ്സു തികയുമ്പോൾ കുമ്പസാരിപ്പാൻ അറിയേണ്ടതൊക്കെയും അവരെ പഠിപ്പിച്ചു കുമ്പസാരിപ്പിക്കണം. പ്രത്യേകമായിട്ടു ദൈവമാതാവിന്റെമേൽ ഭക്തിയായിരിപ്പാനും അവരെ പഠിപ്പിക്കണം.

9-ാമത്. മക്കളോടു അധിക കടുപ്പവും അധിക അനുഗ്രഹവും രണ്ടും തിന്മയാകുന്നു. അതിവാത്സല്യം നിഗളവും അധിക കോപവും ശിക്ഷയും ശരണക്കേടും നാണമില്ലായ്കയും ബുദ്ധിമടുപ്പും അവർക്കു

വരുത്തും. അവരെ തല്ലുന്നതിനുമുമ്പിൽ വിവേകമുള്ള മഹിമയോടുകൂടി അവരെ കുറ്റപ്പെടുത്തുകയും ഭക്ഷണം കുറയ്ക്കുകയും ചിലപ്പോൾ മുട്ടിന്മേൽ നിറുത്തുകയും ചെയ്യാം. മക്കളെ കുറ്റപ്പെടുത്തുന്നതിൽ ദൂഷണങ്ങൾ പറകയും മറ്റും ചെയ്യുന്നത് അവരെ നന്നാക്കുകയല്ലാ പിന്നയോ പ്രാപ്തിയാകുമ്പോൾ അവരും തങ്ങളുടെ മക്കളോടു ഇപ്രകാരം ചെയ്യാൻ പഠിപ്പിക്കയുമത്രെ. അമ്മ കാണിച്ചു കൊടുത്തുകൊണ്ടു അപ്പനെ ബഹുമാനിപ്പാനും ആചരിപ്പാനും പഠിപ്പിക്കണം. അപ്പനും അതിൻവണ്ണംതന്നെ അമ്മയെ ബഹുമാനിപ്പാനും സ്നേഹിപ്പാനും പഠിപ്പിക്കണം. കാരണവന്മാർ തമ്മിൽ തമ്മിൽ ആചാരവും സ്നേഹവും ബഹുമാനവും കാണിക്കയില്ലായെങ്കിൽ മക്കളും അവരെ ബഹുമാനിക്കയില്ല.

10-ാമത്. ചെറുപ്പത്തിൽതന്നെ ലോകനടപ്പെന്നു പറഞ്ഞു കൊണ്ടു നുണയും സൂത്രങ്ങളും തട്ടിപ്പും ചതിവും അവരെ അഭ്യസിപ്പിക്കേണ്ടാ. വല്ലതെറ്റും അവരിൽ കണ്ടാൽ ഉടനെ അവരെ കുറ്റപ്പെടുത്തുക, ശാസിക്ക; പരമാർത്ഥവും നീതിയും സ്നേഹിപ്പാൻ അവരെ പഠിപ്പിക്ക.

11-ാമത്. വൈകീട്ടു കുരിശുമണി അടിക്കുമ്പോൾ മക്കളെല്ലാവരും വീട്ടിലുണ്ടായിരിപ്പാനും, നമസ്കാരം കഴിഞ്ഞാലുടൻ അവർ സ്തുതിചൊല്ലി അപ്പന്റെയും അമ്മയുടെയും കൈമുത്തുവാനും അവരെ ശീലിപ്പിക്കണം. പന്ത്രണ്ടു വയസ്സുതികഞ്ഞാൽ ആ പ്രായം ഏറ്റം സൂക്ഷി ക്കേണ്ടതാകയാൽ പൈതങ്ങളെ കാരണവന്മാർ ചാത്തം, പെരുന്നാൾ, വിരുന്ന്, കല്യാണം മുതലായ ആഘോഷങ്ങൾക്കു പുറമെ വിടാതെ അവരെ വീട്ടിൽ താമസിപ്പിച്ചു അവരുടെ പ്രായത്തിനടുത്ത തൊഴിലിൽ അവരെ അഭ്യസിപ്പിക്കണം; എന്നാൽ പെൺപൈതങ്ങളെ പെരുന്നാൾ ആഘോഷത്തിനും, തോഴ്മക്കും മറ്റുമായി ചമയിക്കുന്നതും അയക്കുന്നതും നരകത്തിൽ നിന്നു വന്ന ഒരു സൂത്രവും ചട്ടവും ആകുന്നു.

12-ാമത്. ലോകബഹുമാനം, സമ്പത്ത്, തറവാട്ടുമഹിമ എന്നുള്ള കാരണത്താൽ പെൺമക്കളെ ചമയിച്ചു നടത്തുന്നതും, തങ്ങളുടെ അന്തസ്സും പ്രാപ്തിയും കവിഞ്ഞുള്ള നിഗളത്തിനടുത്ത ഉടുപ്പും, ആഭരണങ്ങളും ഇടുവിച്ച് നടത്തുന്നതും എത്രയോ ആത്മാക്കളിൽ നരകതീ കത്തിക്കുന്നു. ഒരു പെൺപൈതലിന്റെ ആഭരണം എത്രയും വലിയ അടക്കവും, ഭക്തിയും, മിണ്ടടക്കവും, കണ്ണടക്കവും ആകുന്നു.

13-ാമത്. പിള്ളപ്പട എന്നു പറയുന്ന വഴക്കു നിങ്ങൾ ഉണ്ടാക്കരുതു. തങ്ങളുടെ മക്കളെ മറ്റൊരുത്തൻ അവമാനിച്ചു; മറ്റു കുഞ്ഞുങ്ങൾ തല്ലി; ഇങ്ങനെയുള്ളത് കാര്യമാക്കുന്ന കാരണവന്മാരും പൈതങ്ങൾ തന്നെ.

14-ാമത്. മക്കൾക്കു അന്തസ്സ് തെരഞ്ഞെടുക്കുന്ന പ്രായം വരുമ്പോൾ അവർക്കു ഇതിൽ പൂർണ്ണസ്വാതന്ത്ര്യം അനുവദിക്കണം എന്തുകൊണ്ടെന്നാൽ അവരുടെ അന്തസ്സിനെ നിശ്ചയിക്കുന്നത് ദൈവത്തിന്റെയും, അതിനെ തിരഞ്ഞെടുക്കുന്നത് അവരുടെയും കാര്യമാകുന്നു. ഇതു കാരണവന്മാർക്കുള്ളതല്ല. ഇതുനിമിത്തം എത്രയോ കാരണവന്മാരും മക്കളും ഈ നേരത്തു നരകത്തിൽ കിടന്നു നിലവിളിക്കുന്നു. ഇതിനാൽ ഈ കാര്യത്തിൽ ആൺപൈതലിന് പതിനാറ് അല്ലെങ്കിൽ പതിനെട്ട്, പെൺപൈതലിന് പതിനാല് അല്ലെങ്കിൽ പതിനാറു വയസ്സുകഴിഞ്ഞ് താമസിക്കയും അരുത്. എന്നാൽ വിവാഹത്തിന് അവരുടെ സമ്മതം പ്രത്യേകമായിട്ട് അറിയണം. ബന്ധുക്കളുടെ ദ്രവ്യത്തെയും ബഹുമാനത്തെയുംകാൾ, നല്ല മര്യാദയും ശീലഗുണവും സൂക്ഷിക്ക. അല്ലെങ്കിൽ പിന്നെ മക്കൾക്കും കാരണവന്മാർക്കും സന്തോഷത്തിനുപകരം അതിദു:ഖം സംഭവിക്കും.

15-ാമത്. മക്കൾക്കു പ്രായപൂർത്തിയും ബുദ്ധിയും പ്രാപ്തിയും ഉണ്ടായാലും അവരുടെ മുമ്പിൽ മതിപ്പും ബലക്ഷയവും കാണിക്കേണ്ട. പാടുള്ളിടത്തോളം വീട്ടധികാരം അവരെ എല്പിക്കണ്ട. ഈ സംഗതിയിൽ കാരണവന്മാർക്ക് എത്രയോ സങ്കടം ഭവിക്കുന്നു.

16-ാമത്. കാരണവന്മാർ മരിക്കുന്നതിനു മുമ്പിൽതന്നെ അവരെ മാറ്റി കുടിമതിയായി പാർപ്പിക്ക. ബോധത്തിനു ബലക്ഷയം വരുന്നതിനുമുമ്പിൽ അവർക്കു വസ്തുക്കൾ ഭാഗം ചെയ്തു കൊടുക്ക. ഇതല്ലാഞ്ഞാൽ മരണത്തിന്റെശേഷം അവർ തമ്മിലുണ്ടാകുന്ന വഴക്ക്, തർക്കം മുതലായ പാപങ്ങൾക്കു മാതാപിതാക്കന്മാർ ഉത്തര വാദികളാകും.

കടശ്ശിയായി മക്കളേ! നിങ്ങൾ നിങ്ങളുടെ കാരണവന്മാരെ ബഹുമാനിപ്പാനും അവരുടെ മനസ്സിനെ നൊമ്പരപ്പെടുത്താതിരിപ്പാനും ദൈവപ്രമാണത്താൽ തന്നെ എത്രയോ കടപ്പെട്ടിരിക്കുന്നു. അതിനാൽ ദൈവപ്രമാണത്തിൽ നാലാമത്തേതു ലംഘിക്കുന്നവർക്കു പരലോക

വരുത്തും. അവരെ തല്ലുന്നതിനുമുമ്പിൽ വിവേകമുള്ള മഹിമയോടുകൂടി അവരെ കുറ്റപ്പെടുത്തുകയും ഭക്ഷണം കുറയ്ക്കുകയും ചിലപ്പോൾ മുട്ടിന്മേൽ നിറുത്തുകയും ചെയ്യാം. മക്കളെ കുറ്റപ്പെടുത്തുന്നതിൽ ദൂഷണങ്ങൾ പറകയും മറ്റും ചെയ്യുന്നത് അവരെ നന്നാക്കുകയല്ലാ പിന്നയോ പ്രാപ്തിയാകുമ്പോൾ അവരും തങ്ങളുടെ മക്കളോടു ഇപ്രകാരം ചെയ്യാൻ പഠിപ്പിക്കയുമത്രെ. അമ്മ കാണിച്ചു കൊടുത്തുകൊണ്ടു അപ്പനെ ബഹുമാനിപ്പാനും ആചരിപ്പാനും പഠിപ്പിക്കണം. അപ്പനും അതിൻവണ്ണംതന്നെ അമ്മയെ ബഹുമാനിപ്പാനും സ്നേഹിപ്പാനും പഠിപ്പിക്കണം. കാരണവന്മാർ തമ്മിൽ തമ്മിൽ ആചാരവും സ്നേഹവും ബഹുമാനവും കാണിക്കയില്ലായെങ്കിൽ മക്കളും അവരെ ബഹുമാനിക്കയില്ല.

10-ാമത്. ചെറുപ്പത്തിൽതന്നെ ലോകനടപ്പെന്നു പറഞ്ഞു കൊണ്ടു നുണയും സൂത്രങ്ങളും തട്ടിപ്പും ചതിവും അവരെ അഭ്യസിപ്പിക്കേണ്ടാ. വല്ലതെറ്റും അവരിൽ കണ്ടാൽ ഉടനെ അവരെ കുറ്റപ്പെടുത്തുക, ശാസിക്ക; പരമാർത്ഥവും നീതിയും സ്നേഹിപ്പാൻ അവരെ പഠിപ്പിക്ക.

11-ാമത്. വൈകീട്ടു കുരിശുമണി അടിക്കുമ്പോൾ മക്കളെല്ലാവരും വീട്ടിലുണ്ടായിരിപ്പാനും, നമസ്കാരം കഴിഞ്ഞാലുടൻ അവർ സ്തുതിചൊല്ലി അപ്പന്റെയും അമ്മയുടെയും കൈമുത്തുവാനും അവരെ ശീലിപ്പിക്കണം. പന്ത്രണ്ടു വയസ്സുതികഞ്ഞാൽ ആ പ്രായം ഏറ്റം സൂക്ഷിക്കേണ്ടതാകയാൽ പൈതങ്ങളെ കാരണവന്മാർ ചാത്തം, പെരുന്നാൾ, വിരുന്ന്, കല്യാണം മുതലായ ആഘോഷങ്ങൾക്കു പുറമെ വിടാതെ അവരെ വീട്ടിൽ താമസിപ്പിച്ചു അവരുടെ പ്രായത്തിനടുത്ത തൊഴിലിൽ അവരെ അഭ്യസിപ്പിക്കണം; എന്നാൽ പെൺപൈതങ്ങളെ പെരുന്നാൾ ആഘോഷത്തിനും, തോഴ്മക്കും മറ്റുമായി ചമയിക്കുന്നതും അയക്കുന്നതും നരകത്തിൽ നിന്നു വന്ന ഒരു സൂത്രവും ചട്ടവും ആകുന്നു.

12-ാമത്. ലോകബഹുമാനം, സമ്പത്ത്, തറവാട്ടുമഹിമ എന്നുള്ള കാരണത്താൽ പെൺമക്കളെ ചമയിച്ചു നടത്തുന്നതും, തങ്ങളുടെ അന്തസ്സും പ്രാപ്തിയും കവിഞ്ഞുള്ള നിഗളത്തിനടുത്ത ഉടുപ്പും, ആഭരണങ്ങളും ഇടുവിച്ച് നടത്തുന്നതും എത്രയോ ആത്മാക്കളിൽ നരകതീ കത്തിക്കുന്നു. ഒരു പെൺപൈതലിന്റെ ആഭരണം എത്രയും വലിയ അടക്കവും, ഭക്തിയും, മിണ്ടടക്കവും, കണ്ണടക്കവും ആകുന്നു.

13-ാമത്. പിള്ളപ്പട എന്നു പറയുന്ന വഴക്കു നിങ്ങൾ ഉണ്ടാക്കരുതു. തങ്ങളുടെ മക്കളെ മറ്റൊരുത്തൻ അവമാനിച്ചു; മറ്റു കുഞ്ഞുങ്ങൾ തല്ലി; ഇങ്ങനെയുള്ളത് കാര്യമാക്കുന്ന' കാരണവന്മാരും പൈതങ്ങൾ തന്നെ.

14-ാമത്. മക്കൾക്കു അന്തസ്സ് തെരഞ്ഞെടുക്കുന്ന പ്രായം വരുമ്പോൾ അവർക്കു ഇതിൽ പൂർണ്ണസ്വാതന്ത്ര്യം അനുവദിക്കണം എന്തുകൊണ്ടെന്നാൽ അവരുടെ അന്തസ്സിനെ നിശ്ചയിക്കുന്നത് ദൈവത്തിന്റെയും, അതിനെ തിരഞ്ഞെടുക്കുന്നത് അവരുടെയും കാര്യമാകുന്നു. ഇതു കാരണവന്മാർക്കുള്ളതല്ല. ഇതുനിമിത്തം എത്രയോ കാരണവന്മാരും മക്കളും ഈ നേരത്തു നരകത്തിൽ കിടന്നു നിലവിളിക്കുന്നു. ഇതിനാൽ ഈ കാര്യത്തിൽ ആൺപൈതലിന് പതിനാറ് അല്ലെങ്കിൽ പതിനെട്ട്, പെൺപൈതലിന് പതിനാല് അല്ലെങ്കിൽ പതിനാറു വയസ്സുകഴിഞ്ഞ് താമസിക്കയും അരുത്. എന്നാൽ വിവാഹത്തിന് അവരുടെ സമ്മതം പ്രത്യേകമായിട്ട് അറിയണം. ബന്ധുക്കളുടെ ദ്രവ്യത്തെയും ബഹുമാനത്തെയുംകാൾ, നല്ല മര്യാദയും ശീലഗുണവും സൂക്ഷിക്ക. അല്ലെങ്കിൽ പിന്നെ മക്കൾക്കും കാരണവന്മാർക്കും സന്തോഷത്തിനുപകരം അതിദു:ഖം സംഭവിക്കും.

15-ാമത്. മക്കൾക്കു പ്രായപൂർത്തിയും ബുദ്ധിയും പ്രാപ്തിയും ഉണ്ടായാലും അവരുടെ മുമ്പിൽ മതിപ്പും ബലക്ഷയവും കാണിക്കേണ്ട. പാടുള്ളിടത്തോളം വീട്ടധികാരം അവരെ എല്പിക്കണ്ട. ഈ സംഗതിയിൽ കാരണവന്മാർക്ക് എത്രയോ സങ്കടം ഭവിക്കുന്നു.

16-ാമത്. കാരണവന്മാർ മരിക്കുന്നതിനു മുമ്പിൽതന്നെ അവരെ മാറ്റി കുടിമതിയായി പാർപ്പിക്ക. ബോധത്തിനു ബലക്ഷയം വരുന്നതിനുമുമ്പിൽ അവർക്കു വസ്തുക്കൾ ഭാഗം ചെയ്തു കൊടുക്ക. ഇതല്ലാഞ്ഞാൽ മരണത്തിന്റെശേഷം അവർ തമ്മിലുണ്ടാകുന്ന വഴക്ക്, തർക്കം മുതലായ പാപങ്ങൾക്കു മാതാപിതാക്കന്മാർ ഉത്തരവാദികളാകും.

കടശ്ശിയായി മക്കളേ! നിങ്ങൾ നിങ്ങളുടെ കാരണവന്മാരെ ബഹുമാനിപ്പാനും അവരുടെ മനസ്സിനെ നൊമ്പരപ്പെടുത്താതിരിപ്പാനും ദൈവപ്രമാണത്താൽ തന്നെ എത്രയോ കടപ്പെട്ടിരിക്കുന്നു. അതിനാൽ ദൈവപ്രമാണത്തിൽ നാലാമത്തേതു ലംഘിക്കുന്നവർക്കു പരലോക

ത്തിൽ തന്നെയല്ല, ഈ ലോകത്തിൽ കൂടെയും ദൈവശാപം കല്പിക്കപ്പെട്ടിരിക്കുന്നു എന്നു നല്ലവണ്ണം ഓർത്തുകൊള്ളുവിൻ.

ജപ്പാൻ എന്ന അജ്ഞാത രാജ്യത്തിൽ ഒരു അമ്മയ്ക്ക് മൂന്നു മക്കൾ ഉണ്ടായിരുന്നു. ഇവർ വലിയ ദാരിദ്രസ്ഥിതിയിൽ ഇരുന്നതിനാൽ തങ്ങളുടെ അമ്മയെ യോഗ്യമായ പ്രകാരം പരിരക്ഷിക്കുന്നതിനു യാതൊരു നിവൃത്തിയുമില്ലാത്തവരായിരുന്നു. എന്നാൽ ആ രാജ്യത്തിൽ കള്ളന്മാരെ തൂക്കികൊല്ലണം എന്നും, കള്ളന്മാരെ പിടിച്ചുകൊടുക്കുന്നവർക്കു വലിയ ഇനാം കൊടുക്കണം എന്നും ചട്ടം വയ്ക്കപ്പെട്ടിട്ടുണ്ടായിരുന്നു. ഇങ്ങനെയിരിക്കെ ഈ മക്കൾ അമ്മയ്ക്ക് തൃപ്തികരമായി ചിലവിനു കൊടുപ്പാൻ കഴിവുണ്ടാകുന്നതിനുവേണ്ടി തങ്ങളിൽ ഒരുത്തൻ കള്ളനെന്നു ഭാവിക്കുകയും മറ്റിരുവരും കൂടി അവനെ സർക്കാരിൽ ഏല്പിക്കുകയും ഇങ്ങനെ ഇനാം വാങ്ങിക്കയും ചെയ്തു. പിന്നെ മറ്റിരുവരും കള്ളന്റെ അടുക്കൽചെന്ന് യാത്രപറയുന്നതിനേയും ധൈര്യമായി അമ്മക്കുവേണ്ടി മരണശിക്ഷ ഏൽക്കണമെന്ന് അവനോട് ഉപദേശിക്കുന്നതിനേയും കണ്ടപ്പോൾ ഈ കള്ളന്റെ നേരെ ഇവർക്കു ഇത്ര വലിയ ദയയുണ്ടാകുന്നതിനുള്ള കാരണമെന്തെന്നു അന്വേഷിച്ചു. അമ്മയുടെ നേരെയുള്ള സ്നേഹത്താൽ സഹോദരന്മാരായ അവരിലൊരുവൻ മരിപ്പാൻ നിശ്ചയിച്ചതല്ലാതെ മറ്റു പ്രകാരമല്ലായെന്ന സത്യമറിഞ്ഞു. ഈ സംഗതി രാജാവിനെ ബോധിപ്പിച്ചപ്പോൾ അവനെ വിട്ടയച്ചതു കൂടാതെ അവരുടെ അമ്മ മരിക്കുന്നതുവരെ അവർക്ക് രാജാവ് അടിത്തൂൺ കൊടുപ്പാൻ കല്പിക്കുകയും ചെയ്തു. മക്കളേ! ഈ സംഭവം നിങ്ങൾ എപ്പോഴും ഓർത്തുകൊൾവിൻ.

എന്ന്

കർമ്മലീത്ത ദിസ്കാൾസ് മൂന്നാംസഭ
മാന്നാനം മുതലായ കൊവേന്തകളുടെ പ്രിയോർ
തിരുക്കുടുംബത്തിന്റെ ആഹാ
**കുറിയാക്കോസ് ഏലിയാസ്**
1868-ാം കാലം
കുംഭമാസം13-ാംനു


പ്രിയപ്പെട്ടവരെ,

ഞാൻ മാംസസംബന്ധത്താൽ ചേന്നങ്കരിപള്ളി ഇടവകയിൽ ചാവറ കുരിയാക്കോസ് എന്ന ആളിന്റെ മകൻ ആകുന്നു. എന്നാൽ സർവ്വേശ്വരൻ ഈ ലോകത്തിൽ എന്നെയും സൃഷ്ടിപ്പാൻ തിരുമനസ്സായി. ഇപ്പോൾ ഈ തറവാട്ടിലും കാരണവന്മാരിലും എന്നെ ജനിപ്പിച്ചതിനാൽ, എന്റെ മാംസസംബന്ധക്കാരായ നിങ്ങൾക്കു നീതിയാലെയും ഉപവിയാലെയും ഉപകാരം ചെയ്യാൻ എനിക്ക് ഒരു വിശേഷ കടമയുണ്ട്. ഇതിനെ നോക്കുമ്പോൾ എല്ലാവർക്കും എന്നതുപോലെ അല്ലാതെ ഞാൻ നിങ്ങൾക്കു വിശേഷമായി ഏറെ ഒന്നും ചെയ്തിട്ടില്ലാ. ആയതിനാൽ എല്ലാറ്റിനും ആയി എന്റെ കൈഎഴുത്താൽ ഇതിനെ ഞാൻ നിങ്ങൾക്കു തരുന്നു. ഞാൻ മരിച്ചാലും ഈ കടലാസ് മരിക്കയില്ല. ആകയാൽ ഇത് എന്റെ നിക്ഷേപമായി കാർപ്പാൻ എന്റെ മക്കളായ കൈനകരി കുരിശുപള്ളിക്കാരായ നിങ്ങളെ ഞാൻ ഇത് ഏല്പിക്കുന്നു.

എന്റെ തറവാട്ടുകാരും കൂടെപ്പിറപ്പുകളും രണ്ടു പ്രകാരത്തിലും മക്കളുമായിരിക്കുന്ന നിങ്ങൾക്ക് ഇത് എന്റെ ദസ്ത്മെന്ത് (മരണശാസനം) ആകുന്നു. ആകയാൽ നിങ്ങൾ എന്റെ അനന്തിരവർ ആകുന്നു എന്നു കാട്ടുന്നതിനു ഇതു നിങ്ങൾക്ക് അടയാളമായിരിക്കട്ടെ. നിങ്ങൾക്ക് ദൈവം ചെയ്തതും ചെയ്യുന്നതുമായ എണ്ണിറന്ത (എണ്ണമില്ലാത്ത) മനോഗുണങ്ങൾ ഇപ്പോൾ ജീവിച്ചിരിക്കുന്ന നിങ്ങളുടെ പ്രവൃത്തിയുടെയെന്നല്ലാ; കഴിഞ്ഞ നിങ്ങളുടെ പരമാർത്ഥപ്പെട്ട കാരണവന്മാരുടെ സത്യമായ ഉപവിയുടേയും ശരണത്തിന്റേതു മാകുന്നു. ഇതു കളയാതിരിപ്പാൻ നിങ്ങൾ സൂക്ഷിപ്പിൻ! ഞാൻ ലോകത്തിൽ വന്നു, പോകുന്നു എന്നു ഇതിനാൽ ഓർക്കുന്നതിനു വേണ്ടി ഇതിനെ പാടുള്ളവരൊക്കെയും പകർത്തി എഴുതി വീടുകളിൽ സൂക്ഷിപ്പിൻ! ഇതിനെ കുരിശുപള്ളി പെട്ടിയിൽ വയ്ക്കണം. മാസത്തിൽ മുമ്പുവരുന്ന ശനിയാഴ്ച എല്ലാവരും കൂടി ഇതു വായിക്ക; ഞാൻ മരിക്കുന്ന ദിവസം ഇതിനാലെ ഓർക്കുക; മറ്റൊരോർമ്മയും എന്നെക്കുറിച്ച് നിങ്ങൾ ചെയ്യണ്ട.

പിന്നെയോ മാസംതോറും ഈ ദിവസം ഇത് വായിച്ചശേഷം, കർത്താവേ! നീതിമാന്മാരുടെ ഭവനത്തിൽ ഈ നിന്റെ ശുശ്രൂഷിയുടെ ആത്മാവിനെ, നീ അനുകൂലപ്പെടുത്തണമെ, എന്നുമാത്രം എനിക്കുവേണ്ടി ചൊല്ലുവാൻ ഞാൻ നിങ്ങളോടു അപേക്ഷിക്കുന്നു.

# ഒരു ബിബ്ലിക്കൽ പുനർവായന



## 1

# കുടുംബം = മോക്ഷം

*"നല്ല ക്രിസ്ത്യാനികുടുംബം ആകാശമോക്ഷത്തിന്റെ സാദൃശ്യമാകുന്നു."* (ചാവറപിതാവ്)

### *ആമുഖം*

ചാവറപിതാവ് ഒരു ദർശനക്കാരനായിരുന്നു. മാനവരേയും സൃഷ്ടജാലങ്ങളേയും പ്രപഞ്ചത്തേയും വിശ്വത്തേയും കുറിച്ചുള്ള ദൈവത്തിന്റെ സുന്ദരസ്വപ്നങ്ങൾ സദാ കണ്ടുകൊണ്ടിരുന്നവൻ. അവ പൂവിരിയിക്കുവാൻ ജീവിതം ഉഴിഞ്ഞുവച്ചവൻ. അദ്ദേഹത്തിന്റെ കുടുംബദർശനം സ്വർഗ്ഗഭൗമികമാനങ്ങൾ ഉൾക്കൊള്ളുന്നവയാണ്. ആ ദിവ്യവീക്ഷണത്തിൽനിന്ന് ക്രിസ്തീയകുടുംബങ്ങളെക്കുറിച്ച് അദ്ദേഹത്തിനുണ്ടായിരുന്ന ഉൾക്കാഴ്ചകൾ ഈ കുടുംബവത്സരത്തിൽ നമുക്ക് അനുചിന്തനവിഷയമാക്കാം

### *ത്രിത്വകുടുംബം*

ദൈവം തന്നെ ഒരു കുടുംബമാണല്ലോ, ത്രിത്വകുടുംബം. പിതാവും പുത്രനും പരിശുദ്ധാത്മാവും അടങ്ങിയ ആ കുടുംബത്തിന്റെ ബിംബങ്ങളും പ്രതീകങ്ങളും രൂപങ്ങളുമാണ് ഇഹലോകത്തിലേവയും. ഈശോ മറിയം യൗസേപ്പ് എന്ന തിരുക്കുടുംബമത്രേ ത്രിത്വകുടുംബത്തിന്റെ ഭൂമിയിലെ ഉദാത്തനിദർശനവും പകർപ്പും പ്രതിച്ഛായയും. ചാവറപിതാവിന്റെ കാഴ്ചപ്പാടിൽ തിരുക്കുടുംബം ത്രിത്വക്കുടുംബത്തിന്റെ പ്രതിഫലനവും രൂപവുമാണെന്നു പറയാം. ത്രിത്വജീവിതം കുടുംബത്തിൽ നയിക്കണമെങ്കിൽ തിരുക്കുടുംബത്തിൽ നമ്മുടെ ദൃഷ്ടി പതിപ്പിച്ചുറപ്പിക്കണം. ആദ്യമായി ത്രിത്വക്കുടുംബ ജീവിതത്തെപ്പറ്റി പ്രാർത്ഥനാപൂർവം പരിചിന്തിക്കാം.

പിതാവിന്റെ തനിപകർപ്പായിരുന്നു പുത്രൻ. താതന്റെ മഹത്വത്തിന്റെ പ്രതിഫലനവും അവിടുത്തെ സത്തയുടെ പ്രതിച്ഛായയും പ്രതിരൂപവുമെന്ന് സുതനെ ഹെബ്രാ.1:3 ൽ വിശേഷിപ്പിച്ചിരിക്കുന്നു. പിതാവിന്റെ ആശയാദർശങ്ങളുടേയും ദർശനങ്ങളുടേയും സ്വപ്നങ്ങളുടെയും ചിന്താരീതിയുടേയും സംസാരസവിശേഷതയുടേയും പ്രവർത്തനചൈതന്യത്തിന്റെയും പൂർണ്ണാകാരം. ഒരാൾ മറ്റൊരാൾക്കുവേണ്ടി ജീവിക്കുന്നു, നിലനില്ക്കുന്നു. പിതാവിൽനിന്നും പുത്രനിൽനിന്നും

പുറപ്പെടുന്നവനാണ് പരിശുദ്ധാത്മാവ്. താതന്റെയും തനയന്റെയും ആത്മാവെന്ന് അവിടുത്തെ വിശേഷിപ്പിക്കാം. മൂന്നുപേരും ഒന്നാണ് അവരെ വേർതിരിക്കുവാൻ സാധിക്കുകയില്ല. ഇപ്രകാരം പരസ്പര ഐക്യത്തിന്റെയും സമ്പൂർണസ്നേഹത്തിന്റെയും സംസർഗദത്തിന്റെയും നിറവായിത്തീരണം ഓരോ ക്രിസ്തീയകുടുംബവും.

*കുടുംബങ്ങളുടെ കൂട്ടായ്മ*

ചാവറപിതാവ് എല്ലായിടത്തും എല്ലാവരിലും എല്ലാത്തിലും ത്രിത്വ കുടുംബത്തിന്റെ പ്രതീകങ്ങളായ കുടുംബങ്ങളെയാണ് ദർശിച്ചത്. സ്വർഗ്ഗവാസികളുടെ കുടുംബം, മാലാഖമാരുടെ കുടുംബം, മനുഷ്യകുടുംബം, തിരുസഭാകുടുംബം, സന്ന്യാസകുടുംബം, പക്ഷിമൃഗാദികുടുംബം, സസ്യലതാദികുടുംബം, ധാതുദ്രവ്യാദികുടുംബം, ആകാശകുടുംബം (സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ, ഗ്രഹങ്ങൾ)– എല്ലാം കുടുംബങ്ങളുടെ കൂട്ടായ്മയാണ്. ഇപ്രകാരമുള്ള കാഴ്ചപ്പാട് കൈവന്നാൽ നാം ധന്യരായിത്തീരും.

*തിരുക്കുടുംബം*

ധന്യചരിതൻ മരണകിടക്കയിൽവെച്ച് തന്റെ കട്ടിലിനരികെ എപ്പോഴും കാണത്തക്കവിധം മേശമേൽ വച്ചിരുന്ന തിരുക്കുടുംബത്തെ നോക്കി ഇപ്രകാരം ഉദീരണം ചെയ്തു: "ഞാൻ എന്റെ ആയുഷ്ക്കാലം മുഴുവനും ഈ വിശുദ്ധത്രിത്വത്തിലാണ് ജീവിതം കഴിച്ചിരുന്നത്... ഭക്തിയുള്ള എന്റെ മാതാപിതാക്കൻമാർ ഈശോ മറിയം യൗസേപ്പ് എന്ന മഹാകുടുംബത്തെ എന്നെ ഓർമ്മിപ്പിക്കുകയും ഞാൻ ആ തിരുക്കുടുംബത്തെ എപ്പോഴും എന്റെ ഹൃദയത്തിൽ കാണുകയും ഓർക്കുകയും വണങ്ങുകയും ചെയ്തിരുന്നതിനാൽ അവരുടെ അനുഗ്രഹം എപ്പോഴും എന്നെ സംരക്ഷിക്കകൊണ്ട് മാമ്മോദീസായിൽ എനിക്കു കിട്ടിയ ഇഷ്ടപ്രസാദത്തെ നശിപ്പിക്കുന്നതിന് ഇടയായിട്ടില്ലെന്നു പറയുന്നതിന് ദൈവാനുഗ്രഹത്താൽ എനിക്കു ധൈര്യമുണ്ട്."

ചാവറപിതാവ് തിരുകുടുംബത്തെ ഹൃദയത്തിൽ കണ്ടുകൊണ്ടിരുന്നു; സദാ ഓർത്തുകൊണ്ടിരുന്നു; നിരന്തരം വണങ്ങിക്കൊണ്ടിരുന്നു. അപ്പോൾ തിരുക്കുടുംബം അദ്ദേഹത്തെ അനുഗ്രഹിച്ചു. ത്രിത്വക്കുടുംബത്തിൽ ജീവിക്കാനുള്ള ഭാഗ്യമേകി. ക്രിസ്തീയ കുടുംബങ്ങളെല്ലാം തിരുക്കുടുംബത്തെപ്പോലെ ആയിത്തീരുമ്പോൾ ഭൂമി സ്വർഗ്ഗമായി പകരും; കുടുംബജീവിതം ത്രിത്വക്കുടുംബത്തിന്റെ പതിപ്പായി ഭവിക്കും.

### പിതാവിന്റെ ബാല്യകാലം

ആത്മകഥ കലർന്നിരിക്കുന്ന *ആത്മാനുതാപം* എന്ന കാവ്യത്തിൽ തന്റെ ആദ്യദിനങ്ങളെ ചാവറപിതാവ് അനുസ്മരിക്കുന്നുണ്ട്. ശിശുവിനെ അമ്മ പാലൂട്ടിയിരുന്നപ്പോൾ അതിനോട് കലർത്തി ജപങ്ങളും പൈതലിന് നല്കി. അല്പം കൂടി വളർന്നപ്പോൾ പ്രാർത്ഥനകൾ പഠിപ്പിച്ചു. അമ്മയുടെ കാല്ക്കലിരുന്ന് താൻ ദൈവത്തെ മന്ദം മന്ദം അറിഞ്ഞുവെന്ന് അദ്ദേഹം പ്രസ്താവിക്കുന്നുണ്ട്. മാതാവ് പാതിരാ നേരത്ത് മുട്ടിൻമേൽ നിന്ന് നമസ്ക്കരിക്കുമ്പോൾ ഒട്ടുനേരം മുട്ടിൻമേൽ ചാഞ്ഞിരുന്നു.

### ചില ജപങ്ങൾ

അമ്മ തന്റെ കുഞ്ഞിനെ ഉണർത്തി ചൊല്ലിക്കൊടുത്തിരുന്ന പ്രാർത്ഥന ഇപ്രകാരമായിരുന്നു:

*"പരം ജ്യോതിയേ ഈശോയെ രക്ഷിക്ക*
*പാരിതിൻ പുഷ്പമേ, ജയ ജയ"*

ഈശോ പാരിതിന്റെ പുഷ്പമാണ്. ഭൂമിയിൽ മുളച്ചുവളർന്ന് പുഷ്പിച്ച ഇഹലോകത്തിന്റെ പ്രതീകമായി ദൈവസവിധത്തിൽ നിലക്കൊള്ളുന്ന സുന്ദരസൂനം. അവിടത്തെ വാഴ്ത്തിപുകഴ്ത്തുന്നു അമ്മ. നമുക്കേവർക്കും കുടുംബത്തിൽ അനുകരിക്കാവുന്നതാണല്ലോ ഇത്തരം പ്രണാമം. വീണ്ടും ക്രിസ്തീയകുടുംബത്തിന്റെ തനിമ ചാവറപിതാവ് സ്വന്തം അനുഭവത്തിലൂടെ വ്യക്തമാക്കുന്നു. കുഞ്ഞ് സംസാരിക്കുവാൻ ആരംഭിച്ചതോടെ അമ്മ ചെയ്തതെന്തെന്നോ? അവനെ പൊക്കിപ്പിടിച്ചുകൊണ്ട് ദൈവത്തിന്റെയും ഈശോയുടേയും മറിയത്തിന്റെയും മാർ യൗസേപ്പിന്റെയും നാമങ്ങൾ മകനെകൊണ്ട് ഉച്ചരിപ്പിക്കുക പതിവാക്കി. ആ പൊക്കികാട്ടലിലൂടെ കുഞ്ഞിന് സ്വർഗ്ഗകുടുംബത്തിലേക്കു തിരിയുവാനുള്ള പ്രചോദനം നല്കി. തിരുക്കുടുംബത്തോടുള്ള ഭക്തി ശിശുവിൽ അങ്കുരിപ്പിച്ചു. ക്രിസ്തീയകുടുംബത്തിൽ മക്കൾക്ക് ഇത്തരം പരിശീലനം മാതാപിതാക്കൾ ശൈശവത്തിൽതന്നെ പകർന്നു നല്കിയിരുന്നെങ്കിൽ!

### കുടുംബചട്ടം

തന്റെ മരണപത്രികയായി നാട്ടുകാരായ കൈനകരിക്കാർക്ക് ചാവറപിതാവ് നല്കിയ കുടുംബചട്ടത്തിൽ അടങ്ങിയിരിക്കുന്ന മുഖ്യധാരകളെ തുടർന്നുള്ള അദ്ധ്യായങ്ങളിൽ പഠനവിഷയമാക്കാം.

(2)

# സ്നേഹത്തിന്റെ കൂട്ടായ്മ

## *കുടുംബങ്ങളുടെ കൂട്ടായ്മ*

ചാവറപിതാവിന്റെ ദർശനത്തിൽ എല്ലാം കുടുംബമയമാണെന്ന് നാം കണ്ടുകഴിഞ്ഞു. ത്രിത്വകുടുംബം, സ്വർഗ്ഗകുടുംബം, ഈശോ മറിയം യൗസേപ്പ് എന്ന തിരുകുടുംബം, സഭാകുടുംബം, ക്രിസ്തീയകുടുംബം, സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളും അടങ്ങിയ ആകാശകുടുംബം, സസ്യലതാദികുടുംബം, ധാതുദ്രവ്യകുടുംബം. തിരുകുടുംബമാണ് ക്രിസ്തീയകുടുംബങ്ങളുടെ നിദർശനവും ആദർശവും.

## *ഒരു നിർവചനം*

*"നല്ല ക്രിസ്ത്യാനികുടുംബം ആകാശമോക്ഷത്തിന്റെ സാദൃശ്യമാകുന്നു"* എന്ന് അനുസ്മരിപ്പിച്ചശേഷം വത്സലപിതാവ് തുടർന്നുപറയുന്നു. *"രക്തത്താലും സ്നേഹത്താലും ബന്ധിതരായിരിക്കുന്ന വ്യക്തികൾ കാരണവൻമാരുടെകൂടെ ബഹുമാനത്തോടും കീഴ്വഴക്കത്തോടുംകൂടെ ദൈവത്തോടും മനുഷ്യരോടുംകൂടെ സമാധാനത്തിൽ വർത്തിക്കുകയും, അവരവരുടെ ജീവിതാന്തസ്സിന് ഉചിതമായവിധം നിത്യമോക്ഷം പ്രാപിക്കുന്നതിന് പ്രയത്നിക്കുകയും, കൂട്ടമായി ജീവിക്കുകയും ചെയ്യുന്നതാകുന്നു."* ഈ നിർവചനത്തിൽ അടങ്ങിയിരിക്കുന്ന പ്രധാനപ്പെട്ട ആശയങ്ങൾ പരിചിന്തനവിഷയമാക്കാം.

## *ബന്ധിതരായിരിക്കുന്നവർ*

*"നല്ല ക്രിസ്ത്യാനികുടുംബം രക്തത്താലും സ്നേഹത്താലും ബന്ധിതരായിരിക്കുന്ന വ്യക്തികളുടെ കൂട്ടായ്മയാണ്."* രക്തബന്ധം മാത്രമടങ്ങുന്നതല്ല അത്. സ്നേഹത്താലും ബന്ധിതരാകണം കുടുംബത്തിലെ അംഗങ്ങൾ. സ്നേഹം എന്ന പദം പ്രാധാന്യമർഹിക്കുന്നു. *"ദൈവം സ്നേഹമാകുന്നു"* എന്നാണല്ലോ വി.യോഹന്നാൻശ്ലീഹാ പ്രഘോഷിക്കുക (1യോഹ.4:16). പിതാവും പുത്രനും പരിശുദ്ധാത്മാവും സ്നേഹപാശത്താൽ ബന്ധിതരായിരിക്കുന്നു. സ്നേഹമാണ് അവരുടെ അന്തസ്സത്തയും ജീവചൈതന്യവും. ആ സ്നേഹം വ്യക്തികളായിതീരുന്നു. അതേ സമയം മൂന്നു ദൈവങ്ങളല്ല അവർ. ഒരു ദൈവം മാത്രം. ഇപ്രകാരമുള്ള ബന്ധത്തിലേക്കും ബന്ധനത്തിലേക്കും വളരുന്നതിന്റെ ആഴ

[illegible]ത്തിനും ആക്കത്തിനും ആനുപാതികമായാണ് കുടുംബം ക്രിസ്തീയകുടുംബമായിതീരുന്നത്.

### *സ്നേഹം യോഹന്നാന്റെ വീക്ഷണത്തിൽ*

കർത്താവ് സ്നേഹിച്ച ശിഷ്യനാണല്ലോ യോഹന്നാൻശ്ലീഹാ (യോഹ.13:23; 21:7,20). അദ്ദേഹം എഴുതിയ ലേഖനങ്ങൾ സ്നേഹത്തിന്റെ കാവ്യങ്ങളാണെന്നു പറയാം. അരുമശിഷ്യന്റെ ഏതാനും പ്രബോധനങ്ങൾ നമുക്കു ശ്രവിക്കാം: "പ്രിയപ്പെട്ടവരേ, നമുക്കു പരസ്പരം സ്നേഹിക്കാം; എന്തെന്നാൽ സ്നേഹം ദൈവത്തിൽ നിന്നാണ്; സ്നേഹിക്കുന്നവൻ ദൈവത്തിൽനിന്ന് ജനിച്ചവനാണ്; അവൻ ദൈവത്തെ അറിയുകയും ചെയ്യുന്നു; സ്നേഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല. എന്തെന്നാൽ ദൈവം സ്നേഹമാകുന്നു. ദൈവം തന്റെ ഏകപുത്രനെ ലോകത്തിലേക്കയച്ചു. അത് അവിടന്നുവഴി നാം ജീവിക്കേണ്ടതിനായിട്ടാണ്. ഇങ്ങനെ ദൈവത്തിന്റെ സ്നേഹം നമ്മിൽ പ്രകടമായിരിക്കുന്നു. നാം ദൈവത്തെ സ്നേഹിച്ചു എന്നതിലല്ല, അവിടുന്ന് നമ്മെ സ്നേഹിക്കുകയും നമ്മുടെ പാപങ്ങൾക്കു പരിഹാരമായി തന്റെ പുത്രനെ അയയ്ക്കുകയും ചെയ്തു എന്നതിലാണ് സ്നേഹം... സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിലും ദൈവം അവനിലും വസിക്കുന്നു. സ്നേഹത്തിൽ ഭയത്തിന് സ്ഥാനമില്ല. പരിപൂർണ്ണസ്നേഹം ഭയത്തെ അകററുന്നു. ഭയപ്പെടുന്നവൻ സ്നേഹപൂർണ്ണത നേടിയിട്ടില്ല. ദൈവം നമ്മെ ആദ്യം സ്നേഹിച്ചു. അതിനാൽ നമുക്കും സ്നേഹിക്കാം. ദൈവത്തെ സനേഹിക്കുന്നവൻ സഹോദരനെയും സ്നേഹിക്കണം" (1യോഹ.4: 7-10, 16-19, 21). സ്നേഹത്തിന്റെ ദൈവമാനതലങ്ങൾ ശ്ലീഹായുടെ വാക്കുകളിൽ വ്യക്തമാകുന്നുണ്ടല്ലോ. അതിനാൽ വിശദീകരണം ആവശ്യമില്ല.

### *സ്നേഹവും ബഹുമാനവും*

സ്നേഹം തന്നെയാകുന്ന ദൈവത്തെ സ്നേഹിക്കുന്നവൻ അവിടുത്തെ ബഹുമാനിക്കുമല്ലോ. വി.കുർബാന തന്നെ സ്തുതിയും ബഹുമാനവും കൃതഞ്ജതയും ആരാധനയും അർപ്പിക്കലാണ്. ബഹുമാനിക്കുക എന്ന ബൈബിൾ ധാതു വിലയേറിയതാവുക എന്ന ആശയം ഉൾക്കൊള്ളുന്നു. അസാധാരണമായ മൂല്യമുള്ളവരെയാണല്ലോ നമ്മൾ ബഹുമാന്യരായി പരിഗണിക്കുക. ദൈവമത്രേ ഏററവും മാന്യനും മൂല്യവുമുള്ള വ്യക്തി. തന്മൂലം അവിടുന്ന് പൂർണ്ണമായ സംപൂജ്യതക്കും ബഹുമാനത്തിനും ആദരവിനും അർഹനാകുന്നു. സൃഷ്ടലോകം മുഴു

വനും ദൈവത്തെ സ്വീകരിക്കുകയും അംഗീകരിക്കുകയും ആദരവ് അർപ്പിക്കുകയും ചെയ്യുന്നു. ദൈവത്തിന്റെ സ്ഥാനത്ത് നിലക്കൊള്ളു ന്നുവനാണ് കുടുംബനാഥൻ. തന്മൂലം പത്ത് പ്രമാണങ്ങളിൽ ഒന്ന് ഇപ്രകാരമാണ്. "നിന്റെ ദൈവമായ കർത്താവ് തരുന്ന രാജ്യത്ത് നീ ദീർഘകാലം ജീവിച്ചിരിക്കേണ്ടതിന് നിന്റെ പിതാവിനെയും മാതാവി നെയും ബഹുമാനിക്കുക"(പുറ.20:12). തിരുനാമത്തെ ആദരിക്കുക എന്ന ദൈവവിളിയിൽ കർത്താവിന്റെ കാണപ്പെടുന്ന രൂപങ്ങളായ കാരണ വൻമാരെയും ബഹുമാനിക്കണമെന്ന ആശയം ഉൾക്കൊള്ളു ന്നുണ്ടല്ലോ. ഇത്തരം ദർശനം ചാവറപിതാവിന്റെ കുടുംബസങ്കല്പ ത്തിൽ അന്തർലീനമായിരിക്കുന്നു.

### *സ്നേഹവും കീഴ്‌വഴക്കവും*

സ്നേഹത്തിൽ നിന്നുദിക്കുന്നതാണ് ദൈവത്തോടും മാതാപിതാ ക്കൻമാരോടുമുള്ള അനുസരണം. ചാവറപിതാവ് ഉപയോഗിച്ചിരിക്കുന്ന കീഴ്‌വഴക്കം എന്ന സംജ്ഞ അർത്ഥനിർഭരമാണ്. കുനിയുക, കീഴ്പ്പെ ടുക, വണങ്ങുക, അയയുക തുടങ്ങിയ ആശയങ്ങളാണ് വഴങ്ങുക എന്ന ക്രിയാപദത്തിൽ നിഴലിക്കുക. വഴക്കം എന്ന നാമരൂപം വിനയവും കീഴടക്കവും വണക്കവും ഒതുക്കവും മൃദുത്വവുമൊക്കെ കുറിക്കുന്നു. അനുസരണം എന്ന വാക്കിനേക്കാൾ അർത്ഥവ്യാപ്തി നിറഞ്ഞതത്രേ കീഴ്‌വഴക്കം. ദൈവകല്പനകൾ അനുസരിക്കുന്ന പ്രക്രിയയിൽ വിന യവും വണക്കവും ഉൾക്കൊള്ളണമെന്നില്ല. കീഴ്‌വഴക്കമോ, ഒതുക്കവും മൃദുത്വവും നിറഞ്ഞ വണക്കമാണ്. പൂർണ്ണാത്മാവോടും പൂർണ്ണമന സ്സോടുംകൂടെ ദൈവത്തിന്റെ അനുശാസനങ്ങൾക്ക് പ്രവൃത്തിയിലൂടെ ആമേൻ പറയുമ്പോഴാണ് കീഴ്‌വഴക്കം സംജാതമാവുക. അത്തരം കർമ്മം ഒരു വ്യക്തിയുടെ സ്നേഹനിർഭരമായ ദൈവാരാധനയായി ഭവിക്കുന്നു. കർത്താവ് ഉടമ്പടി ജനത്തോട് ആവശ്യപ്പെട്ടത് ഈ വിധ ത്തിലുള്ള കീഴ്‌വഴക്കമാണ്. ചാവറപിതാവിന്റെ ആഗ്രഹവും മക്കൾ മാതാപിതാക്കന്മാരോട് കീഴ്‌വഴക്കം കാണിക്കണം എന്നതത്രേ.



## 3

# തമ്പുരാൻ = മനുഷ്യൻ

*ആമുഖം*

പാവറപിതാവ് തന്റെ ഇടവകക്കാരായ കൈനകിരിക്കാർക്കുള്ള മരണശാസനത്തിലെ *"രക്തത്താലും സ്നേഹത്താലും ബന്ധിതരായിരിക്കുന്ന വ്യക്തികൾ കാരണവന്മാരുടെ നേരെ ബഹുമാനവും കീഴ്വഴക്കവും അനുസരിച്ച്"* എന്ന വാക്യഭാഗം നാം പരിചിന്തന വിഷയമാക്കിയല്ലോ. ഇപ്പോൾ *"തമ്പുരാനോടും മനുഷ്യരോടും സമാധാനമായി നടക്കുകയും, അവരവരുടെ അന്തസ്സിന് തക്കവിധം നിത്യഗതിയെ പ്രാപിക്കുന്നതിന് പ്രയത്നം ചെയ്ത് കൂട്ടമായി ജീവിക്കുകയും ചെയ്യുന്നതാകുന്നു"* എന്ന തുടർഭാഗം വിശദീകരിക്കാം.

*തമ്പുരാനും മനുഷ്യരും*

യഥാർത്ഥമായ ക്രിസ്തീയതയെക്കുറിച്ച് സമഗ്രമായ വീക്ഷണമാണ് പുണ്യപിതാവിന് ഉണ്ടായിരുന്നത്. യേശുശിഷ്യർ ദൈവത്തോടുമാത്രം ഐക്യപ്പെട്ട് കഴിയേണ്ടവരല്ല. ലംബമാനത്തിൽ മാത്രം ഒതുങ്ങിക്കൂടരുത് ജീവിതം. ദൈവത്തെ സ്നേഹിക്കുന്നവർ അവിടുത്തെ പ്രതിച്ഛായകളായ മനുഷ്യരേയും സ്നേഹിക്കണം. അത്തരം സമാന്തരമാനത്തിന് വിലകല്പിക്കാത്തവർ കള്ളം പറയുന്നുവെന്നാണ് വി.യോഹന്നാൻ ശ്ലീഹാ പ്രഖ്യാപിക്കുന്നത് (1 യോഹ.4:19-21). "ദൈവം നമ്മെ സ്നേഹിച്ചതിനാൽ നാമും പരസ്പരം സ്നേഹിക്കണം. നാം തമ്മിൽ തമ്മിൽ സ്നേഹിക്കുകയാണെങ്കിൽ ദൈവം നമ്മിൽ വസിക്കുന്നു. അവിടുത്തെ സ്നേഹം നമ്മിൽ പൂർത്തീകരിക്കപ്പെടുന്നു" (1യോഹ.4:11-12). വി.ഗ്രന്ഥത്തിന്റെ ഇത്തരം കാഴ്ച്ചപ്പാടിൽ നിന്നാണ് വാഴ്ത്തപ്പെട്ടവനും സംസാരിക്കുക. ഒന്നില്ലാതെ മറ്റേതുമില്ല. നാമാരും ഏകാന്തദ്വീപുകളല്ലല്ലോ. സമൂഹജീവികളാണ് മനുഷ്യർ.

സഹജരെ സ്നേഹിക്കാതെ ഇഹലോകത്തിൽ ജീവിക്കാൻ ക്രിസ്തുവിന്റെ അനുയായികൾക്ക് സാധിക്കുകയില്ല. ഒരുമയിൽ മറ്റുള്ളവരോടുകൂടി കഴിഞ്ഞാൽ മാത്രമേ മരണാനന്തരം സ്വർഗ്ഗരാജ്യം അനുഭവിക്കുവാൻ സാധിക്കുകയുള്ളൂ. ദൈവം സംയോജിപ്പിച്ചിരിക്കുന്നതു ക്രൈസ്തവർ വേർതിരിക്കാതിരിക്കട്ടെ. ദൈവതനയൻ തന്നെ ഇപ്രകാരം അരുൾ ചെയ്തിട്ടുണ്ടല്ലോ. "നിങ്ങളെ സ്നേഹിക്കുന്നവരെ മാത്രം

സ്നേഹിച്ചാൽ നിങ്ങൾക്ക് എന്ത് പ്രതിഫലമാണ് ലഭിക്കുക? ചുങ്കക്കാരും അപ്രകാരം ചെയ്യുന്നില്ലേ? സുഹൃത്തുക്കളെ മാത്രം അഭിവാദനം ചെയ്താൽ അക്രൈസ്തവരേക്കാൾ കൂടുതലായി നിങ്ങൾ പ്രവർത്തിക്കുന്നുണ്ടോ? വിജാതീയരും അതൊക്കെ ചെയ്യുന്നില്ലേ?" (മത്താ.5:46-48). ബലിയർപ്പണത്തെക്കുറിച്ചുള്ള അവിടുത്തെ അനുശാസനം ശ്രദ്ധേയമത്രെ. "നിന്റെ കാഴ്ചവസ്തുക്കളുമായി നീ ബലിപീഠത്തിലേക്ക് വരുമ്പോൾ നിനക്കെതിരായി നിന്റെ സഹോദരന് എന്തെങ്കിലും വിരോധം ഉണ്ടെന്ന് അവിടെവെച്ച് നീ ഓർമ്മിക്കുകയാണെങ്കിൽ കാഴ്ച്ചവസ്തുക്കൾ ബലിപീഠത്തിങ്കൽ വെച്ച്, ആദ്യമേ ആ സഹോദരനുമായി രമ്യപ്പെടുക; പിന്നീട് ചെന്ന് നീ കാഴ്ച്ചയർപ്പിക്കുക"(മത്താ.5:23). കർത്താവിന്റെ വാക്കുകളിൽ ഊന്നിപ്പറഞ്ഞിരിക്കുന്ന കാര്യത്തിനു നേരെ നാം കണ്ണടയ്ക്കരുത്. ഇതരരുമായി ശത്രുത പുലർത്തുന്നതിനെക്കുറിച്ചല്ല പ്രസ്താവന. അവർക്ക് നമ്മോടെന്തെങ്കിലും വിരോധമുണ്ടെങ്കിൽ നാം തന്നെ അതു പരിഹരിക്കാൻ മുൻകൈ എടുക്കണം. "രമ്യപ്പെടാതെ ബലിയർപ്പിക്കാൻ മുതിരരുത്. കാഴ്ച്ചവസ്തുക്കൾ ബലിപീഠത്തിങ്കൽ ഇരുന്നുകൊള്ളട്ടെ. ആദ്യം കർത്താവ് ചെയ്തതുപോലെ നമ്മിൽനിന്ന് അകന്നുനില്ക്കുന്നവരെ തേടി പോകണം" (ലൂക്കാ. 15:3-6). അവരെ അനുരഞ്ജനത്തിന്റെ മാർഗ്ഗത്തിലേക്ക് ആനയിക്കണം. അതിനുശേഷമേ ബലിയർപ്പണത്തിന് മുതിരാവൂ. ഇക്കാര്യമാണ് ചാവറപിതാവ് കുടുംബചട്ടത്തിൽ തറപ്പിച്ചു പറയുന്നത്.

### *സമാധാനമായി വർത്തിക്കൽ*

ക്രിസ്ത്യാനികുടുംബത്തിലുള്ളവർ തമ്പുരാനോടും മനുഷ്യനോടും സമാധാനമായി നടക്കുന്നവരാകണമെന്ന് ചാവറപിതാവ് ആവശ്യപ്പെടുന്നു. സമാധാനമെന്ന ബൈബിൾ ആശയം അർത്ഥനിർഭരമാണ്. ഹീബ്രുഭാഷയിലുള്ള *ഷാലോം* എന്ന വാക്ക് വൈരമില്ലായ്മയെന്ന നിഷേധാവസ്ഥയെയല്ല സൂചിപ്പിക്കുക. തീർത്തും സർഗ്ഗാത്മകമായ പദമാണത്. ക്ഷേമം, ഐശ്വര്യം, മംഗളം, സൗഭാഗ്യം, കല്യാണം തുടങ്ങിയ അർത്ഥതലങ്ങൾ ഉൾക്കൊള്ളുന്നു *ഷാലോം*. ഈജിപ്തിലെ ഗവർണ്ണറായ ജോസഫ് സഹോദരന്മാർക്കും അപ്പനും ക്ഷേമമാണോ എന്ന് ആരായുന്നുണ്ട് (ഉത്പ.43:27 -28). ഒരാളെ കണ്ടുമുട്ടുമ്പോൾ നമ്മൾ ഗുഡ്മോണിങ്ങ് പറയാറുണ്ടല്ലോ. അതിനുപകരമുള്ള ഇസ്രായേൽക്കാരുടെ അഭിവാദനവാക്യം *ഷാലോം* എന്നാണ്. മംഗളം ഭവിക്കട്ടെ എന്നിതിനെ തർജ്ജമ ചെയ്യാം. അതുപോലെ വിട പറയുന്നതും *ഷാലോം* ആശംസിച്ചുകൊണ്ടത്രേ. ശുഭമസ്തു (*ഷാലോം*) എന്ന വാക്യ

ത്തോടു കൂടെയാണു മോശയെ അമ്മായിയപ്പൻ യാത്രയയച്ചത്. *ഷാലോം* ഉളവാക്കുക എന്ന പ്രയോഗം ഉടമ്പടി ഉറപ്പിക്കുക എന്നതിന്റെ പര്യായമാണ്. രണ്ടു വ്യക്തികളോ രാജ്യങ്ങളോ തമ്മിൽ സ്നേഹവും സൗഹാർദ്ദവും ഊട്ടിയുറപ്പിക്കാൻ വേണ്ടിയാണല്ലോ ഉടമ്പടിയിലേർപ്പെടുക. ഇപ്രകാരം പല ബൈബിൾ പാഠങ്ങളിലും *ഷാലോം* ഉടമ്പടിയെ സൂചിപ്പിക്കുന്നു.

### *ഷാലോംരൂപനായ ഈശോ*

*ഷാലോമി*ന്റെ ഉറവിടവും നിറകുടവുമത്രേ ദൈവം. അവിടുന്ന് തന്റെ ഈ സ്വഭാവവിശേഷത്തിൽ മനുഷ്യർക്കും പങ്കു നൽകുന്നു. രക്ഷാകരചരിത്രം അതിന്റെ കഥയാണ്. തന്റെ ഏകജാതനെ ലോകത്തിലേക്കയച്ചത് ദൈവകൃപക്ക് അർഹരായ അഗതികൾക്ക് *ഷാലോം* നൽകാനാണ് (ലൂക്കാ.2:14). തന്റെ വാക്കുകളും ചെയ്തികളും വഴി കർത്താവ് ഭൂമിയിലും മർത്യഗണത്തിലും ആത്മീയവും, ബൗദ്ധികവും, ഭൗതികവും, ശാരീരികവും മാനസികവുമായ *ഷാലോം* കൈവരുത്തി. ഉത്ഥിതൻ ശിഷ്യർക്ക് *ഷാലോം* ആശംസിക്കുന്നുണ്ട് (ലൂക്കാ.24:36; യോഹ.20:19, 21, 26). ഉയിർപ്പുസംഭവം വഴി അവിടുന്നു പാപത്തേയും സാത്താനേയും ലോകത്തേയും വിജയിച്ചു; സ്വർഗ്ഗരാജ്യം ഭൂമിയിലേക്ക് കൊണ്ടുവന്നു. ദൈവരാജ്യത്തിന്റെ പ്രജകൾ അവിടുത്തെപ്പോലെ *ഷാലോം* രൂപരായിരിക്കണം. അതുകൊണ്ടാണ് *ഷാലോം* സംസ്ഥാപകരെ സൗഭാഗ്യവാന്മാരായി അവിടുന്ന് ചിത്രീകരിച്ചിരിക്കുന്നത്. അത്തരക്കാർക്ക് ദൈവതനയരുടെ സ്ഥാനം സംലഭ്യമാകും.

### *നടപ്പ് ഒരു ഷാലോം പ്രക്രിയ*

ചാവറപിതാവ് നമ്മോടാവശ്യപ്പെടുന്നത് തമ്പുരാനോടും മനുഷ്യരോടും സമാധാനപരമായി നടക്കാനാണ്. ജീവിതത്തെ ഒരു നടപ്പായി ധന്യചരിതൻ ചിത്രീകരിച്ചിരിക്കുന്നു. ആ നടപ്പ് ദൈവത്തിന്റേയും മനുഷ്യരുടേയും കൈപിടിച്ചുകൊണ്ടാകണം; ക്ഷേമവും ഐശ്വര്യവും മംഗളവും നിറഞ്ഞുതുളുമ്പുന്നതാകണം. ലോകത്തിന്റെ കാഴ്ച്ചപ്പാടിലുള്ള മാനവമൈത്രിയല്ല വിവക്ഷിതം. ഷാലോം രൂപനായ ദൈവത്തോടും ഷാലോം രൂപരാകാൻ നിയോഗിതരായ മനുഷ്യരോടുമുള്ള ഏകീഭാവം. സംസർക്ഷം, സാലോക്യം, സാരൂപ്യം, സായൂജ്യം എന്നീ തലങ്ങൾ ആ പ്രക്രിയയിൽ നിറഞ്ഞുനിൽക്കുന്നു.

## 4

# അന്തസ്സും പ്രയത്നവും നിത്യഗതിയും

***ആമുഖം***

കഴിഞ്ഞഅദ്ധ്യായത്തിൽ ചാവറപിതാവിന്റെ മരണപത്രികയിലെ കുടുംബത്തെക്കുറിച്ചുള്ള കാഴ്ച്ചപ്പാടിന്റെ "*തമ്പുരാനോടും മനുഷ്യ നോടും സമാധാനമായി നടക്കുക*" എന്ന ഭാഗം പരിചിന്തനവിഷയ മാക്കിയല്ലോ. ഇപ്പോൾ "*അവരവരുടെ അന്തസ്സിന് തക്കവണ്ണം നിത്യ ഗതിയെ പ്രാപിക്കുന്നതിന് പ്രയത്നം ചെയ്ത് കൂട്ടമായി ജീവിക്കുക*" എന്ന വാക്യഭാഗത്തിന്റെ ആശയങ്ങൾ അവതരിപ്പിക്കാം.

***അന്തസ്സ്***

പച്ചമലയാളപദമാണിത്. മാന്യത, ആഭിജാത്യം, അവസ്ഥ, ഉയർന്ന പദവി എന്നൊക്കെ അർത്ഥമാക്കാം. നാമിപ്പോൾ കേൾക്കാറുള്ള ദൈവ വിളി എന്ന വാക്കിനേക്കാൾ വ്യാപ്തകമാണ് അന്തസ്സ് എന്ന പദം. ഒരു വ്യക്തി വൈദികസന്ന്യാസവൃത്തിക്കോ കുടുംബജീവിതം നയി ക്കുന്നതിനോ വിളിക്കപ്പെടുന്നു. ദൈവമാണ് വിളിക്കുന്നവൻ. അല്മാ യരുടേതും ദൈവവിളി തന്നെയാണ്. എന്നാൽ അന്തസ്സ് എന്ന പദം ആ അവസ്ഥ മാന്യതയും ആഭിജാത്യവും നിറഞ്ഞതാണെന്ന ധ്വനി ഉൾക്കൊള്ളുന്നു. ഉയർന്ന പദവി എന്ന ആശയവും ധ്വനിപ്പിക്കുന്നു. തന്മൂലം ഒരു ജീവിതാവസ്ഥയും മറ്റുള്ളവയേക്കാൾ ഉയർന്നതാണെന്ന് വരുന്നില്ല. പക്ഷേ ദൈവഹിതാനുസരണമായിരിക്കണം ആ തിരഞ്ഞെ ടുപ്പ്. വാസ്തവത്തിൽ മനുഷ്യരല്ല ദൈവമാകണം ആ തിരഞ്ഞെടുപ്പ് നടത്തേണ്ടത്. യേശുവിന്റെ പ്രസ്താവന ശ്രദ്ധിക്കുക. "നിങ്ങൾ എന്നെ തിരഞ്ഞെടുക്കുകയല്ല ഞാൻ നിങ്ങളെ തിരഞ്ഞെടുക്കുകയത്രെ ചെയ്തത് "(യോഹ.15:16). തുടർന്നു പറയുന്നതും പ്രധാനപ്പെട്ടതാ ണ്. നിങ്ങൾ പോയി ഫലമുളവാക്കാനും നിങ്ങളുടെ ഫലം നില നിൽക്കാനുമായി ഞാൻ നിങ്ങളെ നിയോഗിച്ചിരിക്കുന്നു.

***പ്രയത്നത്തിന്റെ അന്ത:സത്ത***

ക്രൈസ്തവരെല്ലാം പ്രയത്നിക്കേണ്ടത് അവരവരുടെ അന്തസ്സിനു തക്കവണ്ണം നിത്യഗതിക്കുവേണ്ടിയായിരിക്കണമെന്ന് ചാവറപിതാവ്

നിർദ്ദേശിക്കുന്നു. സന്ന്യാസീസന്യാസിനികൾ അവരുടെ അന്തസ്സിന് ഉചിതമായ വിധം പ്രയത്നിക്കണം; വൈദികരും അല്മായരും അവരുടെ അന്തസ്സിന് അടുത്തവിധവും. പ്രയത്നിക്കുക എന്ന ക്രിയാപദം പ്ര+യത്നിക്കലാണ്. പ്ര എന്ന ഉപസർഗ്ഗത്തിന്റെ അർത്ഥം ദൈർഘ്യം, മേന്മ, ശക്തി, ആധിക്യം, പൂർണ്ണത എന്നൊക്കെയത്രെ. യത്നത്തിൽ അധ്വാനം നിറഞ്ഞുനിൽക്കുന്നു. ഭാരതീയ ചിന്തയിൽ പ്രവൃത്തി, നിവൃത്തി, ജീവനം എന്നീ മൂന്നു ഗുണങ്ങൾ ഉൾക്കൊള്ളുന്നതാണത്. ഇപ്രകാരമുള്ള പ്രവൃത്തിയിലും നിവൃത്തിയിലും ജീവനത്തിലും ശക്തിയും പൂർണ്ണതയും മേന്മയും കൂടിച്ചേരുമ്പോൾ പ്രയത്നമായി. അതൊരു മതാത്മക കർമ്മമാണ്, ഉപാസനയും പൂജയുമാണത്. വെറുതേ ജോലി ചെയ്യാനല്ല ചാവറപിതാവ് ആവശ്യപ്പെടുന്നത്. അത് പ്രയത്നമാകണം, പ്രണാമമാകണം.

***നിത്യഗതിയെ പ്രാപിക്കൽ***

പ്രാഥമികാർത്ഥത്തിൽ ഗതി, ഗമനം അഥവാ നടപ്പാണ്. ഇവിടെ ആ പദം ശ്രേഷ്ഠമായ തലത്തിൽ രക്ഷ, നിർവ്വാണം, മോക്ഷം, ശ്രേയസ്സ് തുടങ്ങിയവയെ ധ്വനിപ്പിക്കുന്നു. ക്രിസ്ത്യാനികളുടെ പ്രയത്നത്തിന്റെ ഉദ്ദേശ്യം നിത്യഗതി അഥവാ രക്ഷ, മോക്ഷം, ശ്രേയസ്സ് പ്രാപിക്കലാണ്. അതും നിത്യമായി. നിത്യഗതി എന്ന പ്രയോഗത്തിന്റെ ഉപജ്ഞാതാവ് പുണ്യപിതാവാണെന്ന് തോന്നുന്നു. അത് പ്രാപിക്കണം ക്രൈസ്തവകുടുംബത്തിലെ ഓരോ അംഗവും. പ്രാപിക്കുക എന്ന ക്രിയാപദവും ശ്രദ്ധാർഹമാണ്. ചെന്നെത്തുന്നതിനേയും പ്രവേശിക്കുന്നതിനേയും അനുഭവിക്കുന്നതിനേയും ഒന്നായിത്തീരുന്നതിനേയും ദ്യോതിപ്പിക്കുന്ന പ്രക്രിയ വിലയം കൊള്ളലാണത്. ക്രിസ്തീയജീവിതത്തിന്റെ അന്തസ്സത്ത സർഗ്ഗാത്മകമായി അവതരിപ്പിച്ചിരിക്കുകയാണ് ഇവിടെ.

***കൂട്ടമായി ജീവിക്കുക***

"*കുടുംബങ്ങളുടെ കൂട്ടായ്മ*" എന്ന ആശയം കഴിഞ്ഞ അദ്ധ്യായത്തിൽ ചിന്താവിഷയമാക്കിയല്ലോ. മനുഷ്യൻ ഏകാന്തദ്വീപായി ജീവിക്കേണ്ടവനല്ല. സമൂഹമായി കഴിയേണ്ടവനാണ്. ചാവറപിതാവിന്റെ ശൈലിയിൽ കൂടപ്പിറപ്പുകളായിത്തീരണം. ഒരേ ഉദരത്തിൽ നിന്ന് ഒന്നിച്ചു ജനിച്ചവരെ ഇരട്ടകളെന്നാണല്ലോ നാം വിളിക്കുക. ചില ഇര

ട്ടകളെ തിരിച്ചറിയാൻ പോലും സാധിക്കില്ല. അത്രമാത്രം രൂപസാദൃശ്യമുണ്ടായിരിക്കും അവർക്ക്. ക്രൈസ്തവർ കൂടപ്പിറപ്പുകളുടെ കൂട്ടായ്മയായിത്തീരണം. ബാഹ്യസാദൃശ്യമല്ല ഇവിടെ വിവക്ഷിക്കപ്പെടുക. ആശയാദർശങ്ങളിലും കാഴ്ച്ചപ്പാടിലും ചിന്താരീതിയിലും സംസാരശൈലിയിലും പ്രവർത്തനതലത്തിലുമുള്ള ഐക്യം. ഈ ആശയാദർശങ്ങളും കാഴ്ച്ചപ്പാടുകളും ചിന്താരീതിയും സംസാരശൈലിയും പ്രവർത്തനതലവും ദൈവപുത്രനായ യേശുവിന്റേതാകണം. അപ്പോഴാണ് നമ്മൾ ആദ്യജാതനായ അവിടുത്തെ സഹോദരീസഹോദരന്മാരായിത്തീരുക. ധന്യചരിതനായ ചാവറപിതാവ് ഇത്തരം ദർശനം ജീവിച്ചവനാണ്. ആ ദർശനം സാക്ഷാത്ക്കരിക്കുവാനത്രേ അദ്ദേഹം സന്യാസസമൂഹത്തിന് രൂപം നൽകിയത്.



# 5

# കുടുംബം - ആശ്വാസ സമാധാന, ഉപവി, ക്രമനികേതനം

*"ദു:ഖങ്ങളുടെ സ്ഥലമായിരിക്കുന്ന ഈ ലോകത്തിൽ ഓരോരോ ഞെരുക്കങ്ങളിലും സങ്കടങ്ങളിലും ഏററം മധുരിക്കപ്പെട്ട ആശ്വാസവും സമാധാനവും ഉപവിയും ക്രമവുമുള്ള ഒരു കുടുംബത്തിൽ ജീവിക്കുന്നതാകുന്നു."* ***(ഒരു നല്ല അപ്പന്റെ ചാവരുൾ)***

### *ആമുഖം*

ചാവറപിതാവിന്റെ ക്രിസ്തീയ കുടുംബദർശനം ഈ വാക്യത്തിൽ കുറച്ചുകൂടി വിശദീകരിച്ചിരിക്കുന്നു. നല്ല ക്രിസ്തീയ കുടുംബത്തിന്റെ ലക്ഷണങ്ങൾ താഴെപ്പറയുന്നവയാണ്.

- ഏററവും മധുരിക്കപ്പെട്ട ആശ്വാസം നൽകുന്നത്.
- ഏററവും മധുരിക്കപ്പെട്ട സമാധാനം നിറഞ്ഞത്.
- ഏററവും മധുരിക്കപ്പെട്ട ഉപവിയുടെ വിളനിലം.
- ഏററവും മധുരിക്കപ്പെട്ട ക്രമം നിറഞ്ഞ കൂട്ടായ്മ.

ഇപ്രകാരമുള്ള കുടുംബത്തിൽ ജീവിക്കുന്നവർ ഭാഗ്യവാൻമാർ! ഇഹലോകത്തിലെ ദിനങ്ങൾ ദുരിതപൂർണ്ണമാണ്. ജീവിതയാത്രയിൽ മേലുദ്ധരിച്ച സവിശേഷതകളുള്ള കുടുംബത്തിൽ കഴിയാനിടവന്നാൽ ദു:ഖങ്ങളേയും ഞെരുക്കങ്ങളേയും സങ്കടങ്ങളേയും അതിജീവിക്കാനാകും. പുണ്യപിതാവിന്റെ പ്രസ്താവനയിലെ ഓരോ വാക്കും പരിചിന്തനവിഷയമാക്കാം.

### *ദു:ഖങ്ങളുടെ സ്ഥലം*

നമ്മൾ അനുദിനം ചൊല്ലുന്ന "പരിശുദ്ധരാജ്ഞി" (പഴയമലയാളത്തിലെ രാജകന്യകേ) എന്ന പ്രാർത്ഥനയിൽ " ഇഹലോകത്തെ കണ്ണുനീരിന്റെ താഴ്വര" എന്നാണല്ലോ വിശേഷിപ്പിച്ചിരിക്കുക. സങ്കീ. 6:6-7 ഇപ്രകാരമാണ് : "കരഞ്ഞു കരഞ്ഞു ഞാൻ തളർന്നു, രാത്രിതോറും ഞാൻ കണ്ണീരൊഴുക്കി, എന്റെ തലയിണ കുതിർന്നു, കണ്ണീരുകൊണ്ടു എന്റെ കിടക്ക നനഞ്ഞു, ദു:ഖം കൊണ്ടു എന്റെ കണ്ണു മങ്ങുന്നു."

സങ്കീ.42:3-ൽ കവി വിലപിക്കുന്നു: "രാപകൽ കണ്ണുനീർ എന്റെ ഭക്ഷണമായി." സങ്കീ.119:136-ൽ പ്രസ്താവിക്കുന്നു. "എന്റെ കണ്ണിൽനിന്ന് അശ്രു ധാരധാരയായി ഒഴുകുന്നു." ചുരുക്കത്തിൽ ഭൗമികജീവിതം സങ്കടം നിറഞ്ഞതാണ്. ചാവറപിതാവ് ഇഹലോകത്തിന് ദു:ഖങ്ങളുടെ സ്ഥലമെന്നാണ് ഭാഷ്യം നൽകിയിരിക്കുക. ഭക്തജീവിതം നയിക്കുന്നവർക്ക് ലോകത്തിന്റേതായ പ്രത്യയശാസ്ത്രങ്ങളുമായി താദാത്മ്യപ്പെടുവാൻ സാധിക്കുകയില്ല. തന്മൂലം ലൗകികരുടെ അവജ്ഞാപാത്രങ്ങളായിത്തീരും അവർ.

ശിഷ്യരെക്കുറിച്ച് ഗുരുവരന്റെ ചില പ്രസ്താവനകൾ ഉദ്ധരണീയമത്രേ. "ലോകത്തിന് സത്യാത്മാവിനെ സ്വീകരിക്കുവാൻ സാധിക്കുകയില്ല"(യോഹ 14:17); "ലോകം നിങ്ങളെ വെറുക്കുന്നുവെങ്കിൽ അതു നിങ്ങൾക്കുമുമ്പേ എന്നെ വെറുത്തു എന്നറിഞ്ഞുകൊള്ളുവിൻ. നിങ്ങൾ ലോകത്തിന്റെ സ്വന്തമായിരുന്നെങ്കിൽ സ്വന്തമെന്നപോലെ ലോകം നിങ്ങളെ സ്നേഹിക്കുമായിരുന്നു. എന്നാൽ നിങ്ങൾ ലോകത്തിന്റെ സ്വന്തമല്ലാത്തതുകൊണ്ടും, ഞാൻ നിങ്ങളെ ലോകത്തിൽനിന്നും തിരഞ്ഞെടുത്തതുകൊണ്ടും ലോകം നിങ്ങളെ വെറുക്കുന്നു."(യോഹ.15:18-19); ലോകത്തിൽ നിങ്ങൾക്ക് കഷ്ടപ്പാട് ഉണ്ടാകും(യോഹ.16:33). ഈ തിരുവചസ്സുകളിൽ നിന്ന് ഒരു കാര്യം വ്യക്തമാകുന്നു. യേശു ശിഷ്യർക്ക് അവിടത്തെപ്പോലെ ഇഹലോകം ദു:ഖങ്ങളുടെ സ്ഥലമായിരിക്കും. ചുരുക്കത്തിൽ ചാവറപിതാവിന്റെ ലോകത്തെക്കുറിച്ചുള്ള വീക്ഷണം ബിബ്ലിക്കലാണ്.

*ഞെരുക്കങ്ങളും സങ്കടങ്ങളും*

"ദു:ഖങ്ങളുടെ സ്ഥലം" എന്ന പ്രയോഗം രണ്ടു വിശേഷണപദങ്ങളാൽ കുറച്ചുകൂടി വ്യക്തമാക്കുകയാണ് വത്സലപിതാവ്. ക്രിസ്തുവിന്റെ സ്നേഹസന്ദേശം മുറുകെപ്പിടിക്കുന്നവർക്ക് ഞെരുക്കങ്ങൾ അനുഭവിക്കേണ്ടിവരും; അവിടുന്ന് ഗിരിപ്രഭാഷണത്തിൽ ധർമത്തെക്കുറിച്ച് പീഡയനുഭവിക്കുന്നവരെയും, തന്നെപ്രതി അധിക്ഷേപിക്കപ്പെടുകയും, പീഡിപ്പിക്കപ്പെടുകയും ചെയ്യുന്നവരെയും ഭാഗ്യവാന്മാരായി ചിത്രീകരിച്ചിരിക്കുന്നു(മത്താ.5:10-11). "പരിശുദ്ധരാജ്ഞി" എന്ന ജപത്തിൽ കന്യകാമാതാവിന്റെ മക്കൾ അമ്മയുടെ പക്കൽ നിലവിളിക്കുന്നവരാണല്ലോ. അവർ വിങ്ങിക്കരയുകയും നെടുവീർപ്പിടുകയും ചെയ്യുന്നു.

ഞെരുക്കങ്ങളും സങ്കടങ്ങളും അവരുടെ കൂടപ്പിറപ്പുകളാണ്. ജീവിതത്തിലെ പച്ചപരമാർത്ഥങ്ങൾക്ക് ഭാഷ്യം നല്കുന്ന ഇത്തരം ചിന്തകളെ നിഷേധാത്മകമെന്ന് മുദ്ര കുത്തരുത്. ഈ പ്രതിഭാസങ്ങളിൽ മുങ്ങിതാഴാതിരിക്കണമെങ്കിൽ ആകാശമോക്ഷത്തിന്റെ സാദൃശ്യത്തിലുള്ള ക്രിസ്ത്യാനിക്കുടുംബത്തിൽ ജീവിക്കണം.

### മധുരിക്കപ്പെട്ട ആശ്വാസം

ആശ്വാസം എന്ന ബിബ്ലിക്കൽ സങ്കല്പം ആശയനിർഭരമാണ്. വിശ്രമിക്കുക എന്നാണർത്ഥം. സൃഷ്ടിയുടെ അവസാനത്തിൽ ദൈവം വിശ്രമിച്ചുവെന്ന് രേഖപ്പെടുത്തിയിട്ടുണ്ടല്ലോ (ഉല്പ.2:3). ജോലി ചെയാതിരിക്കലല്ല അത്. സൃഷ്ടികർമത്തിലെ ഓരോ ചരാചരങ്ങളിലും ദൈവത്തിന്റെ നന്മ തുടിച്ചുനിന്നിരുന്നു. ഓരോ ദിവസത്തേയും കുറിച്ചുള്ള ആഖ്യാനം അവസാനിക്കുക ദൈവം എല്ലാം നല്ലതാണെന്നു കണ്ടു എന്ന പ്രസ്താവനയോടു കൂടിയാണല്ലോ (ഉല്പ.1:4, 10, 12, 18, 21, 25, 31). നന്മസ്വരൂപനായ തന്റെ തന്നെ മുഖം സൃഷ്ടിയിൽ പ്രതിഫലിക്കുന്നതാണ് അവിടുന്ന് ദർശിച്ചത്. അതിൽ അവിടുന്ന് ആനന്ദിച്ചു; ആഘോഷരൂപനായിത്തീർന്നു; നിർവൃതിയിൽ ലയിച്ചു. അതാണ് വിശ്രമം എന്ന ബൈബിൾ സങ്കല്പം അർത്ഥമാക്കുന്നത്. ചുരുക്കത്തിൽ സൃഷ്ടിയുടെ ആഘോഷത്തിൽ മുഴുകലാണത്. അപ്രകാരമുള്ള ആശ്വാസം ഒരു ഉത്തമ ക്രൈസ്തവകുടുംബത്തിൽ ജീവിക്കുമ്പോൾ ലഭിക്കുന്നുവെന്ന് ചാവറപിതാവ് പറയുന്നു.

ഇപ്രകാരമുള്ള ആശ്വാസം മധുരിക്കപ്പെട്ടതാണ് നല്ല അപ്പന്റെ സൃഷ്ടിയിൽ. മധുരിക്കപ്പെട്ടതെന്ന നാമവിശേഷണം തുടർന്നുള്ള സമാധാനം, ഉപവി, ക്രമം എന്നീ പദങ്ങളെയും ഉൾക്കൊള്ളുന്നു. മാധുര്യമെന്ന ബൈബിൾ ആശയം സംഗ്രഹരൂപത്തിൽ അവതരിപ്പിക്കാം. "അങ്ങയുടെ വചനങ്ങൾ എനിക്ക് എത്ര മധുരമാണ്! അവ എന്റെ നാവിനു തേനിനേക്കാൾ മധുരമാണ്" (സങ്കീ. 119:103). ആഹാരസാധനങ്ങളെ കുറിക്കുന്ന വാക്കാണല്ലോ മാധുര്യം. തിരുവചനം രുചിപ്രദമായ ഭോജ്യവസ്തുവാണെന്ന് സങ്കല്പിക്കപ്പെട്ടിരിക്കുന്നു. അധ്വാനിക്കുന്നവന്റെ ഉറക്കം മാധുര്യപൂർണമായിരിക്കുമെന്ന് സഭാപ്രസംഗകൻ പ്രസ്താവിക്കുന്നു (സഭാ.5:12). അതുപോലെ വെളിച്ചവും മാധുര്യം നിറഞ്ഞതാണ് അദ്ദേഹത്തിന്റെ കാഴ്ച്ചപ്പാടിൽ (സഭാ.11:7). ഉത്തമഗീ

തത്തിൽ മണവാട്ടിയുടെ സ്വരത്തെ മധുരപൂർണമെന്ന് വിശേഷിപ്പിച്ചിരിക്കുന്നു (ഉത്തമഗീതം.2:14). ഇപ്രകാരം തിരുവചനം മധുരിക്കപ്പെട്ടതാണ്. നിദ്ര മധുരിക്കപ്പെട്ടതാണ്. പ്രകാശം മധുരിക്കപ്പെട്ടതാണ്. പ്രിയതമയുടെ സ്വരവും മധുരിക്കപ്പെട്ടതാണ്. നല്ല കുടുംബത്തിലെ ജീവിതവും തിരുവചനം പോലെ ഹൃദ്യം. സുഖപ്രദമായി അവിടെ കിടന്നുറങ്ങാം. കുടുംബത്തിൽ സ്നേഹത്തിന്റെ പ്രകാശം പ്രസരിക്കുന്നു. പ്രിയപ്പെട്ടവരുടെ വിശ്രമവേദിയാണത്.


### *കുടുംബം സമാധാനസങ്കേതം*

ബൈബിൾ ഭാഷയിലെ *ഷാലോം* ആഴമേറിയ ആശയതലം ഉൾക്കൊള്ളുന്നു. ശത്രുതയില്ലായ്മ അല്ലത്. സർഗാത്മകമായ ആ പദം ക്ഷേമം, ഐശ്വര്യം, മംഗളം, കല്യാണം എന്നൊക്കെ പരിഭാഷപ്പെടുത്താം. *ഷാലോം* കുമാരനാണല്ലോ കർത്താവ്. തിരുഅവതാരത്തിന്റെ സമ്മാനം ഭൂമിയിൽ സന്മനസുള്ളവർക്ക് *ഷാലോം* നൽകലായിരുന്നു. നിങ്ങൾക്ക് *ഷാലോം* ഭവിക്കട്ടെ എന്നായിരുന്നു ഉത്ഥിതൻ ശിഷ്യർക്ക് നല്കിയ ആശംസ. ഇപ്രകാരമുള്ള *ഷാലോം* സ്വർഗ്ഗത്തിന്റെ സ്ഥിരമായ സ്ഥിതിവിശേഷമാണ്. ഭൂമിയിലും ദൈവികമായ ഇത്തരം ക്ഷേമം അനുഭവിക്കാനാകും. ദൈവഹിതം അനുവർത്തിക്കുന്ന ക്രിസ്തീയ കുടുംബങ്ങളിൽ ദിവ്യ *ഷാലോം* നിറഞ്ഞുനില്ക്കും.

### *ഉപവിയുടെ കൂട്ടായ്മ*

ദൈവത്തിന്റെ നിർവചനം തന്നെ സ്നേഹമെന്നാണല്ലോ. ത്രിത്വകുടുംബമാണ് സ്നേഹത്തിന്റെ, കൂട്ടായ്മയുടെ മൂലരൂപവും ഉദാത്തനിദർശനവും. "സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിൽ ജീവിക്കുന്നു"(1 യോഹ.4:16). ത്രിത്വക്കുടുംബത്തിന്റെ കൊച്ചുപതിപ്പായ ക്രിസ്തീയകുടുംബം ഉപവിയുടെ നികേതനമാകണം. ഉപവിയെന്ന പദത്തിൽ സ്നേഹവും, ദയയും, സന്തോഷവും, ഔദാര്യവും വിളങ്ങിനില്ക്കുന്നു.ദു:ഖങ്ങളും ഞെരുക്കങ്ങളും സങ്കടങ്ങളും നിറഞ്ഞ ലോകത്തിൽ ജീവിക്കാൻ വിധിക്കപ്പെട്ട ക്രൈസ്തവർക്ക് വീട് സ്വർഗ്ഗമാകണം. കുടുംബത്തിൽ നിറഞ്ഞുതുളുമ്പുന്ന ഉപവി ഓരോരുത്തരിലും മാധുര്യം പകരുന്നു.

ക്രമമുള്ളതാകണം ക്രിസ്തീയകുടുംബം. ദൈവമാണല്ലോ ക്രമവിധാനത്തിന്റെയും, അടുക്കത്തിന്റെയും, നിയതത്വത്തിന്റെയും, ഭംഗിയുടെയും പൂർവ്വബിംബം. നന്മയുടെയും സ്നേഹത്തിന്റെയും സന്തോഷത്തിന്റെയും സമാധാനത്തിന്റെയും സന്തുഷ്ടിയുടെയും ക്രമത്തിന്റെ രൂപമാണ് അവിടുന്ന്. രണ്ടെന്ന ഭാവം ദൈവത്തിലില്ല. അദ്വൈതരൂപനാണ് സർവേശ്വരൻ. എല്ലാം ഏകനാദം, രാഗം, താളം, ലയം എല്ലാം സത്യം, ശിവം, സുന്ദരം, സ്നേഹം. മനുഷ്യനെ സൃഷ്ടിച്ചുകൊണ്ടു അവിടുന്ന് അരുൾചെയ്തു, "എല്ലാററിനെയും അടക്കി ഭരിക്കുക" (ഉല്പ.1:28). സ്രഷ്ടാവ് ഏർപ്പെടുത്തിയ ക്രമസംവിധാനവും ഭംഗിയും സൃഷ്ടജാലങ്ങളിലെല്ലാം സമഞ്ജസമായി സമ്മേളിപ്പിക്കുവാൻ യത്നിക്കേണ്ടവനാണ് മനുഷ്യൻ. സ്വർഗ്ഗത്തിൽ ഇപ്രകാരമുള്ള സ്നേഹൈക്യവും, ഒന്നിപ്പും, ഒരുമയും അരുമയും നിറഞ്ഞുനില്ക്കുന്നു. ഭൂമിയിലെ ക്രിസ്തീയകുടുംബം അത്തരം സംവിധാനത്തിന്റെ കൊച്ചുപതിപ്പാകണം. അപ്പോൾ കുടുംബത്തിൽ ജീവിക്കുക മധുരിക്കപ്പെട്ട അനുഭവമാകും തീർച്ച.



## 6

# ദൈവശുശ്രൂഷയും നിത്യരക്ഷയും

### *ആമുഖം*

*"ഞെരുക്കങ്ങളിലും സങ്കടങ്ങളിലും ഏറ്റം മധുരിക്കപ്പെട്ട ആശ്വാസം സമാധാനവും, ഉപവിയും, ക്രമവുമുള്ള ഒരു കുടുംബത്തിൽ ജീവിക്കുന്നതാകുന്നു"* എന്ന ചാവറപിതാവിന്റെ വാക്യം കഴിഞ്ഞ ലക്കത്തിൽ നാം അനുചിന്തനവിഷയമാക്കികഴിഞ്ഞിരുന്നു. തുടർന്നുള്ള വാക്യത്തിൽ ലോകത്തിലെ ഏറ്റവും വലിയ സങ്കടം എന്താണെന്ന് പിതാവ് പഠിപ്പിക്കുന്നു. അത് *"ക്രമവും സമാധാനവും ഇല്ലാതെയും, ദൈവശുശ്രൂഷയിന്മേലും നിത്യരക്ഷയിന്മേലും ഒരു വിചാരവും ഇല്ലാതെയും നടക്കുന്ന ഒരു കുടുംബത്തിൽ ജീവിക്കുന്നതത്രേ."* കഴിഞ്ഞ ലേഖനത്തിൽ ക്രമം, സമാധാനം എന്ന പദങ്ങളുടെ അർത്ഥം വ്യക്തമാക്കിയിരുന്നു. അതു രണ്ടും ഇല്ലാത്ത കുടുംബത്തിൽ ജീവിക്കുന്നതിനെക്കുറിച്ചാണ് പിതാവ് പറയുന്നത്. തന്മൂലം ദൈവശുശ്രൂഷ, നിത്യരക്ഷ എന്നീ സംജ്ഞകളുടെ അർത്ഥതലം ചൂണ്ടി കാണിക്കാം.

### *ശുശ്രൂഷയും സേവനവും*

മനുഷ്യൻ സൃഷ്ടിക്കപ്പെട്ടത് ദൈവത്തെ ശുശ്രൂഷിക്കാനാണ്. ശുശ്രൂഷ എന്ന പദം സേവനം എന്ന വാക്കിനേക്കാൾ ആഴമായ ആശയതലം ഉൾക്കൊള്ളുന്നു. ആരാധനാത്മകമായ മാനം അതിനുണ്ട്. സേവനം ആരാധനയായിത്തീരുകയാണ് ശുശ്രൂഷയിൽ. സ്നേഹവാത്സല്യാദിവികാരങ്ങളിൽ നിന്നും ആവിർഭവിക്കുന്നതാണത്. ജോലി ചെയ്യുക, കടമ നിർവ്വഹിക്കുക എന്നിവയെ മാത്രം കുറിക്കുന്നു സേവനം.

### *നമ്മുടെ ദൈവവിളി*

മനുഷ്യനെ സൃഷ്ടിച്ചശേഷം അവനെ അനുഗ്രഹിച്ചുകൊണ്ട് ദൈവം അരുളിച്ചെയ്തു. "സന്താനപുഷ്ടിയുള്ളവരായി പെരുകുവിൻ. ഭൂമിയിൽ നിറഞ്ഞ് അതിനെ കീഴടക്കുവിൻ. കടലിലെ മത്സ്യങ്ങളുടേയും ആകാശത്തിലെ പറവകളുടേയും ഭൂമിയിൽ ചരിക്കുന്ന സകല ജീവികളുടേയും മേൽ നിങ്ങൾ ആധിപത്യം പുലർത്തുവിൻ"(ഉല്പ.1:28). പെരുകുക, കീഴടക്കുക, ആധിപത്യം പുലർത്തുക എന്നീ കർത്തവ്യ

ങ്ങൾ നിർവ്വഹിക്കുമ്പോൾ മനുഷ്യൻ ദൈവത്തെ പ്രീതിപ്പെടുത്തുന്നു. അതൊരു ആരാധനയായി പകരുന്നു. ഇപ്രകാരം മനുഷ്യന്റെ സഹജ ഭാവ ഭാവമായിത്തീരുകയാണ് ആരാധന.

*കീഴടക്കൽ*

പുഷ്കലതയുള്ളവരായി പെരുകി വർദ്ധിക്കേണ്ടവരാണ് മാനവർ. അതിനുള്ള കഴിവ് അവർക്ക് നൽകപ്പെട്ടിരിക്കുന്നു. തുടർന്നുള്ള രണ്ടു കല്പനകൾ (കീഴടക്കലും ആധിപത്യം പുലർത്തലും) ആശയക്കുഴപ്പം സൃഷ്ടിക്കാവുന്നവയാണ്. പക്ഷേ മൂലഭാഷയിൽ ഉപയോഗിച്ചിരിക്കുന്ന പദങ്ങൾ അടിച്ചമർത്തലിനേയും കീഴടക്കി ഭരിക്കുന്നതിനേയും ധ്വനിപ്പിക്കുന്നില്ല. ആദ്യത്തേതായ കീഴടക്കലിന്റെ (ഹീബ്രുവിൽ *കബഷ്*) അർത്ഥം ഇതാണ്. ദൈവം സൃഷ്ടി വഴി ഭൂമിയിൽ ക്രമസം വിധാനവും സുസ്ഥിരതയും ഉളവാക്കി. അവിടുത്തെ ആ പ്രവൃത്തി തുടരേണ്ടവനാണ് മനുഷ്യൻ. ദൈവം വിഭാവനം ചെയ്ത ക്രമസംവി ധാനത്തിന് ഭംഗം വരുത്തുന്ന തിന്മയുടെ ശക്തികളെ നിഷ്ക്രിയമാ ക്കുവാൻ അവൻ കടപ്പെടുന്നു. അതുവഴി ഭൂമിയിൽ ഏകനാദവും, രാഗവും, താളവും, ലയവും നിലനിൽക്കണം. മറ്റൊരു വാക്കിൽ ദൈവ ത്തിന്റെ പ്രതിരൂപങ്ങളായി പകരപ്പെടണം. ഈ ധർമ്മമാണ് ഉത്പ.1:28 ലെ "കീഴടക്കൽ" എന്ന ക്രിയ അർത്ഥമാക്കുക.

*ആധിപത്യം പുലർത്തൽ*

ഈ രണ്ടാമത്തെ പ്രക്രിയയെ കുറിക്കുവാൻ *റ്ദ്* എന്ന ഹീബ്രുപദ മാണ് ഉപയോഗിച്ചിരിക്കുക. ഏകാധിപത്യം, നിർദ്ദയമായ അടക്കിഭരി ക്കൽ എന്നീ സ്വാർത്ഥതയുടെ വാഴ്ചയെ അർത്ഥമാക്കുന്നതല്ല ആ ക്രിയ. പ്രത്യുത ഒരു ഇടയനെപ്പോലെ ജീവജാലങ്ങളെ വഴിനടത്തുന്ന ധർമ്മമാണത്. മേഷഗണത്തെ അറിയുകയും പേരുചൊല്ലിവിളിക്കു കയും, അവക്കുവേണ്ടി ജീവിക്കുകയും ചെയ്യുന്നതിലാണ് ഇടയന്റെ അധികാരം നടത്തൽ അടങ്ങിയിരിക്കുക. ഈ ആശയങ്ങളുടെ സമുച്ച യമാണ് സങ്കീർത്തനം 23.

*ദൈവശുശ്രൂഷ*

ഈജിപ്തിലെ അടിമത്തത്തിൽ അമർന്നു കഴിഞ്ഞിരുന്ന ഇസ്രാ യേൽ ജനത്തെ വിമോചിപ്പിക്കാൻ ദൈവം മോശയെ തിരഞ്ഞെടു

ത്തു. ഫറവോയോട് ഇപ്രകാരം കല്പിക്കുവാൻ അദ്ദേഹത്തോട് ആജ്ഞാപിച്ചു. "എനിക്ക് മരുഭൂമിയിൽ ശുശ്രൂഷ ചെയ്യുന്നതിനുവേണ്ടി എന്റെ ജനത്തെ വിട്ടയക്കുക"(പുറ.7:11). ഇവിടെ ശുശ്രൂഷ ചെയ്യൽ ആരാധിക്കലിനെ അർത്ഥമാക്കുന്നു. ദൈവത്തേയും അവിടുത്തെ പ്രതിച്ഛായകളായ മനുഷ്യരേയും ശുശ്രൂഷിക്കാൻ നിയോഗിതരായിരുന്നു തിരഞ്ഞെടുക്കപ്പെട്ട ജനം. പുതിയ ഉടമ്പടിയുടെ തനയരായ നമ്മുടേയും ധർമ്മം മറ്റൊന്നല്ല. മനുഷ്യർക്ക് നൽകുന്ന ഓരോ സേവനവും പരസേവനം വഴി ദൈവത്തെ ആരാധിക്കുകയായിരിക്കും നാം ചെയ്യുക.

### *നിത്യരക്ഷ*

ദൈവശുശ്രൂഷയെന്ന ആശയത്തോടൊപ്പം ചാവറപിതാവ് ഉപയോഗിച്ചിരിക്കുന്ന മറ്റൊരു പദമാണ് നിത്യരക്ഷ. പഴയനിയമത്തിലെ ജനം പെസഹാകുഞ്ഞാടിന്റെ രക്തം വഴി സംഹാരദൂതനിൽനിന്ന് രക്ഷിക്കപ്പെട്ടു (പുറ.12:13). ക്രൈസ്തവരായ നമുക്കുവേണ്ടി യേശുവാകുന്ന പുതിയ പെസഹാകുഞ്ഞാടിന്റെ രക്തം മുഴുവൻ ഒഴുക്കപ്പെട്ടു. അതുവഴി നമ്മുടെ പാപക്കറകൾ അവിടുന്ന് കഴുകികക്കഴിഞ്ഞു. തിരുരക്തത്താൽ ശുദ്ധീകരിക്കപ്പെട്ടപ്പോൾ നമുക്ക് രക്ഷ കൈവന്നു. മിശിഹാ നമ്മുടെ ഏകരക്ഷകനായിത്തീർന്നു. രക്ഷിക്കപ്പെട്ടവരുടെ സമൂഹമായി ഭൂമിയിൽ ത്രിത്വദൈവത്തിന് സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും അർപ്പിക്കുകയും കുർബ്ബാനയിൽ തിരുശരീരരക്തങ്ങൾ ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്തുകൊണ്ട് ജീവിക്കുകയും ചെയ്യുന്നവർക്ക് നിത്യരക്ഷ കൈവരും. കർത്താവ് അരുൾച്ചെയ്തിട്ടുണ്ടല്ലോ. "എന്റെ ശരീരം ഭക്ഷിക്കുകയും, എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവന് നിത്യജീവനുണ്ട്. അവസാനനാളിൽ ഞാൻ അവനെ ഉയിർപ്പിക്കും" (യോഹ.6:54).

### *ഏറ്റവും വലിയ സങ്കടം*

ചാവറപിതാവിന്റെ കാഴ്ച്ചപ്പാടിൽ ഏറ്റം വലിയ സങ്കടമുള്ള കാര്യം "*ക്രമവും സമാധാനവും ഇല്ലാതെയും, ദൈവശുശ്രൂഷയിന്മേലും നിത്യരക്ഷയിന്മേലും ഒരു വിചാരവും ഇല്ലാതെയും നടക്കുന്ന ഒരു കുടുംബത്തിൽ ജീവിക്കുന്നതാകുന്നു.*" സാധാരണ സങ്കടമല്ല ഇതുമൂലം ഉളവാകുക, പ്രത്യുത ഏറ്റവും വലിയ സങ്കടമത്രേ. പുണ്യപിതാവിന്റെ കാഴ്ച്ചപ്പാടിൽ ഇതിൽപരം സങ്കടം നിറഞ്ഞ കാര്യം മറ്റൊന്നില്ല.

7

# ഉപവിയും സ്നേഹവും ക്രമവുമില്ലാത്ത കുടുംബം

*ആമുഖം*

ഉപവിയും ക്രമവുമില്ലാത്ത ഒരു കുടുംബത്തിൽ ജീവിക്കുന്നതിനെക്കുറിച്ച് പ്രതിപാദിച്ചശേഷം ചാവറപിതാവ് അതിനു വിപരീതമായി ജീവിക്കുന്ന ക്രിസ്തീയ കുടുംബത്തിന്റെ ദാരുണചിത്രം വരച്ചു കാട്ടുന്നു. ഇത്തരം ക്രമമില്ലാത്ത കുടുംബങ്ങൾ വരുത്തിതീർക്കുന്ന വിപത്തുകൾ അദ്ദേഹം എണ്ണിയെണ്ണി പറയുന്നുണ്ട്. അവ വലിയ സങ്കടങ്ങളും കണ്ണുനീരും കൈവരുത്തുന്നു. ആദരണീയവും സമ്പന്നവുമായിരുന്ന എത്രയോ കുടുംബങ്ങൾ നശിച്ചുപോകാൻ ഇടയായി! വഴക്കുകളും അക്രമങ്ങളും നാശങ്ങളും മരണങ്ങളും സംഭവിച്ചു! ഇത്തരം അനുഭവങ്ങൾ കണ്ടപ്പോൾ അവ തടയുന്നതിന് എന്തെങ്കിലും ചെയ്യണമെന്ന് പുണ്യപിതാവ് തീരുമാനിച്ചു. ദൈവികപ്രകാശത്തിനായി പ്രാർത്ഥിച്ചു. അതിനു ശേഷം ഒരു കുടുംബക്രമം എഴുതിയുണ്ടാക്കി. കാരണവന്മാരുടെ അന്തിമോപദേശം പോലെ കണക്കാക്കി തന്റെ നാട്ടുകാർ അവ സൂക്ഷ്മമായിട്ട് അനുസരിക്കുകയും അനുസരിപ്പിക്കുകയും ചെയ്യണമെന്ന് താഴ്മയായി അഭ്യർത്ഥിച്ചു.

*ഒരുക്കം*

ചാവറപിതാവ് നന്നായി പ്രാർത്ഥിച്ച് ദൈവനിവേശനം സ്വീകരിച്ചശേഷമാണ് മരണശാസനം എഴുതിയുണ്ടാക്കിയത്. തന്റെ വ്യക്തിപരമായ ആശയങ്ങളല്ല ചാർച്ചക്കാർക്ക് പകർന്നു നൽകേണ്ടതെന്ന് അദ്ദേഹത്തിന് അറിയാമായിരുന്നു. പരിശുദ്ധാത്മാവിന്റെ പ്രകാശം ലഭിച്ചാലേ ദൈവത്തിന്റെ ആദർശങ്ങൾക്ക് ഭാഷ്യം നൽകാനാവൂ. മനുഷ്യന്റെ കാഴ്ച്ചപ്പാടുകൾ മാത്രം പകർന്നു നൽകിയാൽ ദൈവാനുഗ്രഹമുണ്ടാകുകയില്ല. ഈ സത്യം ക്രിസ്തീയകുടുംബത്തിലെ ഓരോ അംഗത്തിനും ബോധ്യം വരണം. ദൈവവെളിവ് ലഭിക്കാതെ എന്തുമാത്രം പ്രയത്നിച്ചാലും മനുഷ്യന് നല്ലതൊന്നും ചെയ്യാൻ കഴിയുകയില്ല.

രണ്ടാമത്തെ അപേക്ഷാവിഷയം സമാധാനമാണ്. തനിക്കും ഭാവിതലമുറക്കും ദൈവത്തിന്റെ സമാധാനം കൈവരണം. അർത്ഥസമ്പുഷ്ടമാണ് ബൈബിളിലെ സമാധാനമെന്ന സംജ്ഞ. ശത്രുതയില്ലായ്മയല്ല ആ വാക്ക് അർത്ഥമാക്കുക. തിന്മയിൽനിന്നകന്ന് ദൈവത്തിന്റെ ക്ഷേമത്തിലേക്കും മംഗളത്തിലേക്കും പ്രവേശിക്കുമ്പോഴാണ്

*ഷാലോം* (ബൈബിളിലെ മൂലഭാഷയായ ഹീബ്രുപദം) ലഭിക്കുക. അവി ടുത്തെപ്പോലെ നന്മരൂപരായിത്തീരും അപ്പോൾ. ദൈവികാനന്ദത്താൽ പൂരിതരാകും; സമാധാനം കൈവരും. ലേഖകനും വായനക്കാർക്കും ഇത്തരം *ഷാലോം* ലഭിക്കാനായി ചാവറപിതാവ് പ്രാർത്ഥിക്കുകയാ ണ്.

### *കുടുംബചട്ടം*

അനുശാസനത്തിന് ചാവറപിതാവ് നൽകിയ നാമം കുടുംബചട്ടം എന്നാണ്. പഴയ ഭാഷാപദമായ ചട്ടത്തിന്റെ അർത്ഥം നടപടിക്രമം, നിബന്ധന, ഏർപ്പാട് (നിയമം മൂലമോ പരാമ്പരാഗതമായ ആചാരം കൊണ്ടോ അംഗീകാരം ലഭിച്ചിട്ടുള്ള പ്രവർത്തനരീതി) എന്നൊക്കെ യത്രേ. ബൈബിളിൽ അധിഷ്ഠിതമായ പാരമ്പര്യങ്ങളും നിയമങ്ങളു മാണ് വിവക്ഷിതം. ലോകത്തിന്റേതായ ആശയാദർശങ്ങളല്ല അദ്ദേഹം കാഴ്ച്ചവയ്ക്കുക. ക്രിസ്തീയകുടുംബങ്ങൾ ക്രിസ്തുവിന്റെ ദർശനങ്ങ ളിൽ രൂഢമൂലമാകണം. ഐഹികവും മതേതരവുമായ മൂല്യങ്ങളല്ല ക്രിസ്തീയകുടുംബങ്ങളിൽ വേരൂന്നേണ്ടത്. ലൗകിക മാനസർക്ക് കർത്താവിന്റെ പഠനങ്ങളിൽ നിന്ന് ചാവറപിതാവ് ആവാഹിച്ചെടുത്ത ചില ചിന്തകൾ പഴഞ്ചനും പരിഹാസ്യവുമായി തോന്നാം. ബൈബിൾ പഠനങ്ങൾ ആധുനിക തലമുറക്ക് അപ്രസക്തമാണെങ്കിൽ കുടുംബച ട്ടവും കാലികമല്ല.

### *ആദ്യചട്ടം*

*"നിങ്ങൾ തമ്മിൽ തമ്മിൽ ഉപവിയായിരിപ്പിൻ, സ്നേഹമായിരി പ്പിൻ"* - ആദ്യത്തെ അനുശാസനമാണിത്. യോഹ. 15:8 ലെ ക്രിസ്തീയ തത്വത്തിന്റെ മൂലപ്രമാണം സ്നേഹമാണല്ലോ. രണ്ടുപദങ്ങൾ ഉപയോ ഗിച്ചിരിക്കുന്നതിൽ നിന്ന് ക്രിസ്തീയ മൗലികതയുടെ ഔന്നത്യം വ്യക്ത മാക്കുന്നു. ഉപവി എന്ന പഴയ മലയാള വാക്കിന് സ്നേഹം, പ്രപഞ്ച സ്നേഹം, ഔദാര്യം, ദയ, വിസ്താരം, പരപ്പ്, സന്തോഷം, ചായ്വ് എന്നൊക്കെയാണ് മലയാള നിഘണ്ടുവായ ശബ്ദസാഗരത്തിൽ അർത്ഥം കല്പിച്ചിരിക്കുക. ദൈവത്തോടും മനുഷ്യരോടുമുള്ള സ്നേഹ ത്തിൽ ഒതുങ്ങുന്നില്ല ഉപവി. പ്രപഞ്ചസ്നേഹത്തിലേക്ക് അതു വളരു ന്നു. ആ സ്നേഹം ഔദാര്യവും ദയയും ഉൾക്കൊള്ളുന്നതത്രേ. പര പ്പേറിയതാണത്. സന്തോഷപ്രദമായ വികാരവും. ദൈവത്തോടും മനു ഷ്യരോടും പ്രപഞ്ചത്തോടുമുള്ള ചായ്വ് ഉപവിയിൽ അന്തർലീനമാ ണ്. ഇപ്രകാരം സ്നേഹത്തേക്കാൾ അർത്ഥവ്യാപ്തി ഉപവിയുണ്ട്.

"ദൈവം സ്നേഹമാകുന്നു" എന്ന യോഹന്നാന്റെ ദൈവത്തെ കുറിച്ചുള്ള നിർവചനം(1യോഹ.4:8-16) വിശദീകരിച്ചിട്ടാവശ്യമില്ലാത്തവിധം സുവ്യക്തമാണ്. "സ്നേഹം ദൈവത്തിൽ നിന്നുദിക്കുന്നു; ദൈവത്തിലേക്കു നയിക്കുന്നു; ദൈവത്തിൽ വിലയം പ്രാപിക്കുന്നു." ത്രിത്വദൈവത്തിലെ മൂന്നു വ്യക്തികളെ പൗലോസ് ശ്ലീഹാ ഇപ്രകാരം അവതരിപ്പിച്ചിരിക്കുന്നു. കർത്താവീശോമിശിഹാ കൃപയുടെ സാഗരമാണ്; പിതാവ് സ്നേഹത്തിന്റെ അതിനാഥനാണ്; പരിശുദ്ധാത്മാവ് സംസർഗ്ഗത്തിന്റെ നിറകുടമാണ് (1കോറി.13:14). സൃഷ്ടികർമ്മത്തിലും വിമോചനപ്രക്രിയയിലും ഉടമ്പടി ദാനത്തിലും നാടുനൽകലിലും ദേവാലയത്തിലെ നിവസിക്കലിലുമൊക്കെ ദൈവസ്നേഹം നിറഞ്ഞുനിൽക്കുന്നു. "സ്നേഹം മരണത്തെപ്പോലെ ശക്തമാണ്"(ഉത്തമഗീതം 8:6). ദൈവത്തിന്റെ കാരുണ്യസ്നേഹം അനന്തമാണെന്ന് സങ്കീ.136 ൽ 26 പ്രാവശ്യം ആവർത്തിച്ചിരിക്കുന്നു. മാനവപരിത്രാണാർത്ഥം തന്റെ ഏകജാതനെ നൽകുവാൻ തക്കവിധം ദിവ്യനാഥൻ ലോകത്തെ സ്നേഹിച്ചു (യോഹ.3:16).

1 കോറി.13 ൽ പൗലോസ് ശ്ലീഹാ സ്നേഹത്തിന്റെ സവിശേഷതകൾ എണ്ണിയെണ്ണി പറഞ്ഞിട്ടുണ്ട്. "സ്നേഹം ക്ഷമയുള്ളതും ദയയുള്ളതുമാണ്; അത് അസൂയപ്പെടുന്നില്ല; സ്വയം പ്രശംസിക്കുന്നില്ല; അഹങ്കരിക്കുന്നില്ല; തിന്മ വിചാരിക്കുന്നില്ല; അധർമ്മത്തിൽ സന്തോഷിക്കുന്നില്ല; സത്യത്തിൽ ആനന്ദം കൊള്ളുന്നു. സ്നേഹം എല്ലാം സഹിക്കുന്നു, എല്ലാം വിശ്വസിക്കുന്നു, എല്ലാം പ്രതീക്ഷിക്കുന്നു, എല്ലാം ക്ഷമിക്കുന്നു."

അന്ത്യഅത്താഴ വേളയിൽ കർത്താവ് ശിഷ്യർക്കു നൽകിയ കല്പനയാണ് ചാവറപിതാവ് ആദ്യചട്ടത്തിന്റെ ആരംഭത്തിൽ ഉദ്ധരിച്ചിട്ടുള്ളത്. "സഹോദരങ്ങളെ സ്നേഹിക്കുന്നതുകൊണ്ട് നാം മരണത്തിൽ നിന്ന് ജീവനിലേക്കും കടന്നിരിക്കുന്നു"(1യോഹ.3:16). "വാക്കിലും സംസാരത്തിലുമല്ല, പ്രവൃത്തിയിലും സത്യത്തിലുമാണ് നാം സ്നേഹം കാട്ടേണ്ടത്"(1 യോഹ.3:18). "സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിലും ദൈവം അവനിലും വസിക്കുന്നു"(1യോഹ.4:16) "കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാത്തവന് കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കാൻ കഴിയുകയില്ല" (1യോഹ.4:20). ചാവറപിതാവിന്റെ ആദ്യസൂക്തം ബൈബിളിലെ എല്ലാ ആശയങ്ങളും ഉൾക്കൊള്ളുന്നതാണ്.

## 8

# കുടുംബം ക്ഷമയുടെ ദർശനം

### *ആമുഖം*

ഒന്നാമത്തെ കുടുംബചട്ടമായ ഉപവിയേയും സ്നേഹത്തേയും കുറിച്ച് പ്രതിപാദിച്ചു കഴിഞ്ഞു. ആ വാക്യം വീണ്ടും ഉദ്ധരിക്കട്ടെ "*നിങ്ങൾ തമ്മിൽ തമ്മിൽ ഉപവിയായിരിപ്പിൻ സ്നേഹമായിരിപ്പിൻ.*" തുടർന്ന് ചാവറപിതാവ് സ്നേഹമുള്ളവരിൽ കാണപ്പെടേണ്ട ക്ഷമ എന്ന പുണ്യത്തെക്കുറിച്ചാണ് പ്രതിപാദിക്കുക. പൗലോസ് ശ്ലീഹായുടെ സ്നേഹഭാഷ്യത്തിന്റെ മറെറാരു പതിപ്പാണത്: "സ്നേഹം എല്ലാം സഹിക്കുന്നു, എല്ലാം വിശ്വസിക്കുന്നു, എല്ലാം പ്രതീക്ഷിക്കുന്നു, എല്ലാം ക്ഷമിക്കുന്നു"(1 കൊറി.13:7). ധന്യചരിതന്റെ ഭാഷ്യം ഇപ്രകാരമാണ്: "*ഓരോരുത്തന്റെ അററകുററങ്ങളും കുറച്ചിലുകളും നിങ്ങൾ തമ്മിൽ തമ്മിൽ ക്ഷമിപ്പിൻ. ഇപ്രകാരം ചെയ്താൽ ഈ ലോകത്തിൽ സമാധാനവും പരലോകത്തിൽ നിത്യഭാഗ്യവും നിങ്ങൾ അനുഭവിക്കും.*"

### *ക്ഷമിക്കുന്ന സ്നേഹം*

ദൈവമാണ് ക്ഷമയുടെ ഉറവിടവും നിറകുടവും. ക്ഷമാശീലം അവിടുത്തെ സ്വഭാവവിശേഷങ്ങളിൽ സുപ്രധാനമായതാണ്. മനുഷ്യന്റെ പാപങ്ങളും അവിശ്വസ്തകളും മറക്കുകയും പൊറുക്കുകയും ചെയ്യുന്നു അവിടുന്ന്. "കർത്താവ് മനുഷ്യരുടെ അതിക്രമങ്ങൾ തുടച്ചുനീക്കുന്നു; അധർമങ്ങൾ കഴുകിക്കളയുന്നു" (സങ്കീ.51:1-2); "പാപങ്ങളിൽ നിന്നും മുഖം മറയ്ക്കുന്നു"(സങ്കീ. 51:9), "ക്രിസ്തു മാനവപാപങ്ങൾ സ്വന്തം ശരീരത്തിൽ വഹിച്ചുകൊണ്ട് കുരിശിലേക്കു കയറി"(1പത്രോ.2:24); "പാപത്തിന്റെ കടപത്രം മായിച്ചുകളഞ്ഞ് അതിനെ കുരിശിൽ തറച്ചു നിർമാർജ്ജനം ചെയ്തു" (കൊളോ.2:14). പാപപ്പൊറുതി നല്കിക്കൊണ്ട് ദൈവം മനുഷ്യൻ താറുമാറാക്കിയ ബന്ധം പുനഃസ്ഥാപിക്കുന്നു.

### *മറക്കുന്ന ദൈവം*

സ്വഭവനത്തിലേക്ക് തിരിച്ചുവന്ന ധൂർത്തപുത്രനെ പിതാവായ ദൈവം സ്വീകരിച്ചവിധം ലൂക്കാ.15:11-32 ൽ വിവരിച്ചിട്ടുണ്ടല്ലോ.

ദൂരത്തുവച്ചുതന്നെ തനയനെ കണ്ട പിതാവ് മനസ്സലിഞ്ഞ് ഓടിച്ചെന്ന് അവനെ ആശ്ലേഷിച്ച് ചുംബിക്കുകയായി. പുത്രന്റെ ഏററുപറച്ചിൽ ശ്രവിക്കുവാൻ നിൽക്കാതെ അവനെ മേൽത്തരം വസ്ത്രം ധരിപ്പിച്ചു; കയ്യിൽ മോതിരവും കാലിൽ ചെരിപ്പും ഇടുവിച്ചു. കൊഴുത്ത കാള ക്കുട്ടിയെ കൊന്ന് എല്ലാവരെയും വിളിച്ച് ഭക്ഷിച്ച് ആഹ്ലാദിക്കുകയായി. ഇപ്രകാരം പൊറുക്കുകയും മറക്കുകയും മാത്രമല്ല ദൈവപിതാവ് ചെയ്യുക, നഷ്ടപ്പെട്ടുപോയതെല്ലാം തിരികെ നൽകുകയും പുത്രന്റെ പുനരാഗമനത്തിൽ അകമഴിഞ്ഞ് ആനന്ദിക്കുകയും ചെയ്യുന്നു. ഔദാര്യപൂർവ്വം ധാരാളിത്തത്തോടു കൂടി തിരിച്ചുവരവ് ആഘോ ഷിക്കുന്നു. ഈ മനസ്ഥിതി വിശേഷമാണ് ക്രൈസ്തവർ അനുകരി ക്കേണ്ടത്. അവിടുത്തെ കാരുണ്യവും അചഞ്ചലസ്നേഹവും കൃപയും നിറഞ്ഞുനില്ക്കുകയാണ് പൊറുതി നൽകലിൽ.

*പൂർവ്വ യൗസേപ്പിന്റെ മാതൃക*

വ്യവസ്ഥാതീതമായിരിക്കണം ക്രൈസ്തവർ മററുള്ളവരോട് ക്ഷമിക്കേണ്ടതും അധർമങ്ങൾ മറക്കേണ്ടതും. ഇത്തരം മനോഭാവം പുലർത്തിയ വ്യക്തികളെ പഴയനിയമഗ്രന്ഥങ്ങളിൽ കാണാവുന്ന താണ്. യാക്കോബിന്റെ മകനായ യൗസേപ്പ് തന്നെ കൊന്നുകളയു വാനും, അടിമയായി വിൽക്കുവാനും ശ്രമിച്ച ജ്യേഷ്ഠസഹോദരന്മാ രോട് നിരുപാധികം ക്ഷമിക്കുന്ന രംഗം അവിസ്മരണീയമാണല്ലോ. അദ്ദേഹം അവരോട് പറയുകയാണ്: "നിങ്ങൾ എന്നെ ദ്രോഹിക്കുവാൻ ശ്രമിച്ചു. എന്നാൽ ദൈവം അതിലൂടെ നന്മ കൈവരുത്തി. അനേകാ യിരങ്ങളുടെ ജീവനെ സംരക്ഷിക്കുവാൻ എന്നെ ഉപകരണമാക്കി തീർത്തു" (ഉത്പ.50:19-21). ദൈവത്തിന്റെ നാമത്തിലാണ് യൗസേപ്പ് എല്ലാം മറന്നതും പൊറുത്തതും. ക്രിസ്തീയ കുടുംബങ്ങൾക്ക് അനുകരിക്കാവുന്നതാണല്ലോ യൗസേപ്പിന്റെ ഈ ക്ഷമാപൂർവ്വമായ വർത്തനം.

*ഏശാവിന്റെ മാതൃക*

തന്നെ വഞ്ചിച്ച് കടിഞ്ഞൂൽപുത്രാവകാശം തട്ടിയെടുത്ത യാക്കോബിനോട് ഔദാര്യപൂർവ്വം പെരുമാറിയവനാണ് മൂത്തവനായ ഏശാവ് (ഉത്പ.33:1-16). നാടുവിട്ടുപോയ ഇളയവനെ അന്വേഷിച്ചിറങ്ങി

ആ അനനുഗൃഹീതൻ. യാക്കോബിനെ കണ്ടമാത്രയിൽ ഓടിച്ചെന്ന് അവനെ ആശ്ലേഷിച്ചു; തന്നോടടുപ്പിച്ച് ചുംബിക്കുകയും സന്തോഷാധിരേകത്താൽ കരയുകയും ചെയ്തു. തനിക്ക് സമ്മാനമായി കൊണ്ടുവന്ന ആട്ടിൻപററങ്ങളെ സ്വീകരിക്കുവാൻ മടിച്ചുകൊണ്ട് പറഞ്ഞു: "എന്റെ സഹോദരാ എനിക്ക് അതെല്ലാം വേണ്ടത്രയുണ്ട്; നിന്റേത് നീ തന്നെ എടുത്തുകൊള്ളുക." യാത്രയിൽ യാക്കോബിന് സുരക്ഷാവലയം നൽകുവാൻ തയ്യാറായെങ്കിലും നന്ദിപൂർവ്വം ഇളയവൻ അത് തിരസ്കരിച്ചപ്പോൾ തന്നോടൊത്തുണ്ടായിരുന്ന നാനൂറുപേരിൽ ചിലരെ അവന്റെ കൂടെ നിർത്തുവാൻ സന്നദ്ധനാവുകയാണ് പഴയതെല്ലാം മറക്കുകയും പൊറുക്കുകയും ചെയ്തവൻ.

### *യേശുവിന്റെ പ്രബോധനം*

ക്ഷമിക്കുന്നതിനുള്ള മാനദണ്ഡം ഏഴുപ്രാവശ്യമാക്കിയ പത്രോസിനോട് യേശു അരുൾച്ചെയ്തു: "ഏഴുപ്രാവശ്യമെന്നല്ല, ഏഴുവീതം എഴുപതു പ്രാവശ്യം എന്നു ഞാൻ നിന്നോടു പറയുന്നു"(മത്താ.18:21-22). അതിരില്ലായ്മയെക്കുറിക്കുന്നതാണ് ആ പ്രയോഗം. ക്രൈസ്തവർ തങ്ങളെ ദ്രോഹിക്കുന്നവരോട് വീണ്ടും വീണ്ടും ക്ഷമിക്കുവാൻ കടപ്പെടുന്നു. പതിനായിരം താലന്ത് കടം വാങ്ങിച്ചവനോട് അനുകമ്പ തോന്നി എല്ലാം ഇളവുചെയ്യുന്നവനാണ് സ്വർഗ്ഗീയതാതൻ (മത്താ.18:23-25). ആ ഉപമയിലൂടെകർത്താവ് മറെറാരുകാര്യം നമ്മെ പഠിപ്പിക്കുന്നു. ദൈവം നമ്മോട് ക്ഷമിക്കുവാൻ സദാ സന്നദ്ധനാണ്. എന്നാൽ ആ ദിവ്യകാരുണ്യം നമ്മൾ സഹചരോടും കാണിക്കണം. മററുള്ളവരോട് ഹൃദയപൂർവ്വം ക്ഷമിക്കുന്നില്ലെങ്കിൽ കരുണാപൂരിതനായ അവിടുന്ന് നമ്മോടും ക്ഷമിക്കുകയില്ല. യേശു പഠിപ്പിച്ച "സ്വർഗ്ഗസ്ഥനായ പിതാവേ" എന്ന പ്രാർത്ഥനയിൽ നാം ഏററുപറയുന്നുണ്ടല്ലോ, "ഞങ്ങളോട് തെററുചെയ്തവരോട് ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ തെററുകൾ ഞങ്ങളോടും ക്ഷമിക്കണമേ എന്ന്" (മത്താ.612).

### *ക്ഷമയ്ക്കുള്ള സമ്മാനം*

മററുള്ളവരുടെ അററകുററങ്ങളും കുറച്ചിലുകളും ക്ഷമിക്കുന്നവർക്ക് രണ്ടുകാര്യങ്ങളാണ് ചാവറപിതാവ് വാഗ്ദാനം ചെയ്തിരിക്കുക, ഈ ലോകത്തിൽ സമാധാനം, പരലോകത്തിൽ നിത്യഭാഗ്യം. ദൈവികമായ

പ്രശാന്തി ഭൂമിയിൽ തന്നെ കൈവരുമെന്നാണ് അദ്ദേഹം ഉറപ്പു നൽകുന്നത്. കർത്താവിന്റെ ജനനത്തിൽ മാലാഖമാർ ആലപിച്ച കീർത്തനത്തിലെ രണ്ടാം ഭാഗം ഇപ്രകാരമാണല്ലോ: "ഭൂമിയിൽ ദൈവപ്രസാദമുള്ളവർക്ക് സമാധാനം"(ലൂക്കാ.2:14). അന്ത്യപ്രഭാഷണത്തിൽ ഗുരുവരൻ ആശംസിച്ച അതേ സമാധാനം തന്നെയാണ് വന്ദ്യപിതാവും നേരുന്നത്: "സമാധാനം നിങ്ങൾക്കായി ഞാൻ വിട്ടുതരുന്നു. എന്റെ സമാധാനം നിങ്ങൾക്കു തരുന്നു. ലോകം തരുന്നതുപോലെയല്ല ഞാൻ നിങ്ങൾക്ക് തരുന്നത്"(യോഹ.14:27). രണ്ടാമത്തെ വാഗ്ദാനം പരലോകത്തിലെ നിത്യഭാഗ്യമാണ്. "സമാധാന സംസ്ഥാപകർ ദൈവമക്കളെന്ന് വിളിക്കപ്പെടു"മെന്ന് അഷ്ടഭാഗ്യങ്ങളിൽ അവിടുന്ന് അരുൾചെയ്യുന്നുണ്ടല്ലോ(മത്താ.5:9). സ്വർഗ്ഗരാജ്യമാണല്ലോ ദൈവതനയരുടെ വാസഗേഹം. അന്ത്യവിധിനാളിൽ അവരോട് മനുഷ്യപുത്രൻ അരുൾചെയ്യും: "എന്റെ പിതാവിനാൽ അനുഗൃഹീതരേ, വരുവിൻ. ലോകാരംഭം മുതൽ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന രാജ്യം അവകാശപ്പെടുത്തുവിൻ"(മത്താ.25:34).



## 9
# വഴക്കില്ലാത്ത വീട്

*ആമുഖം*

കഴിഞ്ഞ അദ്ധ്യായത്തിൽ "കുടുംബം ക്ഷമയുടെ ദർശനം" എന്ന ചാവറപിതാവിന്റെ വാക്കുകൾ നമ്മൾ അനുചിന്തനവിഷയമാക്കി. ഓരോരുത്തരുടെ അറ്റകുറ്റങ്ങളും കുറച്ചിലുകളും നിങ്ങൾ തമ്മിൽ തമ്മിൽ ക്ഷമിപ്പിൻ. ഇപ്രകാരം ചെയ്താൽ ഈ ലോകത്തിൽ സമാധാനവും പരലോകത്തിൽ നിത്യഭാഗ്യവും നിങ്ങൾ അനുഭവിക്കും. പിതാവ് തുടർന്ന് പറയുന്നത് വീടുകളിൽ നിലനിൽക്കുന്ന വഴക്കിന്റെ കാര്യമാണ്. ഒരു വീട്ടിൽ തന്നെ ജേഷ്ഠാനുജന്മാരും സ്ത്രീജനങ്ങളും തമ്മിൽ തമ്മിൽ സ്നേഹമില്ലാതെ എല്ലായ്പ്പോഴും വഴക്കും സംസാരവുമായിരിക്കുന്നത് എത്രയോ ദു:ഖിക്കത്തക്കത്.

*കണ്ണീരണിഞ്ഞ മൊഴികൾ*

മേലുദ്ധരിച്ച വാക്കുകളിൽ ചാവറയുടെ ഹൃദയത്തിൽ നിറഞ്ഞുനിന്നിരുന്ന ദു:ഖത്തിന്റെ തരംഗങ്ങൾ അലയടിക്കുന്നു. ചില ക്രിസ്തീയ കുടുംബങ്ങളിലെ ശോചനീയമായ സ്ഥിതി വിശേഷം പിതാവിനെ വളരെയധികം ദു:ഖിപ്പിച്ചു. കർത്താവ് തന്റെ ജനനവും മരണവും ഉത്ഥാനവും വഴി തന്റെ അനുയായികൾക്ക് സമ്മാനിച്ച ദൈവത്തിന്റെ സമാധാനം അനുഭവിക്കാതെ ഭൂമിയിൽ നരകം തീർക്കുന്ന ഇക്കൂട്ടരെക്കുറിച്ച് യേശുവിനെപ്പോലെ ചാവരുളിന്റെ ലിഖിതാവും വിലപിക്കുകയാണ്. ദൈവത്തിന്റെ വേദന ഈ മൊഴികളിൽ നിറഞ്ഞുനിൽക്കുന്നില്ലേ?

*നാശം വിതക്കുന്ന ഛിദ്രം*

ചാവറപിതാവിന്റെ ആശയങ്ങൾ വചനാധിഷ്ഠിതമാണ്. ഭിന്നിക്കപ്പെട്ട രാജ്യം നിലനിൽക്കാൻ പാടില്ലെന്ന് നമ്മുടെ കർത്താവ് തന്നെ അരുൾച്ചെയ്തിരിക്കുന്നു. മത്താ.12:25 ലെ വാക്യമാണിത്. പിശാചുക്കളുടെ തലവനായ ബേൽസെബൂലിനെക്കൊണ്ട് മാത്രമാണ് ഇയാൾ പിശാചുക്കളെ ബഹിഷ്ക്കരിക്കുന്നത് എന്ന പ്രീശരുടെ കുറ്റാരോപണത്തിനു മറുപടി പറയുകയായിരുന്നു മനുഷ്യപുത്രൻ. പിശാച് പിശാ

ഷിനെതിരായി തിരിഞ്ഞാൽ എന്തു സംഭവിക്കും? സാത്താന്റെ സാമ്രാജ്യം തകർന്നടിയുകയില്ലേ? അതുപോലെ തന്നെയാണ് ഭിന്നതകളുടെ ഭവനവും. ഇപ്രകാരം വഴക്കുള്ള തറവാട് വേഗത്തിൽ നാശമായി പോകും.

*പ്രായോഗികന്യായം*

തുടർന്ന് ഏവർക്കും മനസ്സിലാക്കുന്ന സാധാരണ ന്യായങ്ങൾ നിരത്തി വയ്ക്കുകയായി ചാവറപിതാവ്. "*നീതിയെക്കുറിച്ചും സത്യസന്ധതയെക്കുറിച്ചും പ്രഭാഷകൻ പറയുന്ന വാക്കുകൾ എപ്പോഴും കൺമുമ്പിലുണ്ടാകണം. നീതിയെ പിന്തുടർന്നാൽ നിനക്കതു ലഭിക്കും. മഹനീയ അങ്കിപോലെ സത്യസന്ധത സത്യസന്ധനോടു ചേരുന്നു*" (പ്രഭാ.27:8-9) നിങ്ങളുടെ അറ്റകുറ്റങ്ങളും മോശങ്ങളും നിങ്ങൾ തമ്മിൽ തമ്മിൽ ക്ഷമിക്കുകയില്ലെങ്കിൽ പുറമെയുള്ളവർ ക്ഷമിക്കുമോ?" നാളെ ശേഷം പേർ നിന്റെ കുറ്റം ക്ഷമിക്കണമെങ്കിൽ ഇന്ന് ശേഷം പേരുടെ അറ്റകുറ്റങ്ങൾ നീ ക്ഷമിക്കണ്ടയോ? ഇവിടെ ലോകജീവിതത്തിൽ കണ്ടുവരുന്ന കാര്യം അതേപടി വന്ദ്യതാതൻ അവതരിപ്പിക്കുന്നു. ഒരു കുറ്റം മറ്റുള്ളവർ ക്ഷമിക്കണമെങ്കിൽ ഇതരരുടെ പത്തു കുറ്റങ്ങളെങ്കിലും ക്ഷമിക്കേണ്ടതുണ്ട്. കുടുംബചട്ടത്തിന്റെ രചയിതാവ പത്തെന്ന് എടുത്തു പറഞ്ഞിട്ടില്ല. അറ്റകുറ്റങ്ങൾ എന്ന വാക്കാണ് ഉപയോഗിച്ചിരിക്കുക. ക്രിസ്തുവിന്റെ കാഴ്ച്ചപ്പാടിന്റെ ഭാഷ്യമാണിത്.

*ഒരു വചനഭാഷ്യം*

ഗിരിപ്രഭാഷണത്തിലെ കർത്താവിന്റെ രണ്ടു വാക്യങ്ങൾക്ക് തനിമയേറിയ ശൈലിയിൽ ഭാഷ്യം നൽകുന്നു പുണ്യപിതാവ്. നിങ്ങളെ സ്നേഹിക്കുന്നവരെ മാത്രം നിങ്ങൾ സ്നേഹിച്ചാൽ എന്ത് പ്രതിഫലത്തിനാണ് നിങ്ങൾക്കവകാശം? ചുങ്കക്കാരും ഇതു തന്നെയല്ലേ ചെയ്യുന്നത്? സഹോദരരെ മാത്രം അഭിസംബോധന ചെയ്താൽ അതിലെന്താണ് സവിശേഷത? അവിശ്വാസികളും അപ്രകാരം ചെയ്യുന്നില്ലേ? (മത്താ.5:46-47). പിതാവിന്റെ ഭാഷ്യം നോക്കുക. ഒരു ഉപദ്രവവും ചെയ്യാത്തവരെ മാത്രം സ്നേഹിച്ചാൽ കവ്യരും (പുറം ജാതിക്കാർ) തമ്മിൽ തമ്മിൽ അറിവും ചാർച്ചയും ഇല്ലാത്തവരും, ചെയ്യുന്നതിലധികം നീ എന്തുചെയ്യുന്നു. നിങ്ങളെ

സ്നേഹിക്കുന്നവരെ, സഹോദരരെ എന്ന പ്രയോഗങ്ങൾക്കു പകരം ഒരുപദ്രവവും ചെയ്യാത്തവരെ എന്നാക്കിയിരിക്കുന്നു. പശ്ചാത്തലവു മായി സംയോജിപ്പിക്കുന്നതാണ് ഈ പ്രയോഗം. ചുങ്കക്കാരും അവിശ്വാസികളും എന്ന പദങ്ങൾ വിശദമായ ഭാഷ്യമാണ് കാഴ്ച്ചവയ്ക്കുക. അവർ കാവ്യരും തമ്മിൽ തമ്മിൽ അറിവും ചാർച്ചയും ഇല്ലാത്തവരാണ്. യേശുവിന്റെ കാലത്ത് ചുങ്കക്കാർ പാപികളായാണ് ചിത്രീകരിക്കപ്പെട്ടിരുന്നത്. ചാവറപിതാവ് ആ പദം ഉപേക്ഷിച്ചിരി ക്കുന്നു. പകരം തമ്മിൽ തമ്മിൽ അറിവും ചാർച്ചയും ഇല്ലാത്തവർ എന്നാക്കിയിരിക്കുകയാണ്. ബന്ധുജനങ്ങളും കേട്ടറിവില്ലാത്തവരും എന്ന പ്രയോഗം കുടുംബചട്ടത്തിൽ കുറച്ചുകൂടി ഭൂഷണമാണല്ലോ.

*ആദവും നമ്മളും*

തുടർന്ന് ജീവിത്തിലെ ദു:ഖദുരിതങ്ങൾക്ക് ആദിപിതാവു മായുള്ള ബന്ധം രചയിതാവ് ചൂണ്ടിക്കാട്ടുന്നു. ആദമെന്ന മഹാപിതാവ് നമുക്ക് അവകാശമായി വച്ചിരിക്കുന്ന ഞെരുക്കങ്ങളും സങ്കടങ്ങളും പോരാതെ നിങ്ങൾ സ്വമനസ്സാലെ വീണ്ടും ഉണ്ടാക്കണമോ? പാപത്തിന്റെ ഫലങ്ങളത്രെ ദു:ഖദുരിതങ്ങൾ. അവ നമുക്കേവർക്കും ജന്മാവകാശമായി ലഭിച്ചിരിക്കുന്നതാണ്. ഒഴിഞ്ഞുമാറാൻ ആർക്കു മാവില്ല. ഇപ്രകാരം ഇഹലോകജീവിതം ക്ലേശം നിറഞ്ഞതായിത്തീർ ന്നിരിക്കുന്നു. ഈ ജന്മാവകാശത്തിന്റെ കൂടെ സ്വമനസ്സാൽ ഞെരുക്കങ്ങളും സങ്കടങ്ങളുമെന്ന സമ്പത്ത് വർദ്ധിപ്പിക്കാൻ ശ്രമിക്കുന്നത് വിഡ്ഢിത്തരമല്ലേ? നിർഭാഗ്യവശാൽ പലരും ഇപ്രകാരം വർത്തിക്കുന്നു. വഴക്കില്ലാതെ കഴിയുന്ന കുടുംബങ്ങളിൽ കലഹ ത്തിന്റെ ബീജം വിതക്കാൻ ഒരുങ്ങുന്നവർക്ക് ദുരിതമുണ്ടാകട്ടെ എന്നാണ് ചാവറപിതാവ് എഴുതിയിരിക്കുക. സുവിശേഷത്തിൽ കർ ത്താവ് തിന്മയുടെ വിധാതാക്കൾക്ക് ദുരിതം സംഭവിക്കുമെന്ന് തെളിച്ചുപറയുന്നുണ്ടല്ലോ(മത്താ.23:1-36). അതേ ശൈലിയിൽ അവിടുത്തെ പ്രതിനിധിയായ ചാവറയച്ചനും സംസാരിക്കുകയാണ്.

*വഴക്കാളി, പിശാചിന്റെ പിന്നണിയാൾ*

വഴക്കുള്ള വീടിന്റെ അവസ്ഥയെന്തെന്ന് വ്യക്തമാക്കുവാൻ വഴക്കാളിയായ ഒരു കിഴവിയുടെ കഥ ചാവറപിതാവ് പറയുന്നുണ്ട്. വഴക്കില്ലാതെ സമാധാനത്തിൽ കഴിഞ്ഞിരുന്ന ഒരു വീടുണ്ടായിരുന്നു.

അപ്പോൾ കിഴവി എന്തു ചെയ്തെന്നോ? കുടുംബാംഗങ്ങൾ തമ്മിൽ കലഹിക്കുവാൻ പല കാരണങ്ങളും ഉണ്ടാക്കിക്കൊടുത്തു. അതോടെ നിലനിന്നിരുന്ന സമാധാനം തകർന്നുപോയി. അംഗങ്ങൾ തമ്മിൽ ശത്രുതയോടെ പരസ്പരം പൊരുതിക്കൊണ്ടിരുന്നു. കുടുംബ ഛിദ്രത്തിന്റെ കാരണഭൂതനായ പിശാചിന് വളരെ സന്തോഷമായി. അവൻ സ്വർണ്ണനാണയങ്ങൾ നിറഞ്ഞ ഒരു കിഴി കിഴവിക്ക് കൊടുത്തുകൊണ്ട് പറഞ്ഞു. ആ കുടുംബത്തിൽ വഴക്കുണ്ടാക്കാൻ ഞാൻ മൂന്നുവർഷക്കാലം ശ്രമിച്ചിട്ടും പരാജയപ്പെട്ടതാണ്. നീയാകട്ടെ മൂന്നുദിവസം കൊണ്ട് അത് നേടിയെടുത്തല്ലോ. നിന്നെ എന്റെ ആലോചനക്കാരിയാക്കാൻ ഞാൻ തീരുമാനിച്ചിരിക്കുന്നു. അതു പറഞ്ഞശേഷം ആ കിഴവിയെ കയ്യോടെ പിടിച്ച് നരകത്തിലേക്ക് കൊണ്ടുപോയി.

*സമാധാനമാർന്ന തറവാട്*

കുടുംബചട്ടത്തിന്റെ രചയിതാവ് പറയുന്നു: ഒരു തറവാടിന്റെ ബഹുമാനവും ഭാഗ്യവും യാതൊരു വഴക്കുമില്ലാതെ എല്ലാവരോടും സമാധാനമായിരിക്കുന്നതത്രെ. ഇപ്രകാരമുള്ള കുടുംബമായിരുന്നു തിരുക്കുടുംബം. വഴക്കെന്ന വാക്കുപോലും അവർക്കറിഞ്ഞുകൂടായിരുന്നു. യൗസേപ്പിതാവും മാതാവും തമ്മിലും യൗസേപ്പിതാവും ഈശോയും തമ്മിലുമുള്ള ബന്ധങ്ങളിൽ സ്വർഗ്ഗീയ സമാധാനം നിറഞ്ഞുനിന്നിരുന്നു. അതുപോലെ അയൽക്കാരും അപരിചിതരും മറ്റെല്ലാ മനുഷ്യരും തമ്മിൽ സമാധാനത്തിൽ വർത്തിച്ചിരുന്നു തിരുക്കുടുംബത്തിന്റെ നാഥൻ. സ്നേഹത്തിന്റേയും സമാധാനത്തിന്റേയും സന്തോഷത്തിന്റേയും ബന്ധമായിരുന്നു യൗസേപ്പിതാവും ഈശോയുമായി മാതാവ് പുലർത്തിയിരുന്നത്. മറ്റുള്ളവരുമായും അമ്മ സഹവർത്തിത്വത്തിൽ കഴിഞ്ഞു. ഈശോയായിരുന്നു അവരെയെല്ലാം തമ്മിൽ ബന്ധിപ്പിച്ചിരുന്ന സ്നേഹശൃംഖല.

*ബഹുമാനമാർന്ന തറവാട്*

ഇപ്രകാരമുള്ള സമാധാനം കുടുംബത്തിൽ പരിലസിക്കുമ്പോൾ ആ തറവാടിന് ബഹുമാനവും ഭാഗ്യവും കൈവരും. ത്രിത്വദൈവത്തിന് സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും അർപ്പിക്കുന്ന കർമ്മമാണല്ലോ വി. കുർബ്ബാന.

ബഹുമാനമെന്ന ബൈബിൾ പദത്തിന്റെ പ്രാഥമികാർത്ഥം തൂക്കം, ഗുരുത്വം, പ്രാമുഖ്യം എന്നൊക്കെയാണ്. ദൈവത്തിന്റെ വ്യക്തിത്വത്തിന്റെ ലക്ഷണം അത് ഗുരുത്വമുള്ളതാണ് എന്നതത്രേ. ലഘുത്വം അഥവാ കനമില്ലായ്മ അല്പത്വത്തിന്റെ ലക്ഷണമാണല്ലോ. മഹത്വമാർന്ന ദൈവത്തിന് ഉചിതമായ ബഹുമാനം നൽകുന്നതാണ് അവിടുത്തേക്കർഹമായ ആദരവേകൽ. ദൈവത്തിന്റെ മഹത്വത്തിന് അത്തരം ബഹുമാനത്തിൽ പങ്കു ലഭിക്കുന്നു. മോക്ഷമെന്ന സ്വർഗ്ഗീയ കുടുംബത്തിന്റെ ഭൂമിയിലെ സജീവപ്രതിച്ഛായകളായവർക്ക് ദൈവത്തിന്റെ അനുഗ്രഹം ലഭിക്കും. എല്ലാവരും ആ കുടുംബത്തെ ആദരിക്കും. കുടുംബാംഗങ്ങൾ തന്നെ പരസ്പരം ബഹുമാനത്തോടെ വർത്തിക്കും. മറ്റുള്ളവരോടും ആദരവോടുകൂടെ മാത്രമേ സംസാരിക്കുകയും സഹവസിക്കുകയും ചെയ്യുകയുള്ളൂ. അതുവഴി കുർബ്ബാനയുടെ അന്തരീക്ഷം ആ കുടുംബത്തിൽ നിഴലിക്കും.

### *ഭാഗ്യമുള്ള കുടുംബം*

ത്രിത്വദൈവത്തെ blessed Trinity എന്നാണല്ലോ നാമകരണം ചെയ്യുക. blessedness ന്റെ ഉറവിടവും നിറകുടവും ആകാരവും ആദർശവും ദൈവമത്രേ. കാരണം നന്മസ്വരൂപൻ തന്നെയാണ് അവിടുന്ന്. തന്മൂലം സച്ചിദാനന്ദസ്വരൂപൻ അനുഗൃഹീതനും വാഴ്ത്തപ്പെട്ടവനും ഭാഗ്യപൂർണ്ണനുമായി ഭവിക്കുന്നു. ഈ അനുഗ്രഹത്തിലും സൗഭാഗ്യത്തിലും പങ്കുപറ്റാൻ വിളിക്കപ്പെട്ടവരാണ് മാനവരെല്ലാം. സൗഭാഗ്യസന്തുഷ്ടമായ തിരുക്കുടുംബം തന്നെയാണ് അതിന്റെ ഉദാത്തമാതൃക. അവിടെ സ്വർഗ്ഗീയസമാധാനം നിറഞ്ഞുനിന്നിരുന്നല്ലോ. ഓരോ ക്രിസ്തീയകുടുംബവും തിരുക്കുടുംബത്തെ അനുകരിച്ച് ഭാഗ്യം തിരഞ്ഞതായിത്തീരാൻ വിളിക്കപ്പെട്ടിരിക്കുന്നു. ദൈവികസമാധാനം കുടുംബത്തിൽ പരിലസിക്കുമ്പോൾ അത് ആകാശമോക്ഷത്തിന്റെ സദൃശ്യമായിത്തീരും. ഭാഗ്യം നിറഞ്ഞ തറവാടായി ഭവിക്കും.

### *മനുഷ്യൻ മൃഗമോ?*

ചാവറപിതാവ് തുടരുന്നു: നീരസങ്ങളെക്കുറിച്ച് പകരം വീഴ്ച ചെയ്യാൻ മൃഗങ്ങൾക്ക് കൂടെയും ശക്തിയുണ്ട്. എന്നാൽ അവയെ സാരം വയ്ക്കാതെ പൊറുക്കുന്നത് മഹാശക്തിയും വിവേകവും അവസ്ഥ

യുമുള്ള ആളിനുമാത്രം കഴിയുന്നതാകുന്നു. ബുദ്ധിശക്തിയില്ലാത്ത സൃഷ്ടികളല്ലെ മൃഗങ്ങൾ. ജന്മവാസനയാൽ അവ നയിക്കപ്പെടുന്നു. വിശന്നാൽ ഉടനടി ആഹാരം തേടുകയായി. ഉറക്കം വന്നാൽ ഉറങ്ങാനുള്ള ശ്രമമാകും. ആരെങ്കിലും ഉപദ്രവിച്ചാൽ ഉടനടി പകരം ചെയ്യുക സഹജമാണവയ്ക്ക്. എന്നാൽ മനുഷ്യനോ ദൈവം ബുദ്ധിശക്തി നൽകിയിരിക്കുന്നു. പകരം വീട്ടാനുള്ള വികാരവും സഹജവാസനയും നിയന്ത്രിക്കാനുള്ള കഴിവ് ദൈവം മനുഷ്യന് നൽകിയിട്ടുണ്ട്. അതാണ് മനുഷ്യനും മൃഗവും തമ്മിലുള്ള ആത്യന്തികവ്യത്യാസം. ആരെങ്കിലും നീരസവും വെറുപ്പും ഉളവാക്കുന്ന വിധം പെരുമാറിയാൽ അത് സാരം വയ്ക്കാതെ പൊറുക്കാൻ അവന് സാധിക്കും. മറ്റൊരു വാക്കിൽ മൃഗമായി അധ:പതിക്കാൻ കഴിവുള്ളവനാണ് മർത്യൻ. ചാവറപിതാവിന്റെ ഭാഷയിൽ നീരസം വരുത്തിവയ്ക്കുന്നവർക്കെതിരെ പ്രതികരിക്കാതിരിക്കുക. മഹാശക്തിയും വിവേകവും അവസ്ഥയുമുള്ള ആളിനു മാത്രം കഴിയുന്നതാകുന്നു അത്. ഉരുളക്കുപ്പേരി എന്നതാകുകയില്ല അത്തരക്കാരുടെ വർത്തനമന്ത്രം. അതേ നാണയത്തിൽ മറുപടി കൊടുക്കാതിരിക്കാൻ ശക്തിയും വിവേകവും അന്തസ്സും ആവശ്യമുണ്ട്. ആരാണ് ശക്തൻ? ആരാണ് വിവേകശാലി? ആരാണ് അവസ്ഥയും അന്തസ്സും ഉള്ളവൻ? കുടുംബചട്ടത്തിന്റെ നിയന്താവ് അസന്നിഗ്ദ്ധമായ ഭാഷയിൽ മറുപടി പറയുന്നു. *"നീരസങ്ങളെ സാരം വയ്ക്കാതെ പൊറുക്കുന്നവൻ. അത്തരക്കാരൻ മാത്രമത്രേ മഹാശക്തനും വിവേകിയും ആഭിജാത്യമുള്ളവനുമായ വ്യക്തി."*

### *ശക്തിയുടെ അടയാളം*

ഒരു ദൃഷ്ടാന്തകഥ പറയുന്നുണ്ട് ചാവറപിതാവ്. കോൺസ്റ്റന്റയിൻ മഹാപ്രതാപവാനായ ചക്രവർത്തിയായിരുന്നല്ലോ. ഒരിക്കൽ രാജ്യസേവകരോടൊത്ത് നടന്നുപോവുകയായിരുന്ന അദ്ദേഹത്തെ ഒരുത്തൻ കവിളത്തടിച്ചു. അനുചരരെല്ലാം ഏകസ്വരത്തിൽ ആക്രോശിച്ചു, ആ അധമനെ വധിക്കുക. ചക്രവർത്തി ഇപ്രകാരമാണ് പ്രതികരിച്ചത്. എന്റെ ഏറ്റവും താഴ്ന്ന ഉദ്യോഗസ്ഥനു ചെയ്യാൻ കഴിയുന്നതു ഞാൻ പ്രവർത്തിക്കുക വലിയ കാര്യമാണോ? എന്നാൽ ഇതു ഞാൻ ക്ഷമിക്കുന്നു. ഇത് എന്റെ ഏറ്റവും വലിയ ശക്തിയുടെ അടയാളമാകുന്നു.

## 10

# കോടതികയറ്റം

***കോടതി കയറൽ***

തുടർന്നുള്ള അനുശാസനം വളരെ പ്രായോഗികവും ഇന്നത്തെ കാലത്തെ അവസ്ഥയെ കുറിക്കുന്നതുമാണ്. *" സർക്കാർ വഴക്കുകൾ കുടുംബങ്ങളെ നശിപ്പിക്കുന്നു. എത്ര ന്യായമുള്ള സംഗതികളെക്കുറിച്ചായിരുന്നാലും സർക്കാരിൽ പോകാതിരിക്കയായിരുന്നു നന്ന് എന്ന് കടശി പറയുവാൻ ഇടയാകുകയും ചെയ്യും. സർക്കാരിൽ പോയതിനെക്കുറിച്ച് ഒരുത്തനും ഒരിക്കലും ഉപകാരമെങ്കിലും സന്തോഷമെങ്കിലും ഉണ്ടായിട്ടില്ല."*

***യേശുവിന്റെ വീക്ഷണം***

സഭാംഗങ്ങൾ കോടതി കയറുക എന്ന ആശയം നവ്യഉടമ്പടി സമൂഹത്തെക്കുറിച്ചുള്ള വീക്ഷണത്തിലില്ല. സഭാംഗങ്ങൾ പരസ്പരം തെറ്റുതിരുത്തണമെന്നാണ് അനുശാസനം. മത്താ.18:15-18 ൽ ഇക്കാര്യം വിശദീകരിച്ചിരിക്കുന്നു. സഹോദരൻ തെറ്റു ചെയ്താൽ ഇതര സഭാംഗം അവനെ തനിച്ചു വിളിച്ച് തെറ്റു മനസ്സിലാക്കി കൊടുക്കണം. സർഗ്ഗാത്മകമായി പ്രതികരിക്കുകയാണെങ്കിൽ അവൻ ആ സഹോദരനെ നേടിക്കഴിഞ്ഞു. എന്നാൽ പ്രത്യാഘാതം നിഷേധാത്മകമാണെങ്കിൽ ഒന്നോ രണ്ടോ സഭാംഗങ്ങളോടൊത്ത് വീണ്ടും അവനെ സമീപിക്കണം. നവ്യഉടമ്പടിസമൂഹത്തിന്റെ സാമൂഹ്യാത്മകമാനം ഇവിടെ ദൃശ്യമാകുന്നു. എന്നാൽ അവരുടെ ഉപദേശവും തിരസ്ക്കരിക്കപ്പെടുകയാണെങ്കിൽ ഒരു പോംവഴിയേയുള്ളൂ. സഭയോടു പറയുക. സഭയെയും ശ്രവിക്കാൻ വിസമ്മതം പ്രകടിപ്പിക്കുന്നവൻ ഉടമ്പടി സമൂഹത്തിന് പുറത്തായതായി ധരിക്കണം. കാരണം പാപങ്ങൾ കെട്ടപ്പെടുന്നതിനും അഴിക്കുന്നതിനും ഉള്ള അധികാരം സഭക്കുണ്ട്. രാഷ്ട്രീയവ്യവഹാരത്തിലേർപ്പെടുന്നതിനെക്കുറിച്ച് ഗുരുവരൻ വിഭാവനം ചെയ്യുന്നില്ല.

പരസ്പരം തെറ്റുതിരുത്തലിന് അനുബന്ധമായി മറ്റൊരു കാര്യത്തിന് യേശു ഊന്നൽ നൽകുന്നു. സഹോദരരുടെ തെറ്റ് വീണ്ടും വീണ്ടും ക്ഷമിക്കാൻ സഭാംഗങ്ങൾ കടപ്പെടുന്നു (മത്താ.18:21-22). അതിന് അതിരുകൾ കല്പിക്കരുത്. ഏഴുപ്രാവശ്യം എഴുപത് എന്ന പ്രയോഗം അതിരില്ലായ്മയെ സൂചിപ്പിക്കുന്നു. ക്ഷമിക്കുന്നതിനുള്ള

മാനദണ്ഡം കരുണയില്ലാത്ത ഭൃത്യനെക്കുറിച്ചുള്ള ഉപമയിൽ വ്യക്തമാക്കുന്നുണ്ട് (മത്താ.18:23-25). സ്വർഗ്ഗീയപിതാവ് നമ്മെല്ലാവരുടേയും അപരാധങ്ങൾ ക്ഷമിക്കാൻ സദാ സന്നദ്ധനാണ്. പക്ഷേ ഒരു കാര്യം അവിടുന്നാവ ശ്യപ്പെടുന്നു. സ്വർഗ്ഗീയപിതാവിന്റെ ക്ഷമാമനോഭാവം നാമും അനുക രിക്കണം. അല്ലാത്തവരുടെ തെറ്റുകൾ ക്ഷമിക്കാൻ അവിടുന്ന് തയ്യാറാ യില്ലെന്ന് വരാം.

*പൗലോസ് ശ്ലീഹായുടെ അനുശാസനം*

കോടതി കയറുന്നതിനെക്കുറിച്ചുള്ള ക്രിസ്തീയവീക്ഷണം കോറിന്തിലെ സഭക്കെഴുതിയ ഒന്നാം ലേഖനത്തിൽ പൗലോസ്ശ്ലീഹാ വിശദീകരിക്കുന്നുണ്ട്(6:1-11). സഹോദരനെതിരായി പരാതി ഉണ്ടാക്കുമ്പോൾ അവിശ്വാസികളെ അനുകരിക്കരുത്, കോടതി കയറാൻ ശ്രമിക്കരുത്. സഭയിലെ വിശുദ്ധരെ സമീപിക്കുകയാണ് വേണ്ടത്. നവ്യഉടമ്പടി സമൂഹത്തിലെ അംഗങ്ങൾ പ്രത്യേകിച്ച് അധികാരികൾ വിശുദ്ധജീവിതം നയിക്കേണ്ടവരാണെന്നാണ് ശ്ലീഹായുടെ കാഴ്ച്ചപ്പാട്. അക്കൂട്ടർക്ക് ലോകത്തെ വിധിക്കാൻ ദൈവം പ്രാപ്തി നൽകിയിരിക്കുന്നു.

*ലജ്ജാവഹമായ കൃത്യം*

ഇത്രയും പറഞ്ഞശേഷം കോറിന്തിലെ സഭാംഗങ്ങളോട് ഒരു ചോദ്യം. ലോകത്തെപ്പോലും വിധിക്കേണ്ടവരായ നിങ്ങൾക്ക് നിസ്സാരമായ തർക്കങ്ങൾ പറഞ്ഞുതീർക്കാൻ കഴിവില്ലയോ? ദൈവദൂതന്മാരെപ്പോലും വിധിക്കേണ്ടവരാണ് നമ്മളെന്ന് നിങ്ങൾക്കറിഞ്ഞുകൂടെ? അങ്ങനെയെങ്കിൽ ഐഹികകാര്യങ്ങളെപ്പറ്റി പറയാനുണ്ടോ? ലൗകികമാനദണ്ഡം പുലർത്തുന്ന കോടതികളെ സമീപിക്കുന്നത് ലജ്ജാവഹം തന്നെ. വീണ്ടും ശ്ലീഹാ ക്രൈസ്തവരെ വെല്ലുവിളിക്കുന്നു. തക്ക വിവേകമുള്ള ഒരാൾ പോലും നിങ്ങളിലില്ലയോ? വിജാതീയരുടെ കോടതിമുമ്പിൽ സഭാംഗങ്ങൾ പ്രശ്നങ്ങ ളുമായി പ്രത്യക്ഷപ്പെടുന്നത് ഊഹിക്കാൻപോലും വി.പൗലോസിനു കഴിയുന്നില്ല.

*വ്യവഹാരം ഒരു ക്രൈസ്തവപരാജയം*

തുടർന്നുള്ള ശ്ലീഹായുടെ വാക്കുകൾ നമ്മെ ഞെട്ടിപ്പിച്ചു കളയും. നിങ്ങൾ തമ്മിൽ വ്യവഹാരങ്ങൾ ഉണ്ടാകുന്നതു തന്നെ നിങ്ങൾക്ക് പരാജയമാണ്. ക്രൈസ്തവജീവിതം വിജയമോ

പരാജയമോ എന്നറിയാനുള്ള മാനദണ്ഡം നമുക്കിവിടെ കാണാം. ദൈവം സ്നേഹം തന്നെയാണല്ലോ. പരസ്പരസ്നേഹമാണ് യേശുവിന്റെ അനുയായികളുടെ മൗലികലക്ഷണം. ഒരു പുതിയ കല്പന നിങ്ങൾക്ക് ഞാൻ തരുന്നു നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ, ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ, നിങ്ങൾക്ക് പരസ്പരം സ്നേഹ മുണ്ടെ ങ്കിൽ അതുവഴി നിങ്ങൾ എന്റെ ശിഷ്യരാണെന്ന് എല്ലാവരും അറിയും (യോഹ.13:35).

*രണ്ടു ചോദ്യങ്ങൾ*

രണ്ടു ചോദ്യങ്ങൾ ക്രൈസ്തവസമൂഹത്തോടു ചോദിക്കുകയാണ് വി.പൗലോസ്. നിങ്ങൾക്ക് എന്തുകൊണ്ട് അല്പം ദ്രോഹം സഹിച്ചുകൂടാ? എന്തുകൊണ്ട് അല്പം വഞ്ചന സഹിച്ചുകൂടാ? (വാക്യം7). യേശുവിനെ അനുകരിക്കാനത്രെ ക്രൈസ്തവർ വിളിക്കപ്പെടുക. അവിടുന്ന് അല്പം ദ്രോഹവും അല്പം വഞ്ചനയും മാത്രമല്ല സഹിച്ചത്. നൂറു ശതമാനം ദ്രോഹവും വഞ്ചനയും മനുഷ്യരും പ്രത്യേകിച്ച് ശിഷ്യരും അവിടുത്തോട് കാണിച്ചു. എന്നിട്ടും മൗനമായി എല്ലാം സഹിച്ചവനാണ് ആ സഹനദാസൻ. അവിടുന്നുമായി താരതമ്യപ്പെടുത്തുമ്പോൾ നമുക്കുണ്ടാകുന്ന സഹനങ്ങൾ എത്രയോ പരിമിതം! ഈ ദർശനത്തിന്റെ കാഴ്ച്ചപ്പാടിലാണ് ചാവറപിതാവ് സംസാരിക്കുക.

*നിന്ദ്യമായ പ്രവൃത്തി*

കോറിന്തിലെ ക്രൈസ്തവർ ഇതരമതസ്ഥരെയല്ല ദ്രോഹിക്കുകയും വഞ്ചിക്കുകയും ചെയ്തത്. സ്വന്തം സഹോദരർക്കെതിരായി പടവാളോങ്ങുവാൻ അവർക്കൊരു മടിയുമുണ്ടായിരുന്നില്ല. യേശുവിന്റെ ദർശനവും സ്നേഹത്തിന്റെ നിയമവും അഭ്യസക്കാൻ വിളിക്കപ്പെട്ട വരുടെ ഈ പ്രവൃത്തി എത്രയോ നിന്ദ്യമാണ്.

*ഒരു മുന്നറിയിപ്പ്*

അധർമ്മം പ്രവർത്തിക്കുന്നവൻ ദൈവരാജ്യം സ്വന്തമാക്കുകയില്ലെന്ന് നിങ്ങൾക്കറിഞ്ഞുകൂടെ? (വാക്യം 9). ദൈവം നന്മയുടേയും ധർമ്മനീതിയുടേയും അധീശനാണ്. തിന്മയുമായി യാതൊരു ബന്ധവു

ഇല്ലാത്തവൻ. വിദ്വേഷത്തെ വെറുക്കുന്നവൻ. അവിടുത്തെ രാജ്യം പരസ്പരം സ്നേഹിക്കുന്നവരുടെ കൂട്ടായ്മയാണ്. തന്മൂലം അധാർമ്മികർക്ക് അവിടെ യാതൊരവകാശവും ലഭിക്കുകയില്ല. അവശരെ യേശുവിന്റെ നാമത്തിൽ ശുശ്രൂഷിക്കുന്നവർക്കാണ് സ്വർഗ്ഗരാജ്യത്തിൽ പ്രവേശനം നൽകപ്പെടുക. പാവപ്പെട്ടവർക്ക് ഭക്ഷണവും ദാഹജലവും വസ്ത്രവും തിരുനാമത്തിൽ നൽകുകയും രോഗീശുശ്രൂഷയിൽ ഏർപ്പെടുകയും പരദേശികളെ സ്വീകരിക്കുകയും തടവുകാരെ സന്ദർശിക്കുകയും ചെയ്യുന്നവരത്രെ നീതിമാന്മാർ(മത്താ. 25:34-40). പരസ്നേഹപ്രവൃത്തിയിൽ ഏർപ്പെടാത്തവർ അധാർമ്മികർ ശാപഗ്രസ്തരാണ്. അവർക്ക് ലഭിക്കുക പിശാചിനും അവന്റെ അനുയായികൾക്കും ഒരുക്കിയിരിക്കുന്ന നിത്യാഗ്നിയത്രെ (മത്താ.25:41-46).

*മറ്റൊരു ന്യായം*

ഇഹലോകജീവിതത്തിൽ അനുഭവപ്പെടുന്ന ഒരു പ്രായോഗികന്യായം ചാവറപിതാവ് അവതരിപ്പിക്കുന്നു. കോടതി കയറുന്നവർക്ക് വന്നുഭവിക്കുക നാശമത്രെ. കയ്യിലുള്ളതെല്ലാം കളഞ്ഞ് കുളിച്ച് തീർത്തും പാപ്പരാകും അക്കൂട്ടർ. മാത്രവുമല്ല മറ്റുള്ളവർക്കായി കേസുകൊടുത്ത് തോൽപിക്കുന്നവർക്ക് ഒരിക്കലും ആന്തരിക സന്തോഷം ആസ്വദിക്കുന്നതിന് കഴിയുകയില്ല. തന്മൂലം എത്ര ന്യായമുള്ള സംഗതിയെക്കുറിച്ചായാലും സർക്കാരിൽ പോകാതിരിക്കുകയാണ് ഭേദം.



## (11)

# അടിയന്തരങ്ങളും കടങ്ങളും

*അടിയന്തരങ്ങളുടെ അപകടം*

ഇക്കാലത്തെ മുൻകൂട്ടി കണ്ടുകൊണ്ടായിരിക്കണം ചാവറപിതാവ് ഇപ്രകാരം കുടുംബചട്ടത്തിൽ അനുശാസിക്കുന്നത്. ഞായറാഴ്ച്ച മുതലായ കടമുള്ള ദിവസങ്ങളിൽ അടിയന്തരങ്ങൾ മുതലായവ കഴിക്കുന്നത് വളരെ ദോഷങ്ങൾക്കും ആത്മനാശങ്ങൾക്കും കാരണമായ സംഗതിയാകുന്നു. വിവാഹാഘോഷങ്ങൾ തന്നെ ഉദാഹരണം. അതിഥികളും സഹായികളും കുർബ്ബാന കാണാറില്ല. പള്ളിയിലുള്ളവർപോലും തിരുകർമ്മത്തിൽ സംബന്ധിക്കുന്നതു വിരളം. ബാഹ്യമായ ആഘോഷങ്ങളിൽ മുഴുകി കഴിയുമ്പോൾ ആത്മാവിന്റെ കാര്യങ്ങൾ ശ്രദ്ധിക്കാൻ പലരും മറന്നുപോകാറുണ്ട്. തിന്നും കുടിച്ചും കല്യാണം കഴിച്ചും കഴിപ്പിച്ചും ദൈവത്തെ വിസ്മരിച്ചുകളഞ്ഞ നോഹിന്റെ തലമുറക്ക് വന്നു ഭവിച്ച ദുരന്തം ഓർമിക്കുക. മദ്യസേവ അതിരു കടക്കുമ്പോൾ വഴക്കുകൾ താനേ ഉടലെടുക്കും. ചുരുക്കത്തിൽ വന്ദ്യപിതാവ് പറയുന്നതുപോലെ വളരെ ദോഷങ്ങൾക്കും ആത്മനാശങ്ങൾക്കും കാരണമാകും. കർത്താവിന്റെ ദിവസം പിശാചിന്റെ ദിവസമാക്കുന്നതിനെക്കുറിച്ചും അദ്ദേഹം മുന്നറിവ് നൽകുന്നു. സാത്താൻ കണ്ടെത്തിയ സൂത്രമെന്നാണ് ഇപ്രകാരമുള്ള ആഘോഷങ്ങളെ ചാവറ വിശേഷിപ്പിക്കുക.

മറ്റൊരു കാര്യവും അദ്ദേഹം നമ്മെ അനുസ്മരിപ്പിക്കുന്നു. മരണവീടിനെക്കുറിച്ചാണിത്. കാര്യങ്ങൾ നോക്കി നടത്താൻ ചിലർ വേണ്ടിവരും എന്നാൽ ആവശ്യമില്ലാത്തവർപോലും സ്വന്തം ആത്മകാര്യങ്ങളെ ഉപേക്ഷിച്ച് കടമുള്ള ദിവസങ്ങളിൽ പള്ളിയിൽ പോകാതിരിക്കുന്നു. അത് ദൈവത്താലും വിശുദ്ധ പള്ളിയാലും ശപിക്കപ്പെട്ട ദുർമര്യാദയാകുന്നു. മര്യാദയുടെ പേരിലാണ് കുർബ്ബാനക്ക് പോകാതിരിക്കൽ. മരിച്ച വീട്ടിൽ നിന്നും ഇറങ്ങുന്നത്, പ്രത്യേകിച്ചും സ്ത്രീജനങ്ങൾ തെറ്റായ നടപടിയായി കരുതുന്നു. അത്തരുണത്തിൽ പുരുഷന്മാർ പൊതുവേ ഞായറാഴ്ച്ച ആചരണം പ്രോത്സാഹിപ്പിക്കാറില്ല.

*കടം വാങ്ങലും നൽകലും*

ദൈവികമേഖലയിൽനിന്ന് സാമൂഹികതലത്തിലേക്ക് പ്രവേശിക്കുകയാണ് ആ നല്ല അപ്പൻ. പണം വായ്പ വാങ്ങുന്നതിന്റേയും നൽകുന്നതിന്റേയും അപകടം അദ്ദേഹം ചൂണ്ടിക്കാട്ടുന്നു പ്രത്യേകമുള്ള ആവശ്യങ്ങൾക്കല്ലാതെ പണം വായ്പവാങ്ങിക്കേണ്ട, മുൻപിൽ വാങ്ങിച്ചിട്ടുണ്ടായിരുന്നാൽ പാടുപോലെ വേഗം തീർക്കാൻ ശ്രമിക്ക, ഉപവിയെക്കുറിച്ചല്ലാതെ പണം വായ്പ കൊടുക്കുകയും വേണ്ടാ.

*പ്രായോഗിക നിർദ്ദേശങ്ങൾ*

തലമുറകളുടെ അനുഭവങ്ങളിൽ നിന്ന് പകർന്നു നൽകുന്ന അനുശാസനമാണിത്. വായ്പവാങ്ങൽ ഇക്കാലത്ത് വർദ്ധിച്ചുവരുന്ന ഒരു പ്രവണതയാണ്. അതിന് ആധുനികഭാഷ്യം നൽകുകയാണെങ്കിൽ ലോൺ എടുക്കുക എന്നു പറയും. നിസ്സാരകാര്യത്തിനുപോലും ലോണെടുക്കാനുള്ള പാച്ചിൽ ഇന്ന് പരക്കെ കാണുന്നു. അവസാനം പലിശ വീട്ടാനാകാതെ നശിച്ചുപോകുന്നവരുടെ കണ്ണീരിന്റെ കഥകൾ കേൾക്കാത്തവരില്ലല്ലോ? വായ്പ വാങ്ങുന്നതുപോലെ വായ്പ കൊടുക്കുന്നതും നിരുത്സാഹപ്പെടുത്തേണ്ടതത്രെ. തിരിച്ചുതരാൻ പലരും വിമുഖത കാണിക്കും. ചോദിച്ചോലോ വഴക്കാകും തന്മൂലം ചാവറയുടെ സൂക്തം അന്വർത്ഥമാക്കാം. "*ഉപവിയെക്കുറിച്ചല്ലാതെ പണം വായ്പ കൊടുക്കയും വേണ്ട.*" പരസ്നേഹം നിർബന്ധിക്കുമ്പോൾ പണം തിരിച്ചു കിട്ടിയില്ലെങ്കിലും നല്കാൻ ക്രൈസ്തവർ തയ്യാറാകണം. എത്രയും ദ്രവ്യമുള്ള കുടുംബം കടമില്ലാത്ത കുടുംബമാകുന്നു. എന്ന നല്ല അപ്പന്റെ ചാവരുൾ വാക്യം നമുക്ക് ജീവിതസൂക്തമാക്കിത്തീർക്കാം. വരവനുസരിച്ച് ചിലവ് ചുരുക്കാനറിയാത്ത എത്രയോ കുടുംബങ്ങൾ നശിച്ചുപോയിട്ടുണ്ട്!

തുടർന്ന് മറ്റൊരു സുപ്രധാനകാര്യത്തിലേക്ക് ശ്രദ്ധ തിരിക്കുന്നു ചാവറപിതാവ്. കാരണവന്മാർ കുർബ്ബാനകടങ്ങളെയും ഉത്തിരിപ്പിനുള്ള (ഉത്തരവാദിത്വം ഏറ്റെടുത്തിട്ടുള്ള) കടങ്ങളെയും കുറിച്ചാണത്. അവ മഹാ താത്പര്യത്തോടുകൂടി തീർക്കണം. ഈ സംഗതി ആപത്തുള്ളതാകുന്നു. ദൈവത്തോടുള്ള കടം വീട്ടാൻ മനസ്സുകാണിച്ചില്ലെങ്കിൽ വിനാശം വന്നു ഭവിക്കും. കുടുംബത്തിൽ ദൈവശാപം വന്നുവീഴുമെന്ന് വന്ദ്യപിതാവ് നമ്മെ ഓർമിപ്പിക്കുന്നു.

### *ധനവാനെന്ന ഭാവം*

ഇന്ന് സാധാരണയായി കണ്ടുവരുന്നതാണ് പണക്കാരനെന്ന ഭാവം കാണിക്കൽ, ഉള്ളതിൽ കൂടുതൽ നടിക്കൽ. അപകടമതികളാണിവർ. ചാവറപിതാവിന്റെ ഭാഷയിൽ അവസ്ഥയിൽ കുറഞ്ഞവൻ നാലുപേരെ കാണിക്കാൻ ക്രമാതീതമായി പണം ചിലവഴിച്ചാൽ അവസാനം ഭിക്ഷ തെണ്ടേണ്ടിവരും. ദാവീദിന്റെ ജീവിതത്തിലെ ഒരു സംഭവം ചാവരുളിൽ ഉദ്ധരിക്കുന്നു. പ്രതാപിയാണെന്ന അഹങ്കാരത്താൽ പ്രേരിതനായി തന്റെ കീഴിലുള്ളവരുടെ കണക്കെടുക്കുവാൻ അദ്ദേഹം മുതിർന്നു (2 സാമു.24). ദൈവശിക്ഷ ഉടനടി ഉണ്ടായി. ഒരു പകർച്ചവ്യാധിയാൽ അനേകായിരങ്ങൾ മരണമടഞ്ഞു. അത് രാജാവിന്റെ കണ്ണുതുറപ്പിച്ചു. അദ്ദേഹം അനുതപിക്കുകയും ദൈവകാരുണ്യത്തിനായി യാചിക്കുകയും ചെയ്തു.

### *ആർഭാടത്തിന്റെ അനന്തരഫലം*

സ്വന്തം കഴിവിനും സ്വത്തിനും അതീതമായി ആഘോഷങ്ങൾക്കായി പണം ചിലവഴിക്കുന്നതിന്റെ അപകടം വീണ്ടും ഊന്നിപ്പറയുന്നു വത്സലപിതാവ്. ഒരു പ്രാവശ്യം ഉള്ളതിലധികം ചിലവു ചെയ്താൽ തുടർന്നും അപ്രകാരം ചെയ്യാൻ നിർബന്ധിക്കപ്പെടും. വൈക്കോൽ തുറുവിന് തീ കൊടുത്താൽ സംഭവിക്കുന്നതെന്തെന്നോ? ക്ഷണനേരം കൊണ്ട് അത് ആളിക്കത്തി കെട്ടുപോകും. അൽപനേരം അത്യധികം ജ്വലിച്ചുനിൽക്കാം. പക്ഷേ പെട്ടന്നണഞ്ഞ് അസ്തമിക്കും. ഇപ്രകാരം ഒരു ജ്വാലയായി ഏതാനും നിമിഷങ്ങൾ ആളുകളെ ആകർഷിക്കുന്നതിനേക്കാൾ നിലനിൽക്കുന്ന വെട്ടം കാണുന്ന ഒരു ചെറിയ വിളക്കായി തീരുന്നതാണ് അഭികാമ്യം. യവനചരിത്രത്തിലെ ഒരു സംഭവം എടുത്തുകാട്ടുന്നുണ്ട് ചാവറപിതാവ്. മനുഷ്യരിൽ ഏറ്റവും പ്രാമുഖ്യമുള്ളവരാരാണെന്ന് ഒരാൾ ദെമോക്രെസ്തോസ് എന്ന പേരുകേട്ട പണ്ഡിതനോടു ചോദിച്ചു. ഉത്തരം ഇപ്രകാരമായിരുന്നു. ഏറ്റവും കുറഞ്ഞ ഭാവം കാണിക്കുന്ന മനുഷ്യൻ. പ്രായോഗികജീവിതത്തിൽ സംഭവിക്കാവുന്ന മറ്റൊരു ഉദാഹരണം പിതാവ് രേഖപ്പെടുത്തിയിരിക്കുന്നു. ആഘോഷങ്ങൾ നിരന്തരം നടത്തിപ്പോന്ന ഒരു ധനവാൻ സമ്പത്തെല്ലാം നഷ്ടപ്പെട്ട് ദരിദ്രനായിത്തീർന്നു. ദു:ഖിച്ചിരുന്ന അയാളെക്കണ്ട് ഒരു ശാസ്ത്രി പറഞ്ഞതിങ്ങനെ: സഹോദരാ നീ പകൽ വിളക്കു കത്തിക്കാതിരുന്നെങ്കിൽ രാവിൽ കത്തിക്കാമായിരുന്നു.

(12)

# കാര്യാന്വേഷണവും ബന്ധുത്വവും

***അന്യഭവനങ്ങളിലെ കാര്യസ്ഥർ***

നസ്രാണി ക്രിസ്ത്യാനികളുടെ ഇടയിൽ നടപ്പിലിരുന്ന ചില ദുശ്ശീലങ്ങൾ തുറന്നു കാണിക്കുന്നു അനുഭവസമ്പന്നനായ ചാവറപിതാവ്. ചിലർ സ്വയം നേതൃത്വം ചമഞ്ഞ് മറ്റുള്ളവരുടെ വീടുകളിൽ മാറിമാറിപോയി അവരുടെ വർത്തമാനങ്ങൾ അന്വേഷിക്കുന്നത് ഒരു നാട്ടുനടപ്പായി തീർന്നിരുന്നു അക്കാലത്ത്. ആ ദുശ്ശീലം കൈവെടിയണമെന്ന് അദ്ദേഹം തന്റെ ചാവരുളിൽ അനുശാസിക്കുന്നു. ശേഷം പേരുടെ വീടുകളിൽ സഞ്ചരിക്കുകയും ശേഷം പേരുടെ വർത്തമാനങ്ങൾ അന്വേഷിക്കുകയും വേണ്ടാ. ആ പ്രവൃത്തികളിലേക്ക് നയിക്കുന്ന താൻ നേതാവാണെന്ന ഭാവത്തെപ്പറ്റി ചാവറപിതാവ് ഒന്നും പറയുന്നില്ല. ദുരന്തഫലങ്ങളും പ്രതിപാദ്യവിഷയമാക്കുന്നില്ല. ഒരു പ്രായോഗികകാര്യം മാത്രം ചൂണ്ടിക്കാണിക്കുന്നു. സ്വന്തം കാര്യങ്ങളെ നല്ലതിൻവണ്ണം വിചാരിക്കുമെങ്കിൽ കാര്യമില്ലാത്ത കാര്യങ്ങളിൽ ഉൾപ്പെടാൻ നേരമുണ്ടാവുകയില്ല. സ്വന്തം കുടുംബത്തിന്റെ ഭാവി ശ്രേയസ്കരമായി കെട്ടിപ്പടുക്കുവാൻ ആത്മാർത്ഥമായി യത്നിക്കുമ്പോൾ മറ്റുള്ളവരുടെ കാര്യങ്ങളിൽ തലയിടാൻ നേരം കിട്ടുകയില്ല. അഹം കേന്ദ്രീകൃതമായ ജീവിതം നയിക്കാനുള്ള ആഹ്വാനമല്ല ഈ വാക്കുകൾ. ആവശ്യങ്ങളിൽ അന്യരെ സഹായിക്കുവാൻ ത്യാഗപൂർവ്വം മുന്നോട്ടു വരണമെന്നതിനെക്കുറിച്ചുള്ള നിഷേധവും ഇവിടെയില്ല. കാര്യമില്ലാത്ത കാര്യങ്ങളിൽ ഉൾപ്പെടെരുതെന്നാണ് പിതാവിന്റെ ഉപദേശം.

കർത്താവിന്റെ ആശയം തന്നെയാണ് ഇവിടെ ധ്വനിക്കുക. സഹോദരന്റെ കണ്ണിലെ കരടു കാണുന്ന നീ എന്തുകൊണ്ട് സ്വന്തം കണ്ണിലെ കമ്പു കാണുന്നില്ല. നിന്റെ കണ്ണിൽ കമ്പിരിക്കേ, നിന്റെ സഹോദരനോട്, നിൽക്കൂ നിന്റെ കണ്ണിലെ കരടു ഞാൻ എടുത്തു കളയട്ടെ എന്ന് എങ്ങനെ നിനക്കു പറയാൻ കഴിയും? കപടഭക്താ ആദ്യം നിന്റെ കണ്ണിലെ കമ്പെടുത്തു കളയൂ (മത്താ.7:3-4). സഭാപ്രസംഗകനിലെ ഒരു വാക്യം അനുസ്മരിക്കുക. പാപിയുടെ കനൽ ഊതിക്കത്തിക്കരുത്. അതിന്റെ ജ്വാലയിൽ നീ നശിച്ചുപോകും.

ഉദ്ധതനോട് കിടമത്സരം വേണ്ട; നിന്റെ വാക്കുകൾ കൊണ്ടു തന്നെ അവൻ നിനക്ക് കെണി ഒരുക്കും... വഴക്കാളിയോടുകൂടെ നടക്കരുത്... അവൻ തോന്നുംപടി നടന്ന് നിന്നെയും അപകടത്തിൽ ചാടിക്കും (പ്രഭാ.8:10-15). പ്രഭാഷകനും വിഷയത്തെക്കുറിച്ച് പറയുന്നുണ്ട്, കേൾക്കുന്നതെല്ലാം പറഞ്ഞുനടക്കരുത്... മിത്രത്തോടായാലും ശത്രുവിനോടായാലും കേട്ടതു പറയരുത്... കേൾക്കുന്നതെല്ലാം വിശ്വസിക്കരുത്. ആർക്കും തെറ്റുപറ്റാം. നാവുകൊണ്ട് ഒരിക്കലും പാപം ചെയ്തിട്ടില്ലാത്ത ആരെങ്കിലുമുണ്ടോ (പ്രഭാ. 19:7, 8, 15, 16). ഉചിതമായ സമയം വരെ ബുദ്ധിമാൻ മൗനം പാലിക്കും. പൊങ്ങച്ചക്കാരനും ഭോഷനും സമയനോട്ടമില്ല... വാക്കിൽ പിഴക്കുന്നതിനേക്കാൾ ഭേദമാണ് കാൽതെറ്റി വീഴുന്നത് (പ്രഭാ.20:7,8).

### *സംബന്ധത്തെക്കുറിച്ച്*

ഇന്നും നിലവിലിരിക്കുന്ന ഒരു പ്രവണതയെ ചാവറപിതാവ് അപലപിക്കുന്നു. പണക്കാരും വലിയ തറവാട്ടുകാരുമായി ബന്ധുത്വത്തിലേർപ്പെടുന്നതിൽ വന്നു ഭവിക്കാവുന്ന അപകടത്തെക്കുറിച്ച് അദ്ദേഹം നൽകുന്ന മുന്നറിയിപ്പ് ഏവരും പരിഗണിച്ചിരുന്നെങ്കിൽ! ക്രമവും ദൈവപേടിയുമില്ലാത്ത തറവാടുകളോട് ബന്ധുത്വം പിടിക്കേണ്ട. എന്തുകൊണ്ടെന്നാൽ, ഒരു കുടുംബത്തിൽ ഉപകാരവും സന്തോഷവും വരുന്നത് ദ്രവ്യസ്ഥന്മാരായുള്ള ബന്ധുക്കളല്ല, പിന്നെയോ ക്രമവും ദൈവപേടിയും ഉള്ള ബന്ധുക്കളത്രെ . എത്രയോ കുടുംബങ്ങൾ ദ്രവ്യസ്ഥന്മാരായിട്ടുള്ള ബന്ധുക്കൾ കാരണമായിട്ടു കരയുകയും നശിക്കുകയും ചെയ്യുന്നു.

### *ക്രമമുള്ള കുടുംബം*

ക്രമവും ദൈവപേടിയുമുള്ള കുടുംബങ്ങളുമായിട്ടാകണം ബന്ധുത്വം സ്ഥാപിക്കേണ്ടത്. ഈ രണ്ടു ഗുണങ്ങളും ഇല്ലാത്ത തറവാടുകളുമായി സംബന്ധത്തിലേർപ്പെട്ടാൽ കരയാനിടവരും. സ്വന്തം കുടുംബം തകർന്നുപോകും. ക്രമം, ദൈവഭയം എന്നീ ഗുണങ്ങൾക്ക് ചാവറപിതാവ് ഊന്നൽ നൽകുന്നു. ക്രമവും ചട്ടവും ഉള്ളതാകണം അനുദിനജീവിതം. കുത്തഴിഞ്ഞജീവിതം വിനാശകാരണമാകും. ദൈവം എല്ലാം ഭംഗിയായും ക്രമവുമായാണ് സൃഷ്ടിച്ചിരിക്കുന്നത് ദൈവം എല്ലാം നല്ലതാണെന്നു കണ്ടു എന്ന വാക്യം സൃഷ്ടിയുടെ വിവരണത്തിൽ ഏഴുപ്രാവശ്യമാണ് ഉപയോഗിച്ചിരിക്കുക (ഉത്പ.1:4, 10, 12, 18, 21, 25, 31). ആ ക്രമസംവിധാനം ഓരോ കുടുംബത്തിലും നിലനിർത്തണം.

### ദൈവഭയത്തിന്റെ ആവശ്യം

മറ്റൊരു ഗുണം ദൈവഭയമാണ്. ദൈവഭയം ജ്ഞാനത്തിന്റെ ആരംഭമാണ് എന്ന വാക്യം സുഭാ.17:9, 10 തുടങ്ങിയ പാഠങ്ങളിൽ ആവർത്തിച്ചിരിക്കുന്നു. ദൈവം തന്നോട് ഭക്തി കാണിക്കുന്നവരിൽ പ്രസാദിക്കും.(സങ്കീ.147:11) ദൈവത്തോട് ഭയഭക്തി പുലർത്തുന്നവർ ദുഷ്ടതയെ ദ്വേഷിക്കും(സുഭാ.8:13) ദൈവഭയം ജീവിതത്തിന്റെ ദൈർഘ്യം കൂട്ടുന്നു (സുഭാ.10:27) കർത്താവിനോടുള്ള ഭയഭക്തി ജീവനിലേക്ക് നയിക്കുന്നു (സുഭാ.19:23). ദൈവഭയം സമ്പത്ത് ഉളവാക്കുന്നു (സുഭാ.22:4). അടിമകൾക്കടുത്ത പേടിയെയല്ല, ഭക്ത്യാദരവിനെയാണ് മൂലപദം അർത്ഥമാക്കുന്നത്. സർവ്വാധീശനാണ് ദൈവം. അവിടുത്തോട് ആദരവോടുകൂടിവേണം വർത്തിക്കാൻ. സൃഷ്ടികളുടെ കടമയത്രെ അത്.

### പ്രയോജനവും ആനന്ദവും

ക്രമവും ദൈവഭയവുമുള്ള ബന്ധുക്കളുണ്ടായാൽ ഉപകാരവും സന്തോഷവും കൈവരും. സാമ്പത്തികസഹായമല്ല ചാവറപിതാവ് മുഖ്യമായും അർത്ഥമാക്കുക. പ്രശ്നങ്ങളിൽ സദുപദേശവും സാന്ത്വനവും സഹതാപവും സാന്നിദ്ധ്യവും ലഭിക്കുക എത്രയോ ഉപകാരപ്രദമാണ്. വിജയത്തിലും, നേട്ടത്തിലും ഹൃദയപൂർവ്വം പങ്കുച്ചേരുന്നവരുണ്ടാകുക ആശ്വാസപ്രദവും ആനന്ദപ്രദവുമാണല്ലോ. ഏവർക്കും മനസ്സിലാകുന്ന ഭാഷയിലുള്ള ധന്യചരിതന്റെ ഉപദേശം ആരും സ്വീകരിച്ചുപോകും.

### ഒരു ദൃഷ്ടാന്തം

അനുശാസനത്തെ ബലപ്പെടുത്തുന്ന ഒരു ഉദാഹരണം ഉദ്ധരിക്കുന്നുണ്ട് ചാവരുളിന്റെ രചയിതാവ്. ഫ്രാൻസ്സിൽ നടന്ന കാര്യമാണത്. തന്റെ ഏകമകനെ വലിയ തറവാട്ടുകാരനായ ഒരു പ്രഭു കുടുംബത്തിലേക്ക് വിവാഹം കഴിപ്പിക്കാൻ വേണ്ടി തന്റെ സ്വത്തുക്കൾ തീറെഴുതി കൊടുത്ത ഒരപ്പൻ. തുടർന്ന് സംഭവിച്ചതെന്തെന്നോ ബന്ധുജനത്തിന്റെ നിർബന്ധപ്രകാരം അപ്പനെ വീട്ടിൽ നിന്ന് പുറത്താക്കി പുത്രൻ. ഭിക്ഷ യാചിച്ചുകൊണ്ട് ജീവിക്കേണ്ടി വന്നു ആ അപ്പന്. സ്വന്തം മകന്റെ വീട്ടു വാതിൽക്കൽ ചെന്ന് വിരുന്നിനുശേഷം ബാക്കിവന്ന പദാർത്ഥങ്ങൾക്കായി ഇരക്കേണ്ട ഗതികേടുണ്ടായി.

# 13

# ആരാകണം അതിഥി

***കയറ്റാൻ കൊള്ളാത്തവർ***

എല്ലാവിധ ആളുകളേയും നിന്റെ വീട്ടിൽ കയറ്റേണ്ടാ, പിന്നെയോ, നല്ല മര്യാദയും ദൈവപേടിയും ഉള്ളവരെ മാത്രം കൈക്കൊള്ളുക. കുടുംബചട്ടത്തിലെ ഒൻപതാമത്തെ നിയമം ഇപ്രകാരം ആരംഭിച്ചിരിക്കുന്നു. ഇന്നു വർദ്ധിച്ചുവരുന്ന പ്രതിഭാസമാണല്ലോ അന്യരുടെ കുറ്റങ്ങൾ പറഞ്ഞു നടക്കൽ. ചിലർ വീടുതോറും കയറി ഛിദ്രം വിതയ്ക്കുന്നു. മറ്റുള്ളവരുടെ ഉള്ളതും ഇല്ലാത്തതുമായ കുറ്റങ്ങൾ ലുത്തിനിയപോലെ ചൊല്ലി കേൾപ്പിക്കുവാൻ ഉത്സുകരാണിവർ. പരസ്പരം ഭിന്നിപ്പിക്കുന്നതിലും ശത്രുതാ മനോഭാവം ഊട്ടിയുറപ്പിക്കുന്നതിലും ഇവർ പൈശാചികമായി സന്തോഷം കണ്ടെത്തുന്നു. ഈ സാംക്രമികരോഗം പിടിപ്പെട്ടവരെ അടുത്തടുപ്പിക്കരുതെന്ന് ചാവറപിതാവ് നമ്മെ അനുശാസിക്കുന്നു. എല്ലാവിധ ആളുകൾക്കും കയറിനിരങ്ങാനുള്ള വേദിയാകരുത് വീട്. നല്ല മര്യാദയും ദൈവപേടിയും ഉള്ളവരെ മാത്രമേ വീട്ടിൽ കയറ്റാവൂ. ആരുമായി സഹവസിക്കുന്നുവെന്നതിനെ ആശ്രയിച്ചിരിക്കും നമ്മുടെ വ്യക്തിത്വം. ഇക്കാര്യം തനിമയാർന്ന ശൈലിയിൽ ചാവറയച്ചൻ അവതരിപ്പിക്കുന്നു. നീ ആരോടുകൂടി ഇടപെടുന്നു എന്നു പറയുക. എന്നാൽ നീ ആരാകുന്നുവെന്ന് ഞാൻ പറയാം.

***വീട്ടിൽ കയറ്റേണ്ടവർ***

നല്ല മര്യാദയും ദൈവപേടിയും ഉള്ളവരെ മാത്രം കൈക്കൊള്ളുക - വത്സലപിതാവ് നമ്മോടുപദേശിക്കുന്നു. ആരാണ് നല്ല മര്യാദയും ദൈവപേടിയും ഉള്ളവരെന്ന് ചിന്തിക്കാം.

***നല്ല മര്യാദക്കാർ***

ദൈവമത്രെ മാന്യരിൽ മാന്യൻ. അവിടുന്ന് സ്നേഹവും ദയയും സൗമ്യതയും ക്ഷമാശീലവും നിറഞ്ഞവനത്രെ. സീനായ് മലയിൽ പ്രത്യക്ഷപ്പെട്ട യാഹ്‌വെ തന്റെ നാമം ഇപ്രകാരം പ്രഖ്യാപിക്കുകയുണ്ടായി. കാരുണ്യവാൻ, കൃപാനിധി, കോപിക്കുന്നതിൽ വിമുഖൻ, തെറ്റുകളും കുറ്റങ്ങളും പാപങ്ങളും ക്ഷമിച്ചുകൊണ്ട്

ആയിരങ്ങളോട് കരുണ കാണിക്കുന്നവൻ (പുറ.34:5-7). മനുഷ്യരൂപം സ്വീകരിച്ച ദൈവതനയൻ താൻ ശാന്തശീലനും വിനീതഹൃദയനുമാണെന്ന് സ്വയം വിശേഷിപ്പിച്ചു (മത്താ.11:29). തെസലോനിക്കാക്കാർക്കെഴുതിയ ഒന്നാം ലേഖനത്തിൽ വി.പൗലോസ് ക്രിസ്തുവിന്റെ ശിഷ്യർ സഭാതനയരോട് വളർത്തമ്മ കുഞ്ഞിനെ പരിപാലിക്കുന്നതുപോലെ സൗമ്യമായി പെരുമാറുന്നവരാണെന്ന് വ്യക്തമാക്കുന്നു (1തെസ.2:7). ഒരു സഭാധികാരി ശാന്തനും ക്ഷമാശീലനും ദ്രവ്യാഗ്രഹം ഇല്ലാത്തവനുമാകണമെന്ന് അദ്ദേഹം അനുശാസിച്ചു(1തിമോ.3:3). ക്രൈസ്തവരുടെ ക്ഷമാശീലം എല്ലാ മനുഷ്യരും അറിയണം (ഫിലി.4:5). അവർ കാരുണ്യം, ദയ, വിനയം, സൗമ്യത, ക്ഷമ എന്നിവ ധരിക്കണം(കൊളോ.3:12). പരിശുദ്ധാത്മാവിന്റെ ഫലങ്ങളത്രെ സ്നേഹം, സന്തോഷം, സമാധാനം, ക്ഷമ, ദയ, സൗമ്യത, വിശ്വസ്തത, ആത്മസംയമനം എന്നീ ഗുണങ്ങൾ (ഗലാ.5:22). ചുരുക്കത്തിൽ മേലുദ്ധരിച്ച നന്മകൾ ഉള്ളവരാണ് നല്ല മര്യാദക്കാർ.

### *ദൈവപേടിയുള്ളവർ*

വീട്ടിൽ കയറ്റാൻ കൊള്ളാവുന്നവർക്കുണ്ടാകേണ്ട രണ്ടാമത്തെ ഗുണം ദൈവപേടിയാണ്. ഭീതിയെന്നല്ല ബൈബിൾ സംജ്ഞയുടെ അർത്ഥം. പരിശുദ്ധരിൽ പരിശുദ്ധനും സർവ്വശക്തനും പ്രപഞ്ച സ്രഷ്ടാവും നിയന്താവുമായ ദൈവത്തോട് സൃഷ്ടികൾക്കുണ്ടാകേണ്ട സ്വാഭാവികമനോഭാവമാണ് ഭയഭക്തി.

ദൈവത്തിന്റെ രക്ഷാകൃത്യം അനുഭവിച്ചറിഞ്ഞവരിൽ ഉളവാകുന്ന സ്വാഭാവികപ്രതികരണമത്രെ ഭയഭക്തി. യോനായുടെ ഗ്രന്ഥത്തിലെ നാവികരുടെ കഥ ഉദാഹരണമായി എടുക്കാം. മറ്റു മാർഗ്ഗമില്ലാതായപ്പോൾ പ്രവാചകനെ അദ്ദേഹത്തിന്റെ സമ്മതത്തോടെ കടലിൽ എറിയേണ്ടിവന്നു അവർക്ക്. ഉടനടി കടൽ ശാന്തമായി. അപ്പോൾ അവർ കർത്താവിനെ അത്യധികം ഭയപ്പെടുകയും അവിടുത്തേക്ക് ബലിയർപ്പിക്കുകയും നേർച്ച നേരുകയും ചെയ്തു(യോനാ.1:16). ദൈവഭക്തി അവിടുത്തേക്ക് ബലിയർപ്പിക്കുന്നതിലേക്ക് നയിക്കും; ദൈവഭയമാണ് ജ്ഞാനത്തിന്റെ ആരംഭം എന്ന വാക്യം സുഭാഷിതങ്ങളിൽ നിരന്തരം ആവർത്തിക്കുന്നുണ്ട്. ആദിമസഭയെ ഇപ്രകാരം വിശേഷിപ്പിച്ചിരിക്കുന്നു. അത് ശക്തി പ്രാപിച്ച് ദൈവഭീതിയിലും പരിശുദ്ധാത്മാവിന്റെ സമാശ്വാസത്തിലും പുഷ്ടി പ്രാപിച്ചു.

*വീട്ടിൽ വരുന്നവർക്കുള്ള ചട്ടങ്ങൾ*

എല്ലാവിധ ആളുകളേയും വീട്ടിൽ കയറ്റരുതെന്ന അനുശാസത്തിനു ശേഷം ചാവറപിതാവ് എല്ലാ ക്രൈസ്തവകുടുംബങ്ങളും പാലിക്കേണ്ട ചില നിഷ്കൃഷ്ടനിയമങ്ങൾ നിരത്തിവയ്ക്കുന്നു. മറ്റുള്ളവരെല്ലാം ക്രൈസ്തവകുടുംബങ്ങളുടെ സവിശേഷഗുണങ്ങൾ അറിഞ്ഞിരിക്കണം. അറിയിക്കുക മാത്രമല്ല പ്രായോഗികമായി കാണിച്ചുകൊടുക്കുകയും വേണം.

- ക്രമമില്ലാത്ത വർത്തമാനങ്ങൾ അനുവദനീയമല്ല
- ക്രിസ്ത്യാനികൾക്കു ചേരാത്ത വർത്തമാനങ്ങൾ നിഷിധമാണ്
- മറ്റുള്ളവരുടെ തെറ്റുകൾ സംസാരവിഷയമാക്കരുത്
- അമിതസംസാരവേദിയല്ലിത്

*ശിക്ഷ കൈവരുത്തുന്ന പാപം*

മറ്റൊരുത്തന്റെ ദോഷത്തിന്റെ വർത്തമാനം നിന്റെ ഭവനത്തിൽ പറയപ്പെടുമ്പോൾ ആ ദോഷത്തിനുള്ള ശിക്ഷ നിന്റെ വീടിന്മേൽ വരികയും ചെയ്യും എന്ന് ചാവറപിതാവ് നമ്മെ മുന്നറിയിക്കുന്നു. പരദൂഷണമെന്ന മാരകരോഗത്തെക്കുറിച്ചുള്ള ബൈബിൾ വീക്ഷണം പരിചിന്തന വിഷയമാക്കാം.

*ദൈവത്തിനെതിരായ തിന്മ*

മനുഷ്യരെല്ലാം ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവരാണ്, അവിടുത്തെ പ്രതിബിംബങ്ങൾ. ഇല്ലാത്തതു പറഞ്ഞുപരത്തി അവരെ അപകീർത്തിപ്പെടുത്തുകയും മറ്റുള്ളവരുടെ വിരോധത്തിനും അക്രമണത്തിനും വിധേയമാക്കുകയും ചെയ്യുന്നത് തന്നോടുതന്നെ പ്രവർത്തിക്കുന്ന തിന്മയായി ദൈവം പരിഗണിക്കുന്നു. അവിടുത്തെ ദുഷിക്കുന്നവരെ വെറുതെ വിടാൻ കഴിയുമോ കർത്താവിന്? പരദൂഷണം മൂലം തനിക്ക് പ്രിയപ്പെട്ടവരുടെ ജീവൻ അപകടത്തിലാക്കുന്നവർക്കെതിരായി കർത്താവ് കരമുയർത്തുക തന്നെ ചെയ്യും.

*ദൈവഭവനത്തിൽ നിവസിക്കുന്നവർ*

സങ്കീ.15 ൽ ദൈവത്തിന്റെ ഭവനത്തിൽ വസിക്കുകയും വിശുദ്ധഗിരിയിൽ താമസമുറപ്പിക്കുകയും ചെയ്യാൻ യോഗ്യരാരൊ

ക്കയാണെന്ന് അക്കമിട്ട് പറയുന്നു. ആ പട്ടികയിൽ ഏഷണികൂട്ടാത്ത വരെ ഇപ്രകാരമാണ് അവതരിപ്പിക്കുക.

- പരദൂഷണം പറയാത്തവർ
- സ്നേഹിതനെ ദ്രോഹിക്കാത്തവർ
- അയൽക്കാരനെതിരെ അപവാദം പറയാത്തവർ

***ക്രൈസ്തവന്റെ ലക്ഷണം***

അവിശ്വസ്തരായ ഇസ്രായേൽ ജനത്തെ യാഹ്‌വെ ഇപ്രകാരം വിശേഷിപ്പിക്കുന്നു. അവർ പയറ്റിത്തെളിഞ്ഞ കലാപകാരികളാണ്. അവർ മിഥ്യാപവാദം പരത്തുന്നു. പിച്ചളയും ഇരുമ്പും പോലെ കഠിനഹൃദയരാണിവർ. അവർ ദുഷ്കൃത്യങ്ങളിൽ മുറുകുന്നു (ജറ.6:28). പരദൂഷണക്കാരെക്കുറിച്ചുള്ള നിർവചനമായി ഈ വാക്യങ്ങളെ പരിഗണിക്കാം. ആന്തരികമായ അശുദ്ധിയുടെ പട്ടികയിൽ പരനിന്ദക രെയും യേശു ഉൾപ്പെടുത്തുന്നുണ്ട്(മത്താ.15:19; മർക്കോ.7:22) വിട്ടകലേണ്ട തിന്മകളിലൊന്നാണ് ഏഷണി (എഫേ.4:31; കൊളോ.3:8). ക്രൈസ്തവജീവിതമര്യാദകളിലൊന്നാണ് ആരെപ്പറ്റിയും തിന്മ പറയാതെയും കലഹങ്ങൾ ഒഴിവാക്കിയും സൗമ്യമായി വർത്തി ക്കുക(തീത്തോ.3:2). യാക്കോബ്ശ്ലീഹാ അനുസ്മരിപ്പിക്കുന്നു. സഹോദരരെ നിങ്ങൾ പരസ്പരം ദുഷിച്ച് സംസാരിക്കരുത്. സഹോദരനെതിരായി ദൂഷ്യം പറയുകയോ അവനെ വിധിക്കുകയോ ചെയ്യുന്നവൻ നിയമത്തിനെതിരായി സംസാരിക്കുകയും നിയമത്തെ വിധിക്കുകയും ചെയ്യുന്നു (യാക്കോ.4:11).



(14)

# യഥാർത്ഥസമ്പത്തും അദ്ധ്വാനശീലവും

*വസ്തുക്കൾ വാങ്ങിച്ചുകൂട്ടൽ*

ചാവറപിതാവിന്റെ കുടുംബചട്ടത്തിലെ പതിനൊന്നാമത്തെ നിർദ്ദേശം ഇപ്രകാരമാണ്. പുത്തനായിട്ടു വസ്തുക്കളെ ഉണ്ടാക്കുന്നതിനേക്കാൾ ഉള്ള വസ്തുക്കളെ നന്നാക്കാൻ പ്രയാസപ്പെടുക. കുടുംബങ്ങളുടെ സമ്പത്ത് വസ്തുക്കളുടെ പെരുപ്പമല്ല, പിന്നെയോ വസ്തുക്കളുടെ ഗുണമാകുന്നു. തുടർന്ന് അദ്ധ്വാനശീലനായ ഒരു മനുഷ്യന്റെ കഥ പറയുന്നു. അയാൾക്ക് അധികം വസ്തുക്കൾ ഉണ്ടായിരുന്നില്ല. എന്നിട്ടും സമ്പൂർണ്ണനായി ജീവിക്കുന്നതു കണ്ടപ്പോൾ ചില അസൂയാലുക്കൾ അയാൾക്കെതിരായി കേസു കൊടുത്തു. നിക്ഷേപം എടുത്തു ഒളിച്ചു വച്ചിരിക്കുന്നു എന്നതായിരുന്നു പരാതി. ആരോപണം ശ്രവിച്ച രാജാവ് അയാളെ വിളിച്ച് സ്വത്തുക്കൾ മുഴുവന്റേയും വിവരം ബോധിപ്പിക്കണമെന്ന് ആജ്ഞാപിച്ചു. അപ്പോൾ ആ അദ്ധ്വാനശീലൻ ഇപ്രകാരം മൊഴിഞ്ഞു. എന്റെ നിക്ഷേപം എന്റെ ചെറിയ പറമ്പാകുന്നു. അതിലെ മണ്ണ് എന്റെ നെറ്റിയിലെ വിയർപ്പുകൊണ്ട് നനയ്ക്കുന്നതിനാൽ അത് പൊന്നായിപ്പോകുന്നു. കേട്ടവരെല്ലാം അയാളെ അത്യധികം ബഹുമാനിച്ചു.

*ഇന്നത്തെ പ്രവണത*

കുടുംബചട്ടത്തിന്റെ രചയിതാവ് മനുഷ്യനിൽ കണ്ടുവരുന്ന ഒരു സ്വാഭാവികചാച്ചിലിലേക്ക് വിരൽ ചൂണ്ടുകയാണ്. കണ്ടതെല്ലാം വാങ്ങിച്ചുകൂട്ടാനുള്ള പ്രവണത ഇക്കാലത്ത് പൂർവ്വോപരി വർദ്ധിച്ചു കാണുന്നു. നാലാളുകൾ വീട്ടിൽ വരുമ്പോൾ അവയെല്ലാം അവരുടെ മുമ്പിൽ പ്രദർശിപ്പിക്കുന്നതിൽ ആത്മസംതൃപ്തി അടയുന്നവരുണ്ട്. ചിലർ വീടിനെ കാഴ്ച്ചബംഗ്ളാവിന് തുല്യമാക്കിത്തീർക്കുന്നു. സന്ദർശകരുടെ കയ്യടി ലഭിക്കുമ്പോൾ സ്വർഗ്ഗം കിട്ടിയതുപോലെ സന്തോഷിക്കുന്നു. ഇക്കൂട്ടർക്കുള്ള ഒരു മുന്നറിയിപ്പാണ് ചാവറ പിതാവിന്റെ ഉപദേശം.കുടുംബങ്ങളുടെ സമ്പത്ത് വസ്തുക്കളുടെ പെരുപ്പമല്ല, പിന്നെയോ വസ്തുക്കളുടെ ഗുണമാകുന്നു.

### *സമ്പത്തിന്റെ വചനവീക്ഷണം*

പഴയനിയമത്തിൽ സുഭാഷിതങ്ങളിലാണ് സമ്പത്തിനെ ക്കുറിച്ച് കൂടുതൽ പരാമർശമുള്ളത്. ഏതാനും പാഠങ്ങൾ ഉദ്ധരണീയമത്രെ. കർത്താവിനെ നിന്റെ സമ്പത്തുകൊണ്ടും നിന്റെ എല്ലാ ഉത്പന്നങ്ങളുടെയും ആദ്യഫലം കൊണ്ടും ബഹുമാനിക്കുക(3:9). സമ്പത്ത് നൽകുന്നത് ദൈവമാണ്. അക്കാര്യം ഏറ്റുപറയുവാനും വസ്തുവകകളുടെ പരോന്മുഖമായ ഉപയോഗം കൊണ്ടു അവിടുത്തെ ആദരിക്കുവാനും മനുഷ്യൻ കടപ്പെടുന്നു. ജ്ഞാനം എന്ന സ്വാധി ഉദ്ഘോഷിക്കുന്നു. സമ്പത്തും ബഹുമാനവും നിലനിൽക്കുന്ന ഐശ്വര്യവും എന്റെ പക്കലുണ്ട്. എന്നിൽ നിന്നുള്ള ഫലം സ്വർണ്ണത്തേക്കാൾ, തങ്കത്തേക്കാൾപോലും ശ്രേഷ്ഠമത്രെ... ഞാൻ എന്നെ സ്നേഹിക്കുന്നവരെ സമ്പന്നരാക്കി അവരുടെ ഭണ്ഡാരം നിറയ്ക്കുന്നു (8:12-21). അലസമായ കരം ദാരിദ്ര്യം വരുത്തിവയ്ക്കുന്നു. സ്ഥിരോത്സാഹിയുടെ കരം സമ്പത്ത് നേടുന്നു(10:4). ദൈവത്തിന്റെ അനുഗ്രഹമില്ലാതെ ആർക്കും സ്വന്തം ശക്തികൊണ്ട് സമ്പന്നനാകാൻ സാധിക്കുകയില്ല. കർത്താവ് ഭവനം പണിയുന്നില്ലെങ്കിൽ പണിക്കാരുടെ അദ്ധ്വാനം വ്യർത്ഥമാണ്. കർത്താവ് നഗരം കാക്കുന്നില്ലെങ്കിൽ കാവൽക്കാർ ഉണർന്നിരിക്കുന്നതും വ്യർത്ഥം(സങ്കി.127:1). വിനയത്തിനും ദൈവഭക്തിക്കുമുള്ള പ്രതിഫലം സമ്പത്തും ജീവനും ബഹുമതിയുമാണ് (22:4). ഏറ്റവും വലിയ സമ്പത്ത് ജ്ഞാനമത്രെ എന്ന സത്യം സുഭാ.16:16 ൽ ഊന്നിപ്പറഞ്ഞിരിക്കുന്നു.

### *സമ്പത്ത് പുതിയനിയമദർശനത്തിൽ*

യേശു സമ്പത്തിനെക്കുറിച്ച് അരുൾചെയ്തിട്ടുള്ളവ ഉദ്ധരണീയമത്രെ. നിന്റെ നിക്ഷേപം എവിടെയോ അവിടെയായിരിക്കും നിന്റെ ഹൃദയവും(മത്താ.6:21). നീ പൂർണ്ണനാകാൻ ആഗ്രഹിക്കുന്നുവെങ്കിൽ പോയി നിനക്കുള്ളതെല്ലാം വിറ്റ് പാവങ്ങൾക്ക് കൊടുക്കുക. അപ്പോൾ സ്വർഗ്ഗത്തിൽ നിനക്ക് നിക്ഷേപമുണ്ടാകും(മത്താ.19:21). നിങ്ങൾ സമ്പാദ്യങ്ങൾ വിറ്റ് ഭിക്ഷ കൊടുക്കുവിൻ. കള്ളൻ സമീപിക്കാത്തതും ചിതൽ നശിപ്പിക്കാത്തതുമായ സ്വർഗ്ഗത്തിൽ പഴകിപ്പോകാത്ത പണസഞ്ചികളും തീർന്നുപോകാത്ത നിക്ഷേപങ്ങളും കരുതിവയ്ക്കുവിൻ (ലൂക്കാ.12:33). യാക്കോബ് ശ്ലീഹായുടെ വാക്കുകൾ നിശിതമത്രേ. ധനവാന്മാർക്കെതിരായി അദ്ദേഹം പ്രസ്താവിക്കുന്നു. നിങ്ങളുടെ പൊന്നിനും വെള്ളിക്കും കറ പിടിച്ചിരിക്കുന്നു. അവയുടെ

കറ നിങ്ങൾക്കെതിരായ സാക്ഷ്യമായിരിക്കും. തീ പോലെ അതു നിങ്ങളുടെ മാംസം തിന്നുകളയും (യാക്കോ.5:3). ലവോദിക്യായിലെ സഭയ്ക്കുള്ള മുന്നറിയിപ്പ് ഇപ്രകാരമാണ്. ഞാൻ ധനവാനാണ്; എനിക്കു സമ്പാദ്യമുണ്ട്. എനിക്ക് യാതൊന്നിനും മുട്ടില്ല എന്ന് നീ പറയുന്നു. പക്ഷേ നീ നികൃഷ്ടനും ദയനീയനും ദരിദ്രനും അന്ധനും നഗ്നനുമാണെന്ന് നീ മനസ്സിലാക്കുന്നില്ല (വെളി.3:17).

*വേലയെടുക്കുക*

അടുത്തതായി ചാവറപിതാവ് ഊന്നിപ്പറയുന്ന വിഷയം അദ്ധ്വാനശീലത്തെക്കുറിച്ചാണ്. നിന്റെ അന്തസ്സിനു തക്കവണ്ണം വേലയെടുക്കാതിരിക്കുന്നത് ബഹുമാനമുള്ള ആളുകളുടെ മുറയല്ല. മടി സർവ്വദുർഗുണങ്ങളുടേയും മാതാവാകുന്നു; പ്രത്യേകം മദ്യപാനത്തിന്റെ കാരണമാകുന്നു. ഒരുദാഹരണം നൽകുന്നുണ്ട് വത്സലപിതാവ്. കാത്തോ എന്ന റോമൻ ഭരണാധികാരി തന്റെ നഗരത്തിൽ പാർക്കുന്നവർക്ക് ആവശ്യം വേണ്ട ലക്ഷണം ഇതായിരിക്കണമെന്ന് കല്പിച്ചു. ആദ്യമായി റോമിൽ പാർക്കുന്നതിന് ആഗ്രഹിക്കുന്നരെല്ലാം തങ്ങൾ വയലിൽ വേലയെടുക്കുന്നവരാണെന്നതിന്റെ അടയാളമായി കൈതഴമ്പ് കാട്ടണം. ധനവാന്മാരും മാടമ്പികളും അവരവരുടെ അന്തസ്സിനു തക്കവണ്ണം വേലയെടുക്കുന്ന ഉപകരണങ്ങൾ പിടിച്ചല്ലാതെ പുറത്തു നടന്നുകൂടാ.

*അദ്ധ്വാനിക്കുന്ന ദൈവം*

ഉത്പ.2:46-55 ലെ സൃഷ്ടിയുടെ വിവരണത്തിൽ ദൈവത്തെ ഒരു ജോലിക്കാരനായിട്ടാണ് ചിത്രീകരിച്ചിരിക്കുക. അവിടുന്ന് ആകാശവും ഭൂമിയും ഉണ്ടാക്കി (സങ്കീ.96:5). ആകാശം ദൈവത്തിന്റെ കരവിരുതത്രെ (സങ്കീ.102:25). അവിടുന്ന് ആകാശത്തെ ഒരു കൂടാരം പോലെ വിരിച്ചുനിർത്തി(സങ്കീ.104:2). സൂര്യന് ഒരു കൂടാരം നിർമിച്ചു (സങ്കീ.19:4). തെക്കൻ കാറ്റിനെ തുറന്നുവിട്ടു (സങ്കീ.78:26). മനുഷ്യനെ മണ്ണിൽനിന്ന് മെനഞ്ഞെടുത്തു. ജീവന്റെ ശ്വാസം അവന്റെ നാസാരന്ധ്രങ്ങളിലേക്ക് നിശ്വസിച്ചു(ഉത്പ.2:7). കിഴക്ക് ഏദനിൽ ഒരു തോട്ടമുണ്ടാക്കി (ഉത്.2:3). ആദത്തെ ഗാഢനിദ്രയിലാഴ്ത്തി അവന്റെ വാരിയെല്ലുകളിൽ ഒന്ന് ഊരിയെടുത്ത് സ്ത്രീക്ക് രൂപംകൊടുത്തു (ഉത്പ.2:22). ഇപ്രകാരം സൃഷ്ടജാലങ്ങൾക്കെല്ലാം രൂപം കൊടുത്ത തൊഴിലാളിയാണ് അവിടുന്ന്.

*പ്രവർത്തനനിരതനായ പുത്രൻ*

മനുഷ്യനായി തീർന്ന ദിവ്യതനയൻ സദാ ജോലി ചെയ്തുകൊണ്ടിരുന്നവനാണ്. പിതാവിനെപ്പോലെ അവിടുന്ന് പ്രവർത്തിച്ചുകൊണ്ടിരുന്നു (യോഹ.5:17). താതന്റെ ജോലി അവിടുന്നു പൂർത്തീകരിക്കുകയായിരുന്നു (യോഹ.4:34). ആ പ്രവൃത്തികൾ പിതാവ് തന്നെ അയച്ചിരിക്കുന്നുവെന്ന് സാക്ഷ്യപ്പെടുത്തി (യോഹ.5:36). ആശാരിപ്പണിയായിരുന്നു കൈതൊഴിൽ (മാർക്കോ.6:3). ഭക്ഷണം കഴിക്കുന്നതിനു പോലും അവസരം കിട്ടിയിരുന്നില്ല. തന്മൂലം വിജനമായസ്ഥലത്തുചെന്ന് വിശ്രമിക്കാൻ തയ്യാറായി ഈശോ (മർക്കോ.6:31-32). കുരിശിൽ കിടന്നാണ് അവിടുന്ന് ഏറ്റവുമധികം അധ്വാനിച്ചതെന്നു പറയാം. ഇപ്രകാരം രാവും പകലും ജോലി ചെയ്തവനായിരുന്നു മനുഷ്യപുത്രൻ. പകലായിരിക്കുവോളം എന്നെ അയച്ചവന്റെ പ്രവൃത്തികൾ ചെയ്യാൻ നാം കടപ്പെട്ടിരിക്കുന്നു (യോഹ.9:4) എന്ന് ഈശോ ഉദ്ബോധിപ്പിക്കുന്നു.

*സഭാതനയർ സദാ കർമ്മനിരതർ*

ആദിമസഭയിലെ അംഗങ്ങൾ എപ്പോഴും ജോലിചെയ്യുന്നവരാകണമെന്ന് പൗലോസ്ശ്ലീഹാ ഉദ്ബോധിപ്പിക്കുന്നു. സ്വന്തം കരങ്ങൾകൊണ്ട് ജോലി ചെയ്യുവിൻ(1തെസ.4:11). ജോലി ചെയ്യാൻ മനസ്സില്ലാത്തവൻ ഭക്ഷിക്കാതിരിക്കട്ടെ (2തെസ.3:10). ചാവറ ഇപ്രകാരം എഴുതുന്നു. "*ഇനി തമ്പുരാൻ തരുന്ന നേരം തന്റെ സ്തുതിക്കായി മാത്രം പെരുമാറാൻ ഞാൻ നിശ്ചയിച്ചിരിക്കുന്നു, തന്റെ വിളിക്കു തക്ക വേല ചെയ്യുവാൻ ഉറച്ചിരിക്കുന്നു*"(കത്തുകൾ.5/13). നമുക്ക് ഈ വത്സലപിതാവിന്റെ മാതൃക അനുകരിക്കാം.



## 15

# കച്ചവടവും ദാനധർമ്മവും

*പ്രബോധനം*

ചാവറപിതാവ് കുടുംബത്തിനു നൽകുന്ന പതിമൂന്നാമത്തെ പ്രബോധനം വ്യാപാരത്തിൽ ഏർപ്പെടുന്നതിനെ കുറിച്ചാകുന്നു. കച്ചവടജോലി ആത്മത്തിനു മാത്രമല്ല, ധനത്തിനും എത്രയോ ആപത്തുള്ളതാകുന്നു. മറ്റൊരു വ്യാപാരം കൊണ്ടും കഴിപ്പാൻ പാടില്ലെങ്കിൽ കച്ചവടം ചെയ്യുന്നതിന് മുടക്കില്ല. എന്നാൽ മഹാ സൂക്ഷത്തോടും നീതിയോടും കൂടെ ചെയ്യേണ്ടതാകുന്നു അത്. നീതി കുറവായിട്ടുള്ള യാതൊരു കച്ചവടക്കാരനും ഒരിക്കലും ഒരു നിലയായി നിന്നു പ്രകാശിച്ചിട്ടില്ല. സൂത്രംകൊണ്ടും കളവുകൊണ്ടും ഉണ്ടാക്കപ്പെട്ട ദ്രവ്യം മഞ്ഞുപോലെ വേഗം അലിഞ്ഞുപോകും.

*അപകടസാധ്യത*

കച്ചവടത്തിലേർപ്പെടരുതെന്നല്ല വത്സലപിതാവ് നിർദ്ദേശിക്കുന്നത്. സൂത്രവും കളവും ആ ജോലിയിൽ എളുപ്പത്തിൽ കടന്നു പറ്റാനിടയുള്ളതിനാൽ ക്രിസ്തീയധാർമ്മികത പുലർത്തുക എളുപ്പമല്ലെന്ന് ചരിത്രം പഠിപ്പിക്കുന്നു. "പ്രഭാഷകന്റെ വാക്കുകൾ ശ്രദ്ധേയമാണ്: കച്ചവടക്കാരനു കാപട്യത്തിൽ നിന്നൊഴിഞ്ഞിരിക്കുക ദുഷ്കരം; വ്യാപാരിക്കു നിഷ്ക്കളങ്കനാവുക പ്രയാസം"(പ്രഭാ.26:29). തന്മൂലം അപകടം പിടിച്ച ആ ജോലിയിൽ ഏർപ്പെടാതിരിക്കുകയാണ് ഉത്തമം. വേറൊരു ജോലിയും ചെയ്യാൻ പറ്റില്ലെങ്കിൽമാത്രമേ കച്ചവടം നടത്താവൂ എന്ന് അദ്ദേഹം ഉപദേശിക്കുന്നു. വ്യാപാരിയാകുകയാണെങ്കിൽ ആ ജോലി മഹാസൂക്ഷത്തോടും നീതിയോടും കൂടെ നിർവ്വഹിക്കണം. സൂത്രവും കളവും തീർത്തും വർജ്ജിക്കണം. അങ്ങനെ ചെയ്യുന്നവർ ഒരിക്കലും നല്ലനിലയിൽ ആകുകയില്ലെന്ന് ധന്യചരിതൻ ഓർമ്മിപ്പിക്കുന്നു. അക്കൂട്ടരുടെ സമ്പാദ്യമെല്ലാം വെയിലത്തു മഞ്ഞുപോലെ വേഗം അലിഞ്ഞുപോകും. നീതിയെക്കുറിച്ചും സത്യസന്ധതയെക്കുറിച്ചും പ്രഭാഷകൻ പറയുന്ന വാക്കുകൾ എപ്പോഴും കൺമുമ്പിലുണ്ടാകണം. നീതിയെ പിന്തുടർന്നാൽ നിനക്കതു ലഭിക്കും. മഹനീയ അങ്കിപോലെ സത്യസന്ധത സത്യസന്ധനോടു ചേരുന്നു (പ്രഭാ.27:8-9)

*ബിബ്ലിക്കൽ കാഴ്ച്ചപ്പാട്*

അധാർമ്മികരായ കച്ചവടക്കാരെ ആമോസ് പ്രവാചകൻ അതിനിശിതമായി വിമർശിക്കുന്നുണ്ട് (ആമോ.8:5 -6). കച്ചവടരംഗത്ത് അന്നു നിലവിലിരുന്ന കാപട്യങ്ങളുടെ മൂടുപടം അദ്ദേഹം നിർദ്ദാക്ഷിണ്യം പിച്ചിച്ചീന്തുന്നു. അധർമ്മവ്യാപാരങ്ങളിലേർപ്പെടാൻ ഉത്സുകരായ വ്യാപാരിവൃന്ദം. തിരുന്നാളുകളോടനുബന്ധിച്ചുള്ള ഒഴിവുദിനങ്ങളെക്കുറിച്ച് അവർക്കമർഷമാണ്. കച്ചവടം ചെയ്യാനുള്ള സമയം എന്തിനു വൃഥാ കളഞ്ഞുകുളിക്കണം? കാപട്യവും വഞ്ചനയും ഹൃദയത്തിൽ പ്രതിഷ്ഠിച്ചിരിക്കുന്ന അധർമ്മർക്ക് ദൈവോപാസനയിൽ ആനന്ദം കണ്ടെത്താനുള്ള കഴിവ് നഷ്ടപ്പെട്ടു കഴിഞ്ഞു. എങ്കിലും ജോലി ചെയ്യരുതെന്ന് മുടക്കിയിരിക്കുന്ന സാബത്ത് ലംഘിക്കാൻ ധൈര്യപ്പെടുന്നുമില്ല. ആഘോഷമായി കഴിക്കേണ്ട ആ പരിശുദ്ധ ദിനങ്ങൾ എങ്ങനെയെങ്കിലും കഴിഞ്ഞുകിട്ടിയാൽ മതിയെന്ന ചിന്തയാണവർക്ക്. നാളെ നിർവഹിക്കേണ്ട കപടവ്യാപാരങ്ങളെപ്പറ്റി ആലോചിച്ചുറപ്പിക്കുവാൻ അത്തരം ദിനങ്ങൾ അധർമ്മികൾ ചിലവഴിക്കുന്നു. പ്രവാചകന്റെ ദൈവനിവേശിതമായ ഈ വാക്കുകൾ കപടവ്യാപാരികൾക്ക് ദൈവത്തോടുള്ള ബന്ധം നഷ്ടപ്പെട്ടിരിക്കുന്നുവെന്ന സത്യം വെളിവാക്കുന്നണ്ടുല്ലോ.

*കുത്സിത പ്രവൃത്തികൾ*

തുടർന്ന് വഞ്ചകരായ ഈ കച്ചവടക്കാർ നടത്തുന്ന അന്യായ പ്രവൃത്തികൾ അക്കമിട്ടു പറയുന്നു ആമോസ് പ്രവാചകൻ. നല്ല ധാന്യത്തോടൊപ്പം താഴ്ന്നതരം ധാന്യവും കൂട്ടിക്കലർത്തി വിൽപ്പന നടത്തുന്നു. കള്ളപ്പറയും ചെറുനാഴിയും വ്യാജതൂക്കങ്ങളും സംഘടിപ്പിക്കുന്നു. ഏകദേശം നാൽപ്പത് ലിറ്റർ ഉൾക്കൊള്ളുന്ന വലിയ പറയായ എഫായാണ് അന്ന് ധാന്യമളക്കാൻ ഉപയോഗിച്ചിരുന്നത്. അതിന്റെ വലിപ്പം കള്ളക്കച്ചവടക്കാർ കുറക്കുന്നു. അപ്രകാരം ധാന്യം വാങ്ങുന്നവരെ ചതിക്കുകയും ചെയ്യുന്നു. ഏകദേശം 11.5 ഗ്രാം വരുന്ന കട്ടികളാണ് തൂക്കം നോക്കാൻ ഉപയോഗിച്ചിരുന്ന ഷെക്കൽ. അവയുടെ തൂക്കം കുറയ്ക്കുകയാണെങ്കിൽ നിലവിലുള്ള വിലയ്ക്ക് സാധനങ്ങൾ കുറച്ചു കൊടുക്കാമല്ലോ. കള്ളത്തുലാസുകൊണ്ടാണ് കച്ചവടക്കാർ ക്രയവിക്രയം നടത്തിയിരുന്നത്. അന്ന് നടമായിയിരുന്ന മറ്റൊരു പാതകത്തെക്കുറിച്ചും ആറാം വാക്യത്തിൽ സൂചനയുണ്ട്. മനുഷ്യക്കച്ചവടമാണത്. പണം കൊടുത്ത് പട്ടിണിക്കാരെയും ഒരു ജോടി ചെരു

പ്പിന് പാവപ്പെട്ടവരേയും വാങ്ങുക. ഈ അടിമകളെക്കൊണ്ട് മൃഗങ്ങളെ പ്പോലെ ജോലി ചെയിപ്പിക്കുവാൻ കഴിയുമല്ലോ.

*ഒരു ചരിത്രപാഠം*

ദൈവത്തിന്റെ സ്വന്തം ജനമായിത്തീരാൻ തിരഞ്ഞെടുക്കപ്പെട്ട വരാണല്ലോ ഇസ്രായേൽജനം. ഈജിപ്തിൽ ചൂഷണത്തിനും പീഡനത്തിനും ഇരയായി കഴിഞ്ഞിരുന്നവരെ തന്റെ വത്സലതന യരാകുവാൻ(പുറ.19:5-6)ദൈവം വീണ്ടെടുത്തു. ദേശം നൽകി, ദേവാലയം നൽകി, വലിയ ജനതയാക്കി, ഉടമ്പടി ജനമാക്കി, ഏവർക്കും തുല്യത നൽകുന്ന പുത്തൻ സാമ്പത്തികവ്യവസ്ഥിതി ഏർപ്പെടുത്തി. ഇസ്രായേൽ ജനതയിലെ ഓരോരുത്തർക്കും തുല്യ അവകാശവും തുല്യചുമതലകളും സംസിദ്ധമാക്കുന്ന പുത്തൻ രാഷ്ട്രീയമീമാംസക്ക് രൂപം നൽകി. എന്നിട്ടും കാലക്രമത്തിൽ സംഭവിച്ചതെന്താണെന്നോ? എങ്ങനേയും ധനം സമ്പാദിച്ചുകൂട്ടാനുള്ള ജ്വരം പലരേയും പിടികൂടി. അതോടെ കച്ചവടരംഗം കള്ളത്തരങ്ങളുടെ കർമ്മഭൂമിയായിത്തീർന്നു. പക്ഷെ ഉടമ്പടിജനത്തിനു വന്നുഭവിച്ച ദുരന്തം എന്തായിരുന്നുവെന്നോ? ദൈവകോപത്തിനിരയായിത്തീർന്ന ഇസ്രായേൽ ജനത്തിന് എല്ലാം നഷ്ടപ്പെട്ടു. അടിമകളായി അവരെ ബാബിലോൺക്കാർ പിടിച്ചുകൊണ്ടുപോയി. ഇത്തരത്തിലുള്ള ചരിത്രപാഠങ്ങൾ നന്നായി അറിയാവുന്നവനായിരുന്നു ചാവറപിതാവ്. അതുകൊണ്ടാണ് കച്ചവടത്തിന്റെ അപകടസാധ്യതകളെക്കുറിച്ച് തന്റെ മക്കളായ കൈനകിരി ഇടവകക്കാരെ അദ്ദേഹം ബോധവത്ക്കരിക്കാൻ ശ്രമിച്ചത്.

*ഒരു ദൃഷ്ടാന്തം*

സാധാരണക്കാരനായ കൈനകിരിക്കാർക്ക് കാര്യം നന്നായി മനസ്സിലാക്കുവാൻ ഒരുദാഹരണം നൽകുകയായി പ്രബോധന പടുവായ വത്സലപിതാവ്. കൗശല്യക്കാരും കാപട്യം നിറഞ്ഞവരുമായ രണ്ടു കച്ചവടക്കാരുടെ കഥയാണിത്. എന്തു കള്ളത്തരം ചെയ്തിട്ടും സമ്പത്ത് വർദ്ധിപ്പിക്കുവാൻ അവർക്കു കഴിഞ്ഞില്ല. ഇക്കാര്യം കുമ്പസാരത്തിനണഞ്ഞപ്പോൾ വൈദികനെ അറിയിച്ചു. അദ്ദേഹത്തി ന്റെ നിർദ്ദേശാനുസൃതം കള്ളത്തരവും കപടോക്തിയും കൈവെടിഞ്ഞ് ക്രയവിക്രയത്തിലേർപ്പെട്ടപ്പോൾ ദൈവം അവരെ അനുഗ്രഹിച്ചു. ഒരു വർഷംകൊണ്ട് രണ്ടുപേരും വലിയ സമ്പന്നരായിത്തീർന്നു.

മറ്റുള്ളവരെ സമ്പത്തുകൊണ്ട് സഹായിക്കേണ്ട ആവശ്യകത ...ാവറപിതാവ് ഊന്നിപ്പറയുന്നു. അന്യന്മാർക്ക് വല്ല ഉപകാരവും ചെയ്യാത്ത ദിവസം നിന്റെ ആയുസ്സിന്റെ ദിനങ്ങളുടെ കണക്കിൽ കൂട്ടുന്നതല്ല. ഭിക്ഷക്കാർ വെറും കയ്യോടെ നിന്റെ വീട്ടിൽ നിന്നു പോകാൻ നീ സമ്മതിക്കേണ്ട. പാടുള്ളപ്പോഴെല്ലാം അൽപ്പമെങ്കിലും ദാനധർമ്മം കൊടുക്കാതിരിക്കേണ്ട. മൂന്നു വാക്യങ്ങളും കൽപ്പന പോലെയാണ് അവതരിപ്പിക്കുക. ഇതരർക്ക് ഉപകാരം ചെയ്യാത്ത ദിവസം ആയുസ്സിന്റെ ദിനങ്ങളുടെ കണക്കിൽ കൂട്ടുന്നതല്ല എന്ന പ്രസ്താവന അതിശക്തമാണ്. വിധിദിവസത്തെക്കുറിച്ചാണ് പരാമർശിക്കുക. ആയുസ്സിന്റെ പുസ്തകത്തിൽ എഴുതപ്പെടാത്ത ദിവസങ്ങൾക്കൊന്നും പ്രതിസമ്മാനം ലഭിക്കുകയില്ല. ശിക്ഷയുണ്ടാകുമെന്നാണ് ധ്വനി. അതുപോലെ ഭിക്ഷക്കാരൻ ഒന്നും കിട്ടാതെ വീട്ടിൽ നിന്നും മടങ്ങാൻ സമ്മതം കൊടുക്കരുതെന്ന് അനുശാസിക്കുന്നു. അല്പമെങ്കിലും ദാനധർമ്മം ചെയ്യാതെ ഇരിക്കരുത് എന്ന നിർദേശവും ഉപദേശമല്ല, ആജ്ഞയാണ്.


### *തോബിത്, ഒരു നിദർശനം*

തോബിതിന്റെ ഗ്രന്ഥത്തിലാണ് ഭിക്ഷ ദാനത്തേയും ഇതരർക്ക് സേവനം ചെയ്യുന്നതിനേയുംകുറിച്ച് കൂടുതൽ പരാമർശമുള്ളത്. നല്ലവനായ ആ മനുഷ്യന്റെ അന്തിമോപദേശം ശ്രവിക്കുക. അഹിക്കാർ ദാനധർമ്മം നൽകി. അങ്ങനെ നാദാബ് ഒരുക്കിയ കെണിയിൽ നിന്നു രക്ഷപ്പെട്ടു. നാദാബ് തന്നെ ആ കെണിയിൽപ്പെട്ടു നശിച്ചു. ആകയാൽ മക്കളേ, ദാനധർമ്മം എന്തു നേടുന്നുവെന്നും നീതി എങ്ങനെ രക്ഷിക്കുന്നുവെന്നും ചിന്തിക്കുവിൻ. ദീർഘയാത്രക്കൊരുങ്ങുന്ന പുത്രനോട് അദ്ദേഹം പറയുന്നു. വിശക്കുന്നവനുമായി നിന്റെ അപ്പം പങ്കിടുക, നഗ്നനുമായി നിന്റെ വസ്ത്രവും. മിച്ചമുള്ളത് ദാനം ചെയ്യുക. ദാനധർമ്മം ചെയ്യുന്നതിൽ മടി കാണിക്കരുത്.

### *പരസ്നേഹപ്രവൃത്തികൾ*

തോബിത് തന്നെയാണ് ഉത്തമോദാഹരണം. അദ്ദേഹത്തിന്റെ ചില ഏറ്റുപറച്ചിലുകൾ: സ്വദേശീയരായ സഹോദരർക്ക് ഞാൻ നിരവധി ഉപകാരങ്ങൾ ചെയ്തിട്ടുണ്ട് (1:3). വിശക്കുന്നവർക്ക് ഞാൻ

ഭക്ഷണം കൊടുത്തു. നഗ്നർക്ക് വസ്ത്രം നൽകി. എന്റെ ജനത്തിലാരുടെയെങ്കിലും മൃതദേഹം നിനവേയുടെ മതിലിനു വെളിയിൽ കിടക്കുന്നതു കണ്ടാൽ ഉടനെ ഞാൻ സംസ്ക്കരിക്കു മായിരുന്നു(1:17). ആദിമ സഭയിലെ അംഗങ്ങൾ പരസ്പരം സഹായിക്കുന്നതിൽ ഉത്സുകരായിരുന്നു. വി.പൗലോസ് ശ്ലീഹായുടെ ലേഖനങ്ങളിൽ സാമ്പത്തിക ഞെരുക്കങ്ങളിൽ കഴിയുന്ന സഹോദരങ്ങൾക്ക് സംഭാവന നൽകണമെന്ന് അഭ്യർത്ഥിക്കുന്നു ണ്ടല്ലോ. ദാനധർമ്മമാണ് ദൈവത്തിന് സ്വീകാര്യമായ ബലിയെന്ന് അദ്ദേഹം എഴുതി (പീലി.4:14-20). ഇപ്രകാരം ചാവറപിതാവിന്റെ പ്രബോധനം തികച്ചും ബിബ്ലിക്കലാണ്. ഒരു ഉദാഹരണം അദ്ദേഹം എടുത്തുകാട്ടുന്നു. ഒരു മനുഷ്യൻ ദിവസം തോറും ഒരുത്തനെങ്കിലും ഉപകാരം ചെയ്തുവന്നു. ഒരു ദിവസം അവൻ അത്താഴത്തിനിരു ന്നപ്പോൾ ഒരുത്തനുപോലും ഉപകാരം ചെയ്തിട്ടില്ലെന്നോർത്ത് എഴുന്നേറ്റു. ആയതു നിർവഹിച്ചശേഷമേ അത്താഴം കഴിച്ചുള്ളൂ.



## 16

# ലുബ്ധ്, ധാരാളിത്തം, മിത്രം, മോഷണം

*ആമുഖം*

കുടുംബങ്ങളിൽ ഇന്ന് സർവ്വസാധാരണയായ ഒരു പ്രവണതയാണ് അതിധാരാളിത്തം കാട്ടി മറ്റുള്ളവരുടെ മുമ്പിൽ പേരെടുക്കാനുള്ള തത്രപ്പാട്. അതുപോലെ ലുബ്ധന്മാരും കൂടിവരുന്നു. യഥാർത്ഥമിത്രങ്ങളുടെ അഭാവം പല കുടുംബങ്ങളുടേയും നിലനില്പിനെ ബാധിക്കുന്നുണ്ട്. മോഷണവസ്തുക്കൾ വീട്ടിൽ സൂക്ഷിച്ചു വയ്ക്കുന്നവർക്കും മുന്നറിയിപ്പ് നൽകുകയാണ് ചാവരുളിന്റെ രചയിതാവ്.

*പാഠം*

അതിധാരാളിത്തവും ലുബ്ധും രണ്ടും തിന്മയാകുന്നു. ലുബ്ധന്റെ വസ്തുക്കൾ പുഴുക്കൾ തിന്നും. ധാരാളിയുടെ സന്തോഷം പുകപോലെ കടന്നുപോകും. നിനക്ക് സ്നേഹിതന്മാർ അധികം വേണ്ട. പിന്നെയോ ആയിരംപേരിൽനിന്നു സൂക്ഷിച്ച് ഒരുവനെ തിരഞ്ഞെടുക്കുക. തമ്പുരാനെ സ്നേഹിക്കാത്തവർ സത്യമായി നിന്നെയും സ്നേഹിക്കയില്ല... കട്ട വസ്തു ഒരു നാഴിക നേരത്തേക്കെങ്കിലും നിന്റെ വീട്ടിൽ വെച്ചു സൂക്ഷിപ്പാൻ നീ സമ്മതിക്കേണ്ട. കട്ട വസ്തു ഇരിക്കുന്ന വീടു കത്തിപ്പോകുമെന്ന് റൂഹാദ്ക്കുദാശാ തമ്പുരാൻ അരുളിച്ചെയ്തിരിക്കുന്നു. അന്യവസ്തു കട്ടവരോടു കൂടെ നീ ഇടയേണ്ട. എന്തെന്നാൽ നാളെ നിന്റെ വസ്തുക്കൾ കക്കുവാൻ അവർ മടിക്കുകയില്ല, നിശ്ചയം. ഇതല്ലാതെ അവരുടെ പാപത്തിനും നീ പങ്കുക്കാരനാകും.

*ബൈബിൾ വീക്ഷണം*

എല്ലാം ദൈവദാനമാണ്. സമ്പത്ത് കർത്താവ് സമ്മാനമായി നൽകിയിരിക്കുന്നു. അത് ഇതരരുമായി പങ്കുവയ്ക്കണമെന്നാണ് അവിടുന്ന് ഉദ്ദേശിക്കുന്നത്. സ്വന്തമായി സ്വരൂപിച്ചുകൂട്ടുന്നവൻ തിരുഹിതത്തിനെതിരായി പ്രവർത്തിക്കുന്നു. അക്കൂട്ടർക്ക് ദൈവശിക്ഷ കൈവരും, തീർച്ച. സമ്പത്ത് അവരിൽനിന്ന് എടുത്തുകളയപ്പെടും.

*അബ്രാഹം ഒരു മാതൃക*

രക്ഷാചരിത്രത്തിന്റെ പിതാവാണല്ലോ അബ്രാഹം. അദ്ദേഹത്തെ വിളിച്ചുകൊണ്ടു ദൈവം അരുൾചെയ്തു. ഞാൻ നിന്നെ അനുഗ്രഹിക്കും, മറ്റുള്ളവർക്ക് നിന്നെ ഒരു അനുഗ്രഹമാക്കിത്തീർക്കും (ഉത്പ.12:2). ദൈവനന്മകളാൽ പൂരിതനായി തീർക്കുന്ന പ്രക്രിയയെയാണ് അനുഗ്രഹിക്കുകയെന്ന ബൈബിളിലെ ആശയം സൂചിപ്പിക്കുക. ദൈവമാണല്ലോ സർവ്വനന്മകളുടേയും ഉറവിടവും നിറകുടവും, ദാതാവും പാലകനും. അവിടുത്തെ ഒരു പ്രത്യേക ലക്ഷണം തന്റെ നന്മകളെല്ലാം മറ്റുള്ളവർക്കായി വാരിവിതറുന്നു എന്നതാണ്. അപ്രകാരം പ്രവർത്തിക്കാനാണ് അബ്രാഹം വിളിക്കപ്പെട്ടത്. തനിക്കു ദൈവം നൽകിയ അനുഗ്രഹങ്ങളെല്ലാം തറവാട്ടു സ്വത്തായി പരിഗണിക്കാതെ അദ്ദേഹം മറ്റുള്ളവർക്കായി ദാനം ചെയ്യണം. അങ്ങനെ ഇതരരേയും അനുഗൃഹീതരാക്കിതീർക്കണം. പൂർവ്വപിതാവ് തന്റെ ദൈവവിളി ജീവിക്കുന്നതായി കാണാനാകും. അബ്രാഹമിന്റെ തനയനാണല്ലോ യേശു(മത്താ.1:1). സർവ്വസമ്പന്നനായിരുന്നിട്ടും അവയെല്ലാം മറ്റുള്ളവർക്കായി വ്യയം ചെയ്ത മനുഷ്യപുത്രൻ ഒന്നും തനിക്കായി കരുതിവെച്ചില്ല. സമയം, സിദ്ധി, ആരോഗ്യം തുടങ്ങിയ സമ്പത്ത് പൂർണ്ണമായും അഗതികൾക്കായി ചിലവഴിച്ചു. ശിഷ്യരെ സുവിശേഷപ്രഘോഷണത്തിനയച്ചുകൊണ്ട് അവിടുന്ന് അരുൾ ച്ചെയ്തു. നിങ്ങൾക്ക് ദാനമായി കിട്ടിയത് നിങ്ങൾ ദാനമായി കൊടുക്കുവിൻ(മത്താ.10:8). യേശു ശിഷ്യരാകേണ്ടവരാണ് ക്രൈസ്തവർ. എന്തുമാത്രം മറ്റുള്ളവരെ സമ്പന്നരാക്കാൻ (ലൗകികം, മാനസികം, ബുദ്ധിപരം, ആത്മീയം തുടങ്ങിയ തലങ്ങളിലെല്ലാം) യത്നിക്കുന്നുവോ അത്രമാത്രം ഒരാൾ ദൈവതനയസ്ഥാനത്തേക്ക് ഉയർന്നുകൊണ്ടിരിക്കും.

*ഒരുദാഹരണം*

ചാവറപിതാവ് ലുബ്ധന് എന്തുസംഭവിക്കുമെന്ന് ഒരുദാഹരണസഹിതം വ്യക്തമാക്കുന്നു. ഒരു ദിക്കിൽ ഒരു മനുഷ്യനുണ്ടായിരുന്നു. ഇയാൾ അവസ്ഥ പോലെയും ദിഷ്ടതി പോലെയും ലുബ്ധ് വിചാരിക്കാതെ വീട്ടുചിലവ് കഴിക്കാതെയും ദാനധർമ്മം കൊടുക്കുകയും ചെയ്തുവന്നു. കാലക്രമം കൊണ്ട് ദ്രവ്യം വർദ്ധിക്കയില്ലെന്ന് മനസ്സിലാക്കി ധർമ്മം മുടക്കി പണം വർദ്ധിപ്പിക്കാൻ

ുങ്ങി. ഇങ്ങനെയിരിക്കേ ഇയാളുടെ കാലിന്മേൽ ഒരു വ്രണമുണ്ടായി. പലവൈദ്യന്മാരെ വരുത്തി ചികിത്സക്കായി വളരെ പണം ചിലവഴിച്ചു. അപ്പോൾ ഒരു മാലാഖ അവനു കാണപ്പെട്ടു പറഞ്ഞതായത്, ധർമ്മം ചെയ്യാതെ പണം ചിലവഴിച്ചാൽ എന്തു സംഗതി വരുമെന്നു നീ അറിഞ്ഞുകൊള്ളണം.

*യഥാർത്ഥമിത്രം*

ദുഷ്ടരുടെ കൂട്ടുകെട്ടിൽപെട്ട് അധ:പതിക്കുന്നവരുടെ കഥകൾ ധാരാളം നാം വായിക്കാറുണ്ട്. ഒരാളെ നല്ലവനോ പാപിയോ ആക്കുന്നതിൽ സ്നേഹിതന്മാർ സാരമായ പങ്കു വഹിക്കുന്നു. ചാവരുളിന്റെ കർത്താവ് നമുക്കു നൽകുന്ന ഗുണപാഠം ഓർത്തിരിക്കുക. സ്നേഹിതന്മാർ അധികം വേണ്ട; ആയിരങ്ങളിൽ നിന്ന് ഒരാളെ തിരഞ്ഞെടുക്കണം. മാനദണ്ഡം ഇതാണ്. അയാൾ തമ്പുരാനെ സ്നേഹിക്കുന്നവനാകണം. ദൈവത്തെ സ്നേഹിക്കാത്തവർ നമ്മെയും സ്നേഹിക്കുകയില്ലെന്ന് വത്സലപിതാവ് ഗുണദോഷിക്കുന്നു.

*ദാവീദും ജോനാഥനും*

1സാമു.18-20 അദ്ധ്യായങ്ങളിൽ മാതൃകാപരമായ സൗഹൃദത്തിന്റെ കഥ നാം വായിക്കുന്നു. രാജകുമാരനായ ജോനാഥാൻ ഇടയച്ചെറുക്കനായ ദാവീദിനെ അകമഴിഞ്ഞു സ്നേഹിച്ചു. രണ്ടുപേരുടേയും ഹൃദയങ്ങൾ ഒട്ടിച്ചേർന്നിരുന്നു. രാജകുമാരൻ ദാവീദിന്റെ ഭാഗധേയം സ്വന്തമായി കരുതി. ആപത്തുകളിൽ തുണച്ചു. സുഹൃത്തിനെപ്രതി പിതാവിന്റെ രോഷത്തിന് ഇരയാവാൻ പോലും തയ്യാറായി. ഇപ്രകാരം നൂറുശതമാനം നിസ്വാർത്ഥത നിറഞ്ഞതായിരുന്നു ആ ബന്ധം. ആ മാതൃക അനുകരിച്ചാൽ ക്രിസ്തീയ കുടുംബങ്ങൾ ദൈവസ്നേഹത്തിലും മനുഷ്യസ്നേഹത്തിലും വളരാൻ ഇടയാകും.

*കളവും കട്ടവസ്തുവും*

തീർത്തും വ്യക്തമായ കാര്യങ്ങളാണ് ചാവറപിതാവ് അവതരിപ്പിക്കുക. മോഷണത്തിലേർപ്പെടുക പാപകരമാണെന്ന് എല്ലാവർക്കുമറിയാം. എങ്കിലും ഇക്കാലത്ത് കളവിന്റെ അതിസൂക്ഷ്മമായ

തലങ്ങൾ നിലവിലിരിക്കുന്നുണ്ട്. പണക്കാരുടെ പറമ്പിൽ വീണുകിടക്കുന്നവ എടുത്തുകൊണ്ടുവരുന്നതു തെറ്റാണെന്ന് പലരും ചിന്തിക്കുന്നില്ല. കക്കരുതെന്നാണ് ദൈവപ്രമാണം (പുറ.20:15). പാവപ്പെട്ടവരാണ് പലപ്പോഴും മോഷണത്തിനരയാവുക. ദുർബലനും ദരിദ്രനുമായവനെ കവർച്ചക്കാരിൽ നിന്നും ദൈവം രക്ഷിക്കുന്നു (സങ്കീ.35:10). യേശുനാഥൻ മാർക്കോ.11:17ൽ കുറ്റപ്പെടുത്തുന്നു; സകലജനതകൾക്കും വേണ്ടിയുള്ള പ്രാർത്ഥനാലയമായ ദൈവഭവനത്തെ യഹൂദർ കവർച്ചക്കാരുടെ ഗുഹയാക്കിത്തീർത്തിരിക്കുന്നു.

### *ചാവരുളിലെ ദൃഷ്ടാന്തം*

ഒരു ദിക്കിൽ അന്യവസ്തുക്കൾ അന്യായമായി അപഹരിച്ച് ദ്രവ്യസ്ഥനായിത്തീർന്ന ഒരു ഗൃഹസ്ഥനുണ്ടായിരുന്നു. അവൻ ദീനമായി മരിക്കാറായപ്പോൾ ഭാഗം ചെയ്യാൻ എന്നപോലെ രായസക്കാരനെ വിളിച്ചുവരുത്തി ഇപ്രകാരം എഴുതുവാൻ പറഞ്ഞു. എന്റെ ആത്മാവിനെ പിശാചിനു ഞാൻ കൊടുക്കുന്നു. ഇതു കേട്ടപ്പോൾ മക്കൾ അപ്പാ, അപ്പാ, അപ്പൻ മന്ദം പറയുന്നോ? എന്നു ചോദിച്ചു. അപ്പോൾ ദീനക്കാരൻ ഇല്ലാ, ഇല്ലാ എനിക്കു നല്ല ബോധമുണ്ട്. ഞാൻ പറയുന്നതു എഴുതട്ടെ. എന്റെ ആത്മത്തേയും അന്യരുടെ വസ്തുക്കളെ അപഹരിക്കാൻ എന്നെ ഉത്സാഹിപ്പിച്ച എന്റെ ഭാര്യയുടെ ആത്മത്തേയും ഞാൻ പിശാചിനു കൊടുക്കുന്നു. എന്റെ മക്കളായ നിങ്ങളുടെ ആത്മാക്കളേയും ഞാൻ പിശാചിനെ ഏല്പിക്കുന്നു. എന്തെന്നാൽ ഞാൻ നിങ്ങൾക്കു വേണ്ടിയാകുന്നു അന്യന്മാരുടെ വസ്തുക്കളെ അപഹരിച്ചത് എന്നു പറഞ്ഞു നിർഭാഗ്യമായി അന്ത്യശ്വാസം വിടുകയും ചെയ്തു.



## 17

# വേലക്കാരും ദരിദ്രരും ദൈവഭയഭക്തിയും

### *ആമുഖം*

ക്രിസ്തീയ കുടുംബങ്ങളുടെ മുഖമുദ്രയെക്കുറിച്ചുള്ള ചാവറപിതാവിന്റെ ദർശനം വേലക്കാരേയും പാവപ്പെട്ടവരേയും ഉൾക്കൊള്ളുന്നതാണ്. അതുപോലെ ഒരു കുടുംബത്തിന്റെ പ്രധാനസമ്പത്ത് ദൈവഭയവും ഭക്തിയുമായിരിക്കണമെന്ന് അദ്ദേഹം നിഷ്കർഷിക്കുന്നു.

### *വേലക്കാർക്കുള്ള വേതനം*

വേലക്കാർക്ക് ന്യായമുള്ള കൂലി കൊടുക്കാതിരിക്കുകയോ താമസിപ്പിക്കുകയോ ചെയ്യരുത്. എന്തെന്നാൽ ഇത് ദൈവത്തിന്റെ പക്കൽ നിലവിളിക്കുന്ന പാപമാകുന്നു. തികച്ചും ബിബ്ലിക്കലാണ് നിർദ്ദേശം.

### *കൂലിക്കാർക്കുള്ള അർഹത*

സുഭാ.3:2, 28 ഇതരർക്ക് നന്മ ചെയ്യുന്നതിനെക്കുറിച്ചുള്ളതാണ്. നിനക്ക് ചെയ്യാൻ കഴിവുള്ള നന്മ അതു ലഭിക്കാൻ അവകാശമുള്ള വർക്ക് നിഷേധിക്കരുത്. പോയി വീണ്ടും വരിക, നാളെത്തരാം എന്നു പറയരുത്. വേലക്കാർക്ക് അവകാശമുള്ളതാണല്ലോ വേതനം. അത് താമസിപ്പിക്കരുതെന്നാണ് അനുശാസനം. വേലക്കാരൻ തന്റെ കൂലിക്ക് അർഹനാകുന്നു(ലൂക്കാ.10:17) എന്ന് കർത്താവ് തന്നെ അരുൾ ചെയ്യുന്നുണ്ടല്ലോ.

### *ഉടമ്പടിയുടെ നിബന്ധന*

ഇസ്രായേലിനെ ഉടമ്പടി ജനമായി ദൈവം ഉയർത്തി. ഒരു പുത്തൻ സാമൂഹികവ്യവസ്ഥിതി കെട്ടിപ്പടുക്കാനാണ് അവർ വിളിക്കപ്പെട്ടത്. ആ ദർശനത്തിൽ മനുഷ്യരെല്ലാം ദൈവത്തിന്റെ തനയരാണ്. പരസ്പരം തുല്യഅവകാശങ്ങളും തുല്യകടമകളും ഉള്ളവരായ കുടുംബാംഗങ്ങൾ. തന്മൂലം ആരും ആരേയും

മർദ്ദിക്കുകയോ ചൂഷണം ചെയ്യുകയോ അരുത്. "കൂലിക്കാരനു വേതനം നൽകാൻ പിറ്റേന്നു രാവിലെവരെ കാത്തിരിക്കരുത്"(ലേവ്യ.19:13). നിയമാ.24:14-15 ൽ ആ നിയമം കുറച്ചുകൂടി വ്യക്തമാക്കിയിരിക്കുന്നു. "അഗതിയും ദരിദ്രനുമായ കൂലിക്കാരനെ നീ പീഡിപ്പിക്കരുത്. അവന്റെ കൂലി അന്നന്നു സൂര്യൻ അസ്തമിക്കുന്നതിനു മുൻപ് കൊടുക്കണം. അവൻ ദരിദ്രനും അതിനായി കാത്തിരിക്കുന്നവനുമാണ്. അവൻ നിനക്കെതിരായി കർത്താവിനോടു നിലവിളിച്ചാൽ നീ കുറ്റക്കാരനായിത്തീരും."

*പ്രവാചകവചസ്സുകൾ*

പ്രവാചകന്മാർ ജോലിക്കാരോട് അന്യായം കാണിക്കുന്നവരെ അതിശക്തമായി വിമർശിക്കുന്നു. അനീതിയുടെ മുകളിൽ കൊട്ടാരം പണിയുകയും അയൽക്കാരനെക്കൊണ്ട് ജോലി ചെയ്യിച്ചിട്ട് പ്രതിഫലം നൽകാതിരിക്കുകയും ചെയ്യുന്നവൻ ശപ്തൻ (ജറ.22:13). നിങ്ങളെ വിധിക്കാൻ ഞാൻ അടുത്തുവരും. വേലക്കാരനെ കൂലിയിൽ വഞ്ചിക്കുന്നവർക്കും വിധവകളേയും അനാഥരേയും പീഡിപ്പിക്കുന്നവർക്കും പരദേശികളെ ഞെരുക്കുന്നവർക്കും എന്നെ ഭയപ്പെടാത്തവർക്കുമെതിരെ സാക്ഷ്യം നൽകാൻ ഞാൻ വേഗം വരും. സൈന്യങ്ങളുടെ കർത്താവ് അരുളിച്ചെയ്യുന്നു(മലാ.3:5); വേലക്കാർക്ക് അർഹമായ വേതനം നൽകാതിരിക്കുക ദൈവത്തെ ഭയപ്പെടാതിരിക്കുന്നതിനു തുല്യമാണ്. ഇക്കൂട്ടർ ശപിക്കപ്പെട്ടവരത്രെ.

***യാക്കോബ് ശ്ലീഹായുടെ മുന്നറിയിപ്പ്***

പുതിയ ഉടമ്പടി ജനമാണല്ലോ ക്രൈസ്തവർ. ഇസ്രായേൽ ജനതയെക്കുറിച്ച് ദൈവം വിഭാവനം ചെയ്ത നവ്യവ്യവസ്ഥിതി നിവർത്തിക്കാൻ കടപ്പെട്ടവർ. തന്മൂലം അവരുടെ ഇടയിൽ അസമത്വത്തിന്റേയും അനീതിയുടേയും നിഴൽ പോലും കാണപ്പെടരുത്. സമത്വത്തിന്റെ ശ്ലീഹായെന്നറിയപ്പെടുന്ന വി.യാക്കോബിന്റെ അന്യായക്കാർക്കെതിരായുള്ള വാക്കുകൾ ശ്രവിക്കുക. "നിങ്ങളുടെ നിലങ്ങളിൽ നിന്നു വിളവുശേഖരിച്ച വേലക്കാർക്കു കൊടുക്കാതെ പിടിച്ചുവെച്ച കൂലി ഇതാ നിലവിളിക്കുന്നു. കൊയ്ത്തുക്കാരുടെ നിലവിളി സൈന്യങ്ങളുടെ കർത്താവിന്റെ കർണ്ണപടങ്ങളിൽ എത്തിയിരിക്കുന്നു" (യാക്കോ.5:4). ചാവരുളിന്റെ രചയിതാവ് ഇതേ ബൈബിൾ ശൈലി തന്നെയാണ് കുടുംബചട്ടത്തിൽ ഉപയോഗിച്ചി

ഭിക്കുക. തികച്ചും ദൈവവചനബദ്ധമായ പിതാവിന്റെ വാക്കുകൾ നമുക്ക് ചെവിക്കൊള്ളാം.

*ദൈവത്തിന്റെ സ്വന്തമായ പാവപ്പെട്ടവർ*

അവശരുടെയും അനാഥരുടെയും വക്താവാണ് ബൈബിളിലെ ദൈവം. അക്കാര്യം വ്യക്തമാക്കുകയാണ് ചാവറപിതാവ്. പാവപ്പെട്ടവരെ നിന്ദിക്കേണ്ട. അവരെ ബുദ്ധിമുട്ടി ക്കുകയും വേണ്ട. എന്തെന്നാൽ ദൈവം അവരുടെ കണ്ണുനീരിന് നിശ്ചയമായും നിന്നോട് പകരം ചോദിക്കും.

*ഒരു അനുഭവപാഠം*

*ലോവൈൻ എന്ന നഗരത്തിൽ സംഭവിച്ച ഒരു വർത്തമാനമാണിത്. ഈ നഗരിയിൽ ഒരു ഗൃഹസ്ഥൻ ഉണ്ടായിരുന്നു. ഈ ആളുടെ വകയായ ഒരു പുരയിൽ ദരിദ്രയായ ഒരു വിധവയും അവളുടെ മൂന്നുനാലു കുഞ്ഞുങ്ങളും പാർത്തിരുന്നു. ഇയാൾ പലക്രമത്തിൽ ഇവരെ നിന്ദിക്കുകയും സങ്കടപ്പെടുത്തുകയും ചെയ്തുവരികയിൽ ഒരു ദിവസം ഈ സ്ത്രീ സങ്കടത്തെപ്രതി മുട്ടുകുത്തി, കർത്താവേ ഈ സങ്കടത്തിൽ നിന്നും അന്യായത്തിൽ നിന്നും എന്നെ രക്ഷിക്കണമേ എന്നപേക്ഷിച്ചു. തത്ക്ഷണം ആ ദ്രവ്യസ്ഥൻ നിന്ന നിലയിൽ സ്തംഭിച്ചുവീണ് മരിച്ചുപോവുകയും ചെയ്തു.*

*ദൈവഭയഭക്തി*

ചാവറപിതാവിന്റെ വീക്ഷണത്തിൽ ഒരു കുടുംബത്തിന്റെ പ്രാധാനസമ്പത്ത് ദൈവപേടിയും ഭക്തിയും തന്നെ. ദൈവഭയമുള്ള തറവാട് ഈ ലോകത്തിലും പരലോകത്തിലും അനുഗ്രഹീതമാകും. തികച്ചും ബിബ്ലിക്കലാണ് ഈ വീക്ഷണം.

*പ്രഭാഷകഗ്രന്ഥത്തിൽ*

പ്രഭാ.1:9–18ൽ ദൈവഭക്തിയെക്കുറിച്ച് ദീർഘമായി പരാമർശിക്കുന്നു. ആശയങ്ങൾ ഇപ്രകാരം സംഗ്രഹിക്കാം. ഭയഭക്തി മഹത്വം പ്രദാനം ചെയ്യുന്നു. ആനന്ദത്തിന്റേയും സന്തോഷത്തിന്റേയും ആഹ്ലാദത്തി ന്റെയും ഉറവിടമാണത്. മനുഷ്യന് ദീർഘായുസ്സ് നല്കുന്നത് മറ്റൊന്നുമല്ല. അതുള്ളവന്റെ അന്ത്യം ശുഭകരവും അനുഗ്രഹീതവു മാകും. കർത്താവിനോടുള്ള ഭക്തി ജ്ഞാനത്തിന്റെ ആരംഭമാണ്, പൂർണ്ണതയാണ്, മകുടമാണ്.

ദൈവഭയമെന്നാൽ ഭീതിയല്ല, സർവ്വനിയന്താവിനോടുള്ള ഭക്ത്യാദരവാണ്. സർഗ്ഗാത്മകമായ ഭാവമാണത്. ദൈവത്തെ ബഹുമാനിക്കുന്നവനത്രെ അവിടുത്തെ ശിഷ്യൻ. സ്രഷ്ടാവും സർവ്വേശ്വരനുമായവനോട് സ്വാഭാവികമായി മനുഷ്യനു തോന്നേണ്ട വികാരമത്രെ ദൈവഭയം. അതിന്റെ ബാഹ്യപ്രകടനങ്ങളാണ് അവിടുത്തെ സേവിക്കുന്നതും (നിയമാ.6:13; 10:20; 1 സാമു.12:14), ദിവ്യകല്പനകൾ പാലിക്കുന്നതും (നിയമാ.31:13; 1സാമു.12:14), ദൈവവും മനുഷ്യനുമായുള്ള ഉടമ്പടിയുടെ ഭാഗമാണത് (സങ്കീ.25:14;103;17-18). ഇപ്രകാരമുള്ള മനോഭാവം ഒരാളെ ദൈവത്തിൽ സമാശ്രയിക്കാൻ പ്രേരിപ്പിക്കുന്നു (സങ്കീ. 40:3; 115:11); തിന്മയെ വെറുക്കാനും പരിവർജ്ജിക്കാനും പ്രചോദിപ്പിക്കുന്നു (സുഭാ.8:13; 16:6).

ദൈവഭയവും ദൈവവിശ്വാസവും പര്യായപദങ്ങളായി പരിഗണിക്കുന്നതിൽ തെറ്റില്ല. നിയമാ.10:12-13 ദൈവഭയത്തെക്കുറിച്ചുള്ള ഒരു സംക്ഷിപ്തവിവരണമത്രെ. "ഇസ്രായേലെ നിങ്ങളുടെ ദൈവമായ കർത്താവ് നിങ്ങളിൽ നിന്നാവശ്യപ്പെടുന്നത് നിങ്ങൾ അവിടുത്തെ ഭയപ്പെടുകയും അവിടുത്തെ മാർഗ്ഗത്തിൽ ചരിക്കുകയും അവിടുത്തെ സ്നേഹിക്കുകയും, പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും കൂടെ സേവിക്കുകയും നിങ്ങളുടെ നന്മക്കായി ഇന്നു ഞാൻ നൽകുന്ന കല്പനകളും ചട്ടങ്ങളും അനുസരിക്കുകയും ചെയ്യുക എന്നല്ലാതെ എന്താണ്?"

ദൈവത്തെ ആദരിക്കുന്നവർക്ക് നൽകപ്പെടുന്ന നന്മകൾ നിരവധിയാണ്. അവിടുന്ന് അവരെ അനുഗ്രഹിക്കും (സങ്കീ.115:13); അവരിൽ വിശ്വാസമർപ്പിക്കും(സങ്കീ.25:14); തിന്മയിൽ നിന്നകലാൻ സഹായിക്കും (സുഭാ.16:6); കാരുണ്യം ചൊരിയും (ലൂക്കാ.1:50); ജീവനും (സുഭാ.19:23) അറിവും (സുഭാ.1:7) കൈവരിക്കും. പുതിയനിയമത്തിൽ സുവിശേഷത്തിന്റെ സുപ്രധാനഘടകമത്രെ ദൈവഭയം. യേശു ശിഷ്യരോട് ദൈവത്തെ ഭയപ്പെടാൻ കല്പിക്കുന്നു (ലൂക്കാ.12:5). ആദിമസഭയെക്കുറിച്ച് ഇപ്രകാരമാണ് നട.9:31 രേഖപ്പെടുത്തിയിരിക്കുക. അത് ശക്തി പ്രാപിച്ച് ദൈവഭീതിയിലും പരിശുദ്ധാത്മാവിന്റെ സമാശ്വാസത്തിലും പുഷ്ടി പ്രാപിച്ചു.

## 18

# ക്രിസ്തീയദിനചര്യയും അടക്കവും

ക്രൈസ്തവകുടുംബങ്ങൾ ഇതരമതങ്ങളിൽപ്പെട്ട ഭവനങ്ങളിൽ നിന്നും വ്യതിരക്തത പുലർത്തുന്നവയാകണം. തനിമയേറിയ ദിനചര്യയാകണം അവരുടേത്. ചാവറപിതാവ് ചില മാനങ്ങൾക്ക് ഊന്നൽ നൽകുന്നു. കുർബ്ബാന കാണൽ, കുമ്പസാരിക്കൽ, കുർബ്ബാന കൈക്കൊള്ളൽ, നവനാൾ പ്രാർത്ഥനകൾ ചൊല്ലൽ, വണക്കമാസജപങ്ങൾ നടത്തൽ എന്നിവക്കു പ്രാധാന്യം കൽപ്പിക്കുന്നു.

*കുർബ്ബാന*

ദിവ്യബലിയെക്കുറിച്ചുള്ള സമുന്നതമായ കാഴ്ച്ചപ്പാടിൽനിന്ന് ഉരുത്തിരിഞ്ഞതാണ് കുടുംബാംഗങ്ങൾ ദിവസം തോറും കുർബ്ബാന കാണണമെന്ന നിബന്ധന. ഇസ്രായേലിനെ യാഹ്വെ ഉടമ്പടി ജനമാക്കിയത് സീനായ് മലയിൽ വച്ചാണല്ലോ. അവർ ദൈവത്തിന്റെ തനയരും, ദൈവം അവരുടെ താതനുമായിത്തീർന്നു. ആ പ്രക്രിയയിലൂടെയുള്ള ഉടമ്പടി രണ്ടുപേർ തമ്മിലുള്ള വൈയക്തികവും വികാരാത്മകവുമായ ഐക്യബന്ധമാണ്. സംഭാഷണത്തോട് അതിനെ ഉപമിക്കാം. ഒരു പങ്കാളി സംവാദം നിർത്തിക്കളഞ്ഞാൽ ഉടമ്പടിബന്ധം അവസാനിക്കും. ഇസ്രായേലിന്റെ കാര്യത്തിൽ അപ്രകാരം സംഭവിച്ചു. ദൈവത്തോട് സദാ സംവദിക്കുവാൻ അവർ തയ്യാറായില്ല. അതോടെ ദൈവതനയസ്ഥാനം അവർക്ക് നഷ്ടപ്പെട്ടു.

*നവ്യ ഉടമ്പടി*

അന്ത്യഅത്താഴവേളയിൽ ഈശോ നവ്യഉടമ്പടിയായ കുർബ്ബാന സ്ഥാപിച്ചു. ബലിയർപ്പകനും ബലിവസ്തുവുമായിത്തീർന്നു. അതിന്റെ പരിപൂർത്തിയായിരുന്നു കുരിശിലെ യാഗം. ആ കർമ്മത്തിലൂടെ അവിടുന്ന് മാനവരെ വീണ്ടും ദൈവപിതാവുമായി രമ്യപ്പെടുത്തി. നഷ്ടപ്പെട്ടുപോയ പുത്രസ്ഥാനം നേടിക്കൊടുത്തു. കുർബ്ബാനയിൽ ആ നവ്യഉടമ്പടിയുടെ നവീകരണമാണ് നടക്കുക. കർത്താവിന്റെ യാഗാർപ്പണം അൾത്താരയിൽ വീണ്ടും സജീവകർമ്മമായി അരങ്ങേറുന്നു. കുർബ്ബാനയിൽ ഭക്തിപൂർവ്വം സംബന്ധിക്കുകയും പ്രാർത്ഥനകൾ ചൊല്ലുകയും ചെയ്യുമ്പോൾ ഒരാൾ യഥാർത്ഥ

ത്തിലുള്ള ക്രിസ്ത്യാനിയായിത്തീരുന്നു. ദൈവതനയന്റെ സ്ഥാനം സ്വന്തമാക്കുന്നു. പാപവിമോചനം പ്രാപിക്കുന്നു. ദിവ്യാനുഗ്രഹങ്ങളാൽ പൂരിതനായിത്തീരുന്നു. ചുരുക്കത്തിൽ ഒരു യഥാർത്ഥ ക്രിസ്ത്യാനിയായിത്തീരുന്നത് കുർബ്ബാന വഴിയായാണ്. നവ്യഉടമ്പടിയിലെ അംഗമായി അനുദിനം ജീവിക്കാനുള്ള അനുഗ്രഹം നേടിയെടുക്കുന്നതും അതുവഴിയായത്രെ.

*.പ്രായോഗിക നിർദ്ദേശങ്ങൾ*

കൈനകിരിക്കാരനായിരുന്ന ചാവറപിതാവിന് സ്വന്തം നാട്ടുകാരുടെ ബുദ്ധിമുട്ടുകൾ നന്നായി അറിയാമായിരുന്നു. എന്നിട്ടും അവരെല്ലാം കർത്താവിനു പ്രിയപ്പെട്ട മക്കളായിത്തീരണമെന്ന ആഗ്രഹത്താൽ പ്രചോദിതനായി അദ്ദേഹം നിർദ്ദേശിക്കുകയാണ്, *"കഴിയുന്നതായാൽ ദിവസം തോറും കുർബ്ബാന കാണുക. എന്നാൽ ഇതു പ്രയാസ്സമെങ്കിൽ തിങ്കളാഴ്ച മരിച്ച ആത്മാക്കൾക്കു വേണ്ടിയും വെള്ളിയാഴ്ച പങ്കപ്പാടിന്റെ ഭക്തിക്കായിട്ടും ശനിയാഴ്ച ദൈവമാതാവിന്റെ വ്യാകുലത്തിന്റെ ഭക്തിക്കായിട്ടും കുർബ്ബാന കാണുക. എന്നാൽ ഒരു വീട്ടിൽ നിന്നും എല്ലാവരും പോയി കുർബ്ബാന കാണാൻ പാടില്ലാത്തപക്ഷം ഓരോ ദിവസം ഒന്നോ രണ്ടോ ആളുകളെങ്കിലും മാറമാറിപ്പോയി കുർബ്ബാന കാണേണ്ടതാകുന്നു."* അൽപം ബുദ്ധിമുട്ടുള്ളതാണെങ്കിലും മനസ്സുവെച്ചാൽ പ്രായോഗികമാക്കാവുന്ന ഈ നിർദ്ദേശങ്ങൾ ഇന്നത്തെ കത്തോലിക്കാ കുടുംബങ്ങളും അനുവർത്തിക്കുമെങ്കിൽ ഇന്നനുഭവപ്പെടുന്ന വിവിധ പ്രശ്നങ്ങളും പ്രതിസന്ധികളും ഒഴിവാക്കാൻ കഴിയുമെന്ന് തീർച്ചയാണ്.

*പാപസങ്കീർത്തനവും കുർബ്ബാനസ്വീകരണവും*

അന്നത്തെ കാലത്ത് അനുദിന ദിവ്യകാരുണ്യസ്വീകരണം നടപ്പിലായിരുന്നില്ല. മാത്രമല്ല കുമ്പസാരിക്കാതെ കുർബ്ബാന സ്വീകരിക്കുന്ന പതിവും ഇല്ലായിരുന്നു. മിക്ക ക്രിസ്ത്യാനികളും ആണ്ടിലൊരിക്കൽ മാത്രമേ കുമ്പസാരിക്കുകയും കുർബ്ബാന സ്വീകരിക്കുകയും ചെയ്തിരുന്നുള്ളൂ. ആ പശ്ചാത്തലത്തിൽ ചാവറപിതാവിന്റെ ആഹ്വാനം വീരോചിതമാണ്. *"മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും പാപസങ്കീർത്തനം ചെയ്ത് വി. കുർബ്ബാന ഉൾക്കൊള്ളുക."*

*പാപസങ്കീർത്തനമെന്ന സംജ്ഞ*

വളരെ വിശേഷമായ അർത്ഥതലങ്ങൾ ഉൾക്കൊള്ളുന്നതാണ് പാപസങ്കീർത്തനമെന്ന വാക്ക്. പുരോഹിതനോട് പാപം ഏറ്റുപറയുക എന്നതിനെക്കാളുപരി ദൈവത്തിന്റെ പ്രതിനിധിയുടെ പക്കൽ ദൈവത്തോട് ചെയ്തുപോയ പാപങ്ങൾ ഓരോന്നോരോന്നായി അനുതാപത്തോടും ഭക്തിയോടും കൂടി സങ്കീർത്തനമായി ഏറ്റുചൊല്ലലാണത്. "ദൈവമേ അങ്ങയുടെ അചഞ്ചലമായ സ്നേഹാധിക്യത്തിനനുസൃതം എന്നോടു കരുണ തോന്നണമേ" എന്നാരംഭിക്കുന്ന 51 -ാം സങ്കീർത്തനത്തിൽ നിറഞ്ഞുനിൽക്കുന്ന വികാരവിചാരങ്ങൾ ഉത്തമോദാഹരണങ്ങളാണ്. പാപങ്ങളുടെ ഏറ്റുപറച്ചിൽ സങ്കീർത്തനതലത്തിലേക്ക് ഉയരണമെന്നത്രെ ചാവറപിതാവ് നിർദ്ദേശിക്കുക.

*ദിവ്യഭോജനം*

വി.കുർബ്ബാനയുടെ അന്ത്യത്തിൽ അവിടുത്തെ ശരീരരക്തങ്ങൾ ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്യുന്ന പ്രക്രിയ നമ്മെ യേശുവുമായി ഐക്യപ്പെടുത്തുക മാത്രമല്ല ഒരേ ശരീരവും ഒരേ രക്തവുമാക്കിത്തീർക്കുന്നു. ദിവ്യസംസർഗമാണ് അപ്പോൾ സംജാതമാകുക. "ഞാൻ ജീവിക്കുന്നു. ഞാനല്ല യേശു എന്നിൽ ജീവിക്കുന്നു"വെന്ന പൗലോസ് ശ്ലീഹായുടെ വാക്കുകൾ അന്വർത്ഥമായിത്തീരുന്നു (ഗലാ.2:20; റോമാ.14:8). ഇപ്രകാരം കുർബ്ബാന സ്വീകരണമില്ലാത്ത കുർബ്ബാനകാണലിൽ പൂർണ്ണതയില്ല. ചാവറപിതാവിന് ഇത്തരം ദർശനം കൈമുതലായി ഉണ്ടായിരിക്കണം. തിരുസഭയുടെനിർദ്ദേശത്തിനെതിരായി അനുദിനദിവ്യകാരുണ്യസ്വീകരണം നടപ്പിലാക്കാൻ തുനിഞ്ഞില്ലെന്നു മാത്രം.

*മറ്റു ഭക്താഭ്യാസങ്ങൾ*

ചാവറപിതാവ് ക്രിസ്തീയകുടുംബങ്ങളിൽ നിലവിലിരിക്കേണ്ട ഭക്താഭ്യാസങ്ങളെക്കുറിച്ച് പ്രത്യേകം എടുത്തുപറയുന്നുണ്ട്. പ്രധാനതിരുന്നാളുകളുടെ നവനാൾ ജപങ്ങളും പ്രത്യേക ദൈവമാതാവിന്റെ തിരുനാളുകൾക്കു മുമ്പായുള്ള അപേക്ഷകളും ദൈവമാതാവിന്റേയും മാർയൗസേപ്പിന്റേയും വണക്കമാസങ്ങളും പള്ളിയിൽപോയി കഴിപ്പാൻ പാടില്ലെങ്കിൽ വീട്ടിൽ വച്ചെങ്കിലും

നടത്തുക. അന്നത്തെ കേരളത്തിന്റെ പശ്ചാത്തലത്തിൽ വേണം ദൈവമാതാവിനോടും മാർയൗസേപ്പിതാവിനോടും മറ്റുപുണ്യവാന്മാരോടുമുള്ള ഇത്തരം പ്രത്യേക ഭക്തികളെ വിലയിരുത്തുവാൻ. ക്രിസ്തീയപുണ്യത്തിന്റെ മാനദണ്ഡങ്ങളായാണ് ഇത്തരം ഭക്താഭ്യാസങ്ങളെ വിലയിരുത്തുന്നത്. അവവഴി കത്തോലിക്കാ കുടുംബങ്ങൾ വിശ്വാസത്തിൽ അടിയുറച്ചു നിന്നിരുന്നു. വിശുദ്ധരുടെ മാദ്ധ്യസ്ഥശക്തിയിലുള്ള സമാശ്രയം കേരള ക്രൈസ്തവരുടെ മുഖമുദ്രയാണെന്നു പറയാം.

*ശുദ്ധത കാക്കുന്നതിന്റെ തലങ്ങൾ*

കേരളക്കരയിൽ നിലവിലിരുന്ന തനിമയാർന്ന ഒരു പുണ്യമാണ് അടക്കം. പൂർവ്വികർ അതിൽ നിഷ്കർഷ പാലിച്ചിരുന്നു. കുട്ടികളെ അടക്കഒതുക്കത്തോടുകൂടി വളർത്തുന്നതിൽ തത്പരരായിരുന്നു അവർ. ഈ പശ്ചാത്തലത്തിൽ വേണം ചാവറപിതാവിന്റെ അടക്കം പാലിക്കുന്നതിനെക്കുറിച്ചുള്ള നിഷ്കർഷ വിലയിരുത്തുവാൻ.

*ചാവരുളിലെ നിർദ്ദേശം*

ഇരിപ്പിലും നടപ്പിലും കിടപ്പിലും കളിയിലും വിരക്തി അഥവാ അടക്കമെന്ന പുണ്യം മഹാസൂക്ഷത്തോടുകൂടെ അനുസരിക്ക. അടക്കമില്ലായ്മ ദൈവതിരുമുമ്പിലും ഇഹലോകത്തിലും വലിയ അപമാനമുള്ളതാകുന്നു. ആൺപൈതങ്ങൾ വസ്ത്രമില്ലാതെയും പെൺപൈതങ്ങൾ ചട്ടയിടാതെയും നടക്കുന്നതിനാലും അവർ തമ്മിൽ തമ്മിൽ ശരീരത്തെ തൊടുന്നതിനാലും ഇതിനെ കാരണവന്മാർ മുടക്കാത്തതിനാലും എത്രയോ ആത്മാക്കൾ നരകത്തിൽ വീഴുന്നുണ്ടെന്നു വിധിദിവസത്തിൽ അറിയാം.

*ബൈബിൾ ദർശനം*

മനുഷ്യശരീരത്തെക്കുറിച്ചുള്ള പൗലോസ്ശ്ലീഹായുടെ ദർശനം വന്ദ്യപിതാവിന്റെ വാക്കുകളിൽ അലയടിക്കുന്നതായി കാണാം. ചില പ്രസക്തപാഠങ്ങൾ ഉദ്ധരിക്കട്ടെ:-

> "നിങ്ങൾ ദൈവത്തിന്റെ ആലയമാണെന്നും ദൈവാത്മാവ് നിങ്ങളിൽ വസിക്കുന്നുവെന്നും നിങ്ങൾക്കറിഞ്ഞുകൂടെയോ?" (1കൊറി.3:16).

"ദൈവത്തിന്റെ ആലയം പരിശുദ്ധമാകുന്നു. ആ ആലയം നിങ്ങൾ തന്നെയാണ്" (1കൊറി.3:7).

"ദുർവൃത്തിക്കുവേണ്ടിയുള്ളതല്ല ശരീരം; കർത്താവിനു വേണ്ടിയുള്ളതാണ്. കർത്താവ് ശരീരത്തിനു വേണ്ടിയും" (1കൊറി.6:14)

"നിങ്ങളുടെ ശരീരങ്ങൾ മിശിഹായുടെ ശരീരത്തിന്റെ അവയവങ്ങളാണെന്നു നിങ്ങൾക്കറിഞ്ഞുകൂടെ?" (1കൊറി.6:15).

"നിങ്ങളുടെ ശരീരത്തിൽ ദൈവത്തെ മഹത്വപ്പെടുത്തുവിൻ" (1കൊറി.6:20)



(19)

# സഹനമെന്ന ദൈവേഷ്ടവും ഭക്തഗ്രന്ഥങ്ങളും

*പാഠം*

*"എല്ലാ ഞെരുക്കങ്ങളിലും ദീനങ്ങളിലും ദൈവതിരുമനസ്സിന് നിന്നെത്തന്നെ കയ്യാളിക്കുക. സന്തോഷത്തിൽ മാത്രം ക്ഷമയായിരിക്കുന്ന ആൾ നന്നാ ശക്തിയില്ലാത്ത ആളാകുന്നു"*

*സഹനമെന്ന സമ്മാനം*

ക്രൈസ്തവർക്കു സഹനം നിഷേധാത്മകമായ ഒന്നല്ല, ദിവ്യതാതനുമായി താദാത്മ്യപ്പെടാനുള്ള അനുഗ്രഹാവസരമാണിത്. അവിടുത്തോട് ചേർന്നു നിന്നുകൊണ്ട് യാതനകളും വേദനകളും രക്ഷാകരമാക്കിത്തീർക്കാൻ ലഭിക്കുന്ന അമൂല്യമായ നിമിഷങ്ങൾ. "ആരെങ്കിലും എന്റെ പിന്നാലെ വരാൻ ആഗ്രഹിക്കുന്നെങ്കിൽ അവൻ സ്വയം പരിത്യജിച്ച് തന്റെ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ. എന്തെന്നാൽ സ്വജീവനെ രക്ഷിക്കാൻ ആഗ്രഹിക്കുന്നവന് അതു നഷ്ടപ്പെടും. എന്നെ പ്രതിയും സുവിശേഷത്തെ പ്രതിയും സ്വജീവൻ നഷ്ടപ്പെടുത്തുന്നവൻ അതു രക്ഷിക്കും" (മാർക്കോ.8:34-35). കയ്പേറിയ കദനത്തിന്റെ കാസ വീണ്ടും വീണ്ടും കുടിക്കുവാൻ നിയുക്തയായ ആവിലായിലെ വി.ത്രേസ്യായോട് യേശു ഇപ്രകാരം അരുൾചെയ്തു: *"ഞാൻ കൂടുതൽ സ്നേഹിക്കുന്നവർക്കു നൽകുന്ന സമ്മാനമാണ് സഹനം."* ആ അത്ഭുതരഹസ്യത്തിന്റെ അന്തരാത്മാവിലേക്കു ആഴ്ന്നിറങ്ങാൻ പുണ്യവതിക്കു കഴിഞ്ഞു. തന്മൂലം വിശുദ്ധസഹനം അല്ലെങ്കിൽ മരണം എന്ന സത്യം ജീവിതത്തിന്റെ മുദ്രാവാക്യമാക്കിത്തീർത്തു. യേശുവിന്റെ മനോഭാവം നമ്മളും അവലംബിക്കണമെന്ന് ചാവറപിതാവ് നിർദ്ദേശിക്കുന്നു. ഗത്സെമെനിയിൽ സാഷ്ടാംഗം വീണ് അവിടുന്ന് പ്രാർത്ഥിച്ചത് ഇപ്രകാരമായിരുന്നല്ലോ: "എന്റെ പിതാവേ കഴിയുമെങ്കിൽ ഈ പാനപാത്രം എന്നിൽനിന്ന് അകന്നു പോകട്ടെ. എങ്കിലും എന്റെ ഇഷ്ടമല്ല, അങ്ങയുടെ ഇഷ്ടം നിറവേറട്ടെ."

*ക്ഷമയുടെ അടിത്തറ*

പലരും വീമ്പിളക്കാറുണ്ട്, തങ്ങൾ ക്ഷമാശീലരാണെന്ന്. അവരുടെ യഥാർത്ഥസ്ഥിതിയെന്തെന്ന് വ്യക്തമാക്കുകയാണ് ചാവരുളിന്റെ രചയിതാവ്. സന്തോഷത്തിൽ മാത്രം ക്ഷമയായിരിക്കുന്ന ആൾ നന്നാ ശക്തിയില്ലാത്ത ആളാകുന്നു. എല്ലാം നന്നായി പോകുമ്പോൾ മറ്റുള്ളവരോട് ക്ഷമാപൂർവ്വം വർത്തിക്കുവാൻ എല്ലാവർക്കും കഴിയും. എന്നാൽ വേദനയുടെ നീർച്ചുഴിയിൽപെട്ട് ഉഴലുമ്പോൾ നിസ്സാരകാര്യങ്ങൾക്കുപോലും ഇതരരോട് കയർക്കുക പതിവായിരിക്കും. ജോബിന്റെ ദൃഷ്ടാന്തം നമ്മെ നയിക്കട്ടെ. വസ്തുവകകളും മക്കളുമെല്ലാം നഷ്ടപ്പെട്ടപ്പോൾ ദൈവത്തെ പ്രണമിച്ചുകൊണ്ട് ആ മഹാത്മാവ് ഉദീരണം ചെയ്തു: “അമ്മയുടെ ഉദരത്തിൽനിന്ന് ഞാൻ നഗ്നനായി പുറത്തുവന്നു. നഗ്നനായിട്ടായിരിക്കും ഞാൻ തിരിച്ചുപോകേണ്ടത്. കർത്താവു തന്നു, കർത്താവ് എടുത്തു. കർത്താവിന്റെ നാമം മഹത്വപ്പെടട്ടെ” (ജോബ്.1:20-21).

*ഒരു ഭക്തന്റെ മാതൃക*

തുടർന്ന് ചാവറപിതാവ് ഒരു ദൃഷ്ടാന്തം ഉദ്ധരിക്കുന്നു: ഒരു ഭക്തൻ പറഞ്ഞുവന്നതായത് ഈ ലോകത്തിൽ സർവ്വരും എന്റെ മനസ്സുപോലെ നടക്കുന്നു. എന്തന്നാൽ ദൈവം തിരുമനസ്സാകുന്നതൊക്കെയും ഞാനും മനസ്സാകുന്നു. പുണ്യത്തിന്റെ അത്യുംഗശൃംഗത്തിൽ എത്തിച്ചേർന്നവർക്കു മാത്രമേ ഇപ്രകാരമുള്ള മനോഭാവം സംലഭ്യമാവുകയുള്ളൂ. ഇവിടെ രണ്ടുതരം ഇഷ്ടങ്ങളില്ല. ദൈവതിരുമനസ്സുമായി പൂർണ്ണമായും സംയോജിച്ചിരിക്കുകയാണ് മനുഷ്യമനസ്സ്. അപ്പോൾ എല്ലാം തന്റെ മനസ്സു പോലെയാണ് നടക്കുന്നതെന്ന് ഉദീരണം ചെയ്യുക യുക്തം തന്നെ. മനുഷ്യന് കൈവരാവുന്ന മഹാഭാഗ്യമാണ് ഈ അവസ്ഥാവിശേഷം.

*വി.അംബ്രോസിന്റെ വാക്കുകൾ*

അംബ്രോസീസ് പുണ്യവാൻ ഒരു വീട്ടിൽ പ്രവേശിച്ച് അവിടെ ഒരിക്കലും ദീനവും ദു:ഖവും സങ്കടവും ഉണ്ടായിട്ടില്ലായെന്ന് കേട്ടപ്പോൾ പറഞ്ഞത്, നമുക്ക് ഈ വീട്ടിൽ നിന്ന് ഉടനെ ഇറങ്ങാം. എന്തെന്നാൽ ഈ വീട്ടിൽ താമസിയാതെ ദൈവശിക്ഷയുണ്ടാകും എന്നുപറഞ്ഞ് അതിൽനിന്നു പുറപ്പെട്ടു. ഉടനെ ആ വീട്

ഇടിഞ്ഞുപൊളിഞ്ഞു വീഴുകയും എല്ലാവരും ചാകുകയും ചെയ്തു. എന്തെന്നാൽ ശിക്ഷ ഇഷ്ടത്തിന്റെ അടയാളമാകുന്നു. ഒരു സനാതന സത്യമാണ് ശിക്ഷ ഇഷ്ടത്തിന്റെ അടയാളമാകുന്നു എന്ന വാക്യത്തിൽ ചാവറപിതാവ് അവതരിപ്പിക്കുക. ഹെബ്രായർക്കുള്ള ലേഖനത്തിന്റെ കർത്താവ് 12:6 ൽ പ്രസ്തുതപാഠം ഉദ്ധരിക്കുന്നുണ്ട്. എന്റെ മകനെ കർത്താവു നൽകുന്ന ശിക്ഷണം നീ നിസ്സാരമാക്കരുത്. അവിടുന്ന് ശാസിക്കുമ്പോൾ നീ ആത്മധൈര്യം വെടിയുകയുമരുത്. എന്തെന്നാൽ താൻ സ്നേഹിക്കുന്നവർക്കു കർത്താവ് ശിക്ഷണം നല്കുന്നു. തനിക്കു സ്വീകാര്യനായ പുത്രനെ അവിടുന്നു ശിക്ഷിക്കുകയും ചെയ്യുന്നു.

*പുസ്തകവായന*

ആധുനിക യുവജനങ്ങളിൽ വർദ്ധിച്ചുവരുന്ന പ്രതിഭാസമാണ അശ്ലീലമാസികകളും അധാർമികത പ്രചരിപ്പിക്കുന്ന ഗ്രന്ഥങ്ങളും വായിക്കൽ. ക്ലാസ്സിൽ പോലും ഇത്തരം കൃതികൾ അധ്യാപകരറിയാതെ കുട്ടികൾ വായിക്കുന്നുണ്ട്. അതുമൂലം അവരിൽ അധാർമ്മികതയും അക്രമവാസനയും മോഷണശീലവും വർദ്ധിച്ചുവരികയാണ്. ഇത്തരം അപകടത്തെക്കുറിച്ച് ചാവരുളിന്റെ രചയിതാവ് മുന്നറിയിപ്പ് നൽകുന്നു. കാവ്യരുടെ ശാസ്ത്രപുസ്തകങ്ങൾ അജ്ഞതയും അറിവില്ലായ്മയും പഠിപ്പിക്കുന്നതാകുന്നു. ഇപ്രകാരമുള്ള പുസ്തകങ്ങളും ചിറ്റിമ്പപ്പാട്ടുകൾ അടങ്ങിയ പുസ്തകങ്ങളും ഇടത്തൂട്ട്കാരുടെ പുസ്തകങ്ങളും വീട്ടിൽ വെച്ചു സൂക്ഷിക്കുന്നതു വൈക്കോലിൽ തീ ഒളിച്ചുവയ്ക്കുന്നതിനു സമമാകുന്നു.

*സത്ഗ്രന്ഥങ്ങൾ നിക്ഷേപങ്ങൾ*

വായനാശീലത്തെ പരിപോഷിപ്പിക്കണമെന്നു തന്നെയാണ് ഗ്രന്ഥകാരൻ ഊന്നിപ്പറയുന്നത്. ഭക്തിയെ വർദ്ധിപ്പിക്കുന്ന ജ്ഞാനപുസ്തകങ്ങളും തത്വശാസ്ത്രപുസ്തകങ്ങളും മക്കൾക്കു സമ്പാദിച്ചുവയ്ക്കേണ്ട നിക്ഷേപങ്ങളാകുന്നു. ഇപ്രകാരമുള്ള പുസ്തകങ്ങളെ ശക്തിപോലെ വാങ്ങിച്ചു ശേഖരിക്കുക.

*വാങ്ങി വായിക്കേണ്ട ഗ്രന്ഥങ്ങൾ*

ചാവറപിതാവിന്റെ കാഴ്ച്ചപ്പാടിൽ തിരുവചനങ്ങൾക്ക് ഭാഷ്യം നൽകുകയും അതുവഴി അറിവും ഭക്തിയും വർദ്ധിപ്പിക്കുകയും

ചെയ്യുന്ന ജ്ഞാനപുസ്തകങ്ങളും തത്വശാസ്ത്രപുസ്തകങ്ങളും വീട്ടിൽ വാങ്ങിച്ചുവയ്ക്കണം. മക്കൾക്കു നൽകേണ്ട നിക്ഷേപങ്ങളാണിവ. യഥാർത്ഥനിക്ഷേപം പണമോ ആഭരണമോ പട്ടുവസ്ത്രങ്ങളോ ആഡംബരം നിറഞ്ഞ വാഹനങ്ങളോ ഒന്നുമല്ല, ദൈവത്തോട് ഐക്യപ്പെടുന്നതിന് പ്രചോദനം നൽകുന്ന ഗ്രന്ഥങ്ങളാണ് (മത്താ.6:21).

*മാതൃക നൽകുന്ന ഭിക്ഷക്കാരൻ*

ചാവരുളിന്റെ രചയിതാവ് ഒരു ഭിക്ഷക്കാരന്റെ കഥ എടുത്തു പറയുന്നുണ്ട്. ഒരു ഭിക്ഷക്കാരൻ വായന അറിഞ്ഞുകൂടാത്തവൻ ആയിരുന്നു. എങ്കിലും യാചിച്ചു കിട്ടിയ പണം കൊണ്ടു പുസ്തകങ്ങൾ വാങ്ങി വായന അറിയാവുന്നവരെക്കൊണ്ടു വായിപ്പിച്ചുകേട്ട്, അതിനൊത്തവണ്ണം നടക്കുകയും, പുണ്യത്തിന്റെ മാതൃക ശേഷം പേർക്കു കാണിച്ചുകൊടുക്കുകയും ചെയ്തുവന്നു.



## 20

# ദിവ്യദിനവും ദാസരും

### *കടമുള്ള ദിവസങ്ങൾ*

സാധാരണ ക്രിസ്ത്യാനികളുടെ ഞായറാഴ്ച്ചാചരണം കുർബ്ബാന കാണലിൽ ഒതുങ്ങിനിൽക്കുന്നു. ചാവറപിതാവിന്റെ ദർശനം അതല്ല. ദിവ്യപൂജയിൽ സംബന്ധിക്കുന്നതുകൊണ്ടുമാത്രം ക്രൈസ്തവർ തൃപ്തിയടയരുത്. ദിവസത്തിന്റെ ഏറിയപങ്കും ചിലവഴിക്കേണ്ടതെങ്ങനെയെന്ന് അദ്ദേഹം വ്യക്തമാക്കുന്നു. പ്രസംഗം കേൾക്കുക, നല്ല പുസ്തകങ്ങൾ വായിക്കുക മുതലായ സത്കർമ്മങ്ങളിൽ മുഴുകണം. ഇത്തരം ഭക്തഭ്യാസങ്ങൾ നമ്മെ ദൈവത്തോടടുപ്പിക്കുന്നു. എന്നാൽ അതോടൊപ്പം അവിടുത്തെ പ്രതിച്ഛായകളായ മനുഷ്യരെ ശുശ്രൂഷിക്കാനും ക്രൈസ്തവർ മറക്കരുത്. രോഗികളെ പ്രത്യേകം സാധുക്കളായ ദീനക്കാരെ ചെന്നുകണ്ട് അവർക്ക് ശുശ്രൂഷ ചെയ്യുന്നതിലും ചെലവഴിക്കണം. “മനോഗുണപ്രവൃത്തികളിൽ ഒന്നിനെക്കുറിച്ച് മത്താ.25:36ൽ മിശിഹാനാഥൻ ഇപ്രകാരമാണല്ലോ പ്രസ്താവിക്കുന്നത്. ഞാൻ രോഗിയായിരുന്നു. നിങ്ങളെന്നെ സന്ദർശിച്ചു”. തുടർന്ന് വാക്യം 40ൽ അതിന്റെ വിശദീകരണം നൽകുന്നുണ്ട്. “എന്റെ ഏറ്റവും എളിയ ഈ സഹോദരരിൽ ഒരാൾക്കുവേണ്ടി നിങ്ങളിതു ചെയ്തപ്പോഴെല്ലാം എനിക്കു തന്നെയാണ് നിങ്ങൾ ചെയ്തതെന്ന് സത്യമായി ഞാൻ നിങ്ങളോട് പറയുന്നു.”

### *സവിശേഷതകൾ*

ചാവറപിതാവ് ഈശോയുടെ ഈ നിർദ്ദേശത്തോടൊപ്പം ചില പ്രത്യേകതകൾ കൂട്ടിച്ചേർക്കുന്നുണ്ട്. എത്തരം രോഗികളെയാണ് ചെന്നു കാണേണ്ടതെന്ന് വ്യക്തമായി നിർദ്ദേശിക്കുന്നു. സാധുക്കളായ ദീനക്കാരെയാണ് തേടിച്ചെല്ലേണ്ടത്. ദീനക്കാർ എന്ന പദം കൊണ്ട് തികച്ചും അവശത അനുഭവിക്കുന്നവരെയാകാം ഉദ്ദേശിക്കുക. സഹനത്തിന്റെ തീച്ചൂളയിൽ എരിപിരി കൊള്ളുന്നവരാണവർ. അതോടൊപ്പം സാധുക്കളുമാണ്. ചികിത്സ ചെയ്യാൻ പണം മില്ലാത്തവർ; സഹായിക്കാൻ ആരുമില്ലാത്തവർ. അത്തരക്കാരെയാണ് ക്രിസ്തുവിനെ യഥാർത്ഥത്തിൽ അനുകരിക്കേണ്ടവർ സന്ദർശി

ക്കേണ്ടത്. നല്ല വാക്കുകൾ പറഞ്ഞ് ആശ്വസിപ്പിച്ചാൽ മാത്രം പോരാ അവർക്ക് ശുശ്രൂഷ ചെയ്യണം. ശുശ്രൂഷ എന്ന പദം അർത്ഥനിർഭരമാണ്. സേവനമെന്ന ചിന്തയിലൊതുങ്ങാത്ത അഭൗമികമായ മാനം ആ വാക്കിൽ ഉൾക്കൊള്ളുന്നു. ദൈവത്തിന് നൽകുന്നതാണ് ശുശ്രൂഷ.

*മ്ശംശാന*

സുറിയാനിയിൽ *ശ്മശ്* എന്നതത്രേ ക്രിയാധാതു. കുർബ്ബാനയിൽ പുരോഹിതനെ സഹായിക്കുന്ന അൾത്താര ബാലന്മാരെ ശുശ്രൂഷികൾ എന്നാണല്ലോ നാമകരണം ചെയ്യുക. അതുപോലെ ആറാം പട്ടമേൽക്കുന്ന ഡീക്കന്മാർക്കുള്ള സുറിയാനി ഭാഷയിലെ പേര് *മ്ശംശാന* എന്നാണ്. ബലിപീഠത്തിൽ ശുശ്രൂഷ ചെയ്യാൻ പ്രത്യേകം നിയോഗിതരാണല്ലോ അവർ. അതുപോലെ ദൈവത്തിന്റെ സാദൃശ്യത്തിലും പ്രതിച്ഛായയിലും സൃഷ്ടിക്കപ്പെട്ട മനുഷ്യർക്കു നൽകുന്ന സേവനവും ശുശ്രൂഷയാകണം, അഥവാ ദൈവത്തിനർപ്പിക്കുന്ന സ്നേഹത്തിന്റെയും ആദരവിന്റെയും പ്രക്രിയയായി ഭവിക്കണം.

*സാധുക്കൾക്കുള്ള ശുശ്രൂഷ*

ചാവറപിതാവ് സാധുക്കളായ ദീനക്കാർക്ക് നൽകുന്ന ശുശ്രൂഷയെക്കുറിച്ചാണ് പരാമർശിക്കുക. ആരോരുമില്ലാത്തവർക്കും പണം ചിലവഴിക്കാൻ കഴിവില്ലാത്തവർക്കും ചെയ്യുന്ന ശുശ്രൂഷ നാലാളുകളുടെ ശ്രദ്ധ പിടിച്ചു പറ്റുകയില്ല. അതിന്റെ പേരിൽ പ്രശസ്തിയും പുകഴ്ചയും സ്ഥാനമാനങ്ങളും ലഭിക്കുകയില്ല. കർത്താവ് പറയുന്നതുപോലെയുള്ള വലതുകൈ എന്തു ചെയ്യുന്നുവെന്ന് ഇടതുകൈ അറിയാത്തവന് ആ പ്രവൃത്തി (മത്താ.6:4) ശുശ്രൂഷിക്കുക എന്ന ക്രിയയിൽ കുളിപ്പിക്കുക, വസ്ത്രം നൽകുകയും ധരിപ്പിക്കുകയും ചെയ്യുക, ഭക്ഷണം നൽകുകയും മുറിയും പരിസരവും വൃത്തിയാക്കുക തുടങ്ങിയവയെല്ലാം ഉൾക്കൊള്ളുന്നുണ്ട്.

*ദിവ്യവിശ്രാന്തിയിൽ പങ്കുചേരൽ*

സൃഷ്ടിയുടെ അന്ത്യത്തിൽ ദൈവം വിശ്രമിച്ചുവെന്ന് ബൈബിളിൽ രേഖപ്പെടുത്തിയിട്ടുണ്ടല്ലോ (ഉത്പ.2:2-3) ആറുദിവസം അവിടുന്ന് തന്റെ മനോഹാരിതയിൽ സകലവും ഉളവാക്കി

സൃഷ്ടിജാലങ്ങളെല്ലാം ഒരു തരത്തിൽ ദൈവത്തിന്റെ മുഖങ്ങളും സ്വരങ്ങളുമാണ്. മറ്റൊരു വാക്കിൽ ദിവ്യമായ പ്രതിരൂപങ്ങൾ. ഏഴാം ദിവസം സ്രഷ്ടാവ് സർവ്വത്തേയും തന്നിൽതന്നെ ഉൾക്കൊണ്ടു കൊണ്ട് അവയുടെ മനോഹാരിതയിൽ സ്വന്തം രൂപം ദർശിച്ച് ആനന്ദനിർവൃതിയടയുകയായിരുന്നുവെന്നു പറയാം. ആ പ്രക്രിയയായിരുന്നു അവിടുത്തെ വിശ്രമം. ഈ വിശ്രമത്തിൽ പങ്കുചേരാൻ തിരഞ്ഞെടുക്കപ്പെട്ടവരായ നവ്യഉടമ്പടിയുടെ മക്കളാണു നമ്മൾ. പുതിയ ആദമായ ഈശോ ഉത്ഥാനം ചെയ്ത് ആഴ്ച്ചയുടെ ആരംഭദിവസത്തിലായിരുന്നു. ഈ ആദ്യദിവസമാണ് പുതിയ ഇസ്രായേലിന്റെ സാബത്തുദിനം. ഞായറാഴ്ചാചരണത്തിന് ദ്വിവിധമാനങ്ങളുണ്ട്. എല്ലായിടത്തും എല്ലാവരിലും എല്ലാത്തിലും തിരുമുഖം ദർശിക്കുകയും ദിവ്യസ്വരം ശ്രവിക്കുകയും ചെയ്തുകൊണ്ട് ദൈവീകനന്ദനനെ വാഴ്ത്തി പുകഴ്ത്തുകയും ആരാധിക്കുകയും ചെയ്യുക. കുർബ്ബാനയിൽ അതാണ് അരങ്ങേറുന്നത്. അതോടൊപ്പം രോഗം മൂലവും മറ്റും വിരൂപമായ മനുഷ്യമുഖങ്ങൾക്കും വികൃതമായ സ്വരങ്ങൾക്കും പൂർവ്വശോഭ കൈവരുത്തുന്ന ശുശ്രൂഷ കർമ്മത്തി ലേർപ്പെടുക. ചാവറപിതാവിന്റെ അനുശാസനത്തിൽ ഈ മാനങ്ങൾ പ്രത്യക്ഷപ്പെടുന്നു.

### *ജോലിയെന്ന ശുശ്രൂഷ*

പുറപ്പാട് ഗ്രന്ഥം അതിമനോഹരമായ ഒരു ദർശനം കാഴ്ച്ചവയ്ക്കുന്നുണ്ട്. ഈജിപ്തിൽ അടിമപ്പണി ചെയ്യാൻ നിർബന്ധിതനായ ഇസ്രായേൽ ജനത്തെ വിട്ടയക്കാൻ യാഹ്വെ ഫറവോയോട് പറഞ്ഞു. "ഇസ്രായേൽ എന്റെ ആദ്യജാതനായ പുത്രനാണ്. എന്റെ പുത്രനെ വിട്ടയക്കുക. അവൻ എനിക്കു ശുശ്രൂഷ ചെയ്യട്ടെ"(പുറ.4:22-23). ഫറവോക്ക് ദാസ്യവൃത്തി ചെയ്യാൻ നിർബന്ധിതരായ അടിമകളെ അയാൾ സ്വതന്ത്രരാക്കണം. ഒരു പ്രത്യേക ദൗത്യത്തിനായി അവരെ കർത്താവ് തിരഞ്ഞെടു ത്തിയിരിക്കുന്നു. ഇനിമേൽ ഇസ്രായേൽ ദൈവത്തെ ശുശ്രൂഷിക്കുന്ന പുത്രരാകണം. ഇത്തരത്തിലുള്ള മനോഭാവം ഒളിഞ്ഞിരിക്കുന്നുണ്ട് ചാവറപിതാവിന്റെ വേലക്കാരെക്കുറിച്ചുള്ള കാഴ്ചപ്പാടിൽ.

### *ദൈവപേടിയുള്ളവർ*

"വേലക്കും ശുശ്രൂഷക്കും നിറുത്തുന്ന ആളുകൾ പ്രത്യേകമായി ദൈവപേടിയുള്ളവരായിരിക്കണം." വേലയും ശുശ്രൂഷയും പര്യായപദങ്ങളായി കാണുകയാണ് ചാവരുളിന്റെ രചയിതാവ്. മറ്റുള്ളവർക്ക് സേവനം ചെയ്യാൻ വിളിക്കപ്പെടുന്നവർ ദൈവത്തിന്റെ പ്രതിരൂപങ്ങളായ മനുഷ്യർക്ക് ശുശ്രൂഷ ചെയ്യുന്നവരത്രേ. അത്തരം ദൈവീകമാനം അവരെ നയിക്കണം. വേതനത്തിനുവേണ്ടി മനുഷ്യരെ സേവിക്കലായി അതിനെ തരം താഴ്ത്തരുത്. പൗലോസ് ശ്ലീഹായുടെ വാക്കുകൾ ശ്രവിക്കുക. "ദാസന്മാരെ മനുഷ്യപ്രീതിക്കായി മാത്രം യജമാനന്മാരുടെ മുമ്പിൽ സേവ ചെയ്യാതെ ആത്മാർത്ഥ ഹൃദയത്തോടും കർത്താവിനെ ഭയപ്പെട്ടുകൊണ്ടും അവരെ സേവിക്കുവിൻ. നിങ്ങൾ എന്തു ചെയ്താലും മനുഷ്യർക്കു ചെയ്യുന്നതുപോലെയല്ല മറിച്ച് കർത്താവിനു ചെയ്യുന്നതുപോലെ. ആത്മാർത്ഥതയോടെ ചെയ്യുവിൻ" (കൊളോ.4:23-23). ഉടമ്പടി ജനത്തിനുണ്ടാകേണ്ട ഒരു സവിശേഷത ദൈവഭയമായിരുന്നു. ആ മനോഭാവം ശുശ്രൂഷയുമായി ബന്ധപ്പെട്ടതാണ്. 'നിങ്ങളുടെ ദൈവമായ കർത്താവിനെ ഭയപ്പെടുകയും അവിടുത്തെ ശുശ്രൂഷിക്കുകയും ചെയ്യണം"(നിയമാ 6:13, 10:20) (സാമു.12:24). ഇതേ ആശയം തന്നെയാണല്ലോ ചാവറപിതാവിന്റെ നിർദ്ദേശത്തിലും നിഴലിക്കുന്നത്.

### *ഒരു പ്രായോഗിക നിർദ്ദേശം*

*"അവരുടെ (ജോലിക്കാരുടെ) സംഖ്യ പാടുപോലെ ചുരുങ്ങിയതായിരിക്കുകയും വേണം. എത്രയോ വീടുകളിൽ വേലക്കാർ മൂലമായി പിശാച് അവന്റെ ഇഷ്ടം പോലെ കാര്യങ്ങൾ നടത്തുന്നു."* ദൈവത്തിന്റെ കാഴ്ചപ്പാട് പലപ്പോഴും ലോകത്തിൽ നിവർത്തിക്കപ്പെടുന്നില്ലെന്ന് അദ്ദേഹത്തിന് അറിയാമായിരുന്നു. ദൈവഭയമുള്ള ശുശ്രൂഷകർ വിരളമാണ്. അവർ പിശാചിന്റെ പണിയാളുകളായി പലപ്പോഴും വർത്തിക്കുന്നു. അതുകൊണ്ട് പലവീടുകളിലും സംഭവിക്കുന്ന ദുരന്തത്തെക്കുറിച്ച് അജ്ഞാതനല്ലായിരുന്നു ചാവറപിതാവ്. തന്മൂലമത്രേ വേലക്കാരുടെ സംഖ്യ പാടുപോലെ ചുരുക്കണമെന്ന് അദ്ദേഹം അനുശാസിച്ചത്.

### കുടുംബനാഥന്റെ കർത്തവ്യം

"യജമാനന്മാർക്ക് തങ്ങളുടെ ശുശ്രൂഷികളുടെ വ്യാപാരം സൂക്ഷിപ്പാനും അവരുടെ ആത്മകാര്യങ്ങളെ നടത്തിപ്പാനും കടമയുണ്ടെന്നറിഞ്ഞുകൊള്ളണം". അന്യരായി വേലക്കാരെ കാണരുത്. മക്കളെന്നപ്പോലെ വേലക്കാരുടെ കാര്യങ്ങളിൽ കരുതലുള്ളവരാകണം നാഥൻമാർ. ശുശ്രൂഷികളുടെ വ്യാപാരങ്ങളെ സൂക്ഷിക്കണം; അവർ എന്ത് എങ്ങനെ ചെയ്യുന്നുവെന്ന് നിരീക്ഷിച്ചു കൊണ്ട് ആവശ്യമുണ്ടെങ്കിൽ തിരുത്തുവാൻ തയ്യാറാകണം. വേലക്കു നിൽക്കുന്നവർ പലപ്പോഴും വേണ്ടത്ര പഠിപ്പില്ലാത്തവരായിരിക്കുമല്ലോ. തന്മൂലം ഗുരുനാഥന്മാരുടെ കർത്തവ്യം നിർവഹിക്കുവാൻ കടപ്പെടുന്നു. ക്രിസ്തീയ കുടുംബങ്ങളിലെ നാഥൻമാർ തങ്ങൾ ദൈവത്തിന്റെ ശുശ്രൂഷികളാണെന്ന മനോഭാവത്തിലേക്ക് ജോലിക്കാരെ വളർത്തേണ്ടതുണ്ട്. അവരുടെ ആത്മകാര്യങ്ങളെ നടത്തുകയും കുടുംബനാഥന്മാരുടെ ചുമതലയിൽ പെടുന്നു. ചുരുക്കത്തിൽ മക്കളെന്നപ്പോലെ അവരെ സൂക്ഷിക്കുകയും ആത്മകാര്യങ്ങൾ നടത്തികൊടുക്കുകയും വേണം.



## (21)

# ക്രിസ്തീയദിനചര്യ

***ആമുഖം***

"ഒരു നല്ല അപ്പന്റെ ചാവരുളി"ന് രണ്ടു ഭാഗങ്ങളാണുള്ളത്. കുടുംബചട്ടവും മക്കളെ വളർത്തലും. കുടുംബചട്ടത്തിലെ അവസാന ത്തേതായ 24-ാം നമ്പറിലെ വിഷയം ക്രിസ്തീയ ദിനചര്യയാണ്. ചാവറപിതാവ് ക്രിസ്തീയകുടുംബങ്ങളിൽ പാലിക്കപ്പെടേണ്ട ദിനചര്യയെക്കുറിച്ച് വീണ്ടും വീണ്ടും നമ്മെ ഓർമിപ്പിക്കുന്നു. അദ്ദേഹത്തിന് അതിനെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാടുണ്ടായിരുന്നു. ഈശോയുടെ അനുയായികൾ അടുക്കും ചിട്ടയുമുള്ള ജീവിതം നയിക്കാൻ വിളിക്കപ്പെട്ടവരാണ്.

***ഉറങ്ങലും ഉണരലും***

*"ഉറങ്ങാൻ കൃത്യസമയത്ത് കിടക്കുന്നതിനും രാവിലെ കൃത്യസമയത്ത് ഉണരുവാനും ശ്രദ്ധിക്കുക. ഈ ക്രമം സൂക്ഷ്മമായിട്ടു കാക്കുക."*

ആത്മീയവും ശാരീരികവുമായിട്ടുള്ള ആരോഗ്യത്തിന് അവശ്യം ആവശ്യമായതാണ് കൃത്യത. അതൊരു പുണ്യമാണ്. തോന്നലനുസരിച്ച് മാറ്റിക്കൊണ്ടിരിക്കരുത് ഉറങ്ങുന്നതിന്റേയും ഉണരുന്നതിന്റേയും സമയം. അത്യാവശ്യങ്ങളിൽ മാത്രമേ ഇതിന് അപവാദം ഉണ്ടാകാവൂ.

***പ്രഭാതപ്രാർത്ഥന***

*"ആറുമണിക്കെങ്കിലും എല്ലാവരും എഴുന്നേറ്റ് ഉടനെ ഉഷഃകാലജപം ചൊല്ലുക."*

ഭാരതീയർ പണ്ടേ മുതൽ അവലംബിച്ചു പോന്നതാണ് നേരത്തെ ഉറങ്ങലും നേരത്തെ ഉണരലും. അന്നത്തെ ഹൈന്ദവർ അതിരാവിലെ എഴുന്നേറ്റ് സൂര്യനമസ്കാരം ചെയ്യുക പതിവായിരുന്നു. ഉണരുമ്പോൾ ഉടനെ ചിന്തയും ഹൃദയവും ദൈവത്തിലേക്ക് ഉയർത്തണമെന്ന് ചാവറപിതാവ് നിർദ്ദേശിക്കുന്നു. ദൈവത്തോടൊത്ത്

ദിവസം ആരംഭിച്ചാൽ അവിടുത്തെ അനുഗ്രഹം ലഭിക്കും തീർച്ച. ദിവസം മുഴുവൻ ദൈവീകമായി ചിലവഴിക്കാൻ കഴിയും. ക്രൈസ്തവരെന്ന നാമം സാർത്ഥകമാക്കാൻ സാധിക്കും. ആറുമണിക്ക് ഉണരുന്ന ശീലം കുട്ടികളേയും അഭ്യസിപ്പിക്കണം. പ്രഭാതപ്രാർത്ഥന യിൽ പങ്കെടുപ്പിക്കണം. ചാവരുളിന്റെ രചയിതാവ് ഉടനെ എന്ന പദം ഉപയോഗിച്ചിരിക്കുന്നത് ശ്രദ്ധിക്കുക. എഴുന്നേറ്റാൽ ഉടനെ ഉഷ:കാലജപം ചൊല്ലണം. പ്രഭാതകൃത്യങ്ങളും മറ്റും നിർവ്വഹിച്ച ശേഷമല്ല പ്രാർത്ഥനക്ക് അണയേണ്ടത്. എഴുന്നേറ്റാൽ ആദ്യം ചെയ്യേണ്ടത് ഉഷ:കാലജപം ചൊല്ലലായിരിക്കണം. ദൈവത്തെ സ്തുതിക്കുകയും അവിടുത്തേക്ക് നന്ദി പറയുകയും ചെയ്തശേഷ മാകണം സ്വന്തം കാര്യങ്ങളിലേക്ക് ശ്രദ്ധ തരിക്കുവാൻ. ദൈവത്തിന് നൽകേണ്ടത് ആദ്യം നൽകുക. അപ്പോൾ ഓരോരുത്തർക്കും ആവശ്യമായവ അവിടുന്ന് ഔദാര്യപൂർവ്വം നൽകിക്കൊള്ളും.

### *കുർബ്ബാന കാണൽ*

പിന്നെ പാടുള്ളവരെല്ലാം കുർബ്ബാന കാണുക. പണ്ടത്തെ ക്രിസ്ത്യാനികൾ ദിവ്യപൂജ കാണലിന് വലിയ പ്രാധാന്യം കല്പിച്ചിരുന്നു. കുർബ്ബാനക്ക് കൃത്യസമയത്ത് എത്തണമെന്ന നിർബന്ധമുണ്ടായിരുന്നു അന്നത്തെ കാലത്ത്. കർത്താവിന്റെ ബലിയിൽ പ്രഭാതത്തിൽ പങ്കുചേർന്നു തിരുബലിയോടൊപ്പം തങ്ങളുടെ അനുദിനബലിയും സംയോജിപ്പിക്കുക അവർക്കൊക്കെ എത്ര സന്തോഷപ്രദമായിരുന്നുവെന്നോ! കുടുംബത്തിലെ അംഗങ്ങളിൽ പാടുള്ളവരെല്ലാവരും കുർബ്ബാന കാണണമെന്നാണ് ചാവറപിതാവ് നിർദ്ദേശിക്കുക. ത്യാഗം സഹിച്ചായാലും കഴിയുന്നവരെ ല്ലാം കുർബ്ബാനയിൽ സംബന്ധിക്കണം. ചാവരുളിലെ ഈ നിർദ്ദേശം ആധുനികക്രൈസ്തവർ പാലിച്ചിരുന്നുവെങ്കിൽ ഇന്നനുഭവിക്കുന്ന സംഘർഷങ്ങളും തകർച്ചകളും കുടുംബപ്രശ്നങ്ങളും ദാമ്പത്യജീവി തത്തിലെ പാകപ്പിഴകളും വഴക്കുകളും മറ്റും ഇല്ലാതാകുമായിരുന്നില്ലേ?

### *പ്രാതലും മധ്യാഹ്നഭക്ഷണവും*

*"എട്ടുമണിക്ക് കഞ്ഞികുടിക്കുക. പന്ത്രണ്ടുമണിക്ക് ഉച്ചഭക്ഷണം കഴിക്കുക."*

പള്ളിയിൽ നിന്ന് തിരിച്ചെത്തിയ ശേഷമാകാം പ്രഭാതഭക്ഷ ണം തയ്യാറാക്കുക. കഞ്ഞിയായിരുന്നു കാലത്തെ ഭക്ഷണം. അത് കഴിച്ച

ശേഷമാണ് പണിയെടുക്കുവാൻ പാടത്തേക്കിറങ്ങലും മറ്റു ജോലികളിൽ ഏർപ്പെടലും. പുരുഷന്മാർ വിയർപ്പൊഴുക്കി ജോലി ചെയ്യുമ്പോൾ വീട്ടമ്മമാർ ഉച്ചഭക്ഷണം തയ്യാറാക്കുന്ന തിരക്കിലായിരിക്കും. പന്ത്രണ്ടുമണിക്കു തന്നെ മധ്യാഹ്നഭക്ഷണം കഴിക്കണമെന്ന് ചാവറപിതാവ് അനുശാസിക്കുന്നു.

*സന്ധ്യാപ്രാർത്ഥന*

വൈകീട്ട് ത്രികാലജപം കഴിഞ്ഞാലുടൻ കൂട്ടമായിട്ടു പ്രാർത്ഥന തുടങ്ങി, അതു കഴിഞ്ഞശേഷം ഉടനെ അരമണിക്കൂർ ധ്യാനിക്കുക. ഇത് നല്ല പുസ്തകം വായിച്ചുകേട്ട് അതിന്മേൽ ചിന്തിച്ചുകൊണ്ട് കഴിക്കാം.

വൈകുന്നേരത്തെ ക്രിസ്തീയദിനചര്യയിൽ താഴെ പറയുന്നവ ഉൾപ്പെടുത്തിയിരിക്കുന്നു. ത്രികാലജപം ചൊല്ലൽ, കുടുംബങ്ങൾ ഒരുമിച്ച് പ്രാർത്ഥിക്കൽ, അരമണിക്കൂർ ധ്യാനിക്കൽ. സന്യാസ സമൂഹത്തിന്റെ ദിനചര്യയായിത്തോന്നാം ഈ അനുശാസനം. പക്ഷേ ചാവറപിതാവിന്റെ കാഴ്ചപ്പാടിൽ *നല്ല ക്രിസ്ത്യാനിക്കുടുംബം ആകാശമോക്ഷത്തിന്റെ സാദൃശ്യമാകുന്നു*. സ്വർഗ്ഗത്തിലെ ജീവിതം ഭൂമിയിൽ തന്നെ ആരംഭിക്കേണ്ടവരാണല്ലോ ക്രൈസ്തവർ. ആധുനികർക്ക് അപ്രായോഗികമായി തോന്നാം ഇതൊക്കെ. ടെലിവിഷന്റെ മുമ്പിൽ പലരും എത്രയോ മണിക്കൂറുകളാണു കുത്തിയിരിക്കുന്നത്. കുറഞ്ഞപക്ഷം ഞായറാഴ്ച്ചയെങ്കിലും ചാവരുളിലെ ഈ നിർദ്ദേശം പ്രാവർത്തികമാക്കുവാൻ ശ്രമിക്കുക ഉചിതമായിരിക്കും. ശിക്ഷണത്തിലും ചിട്ടയിലും വളർന്നു വരുന്ന കുടുംബം കെട്ടുറപ്പുള്ളതായിരിക്കും. പാറമേൽ വീടുപണിത ബുദ്ധിമാനു തുല്യരാകും ഭവനവാസികൾ (മത്താ.7:24-25). പ്രശ്നങ്ങളും പ്രതിസന്ധികളും പ്രലോഭനങ്ങളും പ്രയാസങ്ങളുമാകുന്ന പേമാരിയും കൊടുങ്കാറ്റും ആഞ്ഞടിച്ചാലും ആ വീടിന് യാതൊന്നും സംഭവിക്കുകയില്ല. എന്തെന്നാൽ അതിന്റെ അടിസ്ഥാനം പാറമേലാണല്ലോ.

*മുഖനോട്ടമരുത്*

ക്രിസ്തീയ ദിനചര്യയനുസരിച്ച് ജീവിക്കുമ്പോൾ സംഭവിക്കാവുന്ന ഒരു പ്രയാസത്തെക്കുറിച്ച് പുണ്യപിതാവ് നമ്മെ

പ്രബുദ്ധരാക്കുന്നു. ഈ പുണ്യപ്രവൃത്തിയുടെ നേരം വരുമ്പോൾ എപ്രകാരമുള്ള പ്രധാനികളോ ലോകമനുഷ്യരോ ഉണ്ടായിരുന്നാലും നീ അത് നോക്കേണ്ട. എന്തുകൊണ്ടെന്നാൽ അവർ തങ്ങളുടെ പക്കലേക്കും, ദൈവം തന്റെ പക്കലേക്കും നിന്നെ വിളിക്കും. എന്നാൽ നീ ആരുടെ പക്കലേക്ക് ചെല്ലും എന്ന് ദൈവം നോക്കും. ആകയാൽ നീ ഈ പുണ്യപ്രവൃത്തിയെ ഒന്നുകൊണ്ടും മുടക്കേണ്ട. അവർക്ക് നിന്റെ പ്രവൃത്തി ഒരു സന്മാതൃകയായിരിക്കും. എന്നാൽ അവർ നിന്നെ പരിഹസിച്ചാൽ അത് നിനക്ക് ഭാഗ്യമായിരിക്കുകയും ചെയ്യും.

പുണ്യജീവിതം കഴിക്കുക എളുപ്പമല്ല. പ്രാർത്ഥനയുടേയും ധ്യാനത്തിന്റേയും സമയത്ത് അതിഥികൾ വീട്ടിലുണ്ടെന്നുവരാം. അഥവാ അവർ ആ സമയത്ത് കയറിവന്നുവെന്നു വരാം. പ്രധാനപ്പെട്ടവരാകാം അക്കൂട്ടർ. അപ്പോൾ എന്തു ചെയ്യണം അവർക്കുവേണ്ടി കുടുംബപ്രാർത്ഥന മുടക്കണമോ? പരിചരിക്കാൻ ധ്യാനം മാറ്റിവയ്ക്കണമോ? എല്ലാവർക്കും ഉണ്ടാകാവുന്ന ഈ വൈതരണിയെ മറികടക്കേണ്ടതെങ്ങനെയെന്ന് ചാവറപിതാവ് നമ്മെ ഉദ്ബോധിപ്പിക്കുന്നു. രണ്ടുതരം വ്യക്തികളാണ് നമ്മെ അവരുടെ അടുത്തേക്ക് വിളിക്കുന്നത്, അതിഥികളായി വന്നവരും, ദൈവവും. നാം ആരുടെ പക്കലേക്കാണ് ചെല്ലുന്നതെന്ന് ദൈവം നോക്കിക്കൊണ്ടിരിക്കുന്നു. നല്ല ക്രിസ്ത്യാനികൾ ദൈവത്തിന്റെ സന്നിധിയെയാണ് പുൽകുക. മനുഷ്യരെ പ്രതി അവർ പുണ്യപ്രവൃത്തി മുടക്കുകയില്ല. അപ്രകാരം ചെയ്താൽ മനുഷ്യർ രണ്ടുവിധത്തിൽ പ്രതികരിക്കാം. നല്ല ആളുകൾ അതിനെ സന്മാതൃകയായി എടുക്കും. ലോകാരൂപിയാൽ നിറഞ്ഞവരോ, നമ്മെ പരിഹസിച്ചെന്നുവരാം. രണ്ടാമത്തേതാണ് സംഭവിക്കുന്നതെങ്കിൽ 'അത് നിനക്ക് ഭാഗ്യമായിരിക്കുകയും ചെയ്യും'. അഷ്ടഭാഗ്യങ്ങളിൽ ഈശോ അരുൾചെയ്യുന്നുണ്ടല്ലോ മനുഷ്യർ എന്നെ പ്രതി നിങ്ങളെ അധിക്ഷേപിക്കുകയും പീഡിപ്പിക്കുകയും ചെയ്യുമ്പോൾ, നിങ്ങൾക്കെതിരായി പലതരത്തിലുള്ള അപവാദം പരത്തുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാരാകുന്നു. അപ്പോൾ നിങ്ങൾ ആനന്ദിച്ച് ആഹ്ലാദിക്കുവിൻ എന്തെന്നാൽ സ്വർഗ്ഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതായിരിക്കും(മത്താ.5:11-12).

### *അത്താഴവും ആത്മശോധനയും ശയനാരാധനയും*

*എട്ടുമണിക്ക് അത്താഴം കഴിച്ചശേഷം ആത്മശോധനയും ശയനാരാധനയും കഴിച്ച് ഉറങ്ങുക".* രാത്രി ഭക്ഷണത്തിനുശേഷം

നല്ല ക്രിസ്ത്യാനികുടുംബങ്ങൾ ആത്മശോധനയും സാഷ്ടാംഗ നമസ്ക്കാരവും നടത്തും. പൗരസ്ത്യസഭയിൽ പ്രചാരത്തിലിരുന്നു വന്നതാണ് ദണ്ഡനമസ്ക്കാരം. ചാവറപിതാവിന്റെ ശയനാരാധന എന്ന പദം അതിവിശേഷകരമാണ്. ഉറങ്ങുന്നതിനു മുമ്പ് ആ ദിവസം ദാനമായി നൽകിയ കാരുണ്യവാനായ ദൈവത്തിന് നന്ദിപറയുകയും സ്രഷ്ടാവും സർവ്വാധീശനുമായ അവിടുത്തെ സാഷ്ടാംഗം പ്രണമിക്കുകയും ചെയ്യുക എത്രയോ അഭികാമ്യം! പലപ്രാവശ്യം അതാവർത്തിക്കുന്നത് നല്ലതാണ്.

***കുടുംബനാഥനോട്***

മക്കളെ വളർത്തലിനെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ തുടങ്ങുന്നതിനുമുമ്പ് ചാവറപിതാവ് ഭവനത്തിലെ തലവന് ഒരു അനുശാസനം നൽകുന്നുണ്ട് "*കുടുംബതലവൻ ഈ ക്രമം സൂക്ഷ്മമായി കാക്കുന്നതിൽ ജാഗ്രതയുള്ളവനായിരിക്കണം. വിശേഷിച്ച് ഞായറാഴ്ചതോറും മാസം ഒന്നാംതിയതി തോറും വീട്ടിലുള്ള എല്ലാവരുടേയും മുമ്പാകെ ഈ കുടുംബക്രമം വായിക്കുകയും വേണം.*"

രണ്ടു കാര്യങ്ങൾ കണക്കിലെടുത്തു കൊണ്ടുള്ളതാണ് നിർദ്ദേശങ്ങൾ. പിതാവാണ് കുടുംബം ഭരിക്കേണ്ടത്. അയാൾ മനസ്സുവെച്ചില്ലെങ്കിൽ എല്ലാം താറുമാറാകും. ഒരു ഭവനം നല്ല ക്രിസ്ത്യാനി കുടുംബമായി തീരണമെങ്കിൽ അതിൽ ശിക്ഷണവും ക്രമവും ഉണ്ടായേ മതിയാകൂ. അതിന് കുടുംബനാഥൻ ജാഗ്രതപൂർവ്വം പരിശ്രമിക്കണം. രണ്ടാമത് മറവി മനുഷ്യസഹജമാണ്. ഇടക്കിടെ കാര്യങ്ങൾ ഓർമ്മിപ്പിച്ചില്ലെങ്കിൽ നല്ല ശീലങ്ങൾ ഇല്ലാതെയാകും. ഈ കാര്യം പരിഗണിച്ചുകൊണ്ടുള്ളതാണ് മാസം ഒന്നാംതിയ്യതിയും ഓരോ ഞായറാഴ്ചയും എല്ലാവരുടേയും മുൻപാകെ കുടുംബചട്ടം വായിക്കൽ.



## (22)

# മക്കൾ, ദൈവനിക്ഷേപങ്ങൾ

***ആമുഖം***

*"ഒരു നല്ല അപ്പന്റെ ചാവരുളി"*ലെ ആദ്യഭാഗത്തിന് *കുടുംബ ചട്ട*മെന്നാണ് നാമം നൽകിയിരിക്കുന്നത്. രണ്ടാം ഭാഗത്തിന്റെ ശിർഷകം *മക്കളെ വളർത്തൽ* എന്നാണ്. കാരണവന്മാരെ അഭി സംബോധന ചെയ്തുകൊണ്ട് അവർ ചെയ്യേണ്ട പതിനാറു കാര്യങ്ങൾ അക്കമിട്ടു അവതരിപ്പിച്ചിരിക്കുന്നു. അവസാനത്തിൽ മക്കളെ അഭിസംബോധന ചെയ്യുന്ന രചയിതാവ് അവരുടെ സുപ്രധാന കർത്തവ്യം മാതാപിതാക്കന്മാരെ ആദരിക്കുകയും അനുസരിക്കുകയും ചെയ്യുന്നതാണ് എന്ന് പ്രത്യേകം എടുത്തു പറയുന്നു. അമ്മയെ തീറ്റിപ്പോറ്റുവാൻ മരണശിക്ഷ ഏൽക്കുവാൻ തയ്യാറായ പുത്രന്റെ കഥ പറഞ്ഞുകൊണ്ട് ചാവറപിതാവ് ക്രിസ്തീയ കുടുംബത്തെക്കുറിച്ചുള്ള കാഴ്ചപ്പാടിനു തിലകം ചാർത്തുന്നു.

***കാരണവന്മാരുടെ ദൗത്യം***

മക്കളെ വളർത്തൽ മാതാപിതാക്കന്മാരുടെ ഏറ്റവും പ്രധാനപ്പെട്ട കാര്യവും കടമയുമാകുന്നുവെന്ന് അവരറിയണം. ആ അറിവിൽ വളരുന്നതിനനുസരിച്ച് തങ്ങളുടെ കർത്തവ്യം നിർവ്വഹിക്കുന്നതിൽ കാരണവന്മാർ കൂടുതൽ കൂടുതൽ ദത്തശ്രദ്ധരാവും. മക്കൾ സർവ്വേശ്വരൻ സൂക്ഷിപ്പാനായിട്ടു മാതാപി താക്കളുടെ കൈയ്യിൽ ഏൽപ്പിച്ചിരിക്കുന്ന ഒരു നിക്ഷേപമാകുന്നു.

***ദൈവത്തിന്റെ നിക്ഷേപങ്ങൾ***

മക്കളെ സൂക്ഷിപ്പാനായിട്ട് മാതാപിതാക്കളെ ദൈവം ഭരമേൽപ്പിച്ചിരിക്കുന്നു. താലന്തിന്റെ ഉപമ (മത്താ.25:14-30) ഏവർക്കും സുപരിചിതമാണല്ലോ. ദൂരയാത്രക്കു പോവുകയായിരുന്ന മനുഷ്യൻ തന്റെ സമ്പത്ത് സേവകരെ ഭരമേൽപ്പിച്ചതിനു സദൃശ്യമാണ് സ്വർഗ്ഗരാജ്യമെന്ന് യേശു പഠിപ്പിക്കുന്നു. താലന്ത് മണ്ണിൽ കുഴിച്ചിടാനുള്ളതല്ല, ബുദ്ധിപൂർവ്വം വ്യാപാരം ചെയ്ത് അതു

വർദ്ധിപ്പിക്കാൻ അവർ കടപ്പെട്ടിരിക്കുന്നു. ആ ഉപമക്ക് സദൃശ്യമാണ് ദൈവം മാതാപിതാക്കളെ സൂക്ഷിപ്പാനായി ഏൽപ്പിച്ചിരിക്കുന്ന മക്കൾ. അവരെ എന്തുചെയ്യണമെന്ന് ചാവറപിതാവ് കാരണവന്മാർക്ക് വ്യക്തമാക്കി കൊടുക്കുന്നുണ്ട്. ഈശോയുടെ തിരുരക്തം കൊണ്ട് അവരെ ശുദ്ധീകരിക്കണം, അവിടുത്തെ ശുശ്രൂഷികളാക്കണം. വിധി ദിവസത്തിൽ തിരികെ ഏൽപ്പിക്കുകയും വേണം.

*ശുദ്ധീകരിക്കൽ*

കർത്താവിന്റെ തിരുരക്തം മുഴുവൻ കുരിശിൽ നിന്ന് ഒഴുകുകയുണ്ടായി. അത് മനുഷ്യരെ പാപക്കറകളിൽ നിന്നു കഴുകി വിശുദ്ധീകരിച്ചു. കുർബ്ബാന സ്വീകരണത്തിൽ നമ്മൾ അവിടുത്തെ ശരീരം ഭക്ഷിക്കുകയും രക്തം പാനം ചെയ്യുകയും ചെയ്യുന്നു. കർത്താവ് തിരുനിണത്താൽ നമ്മെ ശുദ്ധീകരിക്കുന്നു. ആ കർമ്മത്തിലൂടെ മാതാപിതാക്കന്മാർ മക്കളെ പാപസങ്കീർത്തനം, കുർബ്ബാനസ്വീകരണം എന്നീ കൂദാശകൾ അടുക്കലടുക്കൽ സ്വീകരിക്കുവാൻ പ്രേരിപ്പിക്കണമെന്നാണ് ചാവറപിതാവ് വിവക്ഷിക്കുക. കുമ്പസാരത്തിൽ വൈദീകൻ പാപമോചനം നൽകുന്നുണ്ടല്ലോ. ഈശോയുടെ രക്തംവഴിയാണ് ആ അനുഗ്രഹം ലഭിക്കുക. തിരുച്ചോരകൊണ്ട് ശുദ്ധീകരിക്കപ്പെടുമ്പോൾ മക്കളാകുന്ന നിക്ഷേപങ്ങളുടെ ശോഭ വർദ്ധിക്കും.

*ശുശ്രൂഷിക്കൽ*

മക്കളാകുന്ന ദൈവത്തിന്റെ നിക്ഷേങ്ങളെ തന്നെ ശ്രുശ്രൂഷിക്കുന്നതിന് നിർബന്ധിക്കേണ്ടവരാണ് കാരണവന്മാർ. ശുശ്രൂഷിക്കുക ആരാധനാക്രമബന്ധിയായ പദമാണ് *(ശ്മശ്).* വെറും സേവനം ചെയ്യുന്നതിനെയല്ല അത് അർത്ഥമാക്കുക. ദൈവത്തെ ആരാധിക്കുന്നതും വണങ്ങുന്നതും സ്തുതിക്കുന്നതും അവിടുത്തേക്ക് കൃതജ്ഞതയർപ്പിക്കുന്നതും ശുശ്രൂഷയുടെ തലങ്ങളിൽപ്പെടുന്നു. എല്ലാ ക്രൈസ്തവരും കർത്താവിന്റെ ശുശ്രൂഷികളാകുവാൻ വിളിക്കപ്പെട്ടിരിക്കുന്നു. അതായത് അവിടുത്തെ ആരാധിക്കുന്നവരും സ്തുതിക്കുന്നവരും വണങ്ങുന്നവരും നന്ദിയർപ്പിക്കുന്നവരുമാകണം ഓരോരുത്തരും. മക്കൾ ഇപ്രകാരം ശുശ്രൂഷികളാകുമ്പോൾ അവർ ദൈവത്തിന്റെ യഥാർത്ഥത്തിലുള്ള നിക്ഷേപങ്ങളായി വിളങ്ങും.

അതിനവരെ പ്രചോദിപ്പിക്കുകയും നിർബന്ധിക്കുകയും ചെയ്യുവാൻ കടപ്പെട്ടവരാണ് കാരണവന്മാർ.

### *തിരിച്ചേൽപ്പിക്കൽ*

ഇപ്രകാരം തിരുച്ചോരകൊണ്ട് ശുദ്ധീകരിക്കപ്പെടുകയും ദൈവശുശ്രൂഷയിൽ മുഴുകുകയും ചെയ്യുന്ന മക്കളെ കാണുമ്പോൾ തമ്പുരാൻ സംപ്രീതനാകും. തനിക്ക് ഏറ്റവും പ്രധാനപ്പെട്ട നിക്ഷേപങ്ങളായി അവരെ സ്നേഹിക്കും. ഇത്തരത്തിൽ വിധി ദിവസത്തിൽ മക്കളെ തിരിച്ചേൽപ്പിക്കുവാൻ കഴിയുന്ന മാതാപിതാക്കന്മാർ ഭാഗ്യവാന്മാർ! അവർ ദൈവം തങ്ങളെ ഭരമേൽപ്പിച്ചിരിക്കുന്ന കർത്തവ്യം നിർവഹിച്ചിരിക്കുന്നു. വിധി ദിവസത്തിൽ അവർക്ക് കർത്താവിന്റെ വലതുവശത്ത് നിൽക്കുവാനും നിത്യജീവനിലേക്ക് പ്രവേശിക്കാനും ഭാഗ്യം ലഭിക്കും.

### *ഭരമേൽപ്പിച്ചിരിക്കുന്ന ആത്മാക്കൾ*

*'ഈശോമിശിഹാ നിങ്ങളുടെ കൈയ്യിൽ ഏൽപ്പിച്ചിരിക്കുന്ന ആത്മാക്കൾ ഇവരാകുന്നുവെന്ന് നന്നായി അറിഞ്ഞുകൊള്ളുവിൻ'.* മക്കൾ ദൈവത്തിന്റെ നിക്ഷേപം മാത്രമല്ല. ഈശോമിശിഹാ കാരണവന്മാരുടെ കയ്യിൽ ഏൽപ്പിച്ചിരിക്കുന്ന ആത്മാക്കളുമാകുന്നു. മനുഷ്യൻ ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലുമാണല്ലോ സൃഷ്ടിക്കപ്പെട്ടിരിക്കുക (ഉത്പ.1:26). തന്മൂലം അവിടുത്തേക്ക് ഏറ്റവും പ്രിയങ്കരമാണ് മനുഷ്യാത്മാവ്. ഈശോമിശിഹാ മക്കളുടെ ആത്മാക്കളെ അഥവാ അവിടുത്തെ പ്രതിച്ഛായകളെ കാരണവന്മാരുടെ കയ്യിൽ ഏൽപ്പിച്ചിരിക്കുന്നു. ഇക്കാര്യം മാതാപിതാക്കൾ അറിയണം.

### *ശിക്ഷാർഹമായ വിലോപം*

മക്കളിൽ ഒരാൾ കാരണവന്മാരുടെ കുറ്റം നിമിത്തം നരകത്തിൽ നിപതിക്കുവാൻ ഇടയാകുമെങ്കിൽ അവരുടെ രക്ഷയ്ക്കതു തടസ്സമാകുമെന്നു ചാവറപിതാവ് മുന്നറിയിപ്പ് നൽകുന്നു. മക്കൾമൂലം അവരും നരകത്തിൽ നശിച്ചുപോകാൻ ഇടയാകും. മകനോ മകളോ ചെയ്യുന്നതിനൊക്കെയും വിധിദിവസത്തിൽ കണക്കുകൊടുക്കേണ്ടവർ കാരണവന്മാരാണ്.

*നല്ല ക്രിസ്ത്യാനികളാക്കി വളർത്തുക*

*"നിങ്ങളുടെ വാർദ്ധക്യത്തിൽ നിങ്ങളെ രക്ഷിപ്പാനും സന്ധിപ്പാനും(ഒത്തുച്ചേരാനും) തക്ക നല്ല മക്കൾ നിങ്ങൾക്കുണ്ടാകണമെങ്കിൽ അവരെ ചെറുപ്രായത്തിൽ നല്ല ക്രിസ്ത്യാനികളാക്കുവിൻ"*. ചാവരുളിന്റെ രചയിതാവ് നമ്മളെ ഉദ്ബോധിപ്പിക്കുന്നു. വയസ്സാകുമ്പോൾ മക്കളുടെ സംരക്ഷണവും സ്നേഹവും ആഗ്രഹിക്കാത്തവർ ആരുമുണ്ടാകയില്ലല്ലോ. അതു ലഭിക്കണമെങ്കിൽ മക്കളെ ചെറുപ്പത്തിൽ നല്ല ക്രിസ്ത്യാനികളാക്കി വളർത്തണം. ബാല്യകാലത്ത് കുട്ടികൾ തമ്പുരാനെ സനേഹിക്കുകയും പേടിക്കുകയും ചെയ്യുന്നില്ലെങ്കിൽ പിന്നീടവർ കാരണവന്മാരേയും പേടിക്കയും ബഹുമാനിക്കുകയും ചെയ്യുകയില്ലെന്നു ചാവറപിതാവ് നമ്മെ ഓർമ്മിപ്പിക്കുന്നു. മക്കളെ നല്ല ക്രിസ്ത്യാനികളാക്കുവാൻ മാതാപിതാക്കന്മാർ ചെയ്യേണ്ട ചില കാര്യങ്ങൾ എടുത്തുപറയുന്നുണ്ട് അദ്ദേഹം. കുഞ്ഞുങ്ങളെ കൂടെകൂടെ തമ്പുരാനു കാഴ്ചവെയ്ക്കണം; അവരെ ഈശോമറിയം യൗസേപ്പിന്റെ മാദ്ധ്യസ്ഥത്തിൽ ഏൽപ്പിക്കണം. അവർക്കുവേണ്ടി കൂടെക്കൂടെ അപേക്ഷിക്കണം.

*കാഴ്ചവെക്കൽ*

കുട്ടികളെ നന്നായി വളർത്തുന്നതിന് ദൈവസഹായം കൂടിയേതീരൂ. ദിവ്യാനുഗ്രഹമില്ലെങ്കിൽ മനുഷ്യരുടെ പ്രയത്നം നിരർത്ഥമാകും. കർത്താവ് ഭവനം പണിയുന്നില്ലെങ്കിൽ പണിക്കാരുടെ അദ്ധ്വാനം വ്യർത്ഥമാണ്. കർത്താവ് നഗരം കാക്കുന്നില്ലെങ്കിൽ കാവൽക്കാർ ഉണർന്നിരിക്കുന്നതും നിഷ്ഫലം തന്നെ (സങ്കീ.127:1). മാതാവും യൗസേപ്പിതാവും ഉണ്ണീശോയെ ജറുസലേം ദേവാലയത്തിൽ സമർപ്പിച്ച വൃത്താന്തം ലൂക്ക.2:22-23ൽ രേഖപ്പെടുത്തിയിട്ടുണ്ടല്ലോ. അവർ ആണ്ടുതോറും പെസഹാതിരുനാളിനു ജറുസലേം ദേവാലയത്തിലേക്കു പോകുമായിരുന്നു(ലൂക്ക.2:41) ഇപ്രകാരം ദേവാലയകേന്ദ്രീകൃതമായ ജീവിതമായിരുന്നു യേശുവിന്റെ മാതാപിതാക്കന്മാർ നയിച്ചിരുന്നതും ബാലനെ പഠിപ്പിച്ചിരുന്നതും. തമ്പുരാന്റെതാണല്ലോ മക്കൾ. അവരെ കൂടെകൂടെ അവിടുത്തേക്ക്

സമർപ്പിക്കേണ്ടതുണ്ട്. അപ്പോൾ തനിക്ക് കാഴ്ചവെയ്ക്കപ്പെട്ട കുട്ടികളെ ദൈവം കാത്തുകൊള്ളും.

### *തിരുകുടുംബത്തിന്റെ മാദ്ധ്യസ്ഥം*

നല്ല ക്രിസ്ത്യാനി കുടുംബമായി ജീവിക്കേണ്ടതിന്റെ ഉദാത്ത പ്രതീകമാണ് തിരുകുടുംബം. അവരെ ആശ്രയിക്കുകയും അനുകരിക്കുകയും ചെയ്യുന്നവർ ദൈവപ്രസാദത്തിനു പാത്രീഭൂത രാകും. ചാവറപിതാവ് തന്റെ ബാല്യകാലാനുഭവം അന്തിമവചസ്സു കളിൽ ഏറ്റുപറയുന്നുണ്ട്. ഭക്തിയുള്ള എന്റെ മാതാപിതാക്കന്മാർ ഈശോമറിയം യൗസേപ്പ് എന്ന മഹാകുടുംബത്തെ എന്നെ ഓർമ്മിപ്പിക്കുകയും ഞാൻ ആ തിരുകുടുംബത്തെ എപ്പോഴും എന്റെ ഹൃദയത്തിൽ കാണുകയും ഓർക്കുകയും വണങ്ങുകയും ചെയ്തിരുന്ന തിനാൽ അവരുടെ അനുഗ്രഹം എപ്പോഴും എന്നെ സംരക്ഷിച്ചതുമൂലം മാമ്മോദീസായിൽ എനിക്കു കിട്ടിയ ഇഷ്ടപ്രസാദത്തെ നശിപ്പിക്കു ന്നതിന് ഇടയായിട്ടില്ലെന്നു പറയുന്നതിന് ദൈവാനുഗ്രഹത്താൽ എനിക്കു ധൈര്യമുണ്ട്. അദ്ദേഹം തന്റെ സഭയേയും അംഗങ്ങളേയും തിരുകുടുംബത്തിന് പ്രതിഷ്ഠിച്ചുകൊണ്ട് മൊഴിഞ്ഞു; തിരുകുടുംബ ത്തെ നിങ്ങൾ ആശ്രയിക്കുവിൻ; നിങ്ങളുടെ ഹൃദയങ്ങളിൽ ആ തിരുകുടുംബം അധികാരം നടത്തട്ടെ. ഇക്കാര്യം തന്നെയാണ് ചാവരുളിൽ ചാവറപിതാവ് രേഖപ്പെടുത്തിയിരിക്കുക. മാതാപിതാക്കൾ മക്കളെ ഈശോമറിയം യൗസേപ്പിന്റെ മാദ്ധ്യസ്ഥത്തിൽ ഏൽപ്പിക്കണം.

### *നിരന്തരമായ പ്രാർത്ഥിക്കൽ*

'*അവർക്കുവേണ്ടി കൂടെകൂടെ അപേക്ഷിക്കുകയും ചെയ്യണം*'. പ്രാർത്ഥനയുടെ മനുഷ്യരാകണം ക്രൈസ്തവർ. ചാവറപിതാവ് അത്തരത്തിലുള്ള മനുഷ്യനായിരുന്നു. വന്ദ്യപിതാവിനെപോലെ പ്രാർത്ഥനയുടെ മനുഷ്യരാകണം കാരണവന്മാർ. അവരുടെ അപേക്ഷയുടെ മുഖ്യവിഷയം മക്കളാകണം. 'ചോദിക്കുവിൻ നിങ്ങൾക്കു കിട്ടും. അന്വേഷിക്കുവിൻ നിങ്ങൾ കണ്ടെത്തും. മുട്ടുവിൻ നിങ്ങൾക്കു തുറന്നുകിട്ടും'(മത്താ.7:7). എന്നരുളിച്ചെയ്ത കർത്താവിൽ ശരണം ഗമിച്ചുകൊണ്ട് മക്കൾക്കുവേണ്ടി നടത്തുന്ന പ്രാർത്ഥന ദൈവം ശ്രദ്ധിക്കാതിരിക്കയില്ലല്ലോ.

മക്കളെ വളർത്തുന്നതിനെകുറിച്ചുള്ള ഒന്നാമത്തെ നിർദ്ദേശം ഇപ്രകാരമാണ് സമാപിക്കുക. '*അമ്മയുടെ അപേക്ഷ ഉണ്ണിയുടെ അപേക്ഷ*' പോലെ ദൈവം കൈക്കൊള്ളും ചാവറപിതാവിന്റെ തനിമായാർന്ന ദർശനമാണിത്. കന്യകമാതാവ് നമ്മുക്കുവേണ്ടി അപേക്ഷിച്ചാൽ ഉണ്ണീശോയുടെ അപേക്ഷപോലെ ദൈവം സ്വീകരിക്കും. മറിയത്തെ ഈശോ അത്രയധികം സ്നേഹിക്കുന്നു. മാതാവിന്റെ അപേക്ഷകളെല്ലാം സ്വന്തമെന്നതുപോലെ പകർത്തുന്നു. വത്സലകുമാരന്റെ അപേക്ഷകൾ സ്നേഹതാതനായ ദൈവം കൈക്കൊള്ളുമെന്ന് തീർച്ചയാണ്. ചാവറപിതാവിന്റെ കാഴ്ചപാടിൽ നമ്മൾ അമ്മയോടപേക്ഷിച്ചാൽ മതി. അപ്പോൾ ഉണ്ണീശോ അത് തന്റേതാക്കിത്തീർക്കും തിരുകുമാരന്റെ ആഗ്രഹങ്ങൾ ഉടനടി നിവർത്തിച്ചു തരുന്നവനാണ് ദൈവപിതാവ്. ചാവരുളിന്റെ രചയിതാവ് മാതാപിതാക്കന്മാരോട് ആവശ്യപ്പെടുന്നത് മക്കൾക്കുവേണ്ടി കന്യകാമാതാവിനോട് അപേക്ഷിക്കാനാണ്. അപ്പോൾ അമ്മ അവർക്കുവേണ്ടി അപേക്ഷിച്ചുകൊള്ളും. ഉണ്ണീശോ അത് പിതാവിനർപ്പിക്കും. തനയന്റെ അഭീഷ്ടം ഉടനടി സാധിച്ചുകൊടുക്കും താതൻ.



## 23

# കുഞ്ഞുങ്ങൾക്കുള്ള ആത്മീയാഹാരം

***ആമുഖം***

ഇന്നത്തെ മാതാപിതാക്കന്മാർ കുഞ്ഞുങ്ങൾക്ക് പോഷകാംശമുള്ള രുചികരമായ ഭോജ്യവസ്തുക്കൾ നൽകുന്നതിൽ ദത്തശ്രദ്ധരാണല്ലോ. മക്കൾ അതിവേഗം തടിയും മിടുക്കുമുള്ള സുന്ദരകുട്ടന്മാരായി വളരണമെന്ന് ഏവരും അഭിലഷിക്കുന്നു. അതിനുവേണ്ടി എന്തുമാത്രം പണം ചിലവഴിക്കുന്നതിനും ആർക്കും മടിയുമില്ല. എന്നാൽ ആത്മീയാഹാരം കുഞ്ഞുങ്ങൾക്കേകുന്നതിൽ വേണ്ടത്ര ശ്രദ്ധ പ്രകടിപ്പിക്കുന്നുണ്ടോ? ഈ വിഷയത്തിൽ ജനയിതാക്കൾ പ്രദർശിപ്പിക്കുന്ന നിരുത്തരവാദിത്വവും നിരുത്സാഹവും കാരണമല്ലേ കുടുംബബന്ധങ്ങൾ തകരുന്നതെന്ന് ചിന്തിക്കേണ്ടതുണ്ട്. ചാവറപിതാവ് ഇത്തരം അപകടങ്ങൾ മുൻകൂട്ടി കണ്ടവനാണ്. അവ സംഭവിക്കാതിരിക്കുവാൻ കാരണവൻമാർക്ക് സുവ്യക്തവും സുദൃഢവുമായ അനുശാസനങ്ങൾ ചാവരുളിൽ നിരത്തിവച്ചിരിക്കുന്നു. മക്കളെ വളർത്തുന്നതിനെക്കുറിച്ചുള്ള രണ്ടാമത്തെ നിർദ്ദേശം ഇപ്രകാരമാണ്.

***പാഠം***

*" കുഞ്ഞുങ്ങൾക്ക് അല്പം ദൃഢത ഉണ്ടാകുമ്പോൾ തന്നെ ഭക്തിയോടുകൂടെ ഈശോ മറിയം യൗസേപ്പെന്ന തിരുനാമങ്ങളെ ചൊല്ലുവാൻ അവരെ പഠിപ്പിക്ക; അവരുടെ സ്വരൂപങ്ങൾ കുഞ്ഞുങ്ങളെ കാണിക്കയും മുത്തിക്കയും ചെയ്തുകൊണ്ടു അവരെ വണങ്ങുവാനും, സ്നേഹിപ്പാനും പഠിപ്പിക്ക; അവർ പറവാൻ തുടങ്ങുമ്പോൾ ആകാശങ്ങളിലിരിക്കുന്നതും, നന്മനിറഞ്ഞമറിയം, ത്രികാലജപം മുതലായ ചെറിയ ജപങ്ങളെ പഠിപ്പിക്ക; ശരീരത്തിനടുത്ത യാവന അവർക്ക് കൊടുക്കേണ്ടതിനോടുകൂടെ ആത്മത്തിനടുത്ത യാവനയായ ഇവകളേയും അവർക്കു കൊടുക്കുന്നത് എത്രയോ നല്ലതായിരിക്കുന്നു.*

***അമ്മയുടെ അഭ്യസിപ്പിക്കൽ***

ചാവറപിതാവ് തന്റെ ബാല്യകാലാനുഭവങ്ങൾക്ക് ഭാഷ്യം നൽകിയിരിക്കുകയാണ് ഈ നിർദ്ദേശങ്ങളിൽ. കുഞ്ഞായിരിക്കുമ്പോൾ

അമ്മ ശാരീരിക പോഷണത്തോടൊപ്പം ആത്മീയാഹാരവും മതിവരുവോളം നൽകിയിരുന്നുവെന്ന് അദ്ദേഹം *ആത്മാനുതാപം* എന്ന കൃതിയിൽ ഏറ്റുപറയുന്നുണ്ട് (പാദം 1, വരി 47-48).

"അന്നവൾക്കു നീ നൽകിയ സ്നേഹത്താൽ
അമൃതപാനം തന്നു വളർത്തുമ്പോൾ
അതിനോടു കലർത്തി ജപങ്ങളും
അപ്പോൾ തന്നെ ഗ്രഹിപ്പിച്ചു തന്നവൾ"

ദൃഢം വന്നപ്പോൾ ജപങ്ങളൊക്കെയും
ദൃഢതയോടെ പഠിപ്പിച്ചു നിശ്ചയം.
അന്നവളുടെ കാൽക്കലിരുന്നു ഞാൻ
മന്ദം മന്ദം അറിഞ്ഞു ദൈവത്തെയും.

അന്നവൾ രാത്രി പാതിരാനേരത്തും
മന്ദം നീക്കിയുണർന്നെഴുന്നേറ്റിട്ട്,
മുട്ടുകുത്തി നമസ്കാരം ചെയ്യുമ്പോൾ
ഒട്ടുനേരം ഞാൻ മുട്ടിന്മേൽ ചാഞ്ഞിടും.

രാജപം ദൈവമാതാവിൻ പ്രാർത്ഥന
രാജരാജനാം ഈശോതൻ നാമങ്ങൾ
"പരം ജ്യോതിയേ ഈശോയെ രക്ഷിക്ക
പാരിതിന്റെ പുഷ്പമേ ജയാ ജയാ"

എന്നീവണ്ണം ഓരോരോ ജപങ്ങളെ
നന്ദിയോടുച്ചരിക്കുന്ന നേരത്തു
മന്ദമായതു കേട്ടിരുന്നുകൊണ്ടാ-
സുന്ദരിയുടെ പാദേയുറങ്ങി ഞാൻ.

അക്കാലം നാവിളക്കുവാൻ നേരത്തു
പൊക്കിക്കാട്ടി പറയിക്കും ദൈവത്തിൻ
ശുദ്ധനാമമാമീശോ മറിയവും
ശുദ്ധനായ മാർയൗസേപ്പിൻ നാമവും.

പിതാവു പുത്രൻ റൂഹാദ്ക്കുദാശാ
പിതാവിൻ സുതനവതാരവും
കണിതന്നുടെ ശുദ്ധോദരത്തിലായ
മന്നിൽ വന്നു പിറന്നു മനുവായി.

പന്തിയോസിന്റെ നാളുകളിൽ കഷ്ടപ്പെ-
ട്ടന്തരിച്ചുക്കഴിഞ്ഞുയർത്തെന്നതും,
ഓരോരോരോ ദിനേ ചൊല്ലിപഠിപ്പിച്ചു".

***വിശദീകരണം***

ദൈവമാണ് തന്നെ തീറ്റിവളർത്തുവാൻ അമ്മയെ നൽകിയത്. അവിടുന്നുതന്നെ അവളിൽ സ്നേഹം നിറച്ചു. ആ സ്നേഹം അമ്മ പകർന്നു നൽകുമായിരുന്നു. *അമൃതപാന*മെന്നത്രെ അതിനെ ചാവറപിതാവ് വിശേഷിപ്പിക്കുക. പാലിനോടു കലർത്തി അമ്മ ഓരോ പ്രാവശ്യവും ജപങ്ങൾ തന്നെ ഗ്രഹിപ്പിച്ചുവെന്ന് അദ്ദേഹം സാക്ഷ്യപ്പെടുത്തുന്നു. ഗ്രഹിപ്പിക്കുക എന്നതുകൊണ്ട് ഉദ്ദേശിച്ചിരിക്കു കചൊല്ലിത്തരലാകാം. ശാരീരികാഹാരത്തോട് കലർത്തിയാണ് ആത്മീയാഹാരം ആ സ്വാധി കുഞ്ഞിന് നൽകിയത്. തിരിച്ചറിയാൻ പ്രായമായപ്പോൾ ജപങ്ങൾ കുഞ്ഞിനെ ദൃഢതയോടെ അമ്മ പഠിപ്പിക്കുകയായി. അതോടെ മാതാവിന്റെ ജനനിയുടെ കാൽക്കലി രുന്ന് കുട്ടി ദൈവത്തെ കൂടുതൽ കൂടുതൽ അറിയാൻ തുടങ്ങി. ഭക്തജീവിതത്തെ കുറിച്ച് ചെറുപ്പത്തിലെ അനുഭവിച്ചറിഞ്ഞവനാണ് ചാവറപിതാവ്. പാതിരാത്രി അമ്മ ഉണർന്നെഴുന്നേറ്റ് മുട്ടുകുത്തി നമസ്കരിക്കുമായിരുന്നു. അതുകണ്ട കുഞ്ഞ് ഒട്ടുനേരം മുട്ടിന്മേൽ ചായും. അമ്മ നന്ദിയോടെ ചൊല്ലിയിരുന്ന ജപങ്ങൾ തന്റെ അന്ത്യകാലത്ത് ആത്മാനുതാപം രചിച്ചപ്പോൾപോലും അദ്ദേഹം ഓർത്തിരുന്നു. താഴെപറയുന്ന പ്രാർത്ഥനകളാണ് ആ ഭക്തസ്ത്രീ ചൊല്ലിയുരുന്നത്. രാത്രിജപം, ദൈവമാതാവിൻ പ്രാർത്ഥന, ഈശോയുടെ നാമജപം തുടങ്ങിയവ. നാമജപത്തിന് ഒരുദാഹരണം നൽകുന്നുണ്ട് രചയിതാവ്.

"പരം ജ്യോതിയേയീശോയെ രക്ഷിക്ക
പാരിതിന്റെ പുഷ്പമേ ജയാജയാ."

സ്വർഗ്ഗത്തിലെ ജ്യോതിസ്സായ ഈശോയോട് രക്ഷിക്കണമെന്ന് അർത്ഥിക്കുന്നു. ഇഹലോകത്തിന്റെ പുഷ്പമായ ഈശോ വാഴട്ടെയെ ന്നാശംസിക്കുന്നു. ഈശോ പ്രകാശമാണ്; അവിടുത്തേക്ക് രക്ഷ നൽകാനാകും. ഭൂമിയിൽ അവതരിക്കുകവഴി തിരുസുതൻ പാരിതിന്റെ പുഷ്പമായിത്തീർന്നു. അവിടുന്ന് നിത്യം വാഴട്ടെയെന്ന പ്രാർത്ഥന എത്ര മനോഹരം. കൃതജ്ഞതാനിർഭരമായ ഹൃദയത്തോടെ യാണ്

അമ്മ തിരുനാമകീർത്തനം ഉരുവിട്ടിരുന്നതെന്ന് ലേഖകൻ സാക്ഷിക്കുന്നു. അത് കേട്ടുകൊണ്ട് ആ കുഞ്ഞ് ജനനിയുടെ പാദത്തിങ്കൽ കിടന്നുറങ്ങുമായിരുന്നു.

കുഞ്ഞ് സംസാരിക്കുവാനാരംഭിച്ചപ്പോൾ അമ്മ അവനെ എടുത്തുയർത്തി ദൈവത്തിന്റേയും ഈശോയുടെയും മറിയത്തിന്റെയും യൗസേപ്പിന്റെയും നാമങ്ങൾ പറയിക്കുമായിരുന്നു. അമ്മയിൽനിന്നു പഠിച്ച തിരുക്കുടുംബഭക്തിയിൽ ജീവിതകാലം മുഴുവൻ നിലനിന്നു ആ പുത്രൻ. മരണക്കിടക്കയിൽവെച്ച് ചാവറപിതാവിന് ഇപ്രകാരം പ്രഖ്യാപിക്കുവാൻ കഴിഞ്ഞു.

കുഞ്ഞിനെ ഇത്രയൊക്കെ പഠിപ്പിച്ചതുകൊണ്ട് തൃപ്തിപ്പെട്ടില്ല ആ അമ്മ. ഓരോരോ ദിവസവും വിശ്വാസപ്രമാണത്തിലെ രഹസ്യങ്ങൾ ആ ഭക്ത അവന് ചൊല്ലിക്കൊടുത്തുകൊണ്ടിരുന്നു. സ്വാഭാവികമായുംകുഞ്ഞുങ്ങൾക്ക് ഇത്തരം കാര്യങ്ങൾ തുടർച്ചയായി കേൾക്കുവാൻ താത്പര്യമുണ്ടാവുകയില്ലല്ലോ. ഇഷ്ടക്കേട് കാണിക്കുമ്പോൾ കൊച്ചുകുര്യാക്കോസിനെ അമ്മ കണ്ണുകൊണ്ട് പേടിപ്പിക്കുമായിരുന്നുവെന്ന് അദ്ദേഹം ആത്മാനുതാപത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട് (പാദം 1 വരി 78-84). അതിന്റെ ഫലമോ ബാലന്റെ ദൈവഭക്തിയിലുള്ള വളർച്ചയായിരുന്നു.

*പഠിപ്പിക്ക, പഠിപ്പിക്ക, പഠിപ്പിക്ക*

മക്കളെ വളർത്തുന്നതിനെക്കുറിച്ചുള്ള രണ്ടാം ഖണ്ഡികയിൽ ചാവരുളിന്റെ രചയിതാവ് മൂന്നുപ്രാവശ്യം ആവർത്തിച്ചിരിക്കുന്ന ക്രിയാപദമാണ് പഠിപ്പിക്ക എന്നത്: *ഭക്തിയോടെ ഈശോ മറിയം യൗസേപ്പ് എന്ന തിരുനാമങ്ങളെ ചൊല്ലുവാൻ പഠിപ്പിക്ക; തിരുസ്വരൂപങ്ങൾ കാണിക്കുകയും മുത്തിക്കുകയും ചെയ്തുകൊണ്ട് അവരെ വണങ്ങുവാനും സ്നേഹിക്കുവാനും പഠിപ്പിക്ക; സംസാരിക്കാൻ തുടങ്ങുമ്പോൾ സ്വർഗ്ഗസ്ഥനായ പിതാവേ, നന്മനിറഞ്ഞ മറിയമേ, ത്രികാലജപം തുടങ്ങിയ ജപങ്ങളെ പഠിപ്പിക്ക; കാരണവൻമാരാകണം കുഞ്ഞുങ്ങളുടെ ആദ്യത്തെ അദ്ധ്യാപകർ. വെൺമയേറിയ ഹൃദയങ്ങളിൽ തിരുക്കുടുംബത്തോടുള്ള ഭക്തിയിലും സ്നേഹത്തിലും അവർ പൂരിതമാക്കണം* . അതുവഴി പഠിപ്പിക്ക എന്നതിന്റെ മൂലക്രിയയായ ലത്തീനിലെ *എദുക്കാരേ* (വലിച്ചെടുക്കുക) എന്ന പ്രക്രിയ നിർവ്വഹിക്കണം. ഭാരതീയ സൂക്തത്തിൽ പറയുന്ന

തുപോലെ അസത്തയിൽ നിന്നും സത്തയിലേക്കും, അന്ധകാരത്തിൽ നിന്നും പ്രകാശത്തിലേക്കും, മൃത്യുവിൽ നിന്ന് അമർത്യതയിലേക്കും കുഞ്ഞുങ്ങളെ ആനയിക്കണം. ദൈവമാണ് സാക്ഷാൽ സത്യപ്രകാശം, അമർത്യത അഥവാ നിത്യജീവൻ. തിരുക്കുടുംബത്തോടുള്ള ഭക്തിയിൽ വളർന്നാൽ ത്രിത്വക്കുടുംബത്തോടുള്ള സ്നേഹത്തിൽ അഭിവൃദ്ധി പ്പെടുമെന്ന് രണ്ടാം നാമമായി തിരുക്കുടുംബമെന്ന പേരു ധരിച്ച ചാവറപിതാവിന് തീർച്ചയുണ്ടായിരുന്നു.

*ആത്മീയയാവന*

മക്കളെ വളർത്തുന്നതിനെകുറിച്ചുള്ള രണ്ടാമത്തെ നിർദ്ദേശം ഇപ്രകാരം അവസാനിക്കുന്നു: "*ശരീരത്തിനടുത്ത യാവന (ഭക്ഷണം) അവർക്ക് കൊടുക്കുന്നതോടുകൂടെ ആത്മത്തിനടുത്ത യാവനയായ ഇവകളേയും അവർക്ക് കൊടുക്കുന്നത് എത്രയോ നല്ലതായിരിക്കുന്നു.*" തന്റെ അമ്മ ചെയ്തതുപോലെ ക്രിസ്തീയ കാരണവൻമാരും അമൃതപാനം തന്നുവളർത്തുമ്പോൾ അതിനോടുകലർത്തി ജപങ്ങളും കുഞ്ഞുങ്ങളെ ഗ്രഹിപ്പിക്കണം. ഇപ്രകാരം ശാരീരികമായ ആഹാരത്തോടൊപ്പം അത്മീയമായ ആഹാരവും മക്കൾക്ക് നൽകുന്നത് എത്രയോ നല്ലതായിരിക്കുന്നുവെന്ന് ചാവരുളിന്റെ രചയിതാവ് പ്രസ്താവിക്കുന്നു. ഓരോ സൃഷ്ടികർമ്മവും നല്ലതാണെന്ന് കണ്ടവനാണല്ലോ ദൈവം(ഉത്പ.1:4,10,12,18,21,25,30). നന്മയുടെ നികേതനമായ തന്റെ പ്രതിരൂപങ്ങളെ കണ്ടപ്പോൾ ദൈവത്തിന്റെ പ്രതികരണമായിരുന്നു അത്. ശാരീരികാഹാര ത്തോടൊപ്പം അത്മീയാഹാരവും കലർത്തി പരിപോഷിപ്പിക്കപ്പെടുന്ന മക്കൾ ദൈവത്തിന്റെ മനോഹാരിതയുടെ പര്യായങ്ങളായി ഭവിക്കും. അതെത്രയോ നല്ലതാണ്!.



## (24)

# മൂന്നുകാര്യങ്ങൾ ശ്രദ്ധിക്കുക

### *ആമുഖം*

മക്കളെ വളർത്തുന്നതിനെക്കുറിച്ചുള്ള മൂന്നാമത്തെ അനുശാസനത്തിൽ മൂന്നുകാര്യങ്ങളിലേക്കാണ് മാതാപിതാക്കന്മാരുടെ ശ്രദ്ധ ക്ഷണിക്കുക."*കൊച്ചുകുഞ്ഞുങ്ങളെ ഉടുപ്പില്ലാതെ വീട്ടികത്തു പോലും നടത്തരുത്*" അവർ കേൾക്കെ സഭ്യമല്ലാത്തതൊന്നും പറയരുത്, ഗർഭം ധരിച്ച് പ്രസവിക്കുന്ന കാര്യവും ധരിപ്പിക്കരുത്.

### *നഗ്നത പഴയനിയമത്തിൽ*

ബൈബിളിലെ കാഴ്ചപ്പാടിനെക്കുറിച്ച് ആദ്യം പരിചിന്തിക്കാം. "*കൊച്ചുകുഞ്ഞുങ്ങളെ ഉടുപ്പുകൂടാതെ വീടിനകത്തുപോലും നടത്തരുത്*". പാപം ചെയ്യുന്നതിനുമുൻപ് ആദവും ഹവ്വായും വസ്ത്രം ധരിച്ചിരുന്നില്ല. നിഷ്കളങ്കമാനസരായിരുന്നു അവർ ഒരർത്ഥത്തിൽ ദൈവത്തെപ്പോലെ പ്രകാശം അണിഞ്ഞിരുന്നുവെന്നു പറയാം. തങ്ങൾ നഗ്നരാണെന്ന ചിന്തപ്പോലും അവർക്കുണ്ടായിരുന്നില്ല (സങ്കീ.104.2). നഗ്നതയിൽ അവർക്ക് ലജ്ജ തോന്നിയതുമില്ല (ഉത്പ.2.25). സ്രഷ്ടാവിനോടൊത്ത് സൃഷ്ടിയുടെ ആഘോഷണത്തിൽ മുഴുകികഴിഞ്ഞിരുന്ന അവരുടെ ജീവിതം പാപം ചെയ്തതോടെ തലകിഴായി മറിഞ്ഞു. "ഉടനെ ഇരുവരുടേയും കണ്ണുകൾ തുറന്നു തങ്ങൾ നഗ്നരാണെന്ന് അവരറിഞ്ഞു. അത്തിയിലകൾ കൂട്ടിത്തുന്നി അവർ അരക്കച്ചയുണ്ടാക്കി (ഉത്പ.3:7). ദൈവം അവരെ തേടി വന്നപ്പോൾ അവർ തോട്ടത്തിലെ മരങ്ങൾക്കിടയിലൊളിച്ചു ആദം അതിന്റെ കാരണം പറയുന്നുണ്ട്: "ഞാൻ നഗ്നനായതുകൊണ്ട് ഭയന്ന് ഒളിച്ചതാണ്''(ഉത്പ.3:10). തിന്മയുടെ ആവിർഭാവത്തോടെ നന്മസ്വരൂപനായ ദൈവത്തിന്റെ മുമ്പിൽ പ്രത്യക്ഷപ്പെടുവാൻ കഴിയാതെ വന്നു മനുഷ്യന്. വ്രണിത മാനസത്തിന്റെയും സുരക്ഷിതത്ത്വമില്ലായ്മയുടേയും അടയാളമായിത്തീർന്നു നഗ്നത. വസ്ത്രാക്ഷേപം ഏറ്റവും വലിയ എളിമപ്പെടുത്തലായി കരുതപ്പെട്ടു(2സാമു.10:4). യുദ്ധത്തിൽ പിടിക്കപ്പെട്ട പടയാളികൾക്ക് (ഏശ.20:2-4) ഇപ്രകാരം നഗ്നത ലജ്ജയുടെയും കുറ്റബോധത്തിന്റേയും പ്രതീകമായി പരിണമിച്ചു. കരുണാസമ്പന്നനായ ദൈവം

ആ അവസ്ഥയിൽ നിന്ന് മനുഷ്യനെ രക്ഷിച്ചു. "തോലുകൊണ്ട് ഉടയാട യുണ്ടാക്കി ആദത്തേയും അവന്റെ ഭാര്യയെയും ധരിപ്പിച്ചു(ഉത്പ.3:21). നഗ്നത അസ്വാഭാവികമായ പ്രതിഭാസമാണ്. വസ്ത്രമോ ദൈവം നൽകിയ ആവരണവും. വിവസ്ത്രനാക്കപ്പെടൽ ദൈവശിക്ഷക്കു അർഹ നാകുന്നതിന്റെ രൂപകമത്രെ (ജറ.13:26; എസെ.16:36)

### *നഗ്നത പുതിയനിയമത്തിൽ*

പുതിയനിയമത്തിൽ നഗ്നത അനഭിലഷണീയമായ സ്ഥിതി വിശേഷത്തെ കുറിക്കുന്നു. ലവൊദിക്യായിലെ സഭക്കുള്ള സന്ദേശത്തിൽ ഇപ്രകാരം പറയുന്നു: "നീ നികൃഷ്ടനും ദയനീയനും ദരിദ്രനും അന്ധനും നഗ്നനും ആണെന്ന് നീ മനസ്സിലാക്കുന്നില്ല... നിന്റെ നഗ്നതയുടെ നാണക്കേട് പ്രത്യക്ഷപ്പെടാതെ വസ്ത്രം ധരിക്കാൻ എന്നിൽനിന്നു ധവളവസ്ത്രങ്ങൾ വാങ്ങുക"(വെളി.3:17-18). ശരീരത്തിന്റെ പുനരുത്ഥാനമെന്ന യുഗാന്ത്യപ്രതീക്ഷയെക്കുറിച്ചുള്ള പരാമർശത്തിലെ പൗലോസ് ശ്ലീഹായുടെ വാക്കുകൾ ശ്രദ്ധേയമാണ്: "ഞങ്ങൾ സ്വർഗ്ഗീയ വസതിയാൽ ആവരണം ചെയ്യപ്പെടാൻ നെടുവീർപ്പിടുകയും വെമ്പൽ കൊള്ളുകയും ചെയ്യുന്നു. അങ്ങനെ ആവരണം ചെയ്യപ്പെട്ട ഞങ്ങൾ നഗ്നരായി കാണപ്പെടുകയില്ല. ഈ കൂടാരത്തിൽ വസിക്കുന്ന ജീവനാൽ ഗ്രസിക്കപ്പെടേണ്ടതിനായി ഇപ്പോഴുള്ളത് ഉരിഞ്ഞുകളയാനല്ല, സ്വർഗ്ഗീയമായത് ധരിക്കുവാനാണ് ഞങ്ങളാഗ്രഹിക്കുന്നത്" (2കോറി.5:1-5). "കൊച്ചുകുഞ്ഞുങ്ങളെ ഉടുപ്പുകൂടാതെ വീട്ടിനകത്തുകൂടെയും നടത്തരുതെന്ന് ചാവറപിതാവിന്റെ അനുശാസനം ബിബ്ലിക്കൽ കാഴ്ചപ്പാടിൽനിന്ന് ഉരുത്തിരിഞ്ഞതാകണം.

### *അനുചിതഭാഷണം*

*"അവർക്ക് (കുഞ്ഞുങ്ങൾക്ക്) മനസ്സിലാകുന്നില്ല എന്നുവെച്ച് ക്രമമല്ലാത്ത വചനങ്ങളും ദൂഷണങ്ങളും അവരുടെ മുമ്പാകെ പറയരുത്.*

ക്രൈസ്തവർ അവലംബിക്കേണ്ട സംസാരശൈലി എപ്രകാരമായിരിക്കണമെന്ന് കർത്താവുതന്നെ പഠിപ്പിക്കുന്നുണ്ട്. "നിങ്ങളുടെ വാക്ക് അതെ അതെ എന്നും, അല്ല അല്ല എന്നുമായിരിക്കട്ടെ; ഇവയിൽ കവിഞ്ഞുള്ളത് ദുഷ്ടനിൽ നിന്നാകുന്നു"(മത്താ.5:37). മാന്നാനം ബൈബിളിൽ വാക്യം ഇപ്രകാരമാണ് തർജ്ജമ ചെയ്തിരിക്കുക: അതെ

എന്നു പറയേണ്ടതിന് അതേയെന്നും, അല്ല എന്നു പറയേണ്ടതിന് അല്ല എന്നും പറയുക. ഇതിൽ കവിഞ്ഞുള്ളതെല്ലാം ദുഷ്ടനിൽ നിന്നാകുന്നു". ആദിമസഭയിലെ ശ്ലീഹന്മാർ ഇതേ ആശയം വിശദമാക്കിയിട്ടുണ്ട്. "ജീവനെ ആഗ്രഹിക്കുകയും നല്ല ദിവസങ്ങൾ കാണുവാൻ ഇച്ഛിക്കുകയും ചെയ്യുന്നവൻ ദുഷ്ടതയിൽനിന്നു തന്റെ നാവിനേയും വഞ്ചന സംസാരിക്കാതെ തന്റെ ചുണ്ടുകളേയും കാത്തുകൊള്ളട്ടെ (1പത്രോ.3:10). "....നിങ്ങളോട് ന്യായവാദം നടത്തുന്ന എല്ലാവരോടും സൗമ്യതയോടും ബഹുമാനത്തോടും നല്ല മനസ്സാക്ഷിയോടും കൂടെ പ്രതിവദിക്കുവാൻ എപ്പോഴും ഒരുങ്ങിയിരിക്കുവിൻ"(1പത്രോ.3:16). യൂദാസ് ശ്ലീഹാ ഇപ്രകാരം പറയുന്നു "ഇവരാകട്ടെ തങ്ങൾക്കറിഞ്ഞുകൂടാത്തതിനെയെല്ലാം ദുഷിച്ചുപറയുന്നു(യൂദാവാക്യം.10). പൗലോസ് ശ്ലീഹായാണ് ക്രിസ്തീയ ഭാഷണത്തിന്റെ സർഗ്ഗാത്മകതലങ്ങളെ ചൂണ്ടിക്കാണിച്ചിരിക്കുക. എഫേ.5:19-20 ആണ് ഏറ്റവും സുപ്രധാനമായ പാഠം. "ആത്മാവിനാൽ നിറഞ്ഞവരാകുവിൻ. സങ്കീർത്തനങ്ങളാലും സ്തോത്രങ്ങളാലും ആദ്ധ്യാത്മിക ഗീതങ്ങളാലും അന്യോന്യം സംഭാഷണം ചെയ്യുവിൻ. പൂർണ്ണഹൃദയത്തോടെ കർത്താവിനു കീർത്തനങ്ങൾ ആലപിക്കുവിൻ. എപ്പോഴും എല്ലാറ്റിനും വേണ്ടി നമ്മുടെ കർത്താവായ ഈശോമിശിഹായുടെ നാമത്തിൽ പിതാവായ ദൈവത്തിന് കൃതജ്ഞതയർപ്പിക്കുവിൻ".

*ഗർഭധാരണവും പ്രസവവും*

*"സത്യവേദനാടുകളിൽ തള്ളമാർ ഗർഭം ധരിച്ചു പ്രസവിക്കുന്നു എന്നുള്ള വിവരം കൂടെയും പൈതങ്ങളെ അറിയിക്കുന്നില്ല. തമ്പുരാൻ ഉണ്ണിയെ ആകാശത്തുനിന്നും മഴയോടുകൂടി ഇറക്കി, അല്ലെങ്കിൽ കിണറ്റിൽ നിന്നു കിട്ടി എന്നത്രെ മറ്റു കുഞ്ഞുങ്ങളോടു അറിയിക്കുന്നത്".* ചാവറപിതാവ് പാശ്ചാത്യനാടുകളിൽ പണ്ട് പരിശീലിച്ചു പോന്നിരുന്ന ഒരു കാര്യം എടുത്തുപറഞ്ഞിരിക്കുകയാണ്. നമ്മുടെ നാട്ടിലും പണ്ടൊക്കെ ഇപ്രകാരമുള്ള ശൈലിയാണ് കുട്ടികളോട് ഗർഭധാരണത്തെയും പ്രസവത്തേയും കുറിച്ചുള്ള ചോദ്യങ്ങൾക്ക് ഉത്തരമേകിയിരുന്നത്. ലൈംഗികവിദ്യാഭ്യാസം അല്പം മുതിർന്ന കുട്ടികൾക്ക് സന്ദർഭോചിതം അല്പാല്പമായി മാതാപിതാക്കന്മാർ നൽകുന്നത് അഭികാമ്യമാണെങ്കിലും, കൊച്ചുകുട്ടികളെ അപ്രകാരമുള്ളവ ധരിപ്പിക്കുക ഭൂഷണമല്ല. കുടുംബചട്ടത്തിന്റെ രചയിതാവ് ഈ വസ്തുതയാണ് അവലോകന വിഷയമാക്കിയിരിക്കുക.

## (25)

# മക്കളെ വളർത്തൽ

### *ശയനസ്ഥലം*

*"കാരണവന്മാരുടെ നേരെയുള്ള വണക്കാചാരങ്ങളെകുറിച്ചു അച്ചനമ്മമാരുടെ മുറിയിൽ മക്കളെ കിടത്തരുത്. ആൺപൈതങ്ങളും പെൺപൈതങ്ങളും ഒരുമിച്ചു ഒരുമുറിയിൽ കിടക്കുന്നതിനും അനുവദിക്കരുത്. സ്വഭാവത്തിൽ അവർക്ക് അറിയാത്തത് പിശാചു അവരെ പഠിപ്പിക്കും".*

### *നല്ല അപ്പൻ*

മക്കൾ ദൈവത്തിനും മനുഷ്യർക്കും പ്രിയപ്പെട്ടവരായി ധാർമ്മികതയിൽ ചെറുപ്പം മുതൽ വളർന്നുവുണമെന്ന നല്ല അപ്പനായ ചാവറപിതാവിന്റെ അഭിലാക്ഷം ഈ രണ്ട് പ്രായോഗിക നിർദ്ദേശങ്ങളിൽ തെളിഞ്ഞു നില്ക്കുന്നു. മാതാപിതാക്കന്മാരുടെ മുറിയിൽ മക്കളെ കിടത്തരുത്. അവരോടുള്ള വണക്കാചരങ്ങൾ നഷ്ടപ്പെടുവാൻ ഇടയാകുമെന്നതാണ് കാരണം. കാരണവന്മാർക്ക് പലതും ചർച്ചചെയ്യാനുണ്ടാകും. ജീവിതപ്രശ്നങ്ങൾ സംഭാഷണ വിഷയമാക്കും. തെറ്റായധാരണകൾ പറഞ്ഞുതീർക്കാനുണ്ടാകും. പരസ്പരം മാപ്പ് ചോദിക്കേണ്ടതായും വരാം. അതുപോലെ അവരുടെ സ്നേഹപ്രകടനങ്ങളും മറ്റും കുഞ്ഞുങ്ങൾ കാണുക ഭൂഷണമല്ലല്ലോ.

### *രണ്ടാമത്തെ വിഷയം*

വൽസലപിതാവ് തുടർന്ന് ശ്രദ്ധാവിഷയമാക്കുന്നത് ആൺകുട്ടികളും പെൺകുട്ടികളും ഒരുമിച്ച് ഒരുമുറിയിൽ കിടക്കുന്ന കാര്യമാണ്. അസന്മാർഗ്ഗികമായ ശീലങ്ങൾ ഉടലെടുക്കാമെന്നതാണ് അതുകൊണ്ടുണ്ടാകാവുന്ന ദൂഷ്യം. പിശാച് അധാർമ്മികമായ പലതും അവരെ പഠിപ്പിച്ചെന്നു വരും. മക്കൾ സദാചാരങ്ങളിൽ വളർന്നുവരണമെന്നാഗ്രഹിക്കുന്ന മാതാപിതാക്കന്മാരെല്ലാവരും ചാവറപിതാവിന്റെ നിർദ്ദേശം പ്രാവർത്തികമാക്കും തീർച്ച.

### *പുറത്ത് കളിക്കുവാൻ പോകൽ*

*''പൈതൽപ്രായത്തിൽ കാരണവന്മാരുടെ കാഴ്ചയിൽ നിന്നകന്ന് കൂട്ടുകാരോടുകൂടെ പൈതങ്ങൾ പുറത്തുകളിക്കുവാൻ*

*പോകാൻ അനുവദിക്കരുത്. അവരെ സൂക്ഷിക്കാത്ത ശുശ്രൂഷക്കാരെ വിശ്വസിക്കേണ്ടാ; മിക്കപ്പോഴും പൈതങ്ങളെ മോശമാക്കുന്നത് ഇപ്രകാരമുള്ളവരാകുന്നു".*

## *പ്രായോഗിക നിർദ്ദേശം*

ഇന്നത്തെ കാലത്ത് അപ്രസക്തമെന്ന് തോന്നാവുന്നതാണീ അനുശാസനം. കുട്ടികളെ സ്വാതന്ത്ര്യത്തോടുകൂടിയല്ലേ വളർത്തേണ്ടത്? ചാവറപിതാവും അത്തരത്തിലുള്ള പരിശീലനത്തിന് എതിരല്ല. കൊച്ചുകുട്ടികളാണ് അദ്ദേഹത്തിന്റെ പരാമർശവിഷയം. കാരണവന്മാരുടെ കാഴ്ചപ്പാടിൽ നിന്നകന്ന സ്ഥലത്തേക്ക് കുട്ടികളെ കളിക്കുവാൻ വിട്ടാൽ അവർ പലതരം അപകടത്തിലും ചെന്നുചാടിയെന്നു വരാം. ജീവാപായം സംഭവിച്ച കഥകൾപോലും പത്രങ്ങളിൽ വരാറുണ്ടല്ലോ. അതുപോലെ തെറ്റായ കാര്യങ്ങൾ ചെയ്യുവാൻ പ്രേരിതരായെന്നുംവരും. കുഞ്ഞുങ്ങളെ നോക്കുവാൻ ഭരമേല്പിക്കപ്പെടുന്നവരെല്ലാം നല്ലവരാകുകയില്ലല്ലോ. പൈതങ്ങളെ മോശമാക്കുന്നത് ഇത്തരം അവിശ്വസ്തരായ പരിചാരകരാകാം.

## *വിദ്യാഭ്യാസം*

*"തിരിച്ചറിവുണ്ടായാലുടൻ പൈതങ്ങളെ പള്ളിക്കൂടത്തിൽ അയയ്ക്കണം. ഇതും പോരാ, അവർ പഠിക്കുന്നുണ്ടോ എന്നും അവർ എങ്ങിനെയുള്ള കൂട്ടുകൂടി നടക്കുന്നു എന്നും അന്വേഷിക്കണം. ഞായറാഴ്ചതോറും അവർ പഠിച്ചതിനെ പരിശോധിക്കണം".*

***"വിദ്യാധനം സർവ്വധനാൽ പ്രധാനം".***

സ്കൂളുകൾ അധികമൊന്നും ഇല്ലാതിരുന്ന കാലത്താണ് സ്വന്ത ഇടവകക്കാരായ കൈനകിരിക്കാരോട് ചാവറപിതാവ് "*തിരിച്ചറിവുണ്ടായാലുടൻ പൈതങ്ങളെ പള്ളിക്കൂടത്തിൽ അയയ്ക്കണം*". എന്ന് ഉപദേശിക്കുന്നത്. അക്കാലത്ത് മക്കളെ പള്ളിക്കൂടത്തിൽ വിടുന്നതിന് പല മാതാപിതാക്കന്മാരും തല്പരരായിരുന്നില്ല. പാടത്ത് പണി ചെയ്യുന്ന തങ്ങളെ ചെറുപ്പംമുതൽ തന്നെ മക്കൾ സഹായിക്കണം. ഇത്തരം കാഴ്ചപ്പാട് പുലർത്തിയിരുന്നതിനാൽ കുട്ടികളെ സ്കൂളിൽ വിടുന്നതിന് തീർത്തും വിമുഖരായിരുന്നു കാരണവന്മാർ. മാത്രമല്ല അടുത്തെങ്ങും സ്കൂളില്ലാത്തതിനാൽ ദീർഘദൂരം നടന്നോ വഞ്ചിയിൽ

കയറിയോ പോകണമായിരുന്നു. ഈ പ്രശ്നങ്ങൾ കണക്കിലെടുത്താണ് കേരളസഭയുടെ വികാരി ജനറാളായിരുന്നപ്പോൾ ചാവറ പിതാവ് ഒരു സർക്കുലർ പുറപ്പെടുവിച്ചത്, *"പള്ളിയോടനുബന്ധിച്ച് പള്ളിക്കൂടം പണിയണം; അല്ലെങ്കിൽ പള്ളിമുടക്ക് കല്പിക്കുമെന്ന്."* ചാവരുളിലെ നിർദ്ദേശം ശ്രദ്ധിക്കുക. *''തിരിച്ചറിവുണ്ടായാൽ കുട്ടികളെ പള്ളിക്കൂടത്തിൽ വിടണം"*. സാധാരണഗതിയിൽ നാലുവയസ്സായകുമ്പോൾ തിരിച്ചറിവ് ഉണ്ടാകുമല്ലോ. ഉടൻതന്നെ അവരെ സ്കൂളിൽ വിടണമെന്നാണ് അനുശാസനം. അക്കാര്യം മാറ്റിവയ്ക്കേണ്ടതല്ല; ഒരു കാരണത്താലും താമസിപ്പിക്കയുമരുത്. കൈനകിരിക്കാരോടുള്ള ഈ കല്പന എത്രയോ സുപ്രധാനം!.

***അന്വേഷിക്കലും പരിശോധിക്കലും***

സ്കൂളിലേക്കയച്ചാൽ തങ്ങളുടെ കടമ തീർന്നുവെന്ന് പല മാതാപിതാക്കന്മാരും ചിന്തിച്ചേക്കാം. പ്രാരാബ്ധങ്ങൾക്കിടയിൽ മറ്റൊന്നും ശ്രദ്ധിക്കുവാൻ സമയം കിട്ടിയില്ലെന്നും വരാം. അക്കൂട്ടരോട് ചാവറപിതാവ് നിഷ്ക്കർഷിക്കുന്നു: കുട്ടികൾ പഠിക്കുന്നുണ്ടോയെന്നും, എങ്ങിനെയുള്ള കൂട്ടുകൂടി നടക്കുന്നുവെന്നും അന്വേഷിക്കണം; ഞായറാഴ്ചതോറും അവർ പഠിച്ചതിനെ പരിശോധിക്കണം. മറ്റു വാക്കുകളിൽ, അദ്ധ്യാപകരുമായി സമ്പർക്കം പുലർത്തണം. എന്നാലേ വേണ്ടവിധം പഠിക്കുന്നുണ്ടോയെന്ന് അറിയാനാകുകയുള്ളൂ. അതുപോലെ അവരുടെ കൂട്ടുകാരാരൊക്കെയാണെന്നും അന്വേഷിച്ചറിയണം. നല്ലവരല്ലാത്ത ചങ്ങാതിമാരിൽനിന്ന് മാറിനില്ക്കേണ്ട ആവശ്യകത മക്കളെ പറഞ്ഞു മനസ്സിലാക്കണം. 'അതുകൊണ്ടും തീരുന്നില്ല കാരണവന്മാരുടെ കടമ. ഞായറാഴ്ചതോറും മക്കൾ പഠിച്ചതിനെ പരിശോധിക്കണം. അപ്പോൾ പഠിപ്പിലുള്ള കുറവുകളും പോരായ്മകളും മനസ്സിലാക്കാൻ കഴിയുമല്ലോ. തദ്ദനുസൃതം ആവശ്യമുള്ള പോംവഴികൾ കണ്ടുപിടിച്ച് പ്രാവർത്തികമാക്കുകയും ചെയ്യുന്നു.

***പാർക്കൽ***

*"കുട്ടികളെ സംബന്ധക്കാരുടെ വീടുകളിൽ താമസിപ്പിക്കരുത്. എന്തെന്നാൽ പലപ്പോഴും അവർ മാലാഖമാരായിപോകുകയും, പിശാചുക്കളായി പിന്തിരിയുകയും ചെയ്യുന്നു".*

### *മാലാഖമാരും പിശാചുക്കളും*

മറ്റൊരുപ്രായോഗിക പ്രശ്നത്തിലേക്ക് ചാവറപിതാവ് കാരണവന്മാരുടെ ശ്രദ്ധതിരിക്കുന്നു. കുട്ടികളെ ബന്ധുജനങ്ങളുടെ വീടുകളിൽ പോയി താമസിക്കാൻ അനുവദിച്ചാൽ സംഭവിക്കാവുന്ന അപകടത്തെക്കുറിച്ചാണത്. സംബന്ധക്കാരുടെ കുടുംബങ്ങളെല്ലാം തിന്മയുടെ പാഠങ്ങൾ പഠിപ്പിക്കുന്ന വേദികളാണെന്ന് വിവക്ഷയില്ല. എന്നാലും നിഷ്ക്കളങ്കരായ കുട്ടികളിൽ ദുഷിച്ച പ്രവണതകൾ കുത്തിവക്കുന്ന ഭവനങ്ങളുണ്ടാകാം. മാലാഖകുഞ്ഞുങ്ങളായി വീട്ടിൽ നിന്നു പോയവർ കുട്ടിപിശാചുക്കളായി തിരിച്ചു വരുന്ന സംഭവങ്ങൾ വിരളമല്ലല്ലോ. ഈ അനുശാസനത്തിൽ ചാവപിതാവിന് ക്രിസ്തീയ കുടുംബങ്ങളെക്കുറിച്ചുള്ള വലിയ കാഴ്ചപ്പാട് നിറഞ്ഞുനില്ക്കുന്നു. ചാവരുളിന്റെ ആരംഭത്തിൽ രേഖപ്പെടുത്തിയ വാക്യം ഓർമ്മിക്കുക: *"നല്ല ക്രിസ്ത്യാനികുടുംബം ആകാശമോക്ഷത്തിന്റെ സാദൃശ്യ മാകുന്നു"*. സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ജീവിക്കുവാൻ നിയോഗിതരാണ് ക്രൈസ്തവർ. മാലാഖമാരോടൊത്ത് ദൈവത്തെ പാടിപുകഴ്ത്തുകയും പ്രകീർത്തിക്കുകയും പ്രണമിക്കുകയും ചെയ്യേണ്ടവർ. ക്രിസ്തുവിന്റെ അനുയായികൾ ദൈവത്തിന്റെ പരിശുദ്ധിയിൽ പങ്കുചേരുന്ന വാനവദൂതർക്ക് സദൃശ്യരായി വർത്തിക്കണം. അവരിൽ തിന്മയുടെ കണികപോലും കാണപ്പെടരുത്. പവിത്രതയുടെ കണ്ണാടികളായി വളർത്തണം കുട്ടികളെ. അപ്രകാരം വെളിപ്പാടുഗ്രന്ഥത്തിൽ വിവരിക്കുന്ന പുതിയ ആകാശത്തിലും പുതിയ ഭൂമിയിലും (വെളി.21:1) വ്യാപരിക്കുന്നവരുടെ കൂട്ടായ്മ കെട്ടിപ്പടുക്കുവാൻ കാരണവന്മാർ ദത്തശ്രദ്ധരാകണമെന്നാണ് വത്സലപിതാവിന്റെ അഭിലാഷം.

### *പാപസങ്കീർത്തനവും ദൈവമാതൃഭക്തിയും.*

*"ഏഴുവയസ്സുതികയുമ്പോൾ കുമ്പസാരിപ്പാൻ അറിയേണ്ട തൊക്കെയും അവരെ പഠിപ്പിച്ചു കുമ്പസാരിപ്പിക്കണം. പ്രത്യേകമായിട്ടു ദൈവമാതാവിന്റെമേൽ ഭക്തയായിരിപ്പാനും അവരെപഠിപ്പിക്കണം".*

### *പാപസങ്കീർത്തനത്തിനൊരുക്കൽ*

കുമ്പസാരമെന്ന കൂദാശ സ്വീകരിക്കുവാൻ അവശ്യം അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ കുട്ടികളെ പഠിപ്പിക്കേണ്ട ചുമതല

മാതാപിതാക്കന്മാരുടെതാണ്. ചാവറപിതാവിന്റെ കാലത്ത് ഇടവക ദേവാലയത്തിൽ ഇപ്രകാരമുള്ള ക്ലാസ്സുകൾ നടത്തിയിരുന്നുവോയെന്ന് അറിഞ്ഞുകൂടാ. ഇത്തരം സംവിധാനം ഉണ്ടായിരുന്നാലും കാരണവന്മാർ തങ്ങൾക്കുള്ള കടമ മറക്കരുത്. അവരും മക്കളെ കുമ്പസാരത്തിനൊരുക്കണം. ഇന്നും അഭ്യസിക്കാവുന്ന നല്ലൊരു മാതൃകയാണിത്. പള്ളിയലച്ചനുമാത്രം വിട്ടുകൊടുക്കേണ്ട കാര്യമായി അതിനെ തള്ളിക്കളയരുത്. ഏഴ് വയസ്സ് തികയുമ്പോഴെന്ന നിബന്ധന ശ്രദ്ധാർഹമത്രേ. ഇളംപ്രായത്തിൽ തന്നെ കുട്ടികൾ ദിവ്യകാരുണ്യനാഥനുമായി സംസർഗ്ഗത്തിലായാൽ അവർക്ക് ഭക്തജീവിതം നയിക്കുന്നതിന് എളുപ്പമായിതീരുമെന്നാണ് ചാവറപിതാവിന്റെ വിലയിരുത്തൽ.

***കന്യകാംബികയോടുള്ള ഭക്തി***

കുമ്പസാരത്തിനൊരുക്കുമ്പോൾ മറ്റൊരുകാര്യം കൂടി മാതാപിതാക്കന്മാർ ശ്രദ്ധിക്കണം. ദൈവമാതാവിനോടുള്ള ഭക്തിയിൽ വളരാൻ കുട്ടികളെ അഭ്യസിപ്പിക്കണം.കുഞ്ഞായിരിക്കുമ്പോൾ തന്നെ കന്യാകാമറിയത്തോടുള്ള ഭക്തി അമ്മ തന്നിൽ കുത്തിവച്ചുവെന്ന് അദ്ദേഹം ***ആത്മാനുതാപ***ത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആ സ്നേഹാദരവ് ചാവറപിതാവിൽ അനുദിനം വളർന്നുവന്നു. വെച്ചൂർ പള്ളിയിൽ കൊണ്ടുപോയി ശിശുവിനെ ദൈവജനനിക്ക് അടിമവച്ചു കൊണ്ടുള്ള അമ്മയുടെ പ്രാർത്ഥന ഇപ്രകാരമായിരുന്നു:

"ശുദ്ധമാതാവെ, ദൈവജനനീ, കന്നിയമ്മേ,
അശുദ്ധ മാമോദര ഫലമാമിതിനെ നീ,
നിന്നുടെ ദാസനായി കൈക്കൊണ്ടു രക്ഷിപ്പാനായ്
ഇന്നുഞാൻ നിന്റെ തൃപ്പാദത്തിങ്കൽ കാഴ്ചവച്ചേൻ".

തന്റെ പുത്രൻ മാതാവിന്റെ സുതൻതന്നെയാണെന്നും അവനെ ദാസനായി സ്വീകരിച്ച് രക്ഷിക്കണമെന്നും അപേക്ഷിച്ച് തൃപ്പാദത്തിങ്കൽ കാഴ്ചവയ്ക്കുകയാണ് ആ സാധ്വീ.

***മാതൃദാസൻ***

ആത്മാനുതാപം എന്ന പദ്യകൃതിയുടെ കടശ്ശിയപേക്ഷയിൽ ചാവറപിതാവ് ഇപ്രകാരം പ്രാർത്ഥിക്കുന്നു: ''*കന്നിയമ്മേ, നിന്റെ*

*ദാസനായ പാപി ഞാനിതാ .... അൻപിനോടനുഗ്രഹിച്ചു വന്നു നീ തുണയ്ക്കണം... മരണനേരമതിനുമുൻപിൽ കരുണവച്ചൊരു ദാസനെകരുതി കാത്തു രക്ഷ ചെയ്ക കരുണയുള്ള നാഥയേ".* ഈ വാക്കുകളിൽ ചാവറപിതാവിന്റെ കന്യകാമാതാവിനോടുള്ള സ്നേഹവും ഭക്തിയും വിശ്വാസവും തുടിച്ചു നില്ക്കുന്നില്ലേ? തന്റെ ഹൃദയത്തിൽ നിറഞ്ഞുനിന്ന ദൈവമാതാവിനോടുള്ള സ്നേഹാദരവുകളാണ് കൈനകിരികാർക്കെഴുതിയ കത്തിൽ കവിഞ്ഞൊഴുകുക.



## 27

# അതികാർക്കശ്യവും അതിവാൽസല്യവും മാതൃകയും

### *രണ്ടുതിന്മകൾ*

*"മക്കളോടു അധിക കടുപ്പവും അധിക അനുഗ്രഹവും രണ്ടും തിന്മയാകുന്നു. അതിവാത്സല്യം നിഗളവും അധികകോപവും ശിക്ഷയും ശരണക്കേടും നാണക്കേടും നാണമില്ലായ്കയും ബുദ്ധിമടുപ്പും അവർക്കു വരുത്തും. അവരെ തല്ലുന്നതിനുമുമ്പിൽ വിവേകമുള്ള മഹിമയോടുകൂടി അവരെ കുറ്റപ്പെടുത്തുകയും ഭക്ഷണം കുറയ്ക്കുകയും ചിലപ്പോൾ മുട്ടിന്മേൽ നിറുത്തുകയും ചെയ്യാം. മക്കളെ കുറ്റപ്പെടുത്തുന്നതിൽ ദൂഷണങ്ങൾ പറയുകയും മറ്റും ചെയ്യുന്നത് അവരെ നന്നാക്കുകയല്ലാ പിന്നയോ പ്രാപ്തിയാകുമ്പോൾ അവരും തങ്ങളുടെ മക്കളോടു ഇപ്രകാരം ചെയ്യാൻ പഠിപ്പിക്കുകയത്രേ".*

### *സമീക്ഷാനിർഭരമായ ദർശനം*

നലം നികഞ്ഞ ഒരു മനശാസ്ത്രവിദഗ്ദന്റെ ഭാഷയിലാണ് ചാവറപിതാവ് സംസാരിക്കുക. ഇത്ര സമഞ്ജസവും വിവേകപൂർണ്ണവും വ്യക്തവുമായ പ്രായോഗിക നിർദ്ദേശം മറ്റാരുടേയും ലിഖിതങ്ങളിൽ കണ്ടെന്നുവരികയില്ല. പ്രഭാഷകന്റെ ശൈലി നമുക്കിവിടെ കാണാം. "മെരുക്കാത്ത കുതിര ദുശ്ശാഠ്യം കാണിക്കും: ശിക്ഷണം ലഭിക്കാത്ത പുത്രൻ തന്നിഷ്ടക്കാരനാകും. പുത്രനെ അമിതമായി ലാളിച്ചാൽ അവൻ നിന്നെ ഭയപ്പെടുത്തും"(പ്രഭാ.29:8-9). മക്കളോട് അതികർശനമായി വർത്തിക്കുന്നതിനെ തിന്മയായാണ് ചാവറപിതാവ് ചിത്രീകരിക്കുന്നത്. അതുപോലെ അധികവാൽസല്യം കാണിക്കലും തിന്മ തന്നെ. തെറ്റാണെന്ന പദമല്ല ചാവരുളിന്റെ രചയിതാവ് ഉപയോഗിച്ചിരിക്കുക. രണ്ടും പാപവും ദ്രോഹവും ധർമ്മവിരുദ്ധമായതുമാണ്. മറ്റൊരുവാക്കിൽ, കുമ്പസാരത്തിൽ ഏറ്റുപറയേണ്ട ദോഷങ്ങൾ. അതിലാളനം ഗർവ്വിഷ്ഠരാക്കാം മക്കളെ. കാർക്കശ്യം നിറഞ്ഞ വളർത്തലിന്റെയും സദാകോപിക്കലിന്റെയും ശിക്ഷിക്കലിന്റെയും പരിണിതഫലമെന്താണെന്നോ? "കുട്ടികളിൽ ശരണക്കേടും നാണക്കേടും ബുദ്ധിമടുപ്പും" വരുത്തിവയ്ക്കും. നിർദ്ദയവും

നിഷ്ക്കർഷവുമായ ശിക്ഷണം മൂന്നുവിധത്തിലുള്ള ഭവിഷ്യത്തുളവാക്കുന്നു. അവർക്ക് ആശ്രയമനോഭാവം നഷ്ടപ്പെടു ത്തും. എന്തുകേട്ടാലും എന്തുചെയ്താലും നാണക്കേട് തോന്നുകയില്ല. ലജ്ജാശീലം ഒരു ധാർമ്മിക പുണ്യമാണ്. അത് ഇല്ലാതായാൽ കഠോരവും പ്രകൃതി വിരുദ്ധവുമായവ ചെയ്യുന്നതിന് പ്രയാസമുണ്ടാവു കയില്ല. മൂന്നാമത്തെ ദൂഷ്യം കുട്ടികൾക്കുണ്ടാകുന്ന ബുദ്ധിമടുപ്പാണ്. അവരിൽ ഉത്സാഹവും ഉന്മേഷവും തിരോഭവിക്കും. കുട്ടികളുടെ ഉന്മേഷം നഷ്ടപ്പെടാതിരിക്കുവാൻ അവരെ പ്രകോപിപ്പിക്കരുത്. അപ്പോൾ ദൈവം നല്കിയ കഴിവുകളും ബുദ്ധിയും ഉപയോഗിക്കുന്നതിൽ മക്കൾ വിരസത കാണിക്കാനിടവരും; ബുദ്ധിമുട്ടി ജോലി ചെയ്യുവാൻ തല്പരരാകുകയില്ല. ജീവിതവിജയം കരസ്ഥമാക്കുവാൻ പരിശ്രമിക്കുകയില്ല. അവസാനം വീട്ടുകാർക്കും നാട്ടുകാർക്കും തലവേദന വരുത്തുന്നവരായി തീരും.

### *ശിക്ഷണക്രമം*

ശിക്ഷിക്കേണ്ടിവരുമ്പോൾ അതെപ്രകാരമായിരിക്കണമെന്ന് പിതാവിനടുത്ത മനോഭാവത്തോടെ സംസാരിക്കുന്നുണ്ട് വൽസല താതൻ. ഉടനടി മക്കളെ തല്ലിചതക്കരുത്. ചെയ്തതെറ്റിനെക്കുറിച്ച് വിവേകത്തോടും അന്തസ്സോടും കൂടി ബോദ്ധ്യപ്പെടുത്തുവാനാണ് ആദ്യമായി ശ്രമിക്കേണ്ടത്. കുറ്റപ്പെടുത്തിയിട്ടും ഫലമില്ലെന്നു കണ്ടാൽ ഭക്ഷണത്തിൽ ഒരളവ് കുറയ്ക്കുന്നതും, ചിലപ്പോൾ മുട്ടിന്മേൽ നിറുത്തുന്നതും ഉചിതമായിരിക്കും. രണ്ടും തിരുസഭാത്മകമായ അനുതാപകൃത്യങ്ങളാണല്ലോ. സഭാത്മകമായി ചിന്തിക്കുകയും സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്ത ചാവറപിതാവ് ആ കാഴ്ചപ്പാട് കുടുംബത്തിലും സംജാതമാക്കുവാൻ ശ്രമിക്കുന്നു. നോമ്പുകാലത്ത് ഉപവസിക്കാറുണ്ടല്ലോ. ദൈവാരാധനയിൽ അവിടുത്തോടുള്ള വിധേയത്വവും വിനയവും പ്രദർശിപ്പിക്കുന്ന അചാരമാണ് മുട്ടുകുത്തൽ. ഈശോയുടെ നാമശ്രവണമാത്രയിൽ ആകാശത്തിലും ഭൂമിയിലും പാതാളത്തിലുമുള്ള എല്ലാമുട്ടുകളും മടക്കപ്പെടുമെന്ന് പീലി 2:10ൽ നാം വായിക്കുന്നു. സമൂഹം തെറ്റ് ചെയ്തതിന് പ്രായശ്ചിത്തമായി പുരോഹിതനായ എസ്രാ മുട്ടുകുത്തി കൈവിരിച്ച് പ്രാർത്ഥിക്കുന്നുണ്ട്(എസ്രാ.9:5-6). ഈ ബിബ്ലിക്കൽ കാഴ്ചപ്പാട് തെറ്റുചെയ്യുന്ന കുട്ടികളോടുള്ള വർത്തനത്തിൽ പ്രായോഗിമാക്കുകയാണ് കുടുംബക്രമത്തിന്റെ കർത്താവ്.

*അസഭ്യവർഷം*

കുട്ടികൾ തെറ്റ് ചെയ്യുന്നതുകാണുമ്പോൾ അവരെ അസഭ്യ പദങ്ങളുപയോഗിച്ച് കുറ്റപ്പെടുത്തുന്നത് അപകടകരമത്രേ. അതവരെ നന്നാക്കുകയില്ല. ഈ ചീത്ത മാതൃക ഭാവിയിൽ അവർ തങ്ങളുടെ മക്കളോടും അനുവർത്തിച്ചുവെന്നു വരും. കുറ്റം കാണുമ്പോൾ ദേഷ്യം വരിക സഹജമാണ്. അത് നിയന്ത്രിക്കണം. ചീത്തപദങ്ങൾ ഉപയോഗിച്ചുകൊണ്ടാകരുത് മക്കളെ ശാസിക്കൽ. കോപിക്കുമ്പോൾ പാപം ചെയ്യരുതെന്ന് പൗലോസ് ശ്ലീഹാ അനുശാസിക്കുന്നു (എഫേ.4:31). ക്രൈസ്തവർ വിദ്വേഷവും ക്രോധവും കോപവും ആവലാതിയും ദൂഷണവും സകലതിന്മകളോടും കൂടി അവരിൽനിന്ന് നീക്കി കളയണം(എഫേ.4:31). പിതാക്കന്മാർ മക്കളെ പ്രകോപിപ്പിക്കരുത്; മറിച്ച് അവരെ കർത്താവിന്റെ ചൈതന്യത്തിനൊത്ത ശിക്ഷണത്തിലും ഉപദേശത്തിലും വളർത്തണം (എഫേ.6:4).

*മാതാപിതാക്കന്മാരുടെ മാതൃക*

മക്കൾ കാരണവന്മാരെ ആദരിക്കണമെന്നാണല്ലോ നാലാം പ്രമാണം(പുറ.20:12). ഭൂമിയിൽ നല്ല പ്രായത്തോളം ജീവിച്ചിരിക്കേണ്ടതിന് അവശ്യമായ നിബന്ധനയാണത്. മാതാപിതാക്കന്മാരോടുള്ള കടമകളേ കുറിച്ച് പ്രഭാ.3:14ൽ ദീർഘമായ വിവരണമുണ്ട്. പക്ഷേ അമ്മയും അപ്പനും പരസ്പരം ബഹുമാനിച്ചുകൊണ്ട് മക്കൾക്ക് നല്ല മാതൃക കാണിക്കണമെന്ന ആശയം വിശുദ്ധഗ്രന്ഥത്തിൽ ഇല്ലെന്നു തോന്നുന്നു. ചാവറപിതാവിന്റെ തനിമയേറിയ അനുശാസനമാണിത്. **"അമ്മ കാണിച്ചു കൊടുത്തുകൊണ്ട് അപ്പനെ ബഹുമാനിപ്പാനും ആചരിപ്പാനും പഠിപ്പിക്കണം. അപ്പനും അതിനുവണ്ണം തന്നെ അമ്മയെ ബഹുമാനിപ്പാനും സ്നേഹിപ്പാനും പഠിപ്പിക്കണം. കാരണവന്മാർ തമ്മിൽത്തമ്മിൽ ആചാരവും സ്നേഹവും ബഹുമാനവും കാണിക്കുകയില്ലായെങ്കിൽ മക്കളും അവരെ ബഹുമാനിക്കുകയില്ല".**

*ബഹുമാനം, ആചാരം, സ്നേഹം*

മുന്നുകാര്യങ്ങളാണ് എടുത്തുപറഞ്ഞിരിക്കുന്നത്. കാരണവന്മാർ പരസ്പരം ബഹുമാനിക്കണം, ആചരിക്കണം, സ്നേഹിക്കണം. കുർബാനയിൽ നാം ത്രിത്വദൈവത്തിന് സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും അർപ്പിക്കുന്നുണ്ടല്ലോ.

*ബഹുമാനിക്കൽ*

ബഹുമാനത്തിനു ഉപയോഗിച്ചിരിക്കുന്ന സുറിയാനിപദം *ഇഖാറാ* ഭാരപ്പെടുത്തുക, വിലയേറിയതാവുക എന്ന ധാതുവിൽനിന്ന് ഉത്ഭവിക്കുന്നു. ബഹുമാനം കനപ്പെട്ട കാര്യമായാണ് പ്രാചീനമനുഷ്യർ കരുതിയിരുന്നത്. സ്വീകാര്യതയും അംഗീകാരവും ആദരവും അതുളവാക്കും. അസാധാരണമായ മൂല്യമുള്ളവരെ നാം അംഗീകരിക്കുന്നു. ഇപ്രകാരം കുടുംബത്തിൽ പിതാവ് അധികാരവും ആദരവുമുള്ള വ്യക്തിയായിതീരുന്നു(പുറ.20:12; മലാ.1:6). രാജ്യത്തിൽ കനപ്പെട്ട സ്ഥാനം അലങ്കരിക്കുന്ന ഭരണകർത്താക്കളും ബഹുമാന്യരാണ്. രാജാധിരാജനും സ്രഷ്ടാവും സർവ്വാധിപനും സർവ്വശക്തനും സർവ്വനിയന്താവുമായ ദൈവമത്രേ ഏറ്റവും മാന്യനും മൂല്യവുമുള്ള വ്യക്തി. തന്മൂലം അവിടുന്ന് പൂർണ്ണമായ സംപൂജ്യതയ്ക്കും ബഹുമാനത്തിനും ആദരവിനും അർഹനാകുന്നു. ദൈവത്തിന് ഏറ്റവും കൂടുതൽ ബഹുമാനവും ആദരവും മഹത്ത്വവും നല്കുവാൻ കടപ്പെട്ടിരിക്കുന്നു സൃഷ്ടിജാലങ്ങളെല്ലാം. തന്റെ സൃഷ്ടിവിമോചന രക്ഷാകർമ്മങ്ങൾ വഴിയായിട്ടാണ് കർത്താവ് ഭയഭക്ത്യാദരവുകൾക്ക് പാത്രീഭൂതനായിരിക്കുക. തിരുനാമത്തെ ആദരിക്കുവാൻ പ്രത്യേകം വിളിക്കപ്പെട്ടവരായിരുന്നു ഇസ്രായേൽജനം. പുതിയ ഇസ്രായേലായ നമ്മുടേയും ധർമ്മം മറ്റൊന്നല്ല. ഭയഭക്തിയുടെ അടയാളങ്ങളായ പ്രണമിക്കലും പ്രകീർത്തിക്കലും കൃതജ്ഞതാപ്രകടനവും നമ്മുടെയും മുഖമുദ്രയാകണം. ദൈവത്തിന്റെ പ്രതിച്ഛായകളായ മനുഷ്യർ പരസ്പരം ബഹുമാനിക്കുമ്പോൾ ദൈവത്തെതന്നെയാണ് ആദരിക്കുന്നത്. കാരണം എല്ലാവരും ദൈവകുടുംബത്തിലെ അംഗങ്ങളാണല്ലോ. ചാവറപിതാവിന്റെ ഭാഷയിൽ "*നല്ല ക്രിസ്ത്യാനി കുടുംബം ആകാശമോക്ഷത്തിന്റെ സാദൃശ്യമത്രേ.*" ആദരവർപ്പിക്കുന്നവരുടെ കൂട്ടായ്മയാണ് സ്വർഗ്ഗവാസികൾ. ഭൂമിയിലെ കുടുംബങ്ങളിൽ പരസ്പര ബഹുമാനം നിറഞ്ഞുനില്ക്കുമ്പോൾ അവ ആകാശമോക്ഷമെന്ന കുടുംബത്തിന്റെ പതിപ്പായിത്തീരുന്നു. അതുപോലെ ഈശോമറിയം യൗസേപ്പ് എന്ന തിരുക്കുടുംബത്തിന്റെ പ്രതീകവും.

*ആചരിക്കൽ*

നാട്ടുനടപ്പ് എന്ന അർത്ഥത്തിലല്ല ആചാരമെന്ന വാക്ക് ചാവറപിതാവ് ഉപയോഗിച്ചിരിക്കുക. ഉപചാരം, വിനയം, കീഴ്വഴക്കം, അഭിവാദനം എന്ന ആശയങ്ങളെ കുറിക്കുന്നതത്രേ ആ പദം.

പരിചരണവും ശുശ്രൂഷയും അതിൽപ്പെടും. അമ്മ അപ്പനോട് വിനയാന്വിതമായി പെരുമാറണം; അഭിവാദനം ചെയ്യണം; കീഴ്‌വഴക്കത്തോടെ വർത്തിക്കണം; പരിചരിക്കണം, ശുശ്രൂഷിക്കണം. ദൈവത്തോട് ചെയ്യേണ്ട കാര്യങ്ങളാണല്ലോ അവയൊക്കെ. ഈജിപ്തിലെ അടിമകളായിരുന്ന ഇസ്രായേൽ ജനത്തെ തന്നെ ശുശ്രൂഷിക്കാനും പരിചരിക്കാനുമായി വിട്ടയക്കണമെന്നാണ് മോശവഴി യാഹ്‌വെ ഫറവോയോട് കല്പിച്ചത്. ദൈശുശ്രൂഷയിൽ വ്യാപൃതരാകുക എന്നതായിരുന്നു വിമോചിതരായശേഷം അവർ അനുഷ്ഠിക്കേണ്ടിയിരുന്ന പ്രത്യേക കർമ്മം. ഇപ്രകാരം അപ്പനെ അചരിക്കൽ ദൈവത്തെതന്നെ ശുശ്രൂഷിക്കലും അഭിവാദനം ചെയ്യലും പരിചരിക്കലും അനുസരിക്കലുമാണെന്ന് അമ്മ മക്കളെ പഠിപ്പിക്കണം.

### *സ്നേഹിക്കൽ*

ദൈവം സ്നേഹം തന്നെയാണെന്ന് 1യോഹ 4:8,16ൽ പറയുന്നു. പത്തുകല്പനകളുടെ സാരാംശം ദൈവസ്നേഹവും പരസ്നേഹവുമാണ് (നിയമാ.6:5; ലൂക്ക.10:27). ഈശോയുടെ പുതിയ കല്പന പരസ്പരം സ്നേഹിക്കുക എന്നതത്രേ (യോഹ.13:34). അവിടുന്ന് ശിഷ്യരെ സ്നേഹിച്ചതുപോലെ അവരും തമ്മിൽത്തമ്മിൽ സ്നേഹിക്കണം. അതുവഴിയായാണ് മറ്റു മനുഷ്യരെല്ലാം അവർ തന്റെ ശിഷ്യരാണെന്ന് അറിയുക. ക്രൈസ്തവസ്നേഹത്തിന്റെ വിവിധ തലങ്ങൾ പൗലോസ് ശ്ലീഹാ 1കോറി.13ൽ മനോഹരമായി രേഖപ്പെടുത്തിയിട്ടുണ്ട്. ക്ഷമിക്കുന്ന, ദയകാണിക്കുന്ന, അസൂയപ്പെടുന്ന, സ്വയം പ്രശംസിക്കാത്ത, അഹങ്കരിക്കാത്ത, പരുഷമല്ലാത്ത, സ്വാർത്ഥതതേടാത്ത, കോപിക്കാത്ത, തിന്മവിചാരിക്കാത്ത, അധർമ്മത്തിൽ സന്തോഷിക്കാത്ത, സത്യത്തിൽ ആനന്ദിക്കുന്ന എല്ലാം സഹിക്കുന്ന എല്ലാം വിശ്വസിക്കുന്ന, എല്ലാം പ്രതീക്ഷിക്കുന്നതത്രേ സ്നേഹം. ഇത്തരം സ്നേഹത്തിന്റെ ഉദാത്തദർശനമാണ് ത്രിത്വകുടുംബവും തിരുക്കുടുംബവും. തത്തുല്യമായ സ്നേഹമാണ് ക്രിസ്തീയകുടുംബങ്ങളിൽ ജ്വലിച്ചുനില്ക്കേണ്ടത്. അപ്പനും അമ്മയും പരസ്പരം സ്നേഹിച്ചുകൊണ്ട് മക്കൾക്ക് മാതൃകയാകണം. അപ്പോൾ സന്താനങ്ങൾ അവരെ ബഹുമാനിച്ചുകൊള്ളുമെന്ന് ചാവറപിതാവ് ഉറപ്പിച്ചുണർത്തിക്കുന്നു.

## (27)

# കാരണവന്മാരുടെ ശ്രദ്ധയ്ക്ക്

### *തെറ്റായപ്രത്യയശാസ്ത്രം*

*"ചെറുപ്പത്തിൽ തന്നെ ലോകനടപ്പെന്നു പറഞ്ഞുകൊണ്ടു നുണയും സൂത്രങ്ങളും തട്ടിപ്പും ചതിവും അവരെ അഭ്യസിപ്പിക്കേണ്ട. വല്ലതെറ്റും അവരിൽ കണ്ടാൽ ഉടനെ അവരെ കുറ്റപ്പെടുത്തുക, ശാസിക്ക; പരമാർത്ഥവും നീതിയും സ്നേഹിപ്പാൻ അവരെ പഠിപ്പിക്ക".*

### *നുണ, സൂത്രം, തട്ടിപ്പ്, ചതിവ്*

ആധുനിക മനുഷ്യരിൽ വേരുറപ്പിച്ചിരിക്കുന്ന ഒരു ദുഷ്പ്രവണതയെ ചാവറപിതാവ് എടുത്തുകാണിക്കുന്നു. നുണയും സൂത്രവും തട്ടിപ്പും ചതിക്കലും അഭ്യസിച്ചില്ലെങ്കിൽ ലോകത്തിൽ വിജയിക്കാനാകില്ല. ഇത്തരം ലോകനടപ്പ് പിഞ്ചെല്ലാത്തവരെ ഭോഷന്മാരായി കരുതുന്ന കാലമാണിത്. ശുദ്ധമനസ്ക്കർക്ക് ഗതികിട്ടുകയില്ല. അതിനാൽ ചെറുപ്പത്തിൽ തന്നെ മക്കളെ തെറ്റായ തന്ത്രങ്ങൾ അഭ്യസിപ്പിക്കുന്ന കാരണവന്മാർ വിരളമല്ല. കർത്താവിന്റെ കാഴ്ചപ്പാടിന് തീർത്തും വിരുദ്ധമായ ദർശനമാണിത്. ബൈബിളിലെ ചിലപാഠങ്ങൾ ഉദ്ധരിക്കാം.

- "കള്ളം പറയരുത്; കളവുപറയുന്നശീലം നന്മ വരുത്തുകയില്ല" (പ്രഭാ.7:13)
- "നുണ വികൃതമായ കറയാണ്;അജ്ഞന്റെ അധരത്തിൽ അത് എപ്പോഴും കാണും"(പ്രഭാ.20:24).
- ജ്ഞാനിയായ അഗുർ ഇപ്രകാരം പ്രാർത്ഥിക്കുന്നു: : "അസത്യവും വ്യാജവും എന്നിൽനിന്ന് അകറ്റി നിറുത്തണമേ"(സുഭാ.30:8).
- അനീതി വർജ്ജിക്കുക. പാപപരിഹാരബലിയാണെന്നാണ് പ്രഭാക്ഷകന്റെ അഭിമതം(പ്രഭാ.35:5);

അദ്ദേഹം ഇപ്രകാരം അനുശാസിക്കുന്നു.അനീതിയുടെ ഉഴവുചാലുകളിൽ വിതയ്ക്കരുത്; എഴ് ഇരട്ടി നീ അതിൽ നിന്ന് കൊയ്യുകയില്ല (പ്രഭാ.7:3).

- "സഹോദരനെയും സ്നേഹിതനെയും ചതിക്കാൻ ശ്രമിക്കരുത് (പ്രഭാ. 7:12)".
- "ദൈവജനം പരസ്പരം വഞ്ചിക്കുന്നവരാകരുത് (ലേവ്യ.19:11)".
- "കൂടുതലോ കുറവോ വരാതെ അളവിലും തൂക്കത്തിലും സൂക്ഷ്മത കാണിക്കുക. (പ്രഭാ.42:4)".
- കാപട്യപൂർവ്വം ഹൃദയത്തിൽ തിന്മയ്ക്കു പദ്ധതിയിടുന്നവന് നാശം സംഭവിക്കും (സുഭാ.6:14).
- കാപട്യത്തിൽ ആശ്രയിക്കുന്നവർക്ക് ദൈവശിക്ഷയുണ്ടാകും (ഏശ.30:12).
- "എല്ലാവിധ ദുഷ്ടതയും വഞ്ചനയും കാപട്യവും നീക്കികളയുവിൻ" പത്രോസ് ശ്ലീഹാ ഉദ്ബോധിപ്പിക്കുന്നു (1പത്രോ.2:1).

### *കുറ്റപ്പെടുത്തുക, ശാസിക്കുക, പഠിപ്പിക്കുക*

ലോകത്തിന്റെ പ്രത്യയശാസ്ത്രങ്ങളാൽ നയിക്കപ്പെടുവാൻ പരിശ്രമിക്കുന്ന മക്കളെ മാതാപിതാക്കന്മാർ കുറ്റപ്പെടുത്തുകയും ശാസിക്കുകയും വേണം. അതോടൊപ്പം പരമാർത്ഥതയെയും(ഏറ്റവും ശ്രേഷ്ഠമായ സത്യം) നീതിയെയും സ്നേഹിക്കുവാൻ മക്കളെ പഠിപ്പിക്കേണ്ടതും ആവശ്യമാണ്. രണ്ടും ദൈവത്തിന്റെ മുഖമുദ്രകളത്രെ. യേശു അരുളിച്ചെയ്യുന്നു. "ഞാനാകുന്നു വഴിയും സത്യവും ജീവനും(യോഹ 14:6)". അവിടുത്തെ വചനത്തിൽ നിലനില്ക്കുന്നവർക്ക് സത്യമെന്തന്നറിയുവാനും സാക്ഷാൽ സ്വതന്ത്രരാകുവാനും സാധിക്കും(യോഹ 8:31-32). നീതിയും ധാർമ്മികതയും അഭ്യസിക്കുന്ന ജനതയാകാനാണ് ദൈവം ഇസ്രായേൽ ജനത്തെ തിരഞ്ഞെടുത്തത്. പക്ഷേ അതിനെതിരായി പ്രവർത്തിച്ചപ്പോൾ അവർക്ക് നാശം സംഭവിച്ചു(ഏശ.5:1-7). പ്രഭാഷകന്റെ വാക്കുകൾ ഉദ്ധരണീയമത്രേ: "നീതിയെ പിന്തുടർന്നാൽ നിനക്കത് ലഭിക്കും; മഹനീയ അങ്കിപോലെ അത് ധരിക്കുക. പക്ഷികൾ സ്വന്തം വർഗ്ഗത്തോട് കൂട്ടം ചേരുന്നതുപോലെ സത്യസന്ധത സത്യസന്ധനോട് ചേരുന്നു" (പ്രഭാ.27:8-9).

### *പ്രാർത്ഥിക്കുന്നവരുടെ കൂട്ടായ്മ*

ദൈവത്തിങ്കലേക്കു സദാകണ്ണുകളുയർത്തുന്നവരുടെ സമൂഹമാകണം ക്രൈസ്തവർ. ആദത്തിന്റെ മൂന്നാമത്തെ പുത്രനായ സേത്തിന്റെ കാലം മുതൽ മനുഷ്യർ കർത്താവിന്റെ നാമം വിളിച്ച

പേക്ഷിക്കുവാൻ തുടങ്ങി. ബൈബിളിലെ ഗദ്യഭാഗങ്ങളിൽ അമ്പതോളം സുദീർഘമായ പ്രാർത്ഥനകൾ രേഖപ്പെടുത്തിയിട്ടുണ്ട്. ശതകണക്കിന് കൊച്ചുപ്രാർത്ഥനകളും പ്രാർത്ഥനയെ കുറിച്ചുള്ള പരാമർശങ്ങളും നിറഞ്ഞതാണ് വിശുദ്ധഗ്രന്ഥം. ദൈവത്തോടുള്ള സംഭാഷണമാണ് പ്രാർത്ഥന. വ്യക്തിഗതമായ ബന്ധം അവയിലെല്ലാം തിളങ്ങി നില്ക്കുന്നു. ദൈവത്തെ ആബാ-പിതാവെ എന്ന് അഭിസംബോധന ചെയ്യുവാൻ പഠിപ്പിച്ചത് യേശുവാണ്. അവിടുന്ന് തന്നെ നിരന്തരം പ്രാർത്ഥിച്ചിരുന്നു(ലൂക്കാ 5:16). ശിഷ്യർ പ്രാർത്ഥന തങ്ങളുടെ ജീവിതശൈലിയാക്കണമെന്ന് ഗുരുവരൻ ഉദ്ബോധിപ്പിച്ചു. (ലൂക്ക.18:1); മാതൃക കാണിക്കുകയും ചെയ്തു. ജീവിതത്തിലെ സുപ്രധാനഘട്ട ങ്ങളിലെല്ലാം യേശു പ്രാർത്ഥിക്കുന്നുണ്ട്. ജ്ഞാനസ്നാനവേള യിലും(ലൂക്ക.3:21),രൂപാന്തരീകരണ സംഭവത്തി ലും(ലൂക്ക.9:29), പന്ത്രണ്ട് ശ്ലീഹന്മാരെ തിരഞ്ഞെടുക്കുന്നതിനുമുമ്പും (ലൂക്ക.6:12); ഗത്സമേനിയിലും (ലൂക്ക.22:39-46) അവിടുന്ന് പ്രാർത്ഥിക്കുകയു ണ്ടായി. പൗലോസ് ശ്ലീഹാ കൃതജ്ഞതാ പ്രാർത്ഥനയുടെ മനുഷ്യനായിരുന്നു (റോമ.1:8-9; എഫേ.1:3-14;3:14-21). സ്വർഗ്ഗത്തിൽ അരങ്ങേറുന്ന പ്രണാമപ്രാർത്ഥനയുടെ രംഗങ്ങൾ വെളിപാട് 4-5ൽ വിവരിച്ചിരിക്കുന്നു.

### *നമസ്ക്കാരം ചൊല്ലൽ*

ബൈബിളിന്റെ ലോകത്തിൽ ജീവിച്ചിരുന്നവനായിരുന്നല്ലോ ചാവറപിതാവ്. അദ്ദേഹത്തിന്റെ മുഖ്യകൃതികളെല്ലാം വ്യക്തിഗതമായ പ്രാർത്ഥനയുടെ ഭാഷ്യങ്ങളാണ്. ക്രൈസ്തവരും പ്രാർത്ഥനയുടെ ലോകത്തിൽ ജീവിക്കുകയും ചരിക്കുകയും നിലനില്ക്കുകയും ചെയ്യുന്നവരാകണമെന്ന് അദ്ദേഹം അഭിലഷിച്ചു. വൽസലപിതാവ് കൈനകിരിക്കാർക്കുള്ള ചാവരുളിൽ ഇപ്രകാരം എഴുതുന്നു: *"വൈകീട്ടു കുരിശുമണി അടിക്കുമ്പോൾ മക്കളെല്ലാവരും വീട്ടിലുണ്ടായിരിപ്പാനും, നമസ്ക്കാരം കഴിഞ്ഞാലുടൻ അവർ സ്തുതിചൊല്ലി അപ്പന്റെയും അമ്മയുടെയും കൈമുത്തുവാനും അവരെ ശീലിപ്പിക്കണം".*

ആദ്യകാലങ്ങളിൽ കേരളത്തിലെ കത്തോലിക്ക കുടുംബ ങ്ങളിൽ സർവ്വസാധാരണമായിരുന്ന ഒരു പാരമ്പര്യത്തിലേക്കാണ് ചാവറപിതാവ് കൈചൂണ്ടുക. അന്നൊക്കെ വൈകുന്നേരം പള്ളിയിൽ കുരിശുമണി അടിക്കുമ്പോൾ മക്കൾ മാത്രമല്ല അപ്പനും വീട്ടിൽ ഉണ്ടാകുമായിരുന്നു. കുരിശുമണി കേൾക്കുമ്പോൾ ഉടനടി നമസ്ക്കാരം

തുടങ്ങുകയായി. പ്രാർത്ഥനയെന്നല്ല നമസ്ക്കാരം എന്നവാക്കാണ് ചാവറപിതാവ് ഉപയോഗിച്ചിരിക്കുക. തലയോ ശരീരമോ മുന്നോട്ടുകുതിച്ചോ, നിലത്തുപാടെ കമിഴ്ന്നുകിടന്നോ വന്ദിക്കലും വണങ്ങലുമാണത്. പൗരസ്ത്യമായ ആചാരമെന്ന് ആ കർമ്മത്തെ വിശേഷിപ്പിക്കാം.

### *സ്തുതിചൊല്ലല്ലും കൈമുത്തലും*

നമസ്ക്കാരം കഴിഞ്ഞാൽ താഴെയുള്ളവർ മറ്റുള്ളവർക്ക് സ്തുതിചൊല്ലണം. പണ്ടത്തെ ഭാഷയിൽ കൈകസ്തൂരി എന്നാണ് സ്തുതിചൊല്ലുന്നതിനെ വിശേഷിപ്പിക്കാറ്. സൗഹാർദ്ദവും സ്നേഹവും ഐക്യവും സൂചിപ്പിക്കുന്ന ഈ ചടങ്ങ് കുർബാനയുടെ മദ്ധ്യത്തിലും അനുഷ്ഠിച്ചിരുന്നു. കുടുംബത്തിലും കുർബാനയുടെ അന്തരീക്ഷം ഉളവാക്കുവാൻ ഉപയുക്തമായതാണ് കൈകസ്തൂരി. അതിനുശേഷം മക്കളെല്ലാവരും അപ്പന്റെയും അമ്മയുടെയും കൈമുത്തണം. സ്നേഹവും ബഹുമാനവും ഭക്തിയും പ്രകാശിപ്പിക്കുന്ന ക്രൈസ്തവാചാരമെന്നാണ് കൈമുത്തലിന് *ശബ്ദസാഗരം* നിഘണ്ടുവിൽ നല്കിയിരിക്കുന്ന അർത്ഥം.

### *കൗമാരപ്രായത്തിൽ സൂക്ഷിക്കേണ്ടവ*

ബാല്യം കഴിഞ്ഞ് യൗവനം പ്രാപിക്കുന്നതുവരെയുള്ള പ്രായമാണല്ലോ കൗമാരം. "*പന്ത്രണ്ടു വയസ്സു തികഞ്ഞാൽ ആ പ്രായം ഏറ്റം സൂക്ഷിക്കേണ്ടതാണെന്നാണ്*" ചാവറപിതാവ് അഭിപ്രായപ്പെടുക. ആ കാലഘട്ടങ്ങളിൽ പല ദുശ്ശീലങ്ങളും പഠിക്കുന്നതിനും അഭ്യസിക്കുന്നതിനും ഇടയാകാം. മക്കളുടെ ഭാവിയിൽ വളരെ സ്വാധീനം ചെലുത്തുന്നതാണ് കൗമാരപ്രായമെന്ന് ചാവറപിതാവിന് നന്നായി അറിയാമായിരുന്നു. തന്മൂലമാണ് താഴെ പറയുന്ന കാര്യങ്ങളിൽ മാതാപിതാക്കന്മാർ ശ്രദ്ധ ചെലുത്തണമെന്ന് അദ്ദേഹം അനുശാസിക്കുന്നത്. "*പൈതങ്ങളെ കാരണവന്മാർ ചാത്തം, പെരുന്നാൾ, വിരുന്ന്, കല്യാണം മുതലായ ആഘോഷങ്ങൾക്കു പുറമെവിടാതെ അവരെ വീട്ടിൽ താമസിപ്പിച്ചു അവരുടെ പ്രായത്തിനടുത്ത തൊഴിലിൽ അവരെ അഭ്യസിപ്പിക്കണം; എന്നാൽ പെൺപൈതങ്ങളെ പെരുന്നാൾ ആഘോഷത്തിനും തോഴ്മക്കും മറ്റുമായി ചമയിക്കുന്നതും അയക്കുന്നതും നരകത്തിൽ നിന്നു വന്ന സൂത്രവും ചട്ടവും ആകുന്നു.*".


*തൊഴിൽ അഭ്യസിപ്പിക്കൽ*

ആദിവാക്യത്തിൽ ചെയ്യരുതാത്തതോടെപ്പം ചെയ്യേണ്ടതും ഒന്നിപ്പിച്ചിരിക്കുന്നു. നിഷേധത്തിനല്ല സർഗ്ഗാത്മകമായതിനാണ് ഊന്നൽ നല്കിയിരിക്കുക. ചാത്തം, പെരുന്നാൾ, വിരുന്ന്, കല്യാണം മുതലായ ആഘോഷങ്ങൾക്ക് കൗമാരപ്രായത്തിലുള്ള മക്കളെ പുറത്തുവിടാതെ വീട്ടിൽ താമസിപ്പിച്ച് പ്രായത്തിനടുത്ത തൊഴിൽ അഭ്യസിപ്പിക്കണം. ആഘോഷങ്ങൾക്ക് തനിച്ച് പോകുമ്പോൾ ക്രൈസ്തവമല്ലാത്ത പലതും കണ്ടെന്നും കേട്ടെന്നും വരാം. അതവരുടെ ധാർമ്മികജീവിതത്തെ സ്വാധീനിച്ചുവെന്നു വരും. കാരണവന്മാർ മക്കളെ തങ്ങളോടു കൂടെ കൊണ്ടുപോകുന്നതിനെ ചാവറപിതാവ് വിലക്കുന്നതായി തോന്നുന്നില്ല. എന്നാലും കൗമാരപ്രായക്കാരെ അത്തരം ആഘോഷങ്ങൾക്ക് പുറത്തുവിടാതിരിക്കുന്നതാണ് ഉചിതമെന്ന് അഭിപ്രായപ്പെടുന്നു. ഊന്നിപറയുന്ന ആശയം ഇതാണ്. ആ പ്രായത്തിൽ മക്കൾ അലഞ്ഞുതിരിഞ്ഞ് നടക്കരുത്; ഉത്തരവാദിത്വമൊന്നുമില്ലാതെ സർവ്വ സ്വതന്ത്രരായി വിഹരിക്കുക ദൂഷ്യം വരുത്തും. ഭാവിയെ മുൻകൂട്ടി കണ്ടുകൊണ്ട് അവരെ തൊഴിൽ അഭ്യസിപ്പിക്കുന്നതിലാകണം മാതാപിതാക്കന്മാരുടെ പ്രധാന ശ്രദ്ധ. പ്രായപൂർത്തിയാകുമ്പോൾ ജീവിതാന്തസ് തിരഞ്ഞെടുക്കേണ്ടിവരുമല്ലോ. എന്തെങ്കിലും തൊഴിലഭ്യസിച്ചിരുന്നാൽ ജീവസന്ധാരണം എളുപ്പമായി തീരും. ചെറുപ്പത്തിലെ അവരെ തൊഴിൽ അഭ്യസിപ്പിക്കേണ്ടത് മാതാപിതാക്കന്മാരുടെ കർത്തവ്യമാണ്. നെറ്റിയിലെ വിയർപ്പുകൊണ്ട് ഭക്ഷണം സമ്പാദിക്കണമെന്നാണല്ലോ ദൈവത്തിന്റെ കല്പന (ഉത്പ.3:19). ഇഹലോകജീവിതം സ്വപ്നസുന്ദരമല്ലെന്നും പ്രയാസങ്ങളും ക്ലേശങ്ങളും അവിഭാജ്യഘടകങ്ങളാണെന്നും ചെറുപ്പത്തിലെ മക്കളെ പഠിപ്പിക്കണം. ജോലിയുടെ മഹാത്മ്യം അവരെ ബോധ്യപ്പെടുത്തണം. എന്നാലേ ചൊടിയും ചുണയുമുള്ളവരും ഉത്സാഹശീലരും അദ്ധ്വാനപ്രിയരുമായ തലമുറ രൂപം കൊള്ളുകയുള്ളൂ.

*ഒരു സൂത്രവും ചട്ടവും*

"*എന്നാൽ പെൺപൈതങ്ങളെ പെരുന്നാളാഘോഷത്തിനും തോഴ്മക്കും മറ്റുമായി ചമയിക്കുന്നതും അയക്കുന്നതും നരകത്തിൽ നിന്നുവന്ന ഒരു സൂത്രവും ചട്ടവുമാകുന്നു.*" അതിശക്തമായ

പ്രസ്താവനയാണിത്. ഭാവിയിൽ നരകത്തിൽ നിപതിപ്പിക്കാവുന്ന കാര്യമാണ് പെൺകുട്ടികളെ പെരുന്നാളാഘോഷത്തിനും മണവാട്ടി യുടെ ഉറ്റചങ്ങാതിയായി നടക്കുന്നതിനു വേഷഭൂഷാദികൾ അണിയിച്ച് (ഇന്നത്തെ ഭാഷയിൽ മെയ്ക്കപ്പ് ചെയ്യൽ) വിടുന്നതും. പെൺമക്കൾക്ക് തങ്ങളുടെ സൗന്ദര്യത്തെക്കുറിച്ചുള്ള അവാസ്തികമായ ധാരണയും അഹന്തയും സുഖഭോഗജീവിതം നയിക്കുവാനുള്ള ആസക്തിയും ഇത്തരം അണിയിച്ചൊരുക്കൽ വഴി വർദ്ധിച്ചേക്കാം; ദൈവികകാര്യ ങ്ങളിലുള്ള ശ്രദ്ധ മന്ദീഭവിക്കാനും ഇടനല്കും. പിശാചിന്റെ വഴിത്താരയിൽ ഗമിക്കുവാൻ എളുപ്പമുണ്ടാകും.



## 28

# മൊഴിമുത്തുകൾ

***പെൺപൈതങ്ങളുടെ ആഭരണം***

*"ലോകബഹുമാനം, സമ്പത്ത്, തറവാട്ടുമഹിമ എന്നുള്ള കാരണത്താൽ പെൺമക്കളെ ചമയിച്ചു നടത്തുന്നതും, തങ്ങളുടെ അന്തസ്സും പ്രാപ്തിയും കവിഞ്ഞുള്ള നിഗളത്തിനടുത്ത ഉടുപ്പും ആഭരണങ്ങളും ഇടുവിച്ച് നടത്തുന്നതും എത്രയോ ആത്മാക്കളിൽ നരക തീ കത്തിക്കുന്നു! ഒരു പെൺപൈതലിന്റെ ആഭരണം എത്രയും വലിയ അടക്കവും ഭക്തിയും മിണ്ടടക്കവും കണ്ണടക്കവും ആകുന്നു".*

***കത്തിക്കുന്ന നരകാഗ്നി***

ഇന്നത്തെ ലോകത്തെ മുന്നിൽ കണ്ടുക്കൊണ്ടുള്ള നിരീക്ഷണവും പ്രബോധനവുമാണെന്ന് തോന്നും ചാവറപിതാവിന്റെ ഈ വാക്കുകൾ ശ്രവിക്കുമ്പോൾ. ഭാവിതലമുറക്ക് വന്നുഭവിക്കാനിരിക്കുന്ന വിപത്ത് മുൻകൂട്ടി ചൂണ്ടികാട്ടുകയാണ് വത്സലപിതാവ്. കുട്ടികളെ അണിയിച്ചൊരുക്കുന്നതിന് എത്ര വലിയ തുകയും ചിലവഴിക്കുവാൻ മിക്കവർക്കും മടിയില്ല. നിഷ്ക്കളങ്ക മാനസങ്ങളിൽ ലോകാരൂപിയും ലൗകികമൂല്യങ്ങളും തിരുകി കയറ്റുകയാണ് ഇപ്രകാരം ചെയ്യുന്നവർ. മറ്റുള്ളവരുടെ ശ്രദ്ധ പിടിച്ചുപറ്റുവാനെന്നവിധം ആർഭാടമായി അണിയിച്ചൊരുക്കപ്പെടുന്ന കുട്ടികളിൽ ദൈവികകാര്യങ്ങളിൽ അശ്രദ്ധയും അലസതയും ഉപേക്ഷയും കടന്നുകൂടുക സ്വഭാവികമാണ്. തങ്ങളെക്കുറിച്ചുള്ള അവാസ്തികമായ ധാരണയിൽ വളരുമ്പോൾ അഹന്തയും ഗർവ്വവും അവരിൽ കൊടിക്കുത്തി വാഴാൻ ഇടയാകും. "അപ്പോൾ ഇത്തരം മുൾച്ചെടികൾ വളർന്ന് ദൈവവചനത്തെ ഞെരുക്കികളയും" (മത്താ.13:7,22). കളകളുടെ ഉപമയിൽ കർത്താവു പറയുന്നതുപോലെ ഇത്തരം കളകൾ ശത്രുവായ പിശാചാണ് ഹൃദയനിലത്തിൽ വിതക്കുക(മത്താ.13:25-28). ചാവരുളിന്റെ രചയിതാവിന്റെ ഭാഷയിൽ "ആത്മാക്കളിൽ നരക തീ കത്തിക്കപ്പെടുന്നു". കളകൾക്ക് അവസാനം വന്നുഭവിക്കുന്ന ദുരന്തം ഇവർക്കുമുണ്ടാകും. നരകതീയിൽ അവർ ചുട്ടുകളയപ്പെടും.

*അടക്കം എന്ന ആശയം*

"*ഒരു പെൺപൈതലിന്റെ ആഭരണം എത്രയും വലിയ അടക്കവും ഭക്തിയും മിണ്ടക്കവും കണ്ണടക്കവും ആകുന്നു*". ഈ വാക്യത്തിൽ അടക്കം എന്ന പദം മൂന്നുപ്രാവശ്യം ഉപയോഗിച്ചിരിക്കുന്നത് ശ്രദ്ധേയമാണ്: വലിയ അടക്കം, മിണ്ടടക്കം, കണ്ണടക്കം. അടക്കം, ഒതുക്കം എന്നിവ ഒറ്റവാക്കിൽ തർജ്ജമ ചെയ്യുക എളുപ്പമല്ല. മിതത്വം എന്ന ആശയം മാത്രമല്ല അതുൾക്കൊള്ളുക. നിയന്ത്രിക്കലിന്റെയും നിഗ്രഹിക്കലിന്റെയും കർമ്മങ്ങൾ അതിലുണ്ട്. മിണ്ടടക്കമെന്ന സന്ന്യാസനിയമം നിശ്ചിതസമയങ്ങളിൽ പൂർണ്ണമായി നിശ്ശബ്ദത അഥവാ മൗനം പാലിക്കുന്നതിനെ കുറിക്കുന്നതാണല്ലോ. അടക്കം ഒരു പുണ്യമാണ്. അതിൽ വിനയവും വിധേയത്വവും സ്വയസംയമനവും അടങ്ങിയിരിക്കുന്നു. വി.പൗലോസ് മെത്രാൻ, ഡീക്കൻ പദവികൾക്ക് അർഹരായവരെ വിശേഷിപ്പിക്കുക സംയമനം പാലിക്കുന്നവരും മനസ്സംയമനം ഉള്ളവരും എന്നാണ്(1തിമോ.3:2,11). ഗലാ.5:22ൽ ആത്മാവിന്റെ ഫലങ്ങളിലൊന്നായി ആത്മസംയമനത്തെ ഉൾപ്പെടുത്തിയിട്ടുണ്ട്. 2തിമോ.3:3ൽ അവസാനകാലങ്ങളിൽ സംജാതമാകുന്ന സഹനത്തിന്റെ സ്ഥിതിവിശേഷത്തിൽ അന്നത്തെ തലമുറയെ ആത്മസംയമനം ഇല്ലാത്തവരെന്നാണ് വിശേഷിപ്പിക്കുക. പത്രോസ് ശ്ലീഹായുടെ രണ്ടാം ലേഖനത്തിലെ പ്രബോധനം ശ്രദ്ധാർഹമാണ്. അദ്ദേഹം സഭാസമൂഹത്തെ ഉദ്ബോധിപ്പിക്കുന്നു: "നിങ്ങളുടെ വിശ്വാസത്തെ സുകൃതംകൊണ്ടും, സുകൃതത്തെ ജ്ഞാനം കൊണ്ടും, ജ്ഞാനത്തെ *ആത്മസംയമനംകൊണ്ടും*, ആത്മസംയമനത്തെ ക്ഷമകൊണ്ടും, ക്ഷമയെ ഭക്തികൊണ്ടും, ഭക്തിയെ സഹോദരസ്നേഹം കൊണ്ടും, സഹോദരസ്നേഹത്തെ ഉപവികൊണ്ടും സമ്പൂർണ്ണമാക്കാൻ നന്നായി ഉത്സാഹിക്കുവിൻ" (2പത്രോ.1:5-7).

ചാവറപിതാവിന്റെ നിർദ്ദേശത്തിൽ ആഭരണത്തിൽ ആദ്യം ഉൾക്കൊള്ളിക്കേണ്ടത് എത്രയും വലിയ അടക്കമാണ്. സാധാരണ അടക്കമെന്ന രത്നം മാത്രം യുവതികൾ ചാർത്തിയാൽ പോരാ. എത്രയും വലിയ അടക്കം എന്ന പവിഴമാല തന്നെ അണിയിക്കണം. ഈശോ മത്താ.13:45-46ൽ ഉദ്ബോധിപ്പിക്കുന്നു: "വിശിഷ്ടരത്നങ്ങൾ അന്വേഷിച്ച് നടക്കുന്ന ഒരു വ്യാപാരിക്കു സദൃശ്യമാണ് സ്വർഗ്ഗരാജ്യം. അമൂല്യമായൊരു രത്നം കണ്ടെത്തുമ്പോൾ അയാൾചെന്ന് തനിക്കുള്ളതെല്ലാം വിറ്റ് അതുവാങ്ങുന്നു". എത്രയും വലിയ അടക്കമെന്ന അനർഘമായ രത്നം കൈമുതലാക്കുന്നവർ ഭാഗ്യവാന്മാർ!

*മിണ്ടടക്കമെന്ന പുണ്യം*

സങ്കീർത്തനങ്ങളിൽ അധരങ്ങൾ പ്രത്യേക പ്രമേയമാക്കിയിട്ടുണ്ട്. അവയിലൂടെ വമിക്കുന്ന തിന്മക്ക് ഊന്നൽ നല്കിയിരിക്കുന്നു. "ജീവിതം ആഗ്രഹിക്കുകയും സന്തുഷ്ടമായ ദീർഘായുസ്സ് അഭിലഷിക്കുകയും ചെയ്യുന്നുവോ? തിന്മയിൽ നിന്ന് നാവിനെയും വ്യാജഭാഷണത്തിൽ നിന്ന് അധരങ്ങളെയും സൂക്ഷിച്ചുക്കൊള്ളുവിൻ"(സങ്കീ.34:12-13). "ഞാൻ പറഞ്ഞു: നാവുകൊണ്ട് പാപം ചെയ്യാതിരിക്കാൻ ഞാൻ വഴികൾ ശ്രദ്ധിക്കും; എന്റെ മുമ്പിൽ ദുഷ്ടന്മാർ ഉള്ളിടത്തോളം കാലം നാവിനെ ഞാൻ കടിഞ്ഞാണിടും"(സങ്കീ.39:1). "നിന്റെ വായ് തിന്മക്ക് തുറന്നിട്ടിരിക്കുന്നു; നിന്റെ നാവു വഞ്ചനക്ക് രൂപം നല്കുന്നു. നീ നിന്റെ സഹോദരനെതിരായി സംസാരിച്ചുക്കൊണ്ടിരിക്കുന്നു; സ്വന്തം സഹോദരനെതിരെ നീ അപവാദം പരത്തുന്നു"(സങ്കീ.50:19-20). "വഞ്ചകാ, നിന്റെ നാവു മൂർച്ചയുള്ള ക്ഷൗരക്കത്തിപ്പോലെയാണ്. നന്മയെക്കാൾ തിന്മയും, സത്യത്തെക്കാൾ വ്യാജവും നീ ഇഷ്ടപ്പെടുന്നു. വഞ്ചന നിറഞ്ഞ നാവേ, വിനാശകരമായ വാക്കുകളാണ് നിനക്കിഷ്ടം"(സങ്കീ.52:2-4). "കർത്താവേ വ്യാജം പറയുന്ന അധരങ്ങളിൽ നിന്നും വഞ്ചന നിറഞ്ഞ നാവിൽനിന്നും എന്നെ രക്ഷിക്കണമേ"(സങ്കീ.120:2). യാക്കോബ് ശ്ലീഹായും നാവിന്റെ ദുരുപയോഗത്തെപ്പറ്റി പ്രതിപാദിക്കുന്നുണ്ട്: "ഒരുവൻ നാവിനെ നിയന്ത്രിക്കാതെ തന്റെ ഹൃദയത്തെ വഞ്ചിച്ചുക്കൊണ്ട് ദൈവഭക്തനെന്ന് സ്വയം കണ്ടെത്തുന്നെങ്കിൽ അവന്റെ ശക്തി വ്യർത്ഥമാകുന്നു"(യാക്കോ.1:26). "ഒരു ചെറിയ അവയവമായ നാവ് വളരെ വമ്പു പറയുന്നു. ഒരു ചെറു തീപ്പൊരി എത്രയോ വലിയവനം ചാമ്പലാക്കുന്നു! നാവു തീയാകുന്നു; തിന്മയുടെ ഒരു പ്രപഞ്ചം. നമ്മുടെ അവയവങ്ങളുടെ ഇടയിൽ സ്ഥിതിചെയ്തുക്കൊണ്ട് നാവ് ശരീരം മുഴുവനും മലിനമാക്കുകയും, നരകാഗ്നിയാൽ കത്തിജ്ജ്വലിച്ച് ജീവിത ചക്രത്തെ എരിയിക്കുകയും ചെയ്യുന്നു... നാവ് അടങ്ങാത്ത തിന്മയും മാരകമായ വിഷവും നിറഞ്ഞതാകുന്നു"(യാക്കോ.3:5-8).

നന്മയുടെ ജിഹ്വയാകാനും അധരങ്ങൾക്കു കഴിയും. "നീതിമാന്റെ അധരങ്ങൾ ജ്ഞാനം സംസാരിക്കുന്നു; അവന്റെ നാവിൽ നിന്നു നീതി ഉതിരുന്നു"(സങ്കീ.37:30). "ഞാൻ അങ്ങയുടെ രക്ഷയെ ഉച്ചത്തിൽ പ്രകീർത്തിക്കും"(സങ്കീ.51:14). "എന്റെ നാവുക്കൊണ്ട് ഞാൻ കർത്താവിനെ പുകഴ്ത്തി"(സങ്കീ.66:17). "എന്റെ നാവ് അങ്ങയുടെ നീതിപൂർവ്വകമായ സഹായത്തെ നിരന്തരം പ്രഘോഷിക്കും"

(സങ്കീ.71:24). "എന്റെ നാവ് അങ്ങയുടെ വചനം പ്രകീർത്തിക്കും" (സങ്കീ.119:172).

നാവിനെ നിയന്ത്രിക്കുക ദുഷ്ക്കരമാണ്. തന്മൂലം ദിവസത്തിൽ ചിലപ്പോഴെങ്കിലും മിണ്ടടക്കം കാക്കുക അഭിലക്ഷണീയം തന്നെ. ഹോറബ് മലയിൽ ഏലിയാ പ്രവാചകന് ദൈവം പ്രത്യക്ഷപ്പെട്ടവിധം അനുസ്മരിക്കുക. കൊടുങ്കാറ്റ്, ഭൂകമ്പം, അഗ്നിജ്വാല എന്നീ മാധ്യമത്തിലൂടെയല്ല കർത്താവ് അദ്ദേഹത്തിന് സ്വയം വെളിപ്പെടുത്തിയത് പ്രത്യുത കേവലനിശ്ശബ്ദതയുടെ നിസ്വനമായാണ്. നിശ്ശബ്ദത ശബ്ദമായി തീരുക സാധാരണരീതിയിൽ അസാധ്യമായ കാര്യമാണല്ലോ. ഒരു മിസ്റ്റിക്കൽ അനുഭൂതിയിലൂടെ ദൈവം പ്രവാചകനെ പഠിപ്പിച്ചുവെന്നർത്ഥം. ഏലിയാ ഗിരിശൃംഖത്തിന്റെ ഏകാന്തതയിൽ മിണ്ടടക്കമായി ധ്യാനിച്ചുക്കൊണ്ടിരിക്കുമ്പോഴാണ് കർത്താവ് പ്രത്യക്ഷപ്പെട്ടതെന്ന കാര്യം ഓർക്കുക. ദൈവോപാസനയിൽ ജീവിക്കുവാൻ വ്രതബദ്ധരായ സന്ന്യാസികളുടെ ജീവിതചര്യയിൽ മൗനത്തിന് വലിയ പ്രാധാന്യം നല്കിയിട്ടുണ്ട്. ദൈവപ്രകീർത്തനത്തിനുമാത്രം അധരങ്ങൾ ഉപയോഗിക്കുന്നവരാണ് സിസ്റ്റേർഷ്യൻ സന്ന്യാസികൾ. ഭാരതീയ സാംസ്കാരത്തിലും മിണ്ടടക്കത്തിന് വലിയപ്രാധാന്യമാണ് കല്പിച്ചിരിക്കുക. മൗനമവലംബിക്കുന്നവരായതുക്കൊണ്ടാണല്ലോ താപസർ മുനികളെന്ന പേരിനാൽ അറിയപ്പെടുന്നതുതന്നെ.

### *കണ്ണടക്കമെന്ന പുണ്യം*


"കണ്ണാണ് ശരീരത്തിന്റെ വിളക്ക്. നിന്റെ കണ്ണ് തെളിവുള്ളതാണെങ്കിലും ശരീരം മുഴുവനും പ്രകാശമുള്ളതായിരിക്കും. നേരെമറിച്ച് നിന്റെ കണ്ണ് കലുഷമാണെങ്കിൽ നിന്റെ ശരീരം മുഴുവനും ഇരുട്ടുള്ളതായിരിക്കും"(മത്താ.6:22-23). ശരീരത്തിന്റെ അവയവങ്ങളെ കുറിക്കുന്നതല്ല കണ്ണ്, ശരീരം എന്നീ പദങ്ങൾ. ആലങ്കാരിക ഭാഷയാണത്. ശരീരം വ്യക്തിത്വത്തെ സൂചിപ്പിക്കുന്നു. ആന്തരിക നയനങ്ങളാണ് പ്രതിപാദ്യവിഷയം. ദൈവികമായ ഉൾക്കാഴ്ചയുള്ളവൻ സുതാര്യരൂപനാണ്. ഉത്ഥിതനായ ഈശോയുടെ ശരീരം മുഴുവൻ പ്രഭാപൂരിതമായിരുന്നല്ലോ. പദാർത്ഥാത്മക തലത്തെ വെന്നവൻ. തന്മൂലം വലിയൊരു കല്ല് ഉരുട്ടിവച്ച് മുദ്രവയ്ക്കപ്പെട്ട കല്ലറയിൽനിന്ന് നിഷ്പ്രയാസം പുറത്തുവരുവാനും, അടച്ചിരുന്ന വാതിലിലൂടെ അകത്തു പ്രവേശിക്കുവാനും അവിടുത്തേക്ക് കഴിഞ്ഞു. പുനരുത്ഥാന

വേളയിൽ നന്മചെയ്തവരുടെ ശരീരം തിളങ്ങി വിളങ്ങും. സ്നേഹത്തിന്റെയും സന്തോഷത്തിന്റെയും കാരുണ്യത്തിന്റെയും കിരണങ്ങളാണ് അവരുടെ നയനങ്ങളിൽ നിന്ന് പ്രവഹിക്കുക. ജീവിച്ചിരിക്കുമ്പോഴും ഈശോയുടെ നേത്രങ്ങൾ മാസ്മരശക്തിയുള്ളവയായിരുന്നു. തിന്മ ലവലേശം തീണ്ടാത്ത അദ്വൈതരൂപനായ അവിടുത്തെ സാന്നിധ്യം ദിവ്യാനുഭൂതി പകർന്നിരുന്നു ദൈവതനയനെ ദർശിച്ചവരിലെല്ലാം. ജനക്കൂട്ടം വിശപ്പും ദാഹവും മറന്നിരുന്നുപോയി യേശുവിന്റെ സവിധത്തിൽ. തന്മൂലം അവിടുത്തേക്ക് അവരോട് അലിവ് തോന്നി. "മൂന്നുദിവസമായി ഇവർ എന്റെ കൂടെയാണ്; ഇവർക്ക് ഭക്ഷിക്കാൻ ഒന്നുമില്ലല്ലോ. ഇവരെ പട്ടിണിയായി വീടുകളിലേക്ക് പറഞ്ഞയച്ചാൽ വഴിയിൽ തളർന്നുവീണുപോകും"(മർക്കോ.8:1-4).

കണ്ണിന്റെ ദുരുപയോഗത്തെപ്പറ്റി അതിശക്തമായ ഭാഷയിലാണ് ഗുരുവരൻ അപലപിക്കുക:"നിന്റെ കണ്ണ് നിനക്ക് പാപകാരണമാകുന്നെങ്കിൽ അത് നിന്നിൽ നിന്ന് ചുഴുന്നെടുത്തു ദൂരെയെറിയുക. രണ്ടു കണ്ണുള്ളവനായി നരകാഗ്നിയിൽ നിപതിക്കുന്നതിനേക്കാൾ ഒരു കണ്ണുള്ളവനായി ജീവനിൽ പ്രവേശിക്കുന്നതാണു നിനക്ക് നല്ലത്"(മത്താ.18:9).

കാമവികാരം ഉണർത്തുന്ന ചിത്രങ്ങൾ കാണുവാനും അശ്ലീലഗ്രന്ഥങ്ങൾ വായിക്കുവാനുമുള്ള പ്രവണത ഇന്നത്തെ തലമുറയിൽ വളർന്നുവരുന്നു. കണ്ണടക്കം എന്ന വാക്ക് തന്നെ അരോചകമാണ് യുവജനങ്ങളിൽ പലർക്കും. ദൈവത്തിന് പ്രിയങ്കരനായിരുന്ന ദാവീദിന് നേത്രങ്ങൾ നിയന്ത്രിക്കാതിരുന്നതിനാൽ വന്നുഭവിച്ച ദുരന്തം ഏവർക്കുമൊരു പാഠമാകട്ടെ. അലസജീവിതം നയിച്ച് സായാഹ്നം വരെ കിടന്നുറങ്ങിയശേഷം കൊട്ടാരത്തിന്റെ മട്ടുപ്പാവിലുലാത്തി കണ്ണുകൾ നാലുപാടും പായിച്ചപ്പോൾ രാജാവ് ഒരു സ്ത്രീ കുളിക്കുന്നതാണ് കണ്ടത്. ആ നഗ്നസുന്ദരിയിൽ നേത്രങ്ങൾ പതിപ്പിച്ചുറപ്പിച്ചപ്പോൾ ദാവീദ് കാമാസക്തനായി. അന്യന്റെ ഭാര്യയായ അവളോടൊത്ത് ശയിച്ചു. ബത്ഷെബാ ഗർഭം ധരിച്ചപ്പോൾ അത് അവളുടെ ഭർത്താവിന്റെമേൽ ചാരിവക്കുവാൻ ശ്രമിച്ചെങ്കിലും വിജയിച്ചില്ല. അവസാനം അയാൾ മനപ്പൂർവ്വം കൊല്ലപ്പെടുന്നതിന് അവസരമൊരുക്കി (2സാമു.11:1-27).

പെൺപൈതങ്ങളണിയേണ്ട നാലാമത്തെ ആഭരണം ഭക്തിയാണ്. ഭാരതീയ ചിന്തയിലെ മൂന്നാമത്തെ യോഗമാണ് ഭക്തി. ദൈവത്തോടുള്ള സമ്പൂർണ്ണവും വ്യക്തിഗതവുമായ സമർപ്പണവും സ്നേഹവുമാണത്. ഭക്തന്റെ ആത്മാവും ശരീരവും ഈശ്വരനിൽ ലയിക്കുന്നതിനായി തത്രപ്പെടുന്നു. അതുവഴി ദൈവസാക്ഷാത്കാരവും ആത്മസാക്ഷാത്കാരവും പ്രാപിക്കാൻ ഒരാൾ പ്രാപ്തനാകുന്നു. ബിബ്ലിക്കലായ ഭക്തി നിയമ.6:5ൽ ഇപ്രകാരം നിർവചിക്കപ്പെട്ടിരിക്കുന്നു. "നീ നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും സർവ്വശക്തിയോടും പൂർണ്ണമനസ്സോടും കൂടെ സ്നേഹിക്കണം; നിന്റെ അയൽക്കാരനെ നിന്നെപ്പോലെയും". നിത്യജീവൻ പ്രാപിക്കാൻ എന്തുചെയ്യണമെന്ന ചോദ്യത്തിന് യേശു ഈ പഴയനിയമപാഠം ഉദ്ധരിച്ചുക്കൊണ്ടാണ് പ്രത്യുത്തരിച്ചത് (ലൂക്കാ.10:25-28). അതിനാൽ ഭക്തി ക്രൈസ്തവരായവർക്കെല്ലാം അത്യന്താപേക്ഷിതമാണ്. ദാവീദ് സോളമനെ ഇപ്രകാരം ഉപദേശിക്കുന്നു: "മകനേ, നിന്റെ പിതാവിന്റെ ദൈവത്തെ അനുഭവിച്ചറിയുകയും പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടും കൂടെ അവിടുത്തെ ശുശ്രൂഷിക്കുകയും ചെയ്യുക"(1ദിന.28:6). കോറിന്തിലെ സഭാംഗങ്ങളെകുറിച്ച് വി.പൗലോസ് ഇപ്രകാരം ആകുലപ്പെടുന്നു: "നിങ്ങളുടെ ചിന്തകൾ മിശിഹായോടുള്ള ആത്മാർത്ഥവും നിഷ്ക്കളങ്കവുമായ ഭക്തിയിൽ നിന്ന് വ്യതിചലിച്ചു പോകുമോയെന്ന് ഞാൻ ഭയപ്പെടുന്നു"(2കോറി.11:3). ചാവറപിതാവിന്റെ കുടുംബച്ചട്ടത്തിലെ നിർദ്ദേശം ക്രൈസ്തവരെല്ലാം പാലിക്കുകയാണെങ്കിൽ അവരുടെ ജീവിതം ധന്യമായിത്തീരും, നിശ്ചയം.



# (29)

# പിള്ളപ്പട, ജീവിതാന്തസ്സ്, വീട്ടധികാരം, ഭാഗംവയ്ക്കൽ

***ആമുഖം***

നാലു സുപ്രധാനവും പ്രായോഗികവുമായ കാര്യങ്ങൾ ചാവറപിതാവ് നമ്മുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. സാധാരണ മനുഷ്യ രുടെ ജീവിതശൈലിയെകുറിച്ച് അഗാധമായ ജ്ഞാനമുള്ളവ നായിരുന്നു അദ്ദേഹമെന്ന് സാക്ഷ്യപ്പെടുത്തുന്നവയാണവ.

***പിള്ളപ്പട***

*"പിള്ളപ്പട എന്നു പറയുന്ന വഴക്കു നിങ്ങൾ ഉണ്ടാക്കരുത്. തങ്ങളുടെ മക്കളെ മറ്റൊരുത്തൻ അവമാനിച്ചു; മറ്റു കുഞ്ഞുങ്ങൾ തല്ലി; ഇങ്ങനെയുള്ളത് കാര്യമാക്കുന്ന കാരണവന്മാരും പൈതങ്ങൾ തന്നെ"*

***"പൈതങ്ങൾ"***

മുമ്പൊക്കെ ക്രൈസ്തവ സമൂഹത്തിൽ സർവ്വ സാധാരണ മായിരുന്ന വിഷയത്തെ സരസമായ ഭാഷയിൽ അവതരിപ്പിക്കുന്നു വന്ദ്യപിതാവ്. രണ്ടു കുടുംബങ്ങളിൽപ്പെട്ട കുട്ടികൾ വഴക്കടിക്കുകയും തല്ലുകൂടുകയും വീട്ടിൽചെന്ന് അക്കാര്യം കണ്ണീരൊഴുക്കിക്കൊണ്ട് പൊലിപ്പിച്ചു പറയുകയും ചെയ്യുന്നതാണ് പിള്ളപ്പട. മക്കൾ പറയുന്നത് കേട്ടപാതി അടുത്തവീട്ടിൽ ഓടിചെന്ന് ആ ഭവനവാസികളുമായി വഴക്കും വക്കാണവും കൂടുന്ന കാരണവന്മാരെ പൈതങ്ങളെന്നാണ് അദ്ദേഹം വിളിക്കുക. ബാലിശപ്രകൃതി വിട്ടുമാറാത്തവരാണവർ. കുട്ടികളുടെ കലഹം അധികനേരം നീണ്ടുനില്ക്കുകയില്ല. നടന്നത് അവർ പെട്ടന്ന് മറന്നുപോകും. വീണ്ടും കൈക്കോർത്തുപിടിച്ച് കളികളിൽ ഏർപ്പെടുന്നു. എന്നാൽ കാരണവന്മാർ തമ്മിലുള്ള കലഹം പെട്ടന്നൊന്നും തീർന്നുപോകാറില്ല; പലപ്പോഴും അടങ്ങാത്ത ശത്രുതയിലും വൈരാഗ്യത്തിലും ചെന്നെത്തുന്നു. ചിലർ കേസു കൊടുക്കുന്നു, കോടതി കയറുന്നു, പണമൊഴുക്കുന്നു, അവസാനം പാപ്പരായിത്തീരുന്നു. കുട്ടികൾ പറയുന്നത് കാര്യമായെടുക്കുമ്പോൾ വന്നുഭവിക്കാവുന്ന ഭവിഷ്യത്ത് അതിഘോരമായിരിക്കും.

*''മക്കൾക്കു അന്തസ്സ് തെരഞ്ഞെടുക്കുന്ന പ്രായം വരുമ്പോൾ അവർക്കു ഇതിൽ പൂർണ്ണസ്വാതന്ത്ര്യം അനുവദിക്കണം. എന്തു കൊണ്ടെന്നാൽ അവരുടെ അന്തസ്സിനെ നിശ്ചയിക്കുന്നത് ദൈവത്തിന്റെയും, അതിനെ തിരഞ്ഞെടുക്കുന്നത് അവരുടെയും കാര്യമാകുന്നു. ഇതു കാരണവന്മാർക്കുള്ളതല്ല. ഇതുനിമിത്തം എത്രയോ കാരണവന്മാരും മക്കളും ഈ നേരത്തു നരകത്തിൽ കിടന്നു നിലവിളിക്കുന്നു. ഇതിനാൽ ഈ കാര്യത്തിൽ ആൺപൈതലിന് പതിനാറ് അല്ലെങ്കിൽ പതിനെട്ട്, പെൺപൈതലിന് പതിനാല് അല്ലെങ്കിൽ പതിനാറും വയസ്സുകഴിഞ്ഞ് താമസിക്കയും അരുത്. എന്നാൽ വിവാഹത്തിന് അവരുടെ സമ്മതം പ്രത്യേകമായിട്ട് അറിയണം. ബന്ധുക്കളുടെ ദ്രവ്യത്തെയും ബഹുമാനത്തെയുംകാൾ, നല്ല മര്യാദയും ശീലഗുണവും സൂക്ഷിക്ക. അല്ലെങ്കിൽ പിന്നെ മക്കൾക്കും കാരണവന്മാർക്കും സന്തോഷത്തിനുപകരം അതിദു:ഖം സംഭവിക്കും."*

## പൂർണ്ണസ്വാതന്ത്ര്യം

സന്ന്യാസ വൈദിക ദൈവവിളി തിരഞ്ഞെടുക്കുന്നതിൽ മാതാപിതാക്കന്മാർ യാതൊരുവിധ തടസ്സവും സൃഷ്ടിക്കരുത്. പൂർണ്ണസ്വാതന്ത്ര്യം നല്കണം. വിവിധ പ്രതിബന്ധങ്ങളും തന്ത്രങ്ങളും പ്രയോഗിച്ച് മക്കളെ വഴിപിഴപ്പിക്കുന്ന കാരണവന്മാർ നിത്യമായ നരകാഗ്നിയിൽ വെന്തുരുകുമെന്ന് ചാവരുളിന്റെ രചയിതാവ് പ്രസ്താവിക്കുന്നു. അതുപോലെ തങ്ങളുടെ ദൈവവിളി പിന്തുടരുന്നതിൽ അലംഭാവം കാണിക്കുന്ന മക്കൾക്കും ദൈവശിക്ഷ ലഭിക്കും. കാരണമിതാണ്. ദൈവമാണ് മനുഷ്യനെ വിളിക്കുന്നത്. അതവനു നല്കപ്പെടുന്ന ദാനമത്രേ. യേശു അന്ത്യപ്രഭാഷണത്തിൽ ഈ സത്യം വ്യക്തമാക്കുന്നുണ്ട്: "നിങ്ങൾ എന്നെ തിരഞ്ഞെടുക്കുകയല്ല, ഞാൻ നിങ്ങളെ തിരഞ്ഞെടുക്കുകയത്രെ ചെയ്തത്. നിങ്ങൾ പോയി ഫലമുളവാക്കുവാനും നിങ്ങളുടെ ഫലം നിലനില്ക്കുവാനുമായി ഞാൻ നിങ്ങളെ നിയോഗിച്ചിരിക്കുന്നു.''(യോഹ.15:16). ഓരോരുത്തരുടെ ജീവിതാന്തസ്സ് ദൈവമാണ് നിശ്ചയിക്കുന്നതെങ്കിലും അതിനെ പുല്കുവാൻ മനുഷ്യന് സ്വാതന്ത്ര്യം നല്കിയിരിക്കുന്നു. ആ സ്വാതന്ത്ര്യം ദുരുപയോഗിക്കുന്ന യുവതിയുവാക്കന്മാർക്ക് കണക്കു കൊടുക്കേണ്ടിവരും.

*വിവാഹന്തസ്സ്*

അക്കാലത്തെ നാട്ടുനടപ്പനുസരിച്ചാണ് ധന്യതാതൻ സംസാരിക്കുക. പതിനെട്ട് വയസ്സാകുമ്പോഴെങ്കിലും ആൺകുട്ടികളെ വിവാഹം കഴിപ്പിക്കണം. പെൺകുട്ടികളുടെ കല്ല്യാണപ്രായം പതിനാറായി നിശ്ചയിച്ചിരിക്കുന്നു. സാമ്പത്തികവും സാമൂഹികവും സാംസ്കാരികവുമായ മേഖലകളിൽ അന്നത്തേക്കാൾ ആധുനിക മനുഷ്യർ പുരോഗമിച്ചിരിക്കുന്നു. തന്മൂലം പ്രായപരിധി ഉയർത്തുക തന്നെ വേണം. എങ്കിലും ഒരു കാര്യം ശ്രദ്ധ അർഹിക്കുന്നു. കാരണവന്മാർക്ക് മക്കളുടെ വിവാഹം നിശ്ചയിക്കുന്നതിൽ കാര്യമായ പങ്കുണ്ടാകുന്നത് ഉചിതമായിരിക്കും. അനുഭവജ്ഞാനവും പക്വതയും ഉള്ളവരാണല്ലോ മാതാപിതാക്കന്മാർ. തന്മൂലം വിവേകപൂർവ്വം ജീവിത പങ്കാളിയെ തിരഞ്ഞെടുക്കുവാൻ അവരുടെ അനുശാസനം ഉപകാരപ്രദമായിരിക്കും. എങ്കിലും മക്കളാണ് ജീവിതാന്തസ്സ് തിരഞ്ഞെടുക്കുന്നതിൽ ആദ്യന്തം ഉത്തരവാദികൾ. നിർബ്ബന്ധിച്ച് വിവാഹം കഴിപ്പിക്കുന്നത് തീർത്തും തെറ്റാണ്.

*സൂക്ഷിക്കേണ്ട കാര്യം*

വിവാഹം ഉറപ്പിക്കുമ്പോൾ പ്രത്യേകം ശ്രദ്ധിക്കേണ്ട ചില വസ്തുതകളിലേക്ക് ചാവറപിതാവ് ഏവരുടെയും ശ്രദ്ധ ക്ഷണിക്കുന്നു. നല്ല തറവാട്ടുക്കാരാണോ, ധാരാളം പണമുണ്ടോ - ഇത്തരം കാര്യങ്ങൾക്ക് അമിതപ്രാധാന്യം നല്കുക ആത്മഹത്യാപരമായിരിക്കും. അടക്കം, ഒതുക്കം തുടങ്ങിയ സത്ഗുണങ്ങളാൽ സമ്പന്നരായവരെയാകണം തിരഞ്ഞെടുക്കേണ്ടത്. അല്ലെങ്കിൽ പിന്നീട് സന്തോഷത്തിനുപകരം അതിസന്താപം മക്കൾക്കും മാതാപിതാക്കന്മാർക്കും വന്നുഭവിക്കും. ഇക്കാലത്ത് വളരെ പ്രാധാന്യമർഹിക്കുന്നതാണ് ചാവറപിതാവിന്റെ ഈ അനുശാസനം. വിത്തപ്രതാപവും ഉന്നതമായ ഉദ്യോഗവും കുടുംബത്തിന് പേരും പ്രശസ്തിയും വരുത്തിവക്കുമെന്നുള്ള ചിന്ത കൂടികൂടി വരികയാണ്. ഏറ്റവും കൂടുതൽ സ്ത്രീധനം സമ്പാദിക്കുകയത്രേ മുഖ്യലക്ഷ്യം. അതുപോലെ ഉദ്യോഗപദവിക്ക് അമിതപ്രാധാന്യം കല്പിക്കുന്നു. ശാരീരിക സൗന്ദര്യം തേടി അലയുകയാണ് പലരും. ദൈവഭയത്തിനും മതാത്മകതക്കും മാർക്കറ്റില്ലാതായിരിക്കുന്നു.

*മക്കളോടുള്ള വർത്തനം*

*“മക്കൾക്കു പ്രായപൂർത്തിയും ബുദ്ധിയും പ്രാപ്തിയും ഉണ്ടായാലും അവരുടെ മുമ്പിൽ മതിപ്പും ബലക്ഷയവും കാണിക്കേണ്ട”*

ചില പ്രായോഗിക നിർദ്ദേശങ്ങളാണ് ചാവറപിതാവ് നിരത്തിവക്കുക. പ്രായവും പഠിപ്പും പ്രാപ്തിയും മക്കൾക്കുണ്ടാകുമ്പോൾ ചില മാതാപിതാക്കന്മാർ അവരെ തോളിലേറ്റി നടക്കുന്നു; അത്യാദരവോടെ പെരുമാറുന്നു. ഫലം പലപ്പോഴും നിഷേധാത്മകമായിരിക്കും. മക്കൾക്ക് കാരണവന്മാരോടുണ്ടായിരുന്ന ബഹുമാനം നഷ്ടപ്പെടും. അവരെ കറിവേപ്പിലപോലെ പുറത്തെറിഞ്ഞു കളഞ്ഞെന്നുംവരാം: മറ്റൊരു കാര്യം: പ്രായപൂർത്തിയായ മക്കളുടെ മുമ്പിൽ മാതാപിതാക്കന്മാർ തങ്ങൾക്കുള്ള ബലഹീനതകൾ പ്രദർശിപ്പിക്കരുത്. അപ്പനമ്മമാരുടെ കുറ്റങ്ങളും കുറവുകളും സദാ കണ്ടുകൊണ്ടിരിക്കുന്ന മക്കൾ അവരെ ആദരിക്കുകയോ വണങ്ങുകയോ ചെയ്യുകയില്ല. ബഹുമാനമില്ലാതെ സംസാരിക്കും; ചീത്തപറയും; നിന്ദിക്കും; അത്യാവശ്യമുള്ളവപോലും നൽകുകയില്ല.

*വീട്ടധികാരം*

*“പാടുള്ളിടത്തോളം വീട്ടധികാരം അവരെ എല്പിക്കണ്ട. ഈ സംഗതിയിൽ കാരണവന്മാർക്ക് എത്രയോ സങ്കടം ഭവിക്കുന്നു”*

പണ്ടൊക്കെ കൂട്ടുകുടുംബമാണ് നിലവിലിരുന്നത്. കാരണവന്മാർ എത്ര പ്രായമായാലും അധികാരം മുഴുവൻ അയ്യാളുടെ കയ്യിലായിരുന്നു. വിവാഹം കഴിച്ച് കുട്ടികളുണ്ടായി അവർ വളർന്നാലും മക്കൾക്ക് വീട്ടിൽ യാതൊരു ചുമതലയും നല്കപ്പെട്ടിരുന്നില്ല. തന്മൂലം പല കുടുംബങ്ങളുടെയും അവസ്ഥ ശോചനീയമായിരുന്നു. ആ സ്ഥിതിവിശേഷം ഇക്കാലത്ത് കുറച്ചൊക്കെ മാറിയിട്ടുണ്ട്. എന്നാൽ മകനും മരുമകളുമാണ് വീടുഭരിക്കുന്നതെങ്കിലോ? അപ്പോൾ പലപ്പോഴും വാർദ്ധക്യത്തിലെത്തിയ മാതാപിതാക്കന്മാരുടെ കാര്യം കഷ്ടത്തിലാകുമെന്നത് സത്യം മാത്രമാണ്. ഇത്തരുണത്തിൽ ചാവറപിതാവിന്റെ പ്രായോഗിക നിർദ്ദേശത്തിന്റെ പ്രാധാന്യം കൂടിവരുന്നു:*“പാടുള്ളിടത്തോളം വീട്ടധികാരം അവരെ ഏല്പിക്കേണ്ട.”* ഒരിക്കലും കുടുംബഭരണം മക്കൾ നടത്തരുതെന്നല്ല നിർദ്ദേശം. *“പാടുള്ളിടത്തോളം”* എന്ന വ്യവസ്ഥ കല്പിച്ചിരിക്കുന്നു. പ്രായം,

രോഗം, മറ്റു അവശതകൾ എന്നിവക്ക് അധീനരാകുന്ന കാരണവന്മാർ കുടുംബഭരണം മക്കൾക്ക് വിട്ടുകൊടുക്കുക തന്നെ വേണം. വളരെ ബുദ്ധിപൂർവ്വകമായ അനുശാസനമാണ് വന്ദ്യപിതാവിന്റേത്.

*ഭാഗം വയ്ക്കൽ*

*"കാരണവന്മാർ മരിക്കുന്നതിനു മുമ്പിൽ തന്നെ അവരെ മാറ്റി കുടിമതിയായി പാർപ്പിക്ക. ബോധത്തിനു ബലക്ഷയം വരുന്നതിനു മുമ്പിൽ അവർക്കു വസ്തുക്കൾ ഭാഗം ചെയ്തു കൊടുക്ക. ഇതല്ലാഞ്ഞാൽ മരണത്തിന്റെശേഷം അവർ തമ്മിൽ ഉണ്ടാകുന്ന വഴക്ക്, തർക്കം മുതലായ പാപങ്ങൾക്കു മാതാപിതാക്കന്മാർ ഉത്തരവാദികളാകും."*

തങ്ങളുടെ മരണംവരെ മക്കൾക്ക് വസ്തുക്കൾ ഭാഗം വച്ചുകൊടുക്കാതെയും അവരെ മാറ്റി താമസിപ്പിക്കാതെയും കഴിയുന്ന ചില കാരണവന്മാർ ഇക്കാലത്തുമുണ്ട്. തന്മൂലം അപ്പന്റെ മരണശേഷം മക്കൾ കടിപിടികൂടാനിടവരുന്നു. ശത്രുതയും വൈരാഗ്യവും കൊടിക്കുത്തി വാഴും. അത്തരം പാപങ്ങൾക്ക് ഉത്തരവാദികൾ മാതാപിതാക്കന്മാരാണെന്ന് തുറന്നടിക്കുകയാണ് ചാവറപിതാവ്. സാധാരണക്കാരാരും ഇത്തരം പ്രസ്താവന നടത്തുവാൻ ധൈര്യപ്പെടാറില്ല. മരണശേഷവും പാപത്തിന്റെ ചുമട് താങ്ങാനാകാതെ തോളിലേറ്റി നരകിക്കേണ്ടിവരും അവർക്ക്. ഇന്നത്തെ കാരണവന്മാർക്കെല്ലാം ഇതൊരു മുന്നറിയിപ്പാണ്. ബോധത്തിനു ബലക്ഷയം വരുന്നതിനുമുമ്പ് വസ്തുക്കൾ ഭാഗം ചെയ്തു കൊടുക്കുവാൻ ഏവരും തയ്യാറാകട്ടെ.

*സമാപനസന്ദേശം*

ചാവരുൾ അവസാനിക്കുക മക്കളോടുള്ള ഒരു അനുശാസനത്തോടുകൂടിയാണ്: *കടശിയായി മക്കളേ! നിങ്ങൾ നിങ്ങളുടെ കാരണവന്മാരെ ബഹുമാനിപ്പാനും അവരുടെ മനസ്സിനെ നൊമ്പരപ്പെടുത്താതിരുപ്പാനും ദൈവപ്രമാണത്താൽ തന്നെ എത്രയോ കടപ്പെട്ടിരിക്കുന്നു. അതിനാൽ ദൈവപ്രമാണത്തിൽ നാലാമത്തേതു ലംഘിക്കുന്നവർക്കു പരലോകത്തിൽ തന്നെയല്ല, ഈ ലോകത്തിൽ കൂടെയും ദൈവശാപം കല്പിക്കപ്പെട്ടിരിക്കുന്നു എന്നു നല്ലവണ്ണം ഓർത്തുകൊള്ളുവിൻ.*

*യേശുവിന്റെ മാതൃക*

വത്സലപിതാവിന്റെ അരുമമക്കളായിരുന്നു കൈനകിരിക്കാർ. അവരുടെ സന്താനങ്ങളോട് അതിരറ്റ വാത്സല്യമുള്ളവനായിരുന്നു അദ്ദേഹം. യേശുവിന് കുട്ടികളോടുണ്ടായിരുന്ന പ്രത്യേക സ്നേഹത്തോട് അതിനെ ഉപമിക്കാം. അവിടുന്ന് ശിശുവിനെ കരങ്ങളിലേന്തി ഓമനിച്ച് ആശീർവദിക്കുമായിരുന്നല്ലോ (മത്താ.18:1-5; മർക്കോ.9:33-37; ലൂക്കാ.9:46-48). തന്റെ അരികിലണയുന്നതിന് അവരെ അനുവദിക്കാതിരുന്ന ശിഷ്യരോട് കോപിക്കുകയും ചെയ്തു. (മത്താ.19:13-15; മർക്കോ.10:13-16; ലൂക്കാ.18:15-17). സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കണമെങ്കിൽ ശിശുക്കളെപ്പോലെയാകണമെന്ന് അസന്നിഗ്ദമായി പ്രഖ്യാപിച്ചു അവിടുന്ന്.

*ആദരവും നൊമ്പരപ്പെടുത്താതിരിക്കലും*

ചാവറപിതാവ് മക്കളെ നേരിട്ട് അഭിസംബോദന ചെയ്യുന്നു. ദൈവപ്രതിനിധികളായ മാതാപിതാക്കന്മാരെ ബഹുമാനിപ്പിക്കാനുള്ള ദൈവകല്പന അവരെ ഓർമ്മിപ്പിക്കുന്നു. നാലാം പ്രമാണം അനുസരിക്കുന്നവർക്കു മാത്രമെ ഭൂമിയിൽ നല്ല പ്രായത്തോളം ജീവിക്കുവാൻ സാധിക്കൂ. ചാവറപിതാവിന്റെ അനുശാസനത്തിൽ മാതാപിതാക്കന്മാരെ ആദരിച്ചാൽ മാത്രം പോരാ, അവർക്ക് ഹൃദയവേദന വരുത്തുന്ന യാതൊന്നും ചെയ്യുവാനും പാടില്ല. അതിനു വിരോധമായി പ്രവർത്തിക്കുന്നവർക്ക് ഇഹലോകത്തിൽ മാത്രമല്ല ദൈവശാപം വന്നുഭവിക്കുക, പരലോകത്തിൽ അവർ ശിക്ഷിക്കപ്പെടും. ഇക്കാര്യം നല്ലവണ്ണം ഓർത്തുകൊണ്ടിരിക്കണമെന്ന് അദ്ദേഹം അടിവരയിട്ട് പറയുന്നു.

*ഒരു ഉദാഹരണം*

എങ്ങിനെയാണ് മാതാപിതാക്കന്മാരെ പരിചരിക്കുകയും പരിരക്ഷിക്കുകയും ചെയ്യേണ്ടതെന്ന് സാമാന്യം ദീർഘമായ ഒരു സംഭവം ഉദ്ദരിച്ചുകൊണ്ട് രചയിതാവ് വ്യക്തമാക്കുന്നു. ജപ്പാൻ എന്ന അജ്ഞാതരാജ്യത്തിൽ ഒരു അമ്മയ്ക്ക് മൂന്നു മക്കൾ ഉണ്ടായിരുന്നു. ഇവർ വലിയ ദാരിദ്രസ്ഥിതിയിൽ ഇരുന്നതിനാൽ തങ്ങളുടെ അമ്മയെ യോഗ്യാമായപ്രകാരം പരിരക്ഷിക്കുന്നതിനു യാതാരു നിവൃത്തിയുമില്ലാത്തവരായിരുന്നു. എന്നാൽ ആ രാജ്യത്തിൽ കള്ളന്മാരെ

പിടിച്ചുകൊടുക്കുന്നവർക്ക് വലിയ ഇനാം കൊടുക്കണം എന്നു ചട്ടം വയ്ക്കപ്പെട്ടിട്ടുണ്ടായിരുന്നു. ഇങ്ങനെയിരിക്കെ ഈ മക്കൾ അമ്മയ്ക്ക് തൃപ്തികരമായി ചിലവിനു കൊടുപ്പാൻ കഴിവുണ്ടാകുന്നതിനുവേണ്ടി തങ്ങളിൽ ഒരുത്തൻ കള്ളനെന്നു ഭാവിക്കുകയും മറ്റിരുവരും കൂടി അവനെ സർക്കാരിൽ ഏല്പിക്കുകയും ഇങ്ങനെ ഇനാം വാങ്ങിക്കയും ചെയ്തു. പിന്നെ മറ്റിരുവരും കള്ളന്റെ അടുക്കൽചെന്ന് യാത്രപറയുന്ന തിനേയും ധൈര്യമായി അമ്മക്കുവേണ്ടി മരണശിക്ഷ ഏൽക്കണമെന്ന് അവനോട് ഉപദേശിക്കുന്നതിനേയും കണ്ടപ്പോൾ ഈ കള്ളന്റെ നേരെ ഇവർക്കു ഇത്ര വലിയ ദയയുണ്ടാകുന്നതിനുള്ള കാരണമെന്തെന്നു അന്വേഷിച്ചു. അമ്മയുടെ നേരെയുള്ള സ്നേഹത്താൽ സഹോദ രന്മാരായ അവരിലൊരുവൻ മരിപ്പാൻ നിശ്ചയിച്ചതല്ലാതെ മറ്റു പ്രകാരമല്ലായെന്ന സത്യമറിഞ്ഞു. ഈ സംഗതി രാജാവിനെ ബോധിപ്പി ച്ചപ്പോൾ അവനെ വിട്ടയച്ചതു കൂടാതെ അവരുടെ അമ്മ മരിക്കുന്നതു വരെ അവർക്ക് രാജാവ് അടിത്തൂൺ കൊടുപ്പാൻ കല്പിക്കുകയും ചെയ്തു.

### *ത്യാഗമാർന്ന സ്നേഹം*

അമ്മയോടുള്ള സ്നേഹത്തെപ്രതി ഒരു മകൻ തസ്കരനായി ഭാവിച്ച് തൂക്കികൊല്ലപ്പെടുവാൻ തയ്യാറാവുന്നതാണ് ഹൃദയ സ്പർശകമായ ഈ കഥ. ഒരു മനുഷ്യൻ "തന്റെ സ്നേഹിതന്മാർക്കു വേണ്ടി സ്വജീവൻ അർപ്പിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ല." (യോഹ.15:13) എന്ന യേശുവിന്റെ വാക്കുകൾ ഇവിടെ അർത്ഥവത്തായി ത്തീരുന്നു. ആ മക്കൾ അവിടുത്തെ പ്രതിരൂപങ്ങളാണെന്നു പറയാം. അമ്മയെ തീറ്റിപ്പോറ്റുവാൻ കഴിവില്ലാത്തതു കൊണ്ടാണ് അവർ ആ മഹാത്യാഗത്തിന് മുതിർന്നത്. സത്യമറിഞ്ഞ രാജാവ് അമ്മക്കും മക്കൾ ക്കും സുസ്ഥിതി കൈവരുത്തി. അതുപോലെ മാതാപിതാക്കന്മാരെ ആദരിക്കുകയും വയസ്സുകാലത്ത് അവർക്ക് സന്തോഷവും സമാധാനവും സ്നേഹവും നല്കുകയും ചെയ്യുന്ന മക്കൾക്ക് രാജാധിരാജനായ ദൈവം പ്രതി സമ്മാനമേകും. ചാവരുളിലെ അവസാനവാക്യം ഇപ്രകാരമാണ്: "മക്കളേ ഈ സംഭവം നിങ്ങൾ *എപ്പോഴും* ഓർത്തുകൊൾവിൻ." സദാസമയവും അനുസ്മരിച്ചുകൊള്ള ണം ഈ ആദർശകഥ. ഓർമ്മയിൽ അത് പതിപ്പിച്ചുറപ്പിക്കണം. ഒരു നിമിഷംപോലും മറക്കുവാൻ ഇടയാകരുത്.

### *തിരുകുടുംബത്തിന്റെ ആത്മാവിഷ്കരണം*

"*ഒരു നല്ല അപ്പന്റെ ചാവരുളി*" ൽ ചാവറപിതാവ് ഇപ്രകാരമാണ് പേരെഴുതി ഒപ്പുവച്ചിരിക്കുക: "*തിരുകുടുംബത്തിന്റെ ആഹാ (സഹോദരൻ) കുരിയാക്കോസ് ഏലിയാസ്.*" തിരുകുടുംബത്തെ രണ്ടാമത്തെ പേരായി സ്വീകരിച്ച വ്യക്തിയാണ് രചയിതാവ്. തന്മൂലം എല്ലാ ക്രിസ്ത്യാനികുടുംബങ്ങളും ഈശോ, മറിയം, യൗസേപ്പ് എന്ന തിരുകുടുംബത്തിന്റെ സാദൃശ്യത്തിലാകണമെന്ന് അദ്ദേഹം അതിയായി ആഗ്രഹിച്ചു. അപ്പോൾ നല്ല ക്രിസ്ത്യാനി കുടുംബം സ്വർഗ്ഗരാജ്യത്തിന്റെ ഭൂമിയിലെ പ്രതിബിംബമായിത്തീരുമല്ലോ. അതിനുവേണ്ടി മരിക്കുന്നതിന് ഏകദേശം രണ്ടുവർഷം മുമ്പ് (1868 കുംഭം 13) തന്റെ സ്നേഹത്താൽ തുടിക്കുന്ന ഹൃദയം വാക്കുകളിലൂടെ പുറത്തേക്കൊഴുക്കുകയായിരുന്നു ആ വത്സലതാതൻ.



# അപ്പൻ മക്കളോട്

ചാവറയുടെ ചാവരുളിന്റെ ബൈബിൾ തലങ്ങൾ

ഫാ. പോൾ കല്ലൂവീട്ടിൽ സി.എം.ഐ.




General Department of
Evangelization and Pastoral Ministry
C.M.I. Prior General's House
Chavara Hills, P. B. No. 3105
Kakkanad, Kochi - 682 030